പുണ്യപ്രഭപടർത്തിയ

കർമ്മലസാരഥി

ദൈവദാസി മദർ മേരി സെലിൻ

@ Copyright
Author

Published by
CMC Holy queen's Province Changanacherry
0481 2402973, 2402431

Printed at
St Joseph Orphanage Press, Changanacherry
0481 2410101

Copies: 1000

ARCHEPARCHY OF CHANGANACHERRY

JOSEPH PERUMTHOTTAM
METROPOLITAN ARCHBISHOP
OF CHANGANACHERRY

ARCHBISHOP'S HOUSE
CHANGANACHERRY - 686 101
KERALA, INDIA



അനുഗ്രഹാശംസ

'ഈശോമിശിഹായുടെ സമ്പന്നതയിൽ നിന്നെടുത്ത് പരിശുദ്ധാത്മാവ് തന്റെ ജനത്തിന് നൽകുന്ന ഒരു സന്ദേശമാണ് ഓരോ വിശുദ്ധനും'' (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ, നമ്പർ 21). സ്വർഗ്ഗീയ ജീവിതത്തിന്റെ ആനന്ദവും അപരിമേയതയും ഈ ഭൂമിയിൽ സ്വജീവിതത്തിലൂടെ പ്രഘോഷിക്കുന്ന വിശുദ്ധ ജീവിതങ്ങൾ തിരുസഭയുടെ ഹൃദയത്തെ ഊർജ്ജസ്വലമാക്കുന്നു. പരിശുദ്ധാത്മാവിന്റെ സന്ദേശമാകുന്ന വിശുദ്ധ ജീവിതങ്ങൾ പ്രഘോഷിക്കപ്പെടേണ്ടതും തലമുറകളോളം കൈമാറ്റം ചെയ്യപ്പെടേണ്ടതുമാണ്. ഇപ്രകാരം CMC സന്യാസസമൂഹത്തിലാകമാനം മാറ്റത്തിന്റെയും വളർച്ചയുടെയും കാഹളം മുഴക്കിയ ആദ്യ സുപ്പീരിയർ ജനറൽ മദർ മേരി സെലിനെപ്പറ്റിയുള്ള ഓർമ്മപുസ്തകം തലമുറകളോളം കൈമാറ്റം ചെയ്യപ്പെടേണ്ട പരിശുദ്ധാത്മാവിന്റെ സന്ദേശമാണ്. ഏകീകൃത CMC യെ നയിക്കാൻ ദൈവത്താൽ പ്രത്യേകം വിളിക്കപ്പെട്ട സെലിനാമ്മയിൽ വിളങ്ങി ശോഭിച്ചിരുന്ന ആഴമായ ആദ്ധ്യാത്മികത, തിരുസഭാത്മകത, CMC യോടുള്ള പ്രതിബദ്ധത, സഹോദരസ്നേഹം, ആധികാരികത, വിനയം എന്നിവയെല്ലാം ഇളംതലമുറയ്ക്ക് മാതൃകയും പ്രചോദനവുമാകാൻ തക്കവിധം അമ്മയുടെ ജീവിതം മുഴുവൻ വരച്ചുകാട്ടി ഈ ഗ്രന്ഥം തയ്യാറാക്കിയതിൽ ചങ്ങനാശേരി ഹോളികീൻസ്

പ്രോവിൻസിന് ഏറെ അഭിമാനിക്കാം. ഇതിന് മുൻകൈ എടുത്ത ബഹുമാനപ്പെട്ട മദർ പ്രൊവിൻഷ്യൽ സി. പ്രസന്ന യേയും, മീഡിയാ കൗൺസിലർ സി. ജയ്സിലിയെയും എഡിറ്റോറിയൽ ബോർഡംഗങ്ങളേയും ആത്മാർത്ഥമായി അഭിനന്ദനം അറിയിക്കുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ ഹൃദ യതാളം ജീവിതനിയോഗമാക്കി മാറ്റിയ സെലിനാമ്മയുടെ ജീവിതം പീഠത്തിന്മേൽ വയ്ക്കപ്പെട്ട വിളക്കുപോലെ അനേ കം ജീവിതങ്ങൾക്ക് പ്രകാശവും പ്രചോദനവുമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

+ മാർ ജോസഫ് പെരുന്തോട്ടം
ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്ത

ARCHEPARCHY OF CHANGANACHERRY | ARCHEPARCHY OF CHANGANACHERRY
Tel: 0091 481 2420040, 2420379, 2420614
E-mail: bpjperumthottam@gmail.com | Website: www.archdiocesechanganacherry.org

അനുഗ്രഹാശംസ

സന്യാസസഭ ബലഹീനരുടെ അഭയസ്ഥാനമല്ല, അത് ധീരാത്മാക്കളുടെ പരിശീലനക്കളരിയാണ്.

മൗതിക ജ്ഞാനത്തിന്റെയും ത്രിത്വാനുഭവത്തിന്റെയും പാരമ്യത്തിൽ സദാ ദൈവത്തോടൊപ്പം വ്യാപരിച്ച ദൈവദാസി സെലീനാമ്മ അന്യാദൃശ്യമായ വിശുദ്ധിയോടെ സ്നേഹശുശ്രൂഷ നിർവഹിച്ച CMC സന്യാസിനീസമൂഹത്തിൽ അംഗമായിത്തീരാൻ കഴിഞ്ഞതിൽ ഞാൻ ഹൃദയപൂർവം ദൈവത്തിന് നന്ദി പറയുന്നു. കൈകൾ കൂപ്പിയല്ലാതെ അമ്മയുടെ ഓർമ്മകൾക്കു മുമ്പിൽ നിലയുറപ്പിക്കാൻ എനിക്ക് സാധിക്കുന്നില്ല. വിശുദ്ധിയുടെ നറുമണം നിലയ്ക്കാതെ ഇന്നും പ്രസരിപ്പിച്ചു കൊണ്ടിരിക്കുന്ന അഭിവന്ദ്യയായ സെലീനാമ്മയുടെ സ്നേഹശുശ്രൂഷാവീഥിയും ജീവിതവഴികളും അല്പം പോലും കളങ്കപ്പെടുത്തുവാൻ പിൻതലമുറക്കാരായ CMC മക്കളാരെയും അനുവദിക്കല്ലേ എന്ന ഹൃദയപ്രാർത്ഥനയോടെ ഞാൻ ഈ ആശംസ എഴുതിത്തുടങ്ങട്ടെ.

''സന്യാസസഭ ബലഹീനരുടെ അഭയസ്ഥാനമല്ല, അത് ധീരാത്മാക്കളുടെ പരിശീലനക്കളരിയാണ്..... ദിവ്യനാഥന്റെ സ്നേഹചൈതന്യം കൊണ്ട് നാം നിറയണം. അത് നമ്മിൽ നിന്ന് ആശ്രമത്തിലേയ്ക്കും അവിടെനിന്നും

സാക്ഷ്യലോകത്തിലേയ്ക്കും പ്രവഹിക്കണം. അങ്ങനെ നമ്മുടെ സ്നേഹം വിശ്വവ്യാപകമാകണം.'' എന്ന തന്റെ ദർശനത്തിന് കർമ്മം കൊണ്ട് ജീവനും, ചിന്തകളും വാക്കുകളും കൊണ്ട് ഓജസ്സും പകർന്ന ദൈവദാസി മദർ സെലിന്റെ പാവന സ്മരണയ്ക്കുമുമ്പിൽ ഒരിക്കൽ കൂടി നമ്രശിരസ്കയായി ഞാൻ നിൽക്കുന്നു. മദർ സെലിന്റെ നന്മ നിറഞ്ഞ ചിന്തകൾക്കും പ്രവർത്തനങ്ങൾക്കുമെല്ലാം നിത്യതയുടെ വിരൽസ്പർശമുണ്ടായിരുന്നു. അമ്മ എടുത്ത എല്ലാ തീരുമാനങ്ങൾക്കും, വച്ച കാൽചുവടുകൾക്കും ചെയ്തുതീർത്ത കർമ്മങ്ങൾക്കുമൊക്കെ സ്വർഗ്ഗത്തിന്റെ അംഗീകാരമുണ്ടായിരുന്നു എന്നത് ഇന്നും നാം തിരിച്ചറിയുന്നു. ഏകാന്തതയുടെ ഏകാഗ്രതയിൽ അന്തരാത്മാവിൽ അധിവസിക്കുന്ന ദൈവസ്നേഹത്തെ പ്രണിധാനത്തിലൂടെ അന്വേഷിച്ച് കണ്ടെത്തിയ തപസ്വിനിയായിരുന്നു നമ്മുടെ അമ്മ ദൈവദാസി മേരി സെലിൻ.

''വിശുദ്ധർ വീരോചിതവും അസാമാന്യവുമായ പുണ്യങ്ങൾ അഭ്യസിച്ചതുകൊണ്ടല്ല വിശുദ്ധരായത്; പിന്നയോ ചെറിയ കാര്യങ്ങൾ സൂക്ഷ്മതയോടുകൂടി ചെയ്തതിനാലാണ്.'' എന്ന് ലെയോപോൾദ് മൂപ്പച്ചൻ നമ്മെ ഓർമ്മിപ്പിക്കുന്നു. തന്നെ ഏല്പിച്ചതും താൻ ഏറ്റെടുത്തതുമായ കർമ്മങ്ങൾ സൂക്ഷ്മതയോടെ ചെയ്ത് ദൈവിക വെളിപ്പെടുത്തലിനായി കാതോർത്ത് CMC യുടെ ഏകീകരണ പാതയിൽ മുന്നേ പറന്ന കർമ്മയോഗിയായിരുന്നു സെലീനാമ്മ. വിശുദ്ധ ചാവറയച്ചന്റെ ദൈവാഭിമുഖ്യവും കർമ്മസാക്ഷ്യവും, വിശുദ്ധ എവുപ്രാസ്യായുടെ ദിവ്യകാരുണ്യ ഭക്തിയും ഈ പുണ്യപ്പെട്ട അമ്മയിൽ ആദ്യന്തം തിളങ്ങി നിന്നിരുന്നു. ഈ ദൈവദാസിയെപ്പറ്റി ധാരാളം പുസ്തകങ്ങൾ ഇറങ്ങിക്കഴിഞ്ഞു. ഒറ്റയിരുപ്പിന് ധ്യാനാത്മകമായി വായിച്ചുപോകാവുന്ന കവീൻസ് തനയരുടെ ഈ പുസ്തകത്തിലൂടെ കടന്നുപോകുമ്പോൾ ദൈവദാസി സെലീനാമ്മയുടെ വാക്കുകളിലെ ആത്മീയ ദർശനത്തിന്റെ 4 സവിശേഷതകളെ പ്രധാനമായും നമുക്ക് കണ്ടെത്താൻ സാധിക്കുന്നു.

1. ആത്മീയ ജീവിതം ആഴമായ പ്രാർത്ഥനയോടൊപ്പം ശുശ്രൂഷാധിഷ്ഠിതമാണെന്ന ബോധ്യം ബഹുമാനപ്പെട്ട മേരി സെലീനാമ്മയ്ക്കുണ്ടായിരുന്നു.

2. സ്വന്തം സന്യാസ സമൂഹ

ത്തോട് സംസാരിക്കുമ്പോഴും തിരുസഭയുടെ ഫലസമൃദ്ധി യെന്ന വലിയ ബോധ്യം അമ്മ യുടെ ചിന്തയെ നയിച്ചിരു ന്നു.

3. വെറും ആത്മീയ ഉപദേ ശങ്ങൾ എന്നതിനപ്പുറം വി ശുദ്ധ ഗ്രന്ഥത്തിന്റെ ചൈത ന്യത്തിൽ അധിഷ്ഠിതമായ പ്രബോധനപരവും മാനവിക വുമായ നിലപാടുകളായിരു ന്നു ദൈവദാസി സെലീനാമ്മ യ്ക്കുണ്ടായിരുന്നത്.

4. സമർപ്പിത സമൂഹങ്ങൾക്ക് സ്വന്തമായുണ്ടായിരിക്കേണ്ട ആത്മീയ സമ്പാദ്യത്തെക്കുറി ച്ചുള്ള ബോധ്യമാണ് അമ്മയു ടെ പ്രബോധനങ്ങളെ കാലാ തീതമാക്കുന്നത്.

ദൈവദാസി സെലീനാമ്മ എല്ലാവരാലും അറിയപ്പെട ണമെന്ന അദമ്യമായ ആഗ്ര ഹമാണ് ഈ പുസ്തകരച നയുടെ ലക്ഷ്യം. ഞങ്ങളുടെ പ്രൊവിൻഷ്യൽ കൗൺസിലർ സി. ജെയ്സിലിയിൽ ഒളിഞ്ഞു കിടന്നിരുന്ന എഴുത്തുകാരി ഈ ഉദ്യമത്തിന് നേതൃത്വമെ ടുത്തത് ദൈവനിയോഗമായി ഞാൻ കരുതുന്നു. സെലീനാ മ്മയെക്കുറിച്ചുള്ള പ്രൊവിൻ സിന്റെ ഹൃദയത്തുടിപ്പുകൾ ഒപ്പിയെടുക്കാൻ സിസ്റ്ററിനു സാധിച്ചിട്ടുണ്ട്. പ്രൊവിൻസി ലെ അനേകം സിസ്റ്റേഴ്സിനെ ഉൾപ്പെടുത്തി രൂപപ്പെടുത്തിയ, വളരെ ലളിതവും കൃപാവ ചസുകളാൽ ധന്യവുമായ ഈ ഗ്രന്ഥം സന്യാസജീവി തത്തിൽ അങ്ങോളമിങ്ങോളം നാം പാലിക്കേണ്ടതും ശ്രദ്ധി ക്കേണ്ടതുമായ സുകൃതങ്ങൾ എടുത്തു കാണിക്കുന്നു. ഈ ധീരമായ ഉദ്യമത്തിന് നേ തൃത്വമെടുത്ത സിസ്റ്റർ ജെ യ്സിലിയേയും കൂടെനിന്ന് ഒറ്റക്കെട്ടായി പ്രവർത്തിച്ച മീ ഡിയാസെൽ അംഗങ്ങളെയും തങ്ങളുടേതായ ചിന്തകൾ ലേ ഖനരൂപത്തിൽ പങ്കുവച്ച എ ല്ലാ സിസ്റ്റേഴ്സിനെയും ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു. ഇനിയും ഈ രംഗത്ത് നമ്മെ കൂടുതൽ പ്രബുദ്ധരാക്കുവാൻ ദൈവം ഇവരെ അനുഗ്രഹി ക്കട്ടെ! CMC ചങ്ങനാശ്ശേരി പ്രൊവിൻസ് പുറത്തിറക്കുന്ന ഈ പുസ്തകത്തിന്റെ വായ നക്കാർക്ക്, ദൈവം ജീവിത ത്തിൽ അനുവദിക്കുന്നതെല്ലാം നിറമനസ്സോടെ ഏറ്റുവാങ്ങു വാനും സെലീനാമ്മയെപ്പോ ലെ പരിശുദ്ധ ത്രിത്വത്തിന്റെ നിറസാന്നിധ്യം അനുഭവിക്കാ നും പങ്കുവയ്ക്കുവാനും ഇടവ രട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

ഡോ. സി. പ്രസന്ന CMC
പ്രൊവിൻഷ്യൽ സുപ്പീരിയർ

ദൈവദാസി മദർ മേരി സെലിൻ.

ഭാരതമണ്ണിൽ വിശുദ്ധിയുടെ നല്ല കണ്ടുപഠിത്ത മുണ്ടാകണമെന്നാ ഗ്രഹിച്ച് വിശുദ്ധ ചാവറ കുര്യാക്കോ സ് ഏലിയാസച്ചൻ രൂപം കൊടുത്ത CMC സന്യാസിനീ സമൂഹത്തിന്റെ ആദ്യ സുപ്പീരിയർ ജനറൽ

ആമുഖം

വിശുദ്ധിയുടെ തീരങ്ങളിൽ വർണചിത്രങ്ങൾ ചേർത്ത് അനുദിനം വളരുന്ന സമർപ്പിത വൃന്ദം. അതിൽ പത്തിരട്ടി മാറ്റോടെ തിളങ്ങുന്ന കർമ്മലവിശുദ്ധർ. അവരുടെ ഇടയിലിതാ ഒരു സുവർണ നക്ഷത്രം കൂടി; ദൈവദാസി മദർ മേരി സെലിൻ. ഭാരതമണ്ണിൽ വിശുദ്ധിയുടെ നല്ല കണ്ടുപഠിത്തമുണ്ടാകണമെന്നാഗ്രഹിച്ച് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ രൂപം കൊടുത്ത CMC സന്യാസിനീ സമൂഹത്തിന്റെ ആദ്യ സുപ്പീരിയർ ജനറൽ.

സ്നേഹമയിയായൊരമ്മ...
ഉള്ളിൽ വസിക്കുന്ന പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിധ്യം അനുഭവിച്ചറിഞ്ഞ
ഒരു സമർപ്പിത...
അധികാരം സ്നേഹശുശ്രൂഷയാണെന്ന് കാണിച്ചു തന്ന **സുപ്പീരിയർ...**
നിരന്തര പ്രാർത്ഥനയിലൂടെ സ്വർഗം തുറപ്പിച്ച **സന്യാസിനി**
ശത്രുവിനെയും മിത്രമാക്കുന്ന **സ്നേഹിത...**
തപസിനെയും പ്രായശ്ചിത്തത്തെയും സ്നേഹിച്ച **താപസവര്യ...**
മഹിമയുള്ള ഭാവവും മധുരശീലവും സ്വന്തമാക്കിയ **കർമ്മലകന്യക...**

ദിവ്യകാരുണ്യ സന്നിധിയിൽ സർവം മറന്ന **മിസ്റ്റിക്...**
തിരുസഭയെ സ്നേഹിക്കുകയും സഭയുടെ ശുശ്രൂഷയിൽ സർവാത്മനാ പങ്കുചേരാൻ സഭാംഗങ്ങളെ പ്രചോദിപ്പിക്കുകയും ചെയ്ത **തിരുസഭാപുത്രി...**
കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിഞ്ഞ് കർമ്മലയെ നയിച്ച **ധീരവനിത...**
എത്ര വിശേഷണങ്ങൾ ചാർത്തിയാലും അവയ്ക്കെല്ലാം മീതെ തിളങ്ങുന്ന വ്യക്തിപ്രഭാവം.

കർമ്മലയുടെ ഈ ധീരനായികയെ ജനമധ്യത്തിൽ പ്രകാശിപ്പിക്കുവാൻ ചങ്ങനാശ്ശേരി ഹോളികിൻസ് പ്രോവിൻസ് അണിയിച്ചൊരുക്കുന്ന 'പുണ്യപ്രഭപടർത്തിയ കർമ്മലസാരഥി' എന്ന ഈ ലഘുഗ്രന്ഥത്തിന് രൂപഭാവങ്ങൾ നൽകി പരിപോഷിപ്പിച്ച ഓരോരുത്തർക്കും അകൈതവമായ നന്ദി. അനേകായിരങ്ങൾ ഇതുവഴി ഈ നക്ഷത്രത്തിന്റെ പുണ്യശോഭ ദർശിക്കുവാനും അനുകരിക്കുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും ഇടയാകട്ടെ!

സി. ജയ്സിലി
മീഡിയാ കൗൺസിലർ

ദൈവദാസി മദർ മേരി സെലിൻ.

ഭാരതമണ്ണിൽ വിശുദ്ധിയുടെ നല്ല കണ്ടുപഠിത്ത മുണ്ടാകണമെന്നാ ഗ്രഹിച്ച് വിശുദ്ധ ചാവറ കുര്യാക്കോ സ് ഏലിയാസച്ചൻ രൂപം കൊടുത്ത CMC സന്യാസിനീ സമൂഹത്തിന്റെ ആദ്യ സുപ്പീരിയർ ജനറൽ

അവതാരിക

'സന്ന്യാസസഭകൾ തിരുസ്സഭയിലെ മനോഹരങ്ങളായ മലർക്കാവുകളാണ്.' കാലാകാലങ്ങളിൽ സഭയുടെ വിശുദ്ധിക്ക് മാറ്റ് കൂട്ടുവാൻ വിശുദ്ധരെ ദൈവം നിയോഗിക്കുന്നു. സുവിശേഷോപദേശങ്ങൾക്കനുസരിച്ച് ജീവിച്ച ഈ സുകൃതിനിയുടെ ജീവിതം കർമ്മലമക്കൾക്ക് എന്നും മാതൃകയാണ്. ഈ ലോകത്തിന് ക്രിസ്തുവിന്റെ സാക്ഷികളാകാൻ നാമും വിളിക്കപ്പെട്ടിരിക്കുന്നു. സന്ന്യാസസഭകളുടെ ആദ്ധ്യാത്മികമായ നവോത്ഥാനത്തിന് സ്വജീവിതത്തിലൂടെ സംഭാവനകൾ നൽകുന്നവരാണ് ധന്യജീവിതം നയിക്കുന്നവർ. സെലിനാമ്മയുടെ ജീവിതം ഇതിന് മകുടോദാഹരണമാണ്. പുണ്യത്തിന്റെ ഉത്തുംഗശൃംഗത്തിലാകാൻ ത്യാഗവഴികൾ പിന്നിട്ടവൾ... പ്രാർത്ഥന നിത്യമന്ത്രമാക്കി ദിവ്യസക്രാരിയിൽ അഭയം പ്രാപിച്ചവൾ... 'കർത്താ

വിന്റെ സ്നേഹത്തിൽനിന്ന് ആരെന്നെ വേർപെടുത്തും' എന്ന് പൗലോസ് ശ്ലീഹായെപ്പോലെ ഉദ്ഘോഷണം ചെയ്ത് ക്ലേശങ്ങളെ അതിജീവിച്ച വൾ... ദൈവസ്നേഹത്തിന് സ്വയം കയ്യാളിച്ച ജീവിതം... സന്ന്യാസജീവിതം അനുശാസിച്ച സുകൃതാഭ്യാസങ്ങൾ കൃത്യമായി അനുഷ്ഠിച്ച കന്യക... സാധാരണ കൃത്യങ്ങൾ ശുദ്ധനിയോഗം വഴിയായി, പ്രാർത്ഥനയായി രൂപാന്തരപ്പെടുത്തുവാൻ പരിശീലിച്ചവൾ... ഈശോയിലും ഈശോയ്ക്കുവേണ്ടിയും ഈശോയോടുകൂടിയും ജീവിച്ച് ജീവിതം ശ്രേഷ്ഠമാക്കിയ സെലിനാമ്മ കാർമ്മലിന്റെ കെടാവിളക്കാണ്. പ്രാർത്ഥനയുടെയും ത്യാഗത്തിന്റെയും വഴികളിലൂടെ സ്വയം രൂപാന്തരപ്പെട്ട് ദൈവതിരുമനസ്സിന് സ്വയം കീഴ്വഴങ്ങി ആത്മസംയമനം പാലിച്ച് CMC മക്കൾക്ക് പരിത്യാഗമാർഗ്ഗം കാട്ടിതന്ന ദൈവദാസി സെലിനാമ്മയെ നമുക്കു മാതൃകയാക്കാം.

ഏകീകൃത CMCയെ നയിക്കുവാൻ ദൈവനിയോഗത്താൽ തെരഞ്ഞെടുക്കപ്പെട്ട ധന്യകന്യകയാണല്ലോ സെലിനാമ്മ. പരിശുദ്ധ ത്രിത്വത്തിന്റെ സഹവാസത്താൽ ജീവിതത്തെ പ്രോജ്വലമാക്കിയ അമ്മയുടെ ആത്മീയയാത്ര CMC ക്ക് എന്നും മാർഗ്ഗവെളിച്ചംതന്നെ. CMC കാരിസം ജീവിച്ച് വിശുദ്ധിയുടെ പരിമളം പരത്തിയ സെലിനാമ്മയുടെ ജീവിതവഴികളിലെ നല്ലപാഠങ്ങൾ നമുക്കും അനുകരിക്കാനാവും. സുകൃതജീവിതം, പ്രാർത്ഥനാജീവിതം, അനുദിന ഭക്തകൃത്യങ്ങൾ, സഹോദരസ്നേഹം, സമൂഹജീവിതം എന്നിങ്ങനെ സന്യാസജീവിതത്തിലെ അനുഷ്ഠാനങ്ങളെല്ലാം ദൈവസാന്നിദ്ധ്യമാക്കി മാറ്റിയ ഈ കർമ്മലകന്യകയുടെ ജീവിതത്തെ ആസ്പദമാക്കി ഒരു പുസ്തകം തയ്യാറാക്കിയ എഡിറ്റോറിയൽ അംഗങ്ങളെ അഭിനന്ദിച്ചുകൊണ്ട് അമ്മയുടെ പുണ്യവഴികളിലൂടെ സധൈര്യം മുന്നേറുവാൻ ഓരോരുത്തർക്കും കഴിയട്ടെ എന്നാശംസിക്കുന്നു.

സി. മേബിൾ മോനിക്ക
ചീഫ് എഡിറ്റർ

പുണ്യപ്രവർത്തിയ
കർമ്മലസാരഥി
ദൈവദാസി മദർ മേരി സെലിൻ

ഉള്ളടക്കം

ദൈവദാസി
ഈശോയുടെ
മേരി സെലീനാമ്മ 13
തിരുസഭയോടൊത്ത്...
തിരുസഭയ്ക്കുവേണ്ടി ജീവിച്ചവൾ...
ഡോ. സി. സോഫി റോസ്

ദൈവദാസി
മദർ മേരി സെലിൻ 31
ഡോ. സി. സുമാ റോസ്

CMCയിലൊരു
സെലിൻ ടച്ച് 37
സി. സാങ്റ്റാ

അമ്മ മനസ്സ്,
തങ്കമനസ്സ് 51
സി. ആനി തോമസ്

ഓർമ്മകളിൽ വിരിയുന്ന
സെലിനാമ്മ 55
സി. ജെയ്സിലി

മദർ സെലിൻ
ത്രിത്വാനുഭവ 63
സന്ദേശവാഹക
സി. റീന

ദിവ്യകാരുണ്യത്താൽ
ദീപ്തമാക്കപ്പെട്ടവൾ 73
സി. പ്രീമ

ദിവ്യസ്നേഹത്തിന്റെ
വാനമ്പാടി 81
- സെലിനാമ്മ
സി. ക്ലാരിസ്

സെലീനാമ്മയുടെ
മിസ്റ്റിക്കനുഭവവും
പരോന്മുഖതയും 87
സി. മിസ്റ്റിക്ക

എന്റെ ഓർമ്മയിലെ
സെലീനാമ്മ 99
സി. വിൻസി

സെലിനാമ്മ
താപസകന്യക 102
സി. റോസ്മി എലിസബത്ത്

ദൈവദാസി
സെലീനാമ്മ 109
എന്റെ ഓർമ്മകളിൽ
സി. ടെറസിലിൻ

അധ്വാനശീലയായ
സെലീനാമ്മ 117
സി. റ്റെസ്മി ജോസ് CMC

THE SECRET OF
HER SANCTITY 123
Sr. Reeba

വിശുദ്ധിയുടെ
പൊൻതൂവൽ 127
സി. ലിസ്ബത്ത് മരിയ

ഭാവത്തിൽ
മഹിമയും
ശീലത്തിൽ
മാധുര്യവും 139
സി. ധന്യാ തെരേസ്

മദർ മേരി സെലിൻ:
വിശുദ്ധിയുടെ
ആധുനികഭാവം 134
സി. ഡെല്ലാ മരിയ

AN EVER
Shining Star 144
OF CARMEL
Sr. Binitha Maria

കാലഘട്ടത്തിൽ
അലിയിച്ചു
ചേർക്കപ്പെട്ട
നിറച്ചാർത്ത് 147
സി. ഡീനാ എലിസബത്ത്

സ്നേഹ
ഗായിക 151
സി. അർപ്പണാ മരിയ CMC

അധികാരം
ശുശ്രൂഷയാക്കിയ
സെലിനാമ്മ 157
സി. ജെയ്മി

സുവിശേഷത്തിലെ
ഈശോയെ അനുഗമിച്ച
സെലിനാമ്മ 165
സി. അൻസ

സെലീനാമ്മ:
പുതുക്കന്യാസ്ത്രീകളുടെ
അമ്മ 177
സി. ജോവാന്ന തെരേസ്

നോഹയുടെ
പെട്ടകം 175
സി. കാരുണ്യ

ത്രിത്വത്തിന്റെ
സ്വന്തം
സെലിനാമ്മ 182
സാന്ദ്ര ജോസഫ് (പോസ്റ്റുലന്റ്)

നമ്മുടെ ഹൃദയാന്തർഭാഗത്തു
വസിക്കുന്ന ദിവ്യനാഥനെപ്പറ്റിയുള്ള
ചിന്ത നമ്മിൽ സദാ ഉണ്ടായിരിക്കണം.
അതേ സമയം നാം സേവനതൽപരരും,
പ്രവർത്തനനിരതരുമായിരിക്കണം.

(മാതൃമൊഴികൾ പേജ് 83)

01

ദൈവദാസി

ഈശോയുടെ മേരി സെലീനാമ്മ

തിരുസഭയോടൊത്ത്...

തിരുസഭയ്ക്കുവേണ്ടി ജീവിച്ചവൾ...

ഡോ. സി. സോഫി റോസ്

ആത്മാവിന്റെ അകത്തളത്തിൽ ആത്മാംശമായി വാഴുന്ന പരിശുദ്ധത്രിത്വത്തെ അകക്കണ്ണാൽ ദർശിച്ച ആത്മപ്രേയസി! പരിശുദ്ധത്രിത്വത്തിന്റെ ഹൃദയതാളം സ്വന്തമാക്കിയ അമ്മ! അനുചിന്തനത്തിന്റെ തീവ്രതയിൽ ആത്മനാഥനായ ഈശോയെ ആത്മമിത്രമായും ആത്മമണവാളനായും ദർശിച്ച് ആത്മനിർവൃതിയടഞ്ഞവൾ! ആത്മാർപ്പണത്തിന്റെ മിഴിവ് ആത്മനാഥന്റെ മണവാട്ടിയായ സഭയുടെ ദൗത്യം ശിരസ്സാ വഹിക്കുന്നതിലാണെന്നു ഗ്രഹിച്ച് ധ്യാനാത്മകതയും പ്രേഷിതചൈതന്യവും സ്വജീവിതത്തിൽ സമന്വയിപ്പിച്ച് ആത്മവിശുദ്ധീകരണത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി സ്വയം വ്യയം ചെയ്തവൾ! കേരളകർമ്മലസന്യാസിനീസമൂഹത്തിന്റെ ഈ ആത്മചൈതന്യം അവികലമായി സംരക്ഷിച്ചും

പരിപോഷിപ്പിച്ചും പകർന്നുന ല്കിയും ജീവിച്ചും, അപ്രകാരം ജീവിക്കാൻ പ്രേരണയും പ്ര ചോദനവും നല്കിയും തിരു സഭയിൽ കർമ്മലസന്യാസി നീസമൂഹത്തിന്റെ സ്ഥാനവും ദൗത്യവും മഹത്വവും വ്യക്ത മാക്കിയവൾ! സഭയുടെ നൂറ്റാണ്ടായി ഇരുപതാം നൂറ്റാ ണ്ടിനെ പകർത്തിയ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സത്തയെ സ്വാംശീകരിച്ച് സന്യാസിനീസമൂഹത്തിന് പ കർന്നു നല്കിയവൾ! എല്ലാ റ്റിലുമുപരി ദിവ്യനാഥനോ ടുള്ള ഹൃദയൈക്യത്തിൽ സദാപി ജീവിച്ചും ദിവ്യമായ ആ സ്നേഹം സ്വാർത്ഥത കൂടാതെ ശുശ്രൂഷകളിലൂടെ സകലരിലേയ്ക്കും പകർന്നും സ്നേഹത്തിന്റെ പൂർണ്ണതയായ വിശുദ്ധിയുടെ ആൾരൂപമായ വൾ. അങ്ങനെ, സമർപ്പിതജീ വിതം എന്ന വി.ജോൺ പോൾ രണ്ടാമന്റെ അപ്പസ്തോലികപ്ര ബോധനം മൂന്നാം നമ്പരിൽ പ്രസ്താവിക്കുന്നതുപോലെ 'തിരുസ്സഭയുടെ ജീവിതത്തിലും ദൗത്യത്തിലും വിശുദ്ധിയിലും' പങ്കുചേർന്ന്, സ്വർഗ്ഗീയജറു സലേമിനെ ലക്ഷ്യംവെച്ചു ജീവിക്കുന്ന മണവാട്ടിയായ സഭയുടെ ദൃശ്യഅടയാളമായി തീർന്നവൾ! ദൈവദാസി സെ ലീനാമ്മയുടെ സഭാത്മകവ്യ ക്തിത്വം ഇതൾ വിടർന്നത് ഈ വിധത്തിലാണ്.

അഭിനവ പന്തക്കുസ്ത എന്നു വിളിക്കപ്പെടുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ തിരുസ്സഭയിലൊന്നാകെ മാറ്റ ത്തിന്റെ ശംഖുനാദം മുഴക്കിയ കാലഘട്ടത്തിൽ സീറോ മലബാർസഭയിലെ ആദ്യ സന്യാസിനീ സമൂഹമായ നിഷ്പാദുക കർമ്മലീത്താ മൂന്നാംസഭ (T.O.C.D.) എന്ന് 1967 മാർച്ച് 2 വരെ വിളി ക്കപ്പെട്ട ഇന്നത്തെ CMC യിലും മാറ്റത്തിന്റെ ചിലമ്പൊലികൾ അലയടിക്കുകയായി. അതിനു നേതൃത്വം വഹിച്ച CMC യുടെ ആത്മപൂരിതനായികയാണ് ദൈവദാസി മേരി സെലീനാമ്മ. വത്തിക്കാൻ സൂനഹദോ സിന്റെ ഒരുക്കങ്ങൾ 1959-ൽ 23-ാം ജോൺ മാർപാപ്പാ ആരം ഭിച്ചപ്പോൾത്തന്നെ അതിന്റെ അനുരണനങ്ങൾ വിവിധ രൂപതകളിലായി മെത്രാന്മാ രുടെ നേതൃത്വത്തിൽ സ്വത

ന്ത്രഘടകങ്ങളായി വളർന്നു വന്ന കർമ്മലീത്താസഭയിലും ഉണ്ടായി. അത് പരിപൂർത്തിയിലെത്തിയത് ഒരേ സ്ഥാപകസിദ്ധിയാൽ വളർന്നു വികസിച്ചെങ്കിലും പരസ്പരബന്ധമില്ലാതെ കഴിയേണ്ടിവന്ന കർമ്മലസഭാഘടകങ്ങളെ സംയോജിപ്പിച്ച് ഒരു മദർ ജനറലിന്റെ കീഴിൽ കൊണ്ടുവന്നപ്പോഴാണ്. ഇപ്രകാരം 1963 നവംബർ 16-ന് സംയോജിപ്പിക്കപ്പെട്ട കർമ്മലീത്താസന്യാസിനികളുടെ ആദ്യ സുപ്പീരിയർ ജനറലാകാൻ ദൈവനിയോഗം ലഭിച്ച വ്യക്തിയായിരുന്നു ദൈവദാസി സെലീനാമ്മ. ഈ സന്യാസിനീസമൂഹത്തിന്റെ ചരിത്രത്തിൽ തിരുസ്സഭയുടെ മനസ്സ്, പ്രത്യേകിച്ചും, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മനസ്സ്, ഒപ്പിയെടുത്ത് സന്യാസത്തിന്റെ തിരുസ്സഭാത്മകമാനം സന്യാസിനികളുടെ സിരകളിൽ കുത്തിവെച്ച് അവരുടെ ജീവരക്തത്തിന്റെ ഭാഗമാക്കാൻ, കൗൺസിൽ നടന്നുകൊണ്ടിരുന്ന കാലം മുതൽ ഒരു പതിറ്റാണ്ടിലധികം യത്നിച്ച മറ്റൊരു മേലധികാരി ഇല്ല. പ്രോട്ടസ്റ്റന്റു വിപ്ലവകാലത്ത് പ്രതിസന്ധികളിലൂടെ കടന്നുപോയ തിരുസ്സഭയെ നവീകരിക്കാൻ താൻ അംഗമായിരുന്ന കർമ്മലയെ നവീകരിച്ച അമ്മത്രേസ്യായുടെ തിരുസ്സഭാസ്നേഹവും ആത്മീയതയും സ്വന്തമാക്കിയ 'CMC യുടെ അമ്മത്രേസ്യാ'യും, മച്ചിയായ കേരളസഭയെ പുഷ്പിണിയാക്കാൻ ആജീവനാന്തം യത്നിച്ച സ്ഥാപകപിതാവായ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ സാക്ഷാൽ പുത്രിയും ആയിരുന്നു ദൈവദാസി സെലീനാമ്മ. വി. അമ്മത്രേസ്യായേയും വി. ചാവറപിതാവിനേയും പോലെ തിരുസ്സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗങ്ങളനുഷ്ഠിക്കുകയും പ്രയത്നിക്കുകയും ജീവിക്കുകയും ചെയ്ത അമ്മ, തിരുസഭയുടെ മനസ്സ് സന്യാസിനികളിൽ സന്നിവേശിപ്പിക്കുവാൻ തന്റെ കത്തുകളിലൂടെയും പ്രബോധനങ്ങളിലൂടെയും സംഭാഷണങ്ങളിലൂടെയും ജീവിതമാതൃകയിലൂടെയും നിരന്തരം യത്നിച്ചു. 1963-1974 കാലഘട്ടങ്ങളിൽ തന്റെ ദൗത്യനിർവ്വഹണത്തിന്റെ ഭാഗമായി സന്യാസിനീസമൂഹാംഗങ്ങൾക്ക് ഔദ്യോഗികമായി എഴുതിയ കത്തുകൾ അമ്മയുടെ തിരുസഭാത്മകവീക്ഷണവും ആത്മീയതയും പ്രകാശിപ്പിക്കുന്നവയാണ്.

തിരുസ്സഭയുടെ നവീകരണം ലക്ഷ്യം വെച്ചാണല്ലോ രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടപ്പെട്ടത്. നവീക

രിക്കപ്പെടണമെങ്കിൽ ഉറവിടങ്ങളിലേയ്ക്ക് പിന്തിരിയണം എന്ന സഭയുടെ മനസ്സ് അടിസ്ഥാനമാർഗ്ഗദർശകമായി കൗൺസിൽ അവതരിപ്പിച്ചത് സന്യാസജീവിതത്തിന്റെ നവീകരണത്തെ സംബന്ധിച്ച് സഭ പുറപ്പെടുവിച്ച പെർഫക്തേ കാരിത്താത്തിസ് എന്ന ഡിക്രിയിലാണെന്നത് സഭാജീവിതത്തിലും നവീകരണത്തിലും സന്യാസികൾക്കുള്ള സ്ഥാനത്തെത്തന്നെ വ്യക്തമാക്കുന്നതാണ്. കാരണം വി. കൊച്ചുത്രേസ്യായും പിന്നീട് വി.ജോൺ പോൾ രണ്ടാമനും പ്രസ്താവിച്ചിട്ടുള്ളതുപോലെ 'തിരുസഭയുടെ ഹൃദയത്തിലാണ് സന്യാസികളുടെ സ്ഥാനം' എന്ന് സഭ മനസ്സിലാക്കിയിരിക്കണം. ഹൃദയം ശക്തമെങ്കിൽ ശരീരവും ശക്തമായിരിക്കുമല്ലോ. ദൈവികജ്ഞാനം നിറഞ്ഞ സെലീനാമ്മയും ഈ സത്യം ഗ്രഹിച്ചതിനാലാകാം 'തിരുസഭയെ നവീകരിക്കുന്നത് വിശുദ്ധരായ സന്യാസികളുടെ ജീവിതമാണെന്ന്' അടിവരയിട്ട് ഓർമ്മിപ്പിക്കുവാൻ നിരന്തരം ശ്രമിച്ചത്. സംയോജിത കർമ്മലസന്യാസിനികളുടെ ആദ്യസുപ്പീരിയർ ജനറലായി 1963 നവംബർ 16-ന് തിരഞ്ഞെടുക്കപ്പെട്ടശേഷം സന്യാസിനീസമൂഹാംഗങ്ങൾക്ക് അമ്മ എഴുതിയ ആദ്യകത്തിൽത്തന്നെ തന്റെ ദൗത്യനിർവ്വഹണം എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുന്നുണ്ട്. അതിപ്രകാരമാണ്: ''എന്റെ കടമകൾ ദൈവഹിതവും തിരുസ്സഭാമാതാവിന്റെ അഭിലാഷങ്ങളും അനുസരിച്ച് നിർവ്വഹിക്കുവാൻ നിങ്ങളുടെ ഹൃദയംഗമമായ പ്രാർത്ഥന ഞാൻ ആഗ്രഹിക്കുന്നു.'', ഇപ്രകാരം ദൈവഹിതത്തിനും തിരുസ്സഭാമാതാവിന്റെ അഭിലാഷങ്ങൾക്കുമനുസരിച്ചു ജീവിച്ച ബഹു. അമ്മയുടെ കത്തുകളിൽ തെളിയുന്ന സഭാത്മകവീക്ഷണം എന്തൊക്കെയാണെന്നാണ് തുടർന്ന് നാം പരിചിന്തിക്കുന്നത്.

തിരുസഭ: സന്യാസാസ്തിത്വത്തിനു നിദാനം

കർമ്മലസന്യാസിനീസമൂഹത്തിന്റെ പ്രഥമ സുപ്പീരിയർ ജനറലെന്ന നിലയിൽ എഴുതിയ ആദ്യ കത്ത് ബഹു. അമ്മയുടെ നയപ്രഖ്യാപനരേഖയായിരുന്നു എന്ന് വേണമെങ്കിൽ പറയാം. അത്ര വ്യക്തമായും സ്പഷ്ടമായും സന്യാസിനീസമൂഹം എന്തായിരിക്കണം എങ്ങനെയായിരിക്കണം എന്നെല്ലാം അതിലൂടെ അമ്മ വ്യക്തമാക്കുന്നുണ്ട്. സന്യാസജീവിതം സംബന്ധിച്ച കൗൺസിലിന്റെ ഡിക്രി പ്രസിദ്ധീകൃതമാകുന്നത് ഒക്ടോബർ 28, 1965-ലാണ്. അതിനു മുമ്പുതന്നെ അതായത്, 1964

-ന്റെ ആരംഭത്തിൽ, സന്യാസത്തിന്റെ സഭാത്മകമാനം എന്താണെന്നു വ്യക്തമാക്കുന്ന രീതിയിൽ അമ്മയെഴുതിയ കത്ത് ദൈവികജ്ഞാനത്തിന്റെ ബഹിർസ്ഫുരണമായേ കാണാനാവൂ. അമ്മയുടെ തന്നെ വാക്കുകളിൽ:

''സന്യാസസഭകൾ തിരുസഭയിലെ മനോഹരങ്ങളായ മലർക്കാവുകളാണ്. പൂർവ്വകാലം മുതൽ അവളുടെ സവിശേഷമായ പരിലാളനകൾ അനുഭവിച്ചാണ് അവ വളർന്നുവന്നിട്ടുള്ളത്. കർത്തവ്യനിരതമായ സന്താനങ്ങളെപ്പോലെ അവ എല്ലാക്കാലത്തും സഭാമാതാവിനെ പരിചരിച്ചിട്ടുണ്ട്. സന്യാസസഭകളുടെ അസ്തിത്വത്തിനു നിദാനം തിരുസ്സഭയാണ്. സുവിശേഷസദുപദേശങ്ങൾ പ്രാവർത്തികമാക്കിക്കൊണ്ട് ജനപദങ്ങളുടെ ഇടയിൽ ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നതിനായി നിലകൊള്ളുന്ന സന്യാസിനീസന്യാസികൾക്ക് സ്വയം വിശുദ്ധീകരണത്തിന്റേയും ലോകത്തിന്റെ വിശുദ്ധീകരണത്തിന്റേയും ഉറവിടം ക്രിസ്തുവിന്റെ മൗതികശരീരമാണ്. അതുകൊണ്ട് തിരുസഭയുടെ ഹൃദയസ്പന്ദനത്തിനൊപ്പം സന്യാസഭകളുടേയും സ്പന്ദിക്കണം. ക്രിസ്തുവിന്റെ മൗതികശരീരം സജീവവും വളർന്നുകൊണ്ടിരിക്കുന്നതുമാണ്. അതു ലോകത്തിലാണ്, ലോകത്തിനുവേണ്ടിയുമാണ്. തന്മൂലം ഇന്നത്തെ സന്യാസസഭകൾ ഇന്നത്തെ ലോകത്തിന് ക്രിസ്തുവിന്റെ സാക്ഷികളാകണം. അനുനിമിഷം അതിശീഘ്രം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ആധുനികലോകത്തിൽ ക്രിസ്തുവിനു സാക്ഷ്യംനല്കേണ്ടവർ അതിനു കെല്പുള്ളവരാകണം. സന്യാസസഭകളെ സംബന്ധിച്ച് തിരുസ്സഭ ഇന്നനുവർത്തിച്ചുപോരുന്ന നയത്തിന്റെ ലക്ഷ്യവും ഇതുതന്നെയാണ്.''[2] സന്യാസജീവിതം സഭയിലാണെന്നും സഭയ്ക്കുവേണ്ടിയാണെന്നും, സഭ ലോകത്തിലാണെന്നും ലോകത്തിനുവേണ്ടിയാണെന്നും, സഭയുടെ ഹൃദയസ്പന്ദനം തന്നെയായിരിക്കണം സന്യാസികളുടേതുമെന്നും, സ്വയം വിശുദ്ധീകരിക്കാനും ലോകത്തെ വിശുദ്ധീകരിക്കുവാനുമുള്ള ഉറവിടം സഭയിലാണെന്നും ക്രിസ്തുവിനെ ലോകത്തിന്റെ മുമ്പിൽ പ്രതിനിധീകരിക്കേണ്ടവരും അവിടുത്തെ സാക്ഷികളായിരിക്കേണ്ടവരുമാണ് സന്യാസികളെന്നും വ്യക്തമാക്കപ്പെടുമ്പോൾ സന്യാസത്തിന്റെ അന്തസത്തയും അതിന്റെ സഭാത്മകമാനവും എത്രയോ വ്യക്തമായാണ്

അമ്മ സഹസന്യാസിനികളെ ബോദ്ധ്യപ്പെടുത്തുന്നത് എന്നു സ്പഷ്ടം.

സഭയുടെ മനസ്സ് അറിയുക അത് ജീവിക്കുക: സന്യാസിയുടെ ദൗത്യം

സഭയുടെ മനസ്സറിയാനും അത് നിവർത്തിതമാക്കാനുമുള്ള കടമ എല്ലാ ക്രൈസ്തവർക്കുമുണ്ട്. എന്നാൽ അതിന് സവിശേഷമാംവിധം കടപ്പെട്ടവരാണ് സഭയുടെ അരുമസന്താനങ്ങളായ സന്യാസിനികളായ നാം. നമ്മുടെ ഈ പ്രഥമദൗത്യത്തെക്കുറിച്ച് പല ആവർത്തി ദൈവദാസി സെലീനാമ്മ സംസാരിക്കുന്നുണ്ട്. ''കർമ്മലയിൽ എന്റെ വത്സലമക്കളേ, നമ്മെ പ്രത്യേകവാത്സല്യത്തോടെ പരിപാലിച്ചുപോരുന്ന തിരുസ്സഭാമാതാവിന്റെ ആഗ്രഹങ്ങളും അഭിലാഷങ്ങളും അറിഞ്ഞ് അതിനനുസരണം നമ്മുടെ ജീവിതം ക്രമപ്പെടുത്തുവാൻ സന്യാസിനികളായ നമുക്കുള്ള ഗൗരവമായ കടമയെ പ്രത്യേകവിധം ഞാൻ അനുസ്മരിപ്പിക്കുന്നു. ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ അവയവങ്ങളായ ഓരോ ക്രിസ്ത്യാനിയും സഭാംബികയുടെ അഭിലാഷങ്ങൾ അറിയുകയും ശിരസ്സാവഹിക്കുകയും സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുകയും അഭ്യുദയത്തിനായി പ്രയത്നിക്കുകയും പരാജയങ്ങളിൽ ഖേദിക്കുകയും ചെയ്യേണ്ടതാണെങ്കിൽ അവളുടെ അരുമസന്താനങ്ങളായ നാം അവളുടെ ഉപദേശങ്ങളും താല്പര്യങ്ങളും എത്രദാർഢ്യത്തോടെ നിർവ്വഹിക്കേണ്ടതാണ്!''[3] അതിനുള്ള അടിസ്ഥാനകാരണമായി ബഹു. സെലീനാമ്മ കണ്ടെത്തിയത് തിരുസഭ നമ്മുടെ അമ്മയാണ് എന്ന യാഥാർത്ഥ്യമാണ്. ബഹു. അമ്മ വീണ്ടും എഴുതുന്നു: ''സഭാമാതാവിനെ അമ്മയെപ്പോലെ സ്നേഹിക്കുകയും ഓരോ അംഗത്തിന്റേയും ക്ഷേമൈശ്വര്യങ്ങളിൽ സന്തോഷിക്കുകയും ഓരോ ഭവനത്തിന്റേയും വളർച്ചയിലും പുരോഗതിയിലും താത്പര്യം വയ്ക്കുകയും അവയുടെ ഉന്നമനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതു നമ്മുടെ കടമ മാത്രമാണ്.''[4]

സഭയോടൊത്തു ചിന്തിച്ചവൾ

ബഹു. സെലീനാമ്മയുടെ സഭാത്മകതയുടെ ഏറ്റവും പ്രകടമായ അടയാളം സഭ അനുശാസിക്കുന്നതും ആഗ്രഹിക്കുന്നതും നടപ്പാക്കാനുള്ള ജാഗ്രതയും സന്നദ്ധതയും നിർബന്ധവുമാണ്. നവീകരണത്തിനായി വിളിച്ചുകൂട്ടപ്പെട്ട വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം, പ്രത്യേകിച്ച്, സന്യാസജീവിതനവീകരണം സംബന്ധിച്ച പ്രബോധനം അറിയാനും പഠിക്കാനും സ്വാംശീകരിക്കാനും അത് പ്രായോഗികമാക്കാനും സന്യാസിനീസമൂഹാംഗങ്ങളായ സഹോദരിമാരെ അനുസ്മരിപ്പിക്കുന്നതിനും പ്രചോദിപ്പിക്കുന്നതിനും ബഹു. അമ്മ എടുക്കുന്ന ഉത്സാഹം തന്നെ അതിനുള്ള ഉത്തമതെളിവാണ്. സന്യാസിനികളായ നാം തിരുസ്സഭയോടോത്ത് ചിന്തിക്കുന്നവരും ജീവിക്കുന്നവരുമാകണമെങ്കിൽ നമ്മിൽ നവീകരണം ഉണ്ടാകണമെന്ന് സഭ തന്നെയും ആഗ്രഹിക്കുന്നു. നമ്മുടെ വളർച്ചയ്ക്കു വേണ്ടി മാത്രമല്ല, തിരുസഭാമാതാവിന്റെ വിശുദ്ധിക്കും ദൗത്യനിർവ്വഹണത്തിനും ഇതാവശ്യമാണ്. സഭയുടെ ഈ മനസിനെ എപ്രകാരമാണ് അമ്മ ശിരസ്സാവഹിച്ചതും പ്രത്യുത്തരിച്ചതുമെന്നും അമ്മയുടെ കത്തുകളിലുടനീളം നാം കാണുന്നുണ്ട്. തിരുസ്സഭ നമ്മിൽനിന്ന് എന്താണ് പ്രതീക്ഷിക്കുന്നതെന്ന് ആരാഞ്ഞറിയാൻ എപ്പോഴും തിരുസ്സഭാധികാരികളുടെ വാക്കുകൾ, കൗൺസിലിന്റെ പ്രബോധനങ്ങൾ, തിരുസംഘങ്ങളുടെ പ്രബോധനങ്ങൾ എന്നിവ വായിക്കാനും മനസ്സിലാക്കാനും യഥാസമയം അത് സഹോദരിമാരെ അറിയിക്കാനും അമ്മ പുലർത്തിയിരുന്ന ജാഗ്രത എടുത്തുപറയത്തക്കതുതന്നെ. അമ്മ എഴുതുന്നു: ''നമ്മുടെ മാതാവായ തിരുസ്സഭ സന്യാസജീവിതനവീകരണത്തിനായി എല്ലാ സന്യാസികളേയും അത്യന്ത താല്പര്യത്തോടെ ആഹ്വാനം ചെയ്തിരിക്കുകയാണല്ലോ.''[5] സന്യാസജീവിതനവീകരണം സംബന്ധിച്ച കൗൺസിൽ രേഖ പുറപ്പെടുവിച്ചത് എല്ലായിടത്തും എത്തുംമുമ്പുതന്നെ അതിലെ സുപ്രധാനകാര്യങ്ങൾ അമ്മ തന്റെ കത്തിലൂടെ സന്യാസസമൂഹാംഗങ്ങളെ അറിയിച്ചുകൊണ്ടെഴുതി: ''സന്യാസനവീകരണത്തിൽ അതതിന്റെ സ്ഥാപകരുടെ അരൂപിയും പ്രത്യേകമായ ലക്ഷ്യവും നല്ല പാരമ്പര്യങ്ങളും അംഗീകരിക്കുകയും പിതൃസ്വത്തായി അവയെ കരുതുകയും വേണം.''[6]

തുടർന്നു പറയുന്നു: ''സന്യാസജീവിതത്തിന്റെ സർവ്വപ്രധാനമായലക്ഷ്യം മിശിഹായെ അനുകരിക്കുകയും ദൈവവുമായി ഐക്യപ്പെടുകയുമാണ്. അതുകൊണ്ട് കാലോചിതമായ നവീകരണങ്ങൾ ഫലപ്രദമാകണമെങ്കിൽ അവയെല്ലാം ആദ്ധ്യാത്മിക നവീകരണത്തിൽനിന്ന് പുറപ്പെടണം.'', സൂനഹദോസിൽ നെടുനായകത്വം വഹിച്ച പരി.പിതാവ് പോൾ ആറാമന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ആദ്ധ്യാത്മികനവീകരണത്തോടെപ്പം കാലാനുസൃതമായി എന്താണ് തിരുസ്സഭ നമ്മിൽനിന്ന് ഉദ്ദേശിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നതെന്നും അമ്മ വ്യക്തമാക്കുന്നുമുണ്ട്. ''സന്യാസസഭാംഗങ്ങളിൽനിന്ന് അവരുടെ ജീവിതരീതി ആവശ്യപ്പെടുന്ന മൗനം, ഏകാന്തം, നിയമങ്ങൾ ആദിയായവയ്ക്ക് ഭംഗം വരാതെ തന്നെ ഓരോ സന്യാസസഭയും തിരുസ്സഭാജീവിതത്തിൽ, പ്രത്യേകിച്ച് തിരുക്കർമ്മവിധികളിലും സാമൂഹികസ്നേഹകൃത്യങ്ങളിലും പാടുള്ള ആധുനികമായ എല്ലാ പ്രേഷിതപ്രവർത്തികളിലും സജീവവും പൂർണ്ണവുമായ ഭാഗഭാഗിത്വം വഹിക്കുമെന്ന് നാം അത്യാകാംക്ഷയോടെ പ്രതീക്ഷിക്കുന്നു.'' [8] എന്നാണ് തത്സംബന്ധമായി പരി.പാപ്പാ പ്രസ്താവിച്ചിട്ടുള്ളത്. മാർപാപ്പായുടെ വാക്കുകൾക്കനുസരിച്ചും ''സൂനഹദോസിന്റെ വെളിച്ചത്തിലും നമ്മുടെ കർമ്മലസഭ നവീകരിക്കുന്നതിനും അനുരൂപപ്പെടുത്തുന്നതിനുമുള്ള പ്രധാനചുമതല കർമ്മലസഭാംഗങ്ങളായ നമ്മുടേതുതന്നെയാണ്'' [9] എന്ന് അമ്മ തന്റെ സഹോദരിമാരെ അനുസ്മരിപ്പിക്കുകകൂടി ചെയ്യുന്നുണ്ട്. അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളായി ''തിരുസ്സഭയേയും ആരാധനാക്രമത്തെയും പറ്റി താത്പര്യപൂർവ്വം പഠിക്കുവാനും നാം സർവ്വാത്മനാ പരിശ്രമിക്കേണ്ടതാണ്'' **10** എന്നും ''കർമ്മലാരാമം, സൂനഹദോസ് തീരുമാനങ്ങൾ മുതലായവ വായിച്ച് ഹൃദിസ്ഥമാക്കി പ്രായോഗികമാക്കാൻ നാം ഓരോരുത്തരും ആത്മാർത്ഥമായി പരിശ്രമിക്കണമെന്നും'' [11] ''സഭാനിയമങ്ങൾ, തിരുസ്സഭയുടെ ആവശ്യങ്ങൾ, വീക്ഷണഗതി തുടങ്ങിയവ പഠിച്ച് മനസ്സിലാക്കി അവയ്ക്കനുസരണമായി സഭാനവീകരണത്തിനാവശ്യമായ അഭിപ്രായങ്ങൾ നിഷ്പക്ഷമായും ആത്മാർത്ഥമായും പ്രകടിപ്പിച്ചുകൊണ്ട് ഈ നവീകരണകൃത്യത്തിൽ ഓരോ സഹോദരിയും സജീവമായ പങ്കുവഹിക്കേണ്ടതാണെന്നും'' [12] ''തങ്ങളുടെ സന്യാസസഭയുടെ ആന്തരിക

സത്തയിൽനിന്നും വ്യതിചലിക്കാതെ ഓരോരുത്തരുടേയും സഭാചൈതന്യം മുറുകെ പിടിച്ചുകൊണ്ട് തിരുസ്സഭയുടെ ആരാധനക്രമം, ജീവകാരുണ്യ പ്രവർത്തനങ്ങൾ, മിഷനറി പ്രവർത്തനങ്ങൾ എന്നിവയിൽ ആത്മാർത്ഥമായി സഹകരിച്ചുകൊണ്ട് അവൾ തിരുസ്സഭാ ജീവിതത്തിൽ പങ്കെടുക്കണം''[13] എന്നും കൂടി അമ്മ അനുസ്മരിപ്പിക്കുന്നു.

ബഹു. അമ്മയുടെ സഭാത്മകവീക്ഷണത്തിന്റെ ഏറ്റവും ശാശ്വതമായ സ്മാരകമാണ് ജനറലേറ്റുഭവനത്തിൽ ആരംഭിച്ച ദൈവശാസ്ത്രകോഴ്സ്. 1969-ൽ യുവസന്യാസിനികൾക്കായി കേരളത്തിൽ ആദ്യമായി ദൈവശാസ്ത്രകോഴ്സ് ആരംഭിച്ചതും ഇതരസന്യാസിനീസമൂഹങ്ങളിലെ അംഗങ്ങൾക്കുകൂടി അതിൽ പങ്കെടുക്കുവാൻ അവസരം നല്കുകയും ചെയ്തതും ബഹു. അമ്മയാണ്. തിരുസഭയുടെ കാലിക വീക്ഷണം സ്വന്തമാക്കാനും പ്രായോഗികമാക്കാനും കേരളത്തിലെ യുവസന്യാസിനികൾക്കായി തുറന്നിട്ട വാതിലായിരുന്നു അത്.

തിരുസഭയിൽ CMC യുടെ ദൗത്യം

ഒരു സന്യാസസമൂഹത്തിന്റെ അർത്ഥവും പ്രസക്തിയും പ്രകടമാകുന്നത് അത് എന്ത് ലക്ഷ്യത്തിനായി സ്ഥാപിക്കപ്പെടുകയും എന്തിനുവേണ്ടി തിരുസഭ അതിനെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുവോ ആ ലക്ഷ്യത്തിനനുസൃതം ജീവിച്ചുകൊണ്ട് സഭയിൽ അതിന്റെ സ്ഥാപനോദ്ദേശ്യം സഫലമാക്കുമ്പോഴാണ്. ബഹു. സെലീനാമ്മ ഇത് നല്ലവണ്ണം ഗ്രഹിച്ചിരുന്നു. അതിനാൽ അമ്മ ഉദ്ബോധിപ്പിക്കുന്നു: ''ഓരോ സന്യാസസമൂഹത്തിനും അതതിന്റേതായ പ്രത്യേക പ്രകൃതവും ലക്ഷ്യവുമുണ്ടായിരിക്കുമല്ലോ. നമ്മുടെ സഭയുടെ ലക്ഷ്യമെന്താണെന്ന് നമുക്കറിയാം. ലോകത്തിൽ ദൈവസ്നേഹാഗ്നി കത്തിക്കുന്നതിനുവേണ്ടി കർമ്മലസഭയുടെ മക്കളായ നാം ആദ്യമായി ഈ ദൈവസ്നേഹത്തിൽ ജീവിക്കണം; ആ സ്നേഹാഗ്നി കൊണ്ടെരിയണം, എന്നിട്ട് ലോകത്തിലുള്ള സകലരേയും അതിൽ പങ്കാളികളാക്കണം. സ്നേഹമെല്ലാം ദൈവത്തിനുവേണ്ടി, ദൈവത്തോടു അടുപ്പിക്കുന്നതിനെയെല്ലാം സ്നേഹിക്കുക, ദൈവത്തിൽനിന്ന് അകറ്റുന്നതിനെയെല്ലാം വിട്ടുപേക്ഷിക്കുക. ഇതാണ് കർമ്മലയിലെ സ്നേഹത്തിന്റെ നിയമം. ഈ പരിശുദ്ധസ്നേഹം പ്രാർത്ഥനയിൽനിന്നു ജനി

ക്കുന്നു. ത്യാഗത്തിൽ ശക്തി പ്രാപിക്കുന്നു. നിശബ്ദതയിൽ സംരക്ഷിക്കപ്പെടുന്നു. പ്രവർത്തനംവഴി അന്യർക്ക് പകർന്നുകൊടുക്കുന്നു. അതുകൊണ്ടാണല്ലോ കർമ്മലജീവിതം പ്രാർത്ഥന, ത്യാഗം, ഏകാന്തത, പ്രവർത്തനം എന്നീ കാര്യങ്ങളിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നത്. ആകയാൽ ഉന്നതമായ പ്രാർത്ഥനാചൈതന്യം പുലർത്തിക്കൊണ്ട് ദൈവത്തോടു ഗാഢമായി സ്നേഹത്തിൽ ഐക്യപ്പെടുക, ദൈവസ്നേഹത്തെ ആത്മാക്കളിലേക്ക് ആവഹിക്കുക, ആത്മാക്കളെ പരിശുദ്ധമായ ദൈവസ്നേഹത്തിലേക്ക് ആനയിക്കുക -ഇതാണ് തിരുസ്സഭയിൽ കർമ്മലസഭാംഗങ്ങളായ നമ്മുടെ ദൗത്യം.''[14] ചുരുക്കത്തിൽ, ദൈവത്തിന്റെ സ്നേഹത്തിന് നിരുപാധികം സാക്ഷ്യം വഹിക്കാനുള്ള വിളിയാണ് ആത്യന്തികമായി കർമ്മലയിലേയ്ക്കുള്ള നമ്മുടെ വിളി. ധ്യാനാത്മകമായ പ്രാർത്ഥനയിലൂടെ ദൈവസ്നേഹം അനുഭവിക്കാനും നിസ്വാർത്ഥസേവനത്തിലൂടെ ആ സ്നേഹം പകരാനുമുള്ള വിളി! ''എന്റെ ദൈവവിളി സ്നേഹമാണ്''എന്നുദ്ഘോഷിച്ച വി.ചെറുപുഷ്പത്തിന്റെ ജീവിതം സ്വന്തമാക്കിയതിന്റെ ഒരു പ്രതിഫലനമാണ് ഇവിടെ കാണാനാകുന്നത്.

പ്രേഷിതശുശ്രൂഷയുടെ സഭാത്മകമാനം

''നമ്മുടെ ദിവ്യരക്ഷകൻ തന്റെ പീഡാസഹനങ്ങൾവഴി മനുഷ്യരക്ഷ സാധിച്ചു. ഈ രക്ഷണീയകർമ്മം തുടർന്നുകൊണ്ടുപോകുകയാണ് നമ്മുടെ മാതാവായ തിരുസ്സഭയുടെ ദൗത്യം. ഈ ദൗത്യനിർവ്വഹണത്തിന്റെ പ്രതീകങ്ങളാണ് സമർപ്പിതർ എന്നത് നമ്മുടെ ദൃഷ്ടിയിൽ സദാ ഉണ്ടായിരിക്കണം''[15] എന്ന് അമ്മ എഴുതുമ്പോൾ തിരുസ്സഭയുടെ ദൗത്യത്തിൽ പങ്കുകാരാകുക ആ ദൗത്യം ലോകാവസാനത്തോളം തുടരുക എന്നത് സകലവിശ്വാസികളുടേയും കടമയാണ് എന്നും എന്നാൽ അതിലുപരിയായ ഒരു ദൗത്യം സമർപ്പിതരായ നമുക്കുണ്ട് എന്നും അമ്മ വ്യക്തമാക്കുന്നുണ്ട്. അമ്മ എഴുതുന്നു:

''ജ്ഞാനസ്നാനസമർപ്പണത്തിന്റെ സമുജ്ജ്വല പ്രകാശനമായ വ്രതവാഗ്ദാനംവഴി നാം നമ്മെ മുഴുവനും ദൈവസേവനത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഈ ആത്മസമർപ്പണം തിരുസഭ അംഗീകരിച്ചിരിക്കുന്നതുകൊണ്ട് അവളെ സേവിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. എന്നാൽ ഈ ആത്മസമർപ്പണം വഴി നാം എത്ര ഗാഢമായി മിശിഹായോടു ഐക്യപ്പെടുമോ, തിരുസ്സഭയുടെ ജീവിതം അത്രയും കൂടുതൽ ഊർജ്ജസ്വലവും അവളുടെ പ്രേഷിതവ്യത്തി ഫലസമൃദ്ധവുമായിരിക്കും. അപ്പസ്തോലപ്രവർത്തനങ്ങളുടെ ഉറവിടം പരിശുദ്ധത്രിത്വമാണല്ലോ. ഒരു ക്ലാസ്സുമുറിയിലോ ആശുപത്രിയിലോ പ്രവേശിക്കുന്ന സന്യാസിനി തന്റെ പ്രവർത്തനമണ്ഡലത്തിൽ ഒരു സ്വകാര്യവ്യക്തിയെന്ന നിലയിലല്ല പ്രവർത്തിക്കുന്നത്. പിന്നെയോ തിരുസ്സഭയിൽ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട ഒരു സന്യാസസഭയുടെ അംഗമെന്ന നിലയിൽ അവൾ തിരുസ്സഭയാൽത്തന്നെ അയയ്ക്കപ്പെട്ടവളാണ്, നിയോഗിക്കപ്പെട്ടവളാണ്. 'എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു' (യോഹ 20: 21). ക്രിസ്തുനാഥന് തന്റെ പിതാവിൽനിന്നു ലഭിച്ച അതേ അധികാരം തന്നെയാണ് അവിടുന്നു തിരുസ്സഭയ്ക്ക് നല്കിയിട്ടുള്ളത്. ഈ അധികാരത്തിന്റെ പങ്കാണ് ഒരു സന്യാസസഭയ്ക്ക് ലഭിച്ചിരിക്കുന്നത്. ആകയാൽ സന്യാസസഭാധികാരികളാൽ പ്രേഷിതവ്യത്തിക്കായി നിയോഗിക്കപ്പെടുന്ന സന്യാസിനി യഥാർത്ഥത്തിൽ പരി.ത്രിത്വത്താൽത്തന്നെ അയയ്ക്കപ്പെട്ടവളാണ്.''[16]

ബഹു. സെലീനാമ്മയുടെ വീക്ഷണത്തിൽ, ലോകത്തിന്റെ മദ്ധ്യത്തിൽ അവശ്യം കഴിഞ്ഞുകൂടേണ്ട സന്യാസിനി ലൗകായതികത്വത്തിന്റെ കറ പറ്റാതെ സംരക്ഷിക്കപ്പെടണമെങ്കിൽ ഹൃദയത്തിൽ വസിക്കുന്ന പരി.ത്രിത്വത്തെ നിരന്തരം സ്മരിക്കുകയും ധ്യാനിക്കുകയും വേണം. ഒരു സന്യാസിനിയുടെ അദ്ധ്യാപനം, ആതുരശുശ്രൂഷ തുടങ്ങിയ പ്രേഷിതപ്രവർത്തനങ്ങൾ ഫലദായകമാകണമെങ്കിൽ അവളുടെ ജീവിതം അവളിൽ അധിവസിക്കുന്ന പരി.ത്രിത്വത്തോടുള്ള അഭേദ്യമായ ഐക്യത്തിൽ അടിയുറച്ചതായിരിക്കണം.[17] വിശുദ്ധനായ പോൾ ആറാമൻ പാപ്പായെ ഉദ്ധരിച്ചുകൊണ്ട് അമ്മ എഴുതി: ''ലോകത്തിന്റെ ആവശ്യകതയും തിരുസഭയുടെ മനോഭാവവും പരിഗ

ണിച്ച് പ്രേഷിതവ്യത്തിയിൽ ഏർപ്പെട്ടിരിക്കുന്ന സന്യാസിനിയാതൊരു കാരണവശാലും ബാഹ്യപ്രവർത്തനങ്ങൾക്ക് പ്രഥമസ്ഥാനവും ആദ്ധ്യാത്മികജീവിതത്തിനു രണ്ടാം സ്ഥാനവും നല്കിക്കൊണ്ടുള്ള അബദ്ധാഭിപ്രായത്തിൽ എത്തിച്ചേരുവാൻ നാം ആഗ്രഹിക്കുന്നില്ല. ബാഹ്യപ്രവർത്തനങ്ങളുടെ കാര്യക്ഷമതയും ആദ്ധ്യാത്മികജീവിതത്തിലുള്ള ശ്രദ്ധയും പരസ്പരവിരുദ്ധങ്ങളാകാതെ, എല്ലായ്പ്പോഴും ഒരുമിച്ചു പോകത്തക്കവിധത്തിൽ ഐക്യപ്പെട്ടിരിക്കേണ്ടവയാണ്. ആത്മാക്കളുടെ രക്ഷയ്ക്കാവശ്യമായ മനഃസാക്ഷിശുദ്ധത, പ്രതികൂലസാഹചര്യങ്ങളിൽ ക്ഷമ, പ്രവർത്തനോന്മുഖമായ പരസ്നേഹം എന്നീ പുണ്യങ്ങൾ പ്രകാശിപ്പിച്ചുകൊണ്ട് പ്രവർത്തനവും പ്രാർത്ഥനയും ഒത്തിണങ്ങി വളരേണ്ടവയാണ്. മുകളിൽ പറഞ്ഞ പുണ്യങ്ങൾ അവഗണിക്കപ്പെടുമെങ്കിൽ നിങ്ങളുടെ അപ്പസ്തോല പ്രവർത്തനങ്ങൾ മന്ദീഭവിക്കുകയും ക്രമേണ നിങ്ങൾ ആദ്ധ്യാത്മികമാന്ദ്യത്തിലേക്ക് നീങ്ങുകയും പരിപാവനമായ നിങ്ങളുടെ ഉദ്യോഗനിർവ്വഹണത്തിൽ വന്നേക്കാവുന്ന അപകടങ്ങൾ തരണം ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്യാൻ പാടുണ്ട്.''[18] പ്രേഷിതശുശ്രൂഷ സഭാത്മകമാകണമെന്നും, സഭാത്മകമാകണമെങ്കിൽ തിരുസ്സഭ അംഗീകരിച്ച സന്യാസിനീസമൂഹത്തിന്റെ ചൈതന്യത്തിനനുസരിച്ച് ആത്മീയതയ്ക്കു കോട്ടം വരുത്താതെ ലോകത്തിൽ ലോകത്തിന്റേതല്ലാതെ ജീവിച്ച് അതിനെ വിശുദ്ധീകരിക്കുകയാണ് ചെയ്യേണ്ടതെന്നും അമ്മ വ്യക്തമാക്കി. ലോകത്തിൽ നിന്നു മാറി നില്ക്കാനോ, ഒഴിഞ്ഞുമാറാനോ അല്ല, പിന്നെയോ, ''തിരുസ്സഭാജീവിതത്തിൽ കൂടുതൽ ഭാഗഭാഗിത്വം വഹിക്കുകയും വിവിധരംഗങ്ങളിൽ തിരുസഭയുടെ ഉന്നമനവും ഉദ്യമങ്ങളും ഓരോ സന്യാസാംഗവും ഗ്രഹിക്കുകയും ഓരോ സഭയുടെ പ്രകൃതവും ചൈതന്യവുമനുസരിച്ച് സ്വന്തമാക്കുകയും പോഷിപ്പിക്കുകയും വേണം.''[19] എന്നാണ് അമ്മ ഉദ്ബോധിപ്പിക്കുന്നത്.

തിരുസഭയെ സ്നേഹിക്കുക, സഭയോടൊത്ത് ജീവിക്കുക, സഭയ്ക്ക് സാക്ഷ്യം വഹിക്കുക

പരി. പിതാവ് പോൾ ആറാമൻ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി-യോട് പറഞ്ഞ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് അത് നമ്മോടു പറയുന്നതായി സ്വീകരിക്കണമെന്ന മുഖവുരയോടെ അമ്മ എഴുതുന്നു: ''നിങ്ങൾ തിരുസഭയെ സ്നേഹിക്കുക.

അവൾക്കുവേണ്ടി സഹിക്കുക, നിങ്ങളുടെ സ്നേഹതീവ്രത കൊണ്ടും പരിശുദ്ധികൊണ്ടും, അർപ്പിതജീവിതംകൊണ്ടും നിങ്ങൾ തിരുസഭയെ ആശ്വസിപ്പിക്കുക.''[20] ''തിരുസഭയുടെ വിജയപരാജയങ്ങളിൽ സജീവമായ ഭാഗഭാഗിത്വം അനുഭവിക്കുകയും തിരുസ്സഭാമനോഭാവം പുലർത്തുകയും ചെയ്യുമ്പോഴാണ് ദിവ്യനാഥനെപ്പോലെ എല്ലാജാതിജനങ്ങളേയും ഹൃദയത്തിൽ വഹിക്കുവാനുള്ള മഹാമനസ്കതയും സാർവ്വലൗകികസ്നേഹവും നമുക്ക് കൈവരുന്നത്.''[21] എന്നുള്ള അമ്മയുടെ കാഴ്ചപ്പാട് വളരെ ഉദാത്തമാണ്. കൂടാതെ, നമ്മുടെ അമ്മ വി. ത്രേസ്യാ തന്റെ മക്കൾക്കു കൊടുത്തതായ ഉപദേശം പ്രായോഗികമാക്കാൻ നാം ഓരോരുത്തരും കടപ്പെട്ടവരാണ് എന്ന് അനുസ്മരിപ്പിച്ചുകൊണ്ട് അമ്മ എഴുതുന്നു: ''നിഷ്കളങ്കമായ സ്നേഹംകൊണ്ട്, ആത്മാർത്ഥമായ സ്നേഹംകൊണ്ട് ആന്തരികജീവിതത്തിൽ ഉറച്ചുനിന്നുകൊണ്ട് ദിവ്യനാഥനെ ആശ്വസിപ്പിക്കുക, അവിടുത്തേയ്ക്ക് നഷ്ടപ്പെട്ട ആത്മാക്കളെ രക്ഷിക്കുക, തിരുസഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുക, പ്രവർത്തിക്കുക, ജീവിക്കുക.''[22] വീണ്ടും, ''തിരുസഭയ്ക്കും അവളുടെ പുരോഹിതന്മാർക്കുംവേണ്ടി പ്രാർത്ഥിക്കുവാനും, അതിന്റെ വിശുദ്ധി വർദ്ധിപ്പിക്കുവാനും വ്യക്തിപരമായ വിശുദ്ധിവളർത്തി സാക്ഷ്യം നല്കുവാനും ഓരോരുത്തരും ജാഗരൂകരായിരിക്കണമെന്നും''[23] വിശുദ്ധ ത്രേസ്യായെപ്പോലെ അമ്മയും ഉദ്ബോധിപ്പിക്കുന്നു. മാത്രമല്ല, ''നമ്മോടിടപെടുന്നവർക്ക് അനുഭവപ്പെടണം, അവരുടെ നന്മയ്ക്കുവേണ്ടി എന്തും ചെയ്യാൻ നാം തയ്യാറാണെന്ന്. അങ്ങനെ എല്ലായിടത്തും എല്ലാ സമയത്തും എല്ലാവർക്കും ക്രിസ്തുവിന്റെ സ്നേഹം പകർന്നുകൊടുത്തുകൊണ്ട് ക്രിസ്തുവിനും തിരുസഭയ്ക്കും നാം സാക്ഷ്യം വഹിക്കണം.''[24] എന്നും അമ്മ ആഹ്വാനം ചെയ്യുന്നു.

സഭയ്ക്കു ചെയ്യാവുന്ന ഏറ്റവും വലിയ സേവനമായി അമ്മ പറയുന്ന മറ്റൊരു കാര്യമിതാണ്: ''ദൈവസ്നേഹംകൊണ്ടു ജ്വലിക്കുന്ന ഹൃദയമുള്ളവരുടെ മുഖത്ത് അഭൗമികമായ ആനന്ദം സദാ സ്ഫുരിച്ചുകൊണ്ടിരിക്കും. ഇതുവഴി അറിയാതെതന്നെ നിരവധി ആത്മാക്കളെ ദിവ്യനാഥനു നേടിക്കൊടുക്കുവാൻ അവർക്കു സാധിക്കും. ഇങ്ങനെ നാം ആത്മാർത്ഥമായി പരിശ്രമിച്ചാൽ, നമ്മുടെ പ്രത്യാശ പരിപൂർണ്ണമായും ദിവ്യനാഥ

നിൽ അർപ്പിച്ചുകൊണ്ട് പരിശ്രമിച്ചാൽ, നാം തീർച്ചയായും അവിടുത്തെ വിശ്വസ്തമണവാട്ടികളായിരിക്കും; തിരുസഭയുടെ വാത്സല്യഭാജനങ്ങളും നമ്മുടെ സഭയുടെ കെല്പുള്ള തൂണുകളുമായിരിക്കും.''[25] ഇതുതന്നെയല്ലേ, ഇതിനുവേണ്ടിയല്ലേ ആധുനികകാലത്തു ഫ്രാൻസിസ് മാർപാപ്പാ സന്യസ്തർ ആനന്ദത്തിന്റെ സാക്ഷികൾ ആകണം എന്നു പറഞ്ഞത്?

ഉപസംഹാരം

സന്യാസജീവിതം ആത്മരക്ഷയ്ക്കുള്ള മാർഗ്ഗമായും ലോകത്തിന്റെ കെട്ടുപാടുകളിൽനിന്നുള്ള വിമോചനമായും കണ്ടിരുന്ന ഒരു കാലത്തുനിന്ന് അതിന്റെ സഭാത്മകവും സാർവ്വലൗകികവുമായ ദൗത്യത്തെക്കുറിച്ച് തിരുസ്സഭ ഉറക്കെ ചിന്തിക്കാൻ തുടങ്ങിയ ഒരു കാലഘട്ടത്തിൽ, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നവീകരണത്തിനുള്ള ചില പൊലികൾ ഉയരാൻ പശ്ചാത്തലമൊരുക്കുന്ന വേളയിൽ, സന്യാസത്തിന്റെ തിരുസ്സഭാവീക്ഷണം വളരെ ഉദാത്തമായ രീതിയിൽ സന്യാസിനീസമൂഹാംഗങ്ങൾക്കു നല്കി കാലികപ്രസക്തരായ സമർപ്പിതരാക്കി അവരെത്തീർക്കാൻ യത്നിച്ച പ്രവാചകസാന്നിദ്ധ്യമായിരുന്നു ദൈവദാസി സെലീനാമ്മയുടേത്. ലോകരക്ഷാർത്ഥം തിരുസഭയിൽ നമുക്കുള്ള മഹനീയസ്ഥാനവും ദൗത്യവും സംബന്ധിച്ച അമ്മയുടെ കാഴ്ചപ്പാട് വളരെ ഉദാത്തമാണ്. അമ്മയുടെ വാക്കുകളിൽ, ''നാം തിരുസ്സഭയുടെ ആനന്ദമാണ്, അഭിമാനമാണ്, അലങ്കാരമാണ്, ആശ്വാസമാണ്, സർവ്വോപരി സഭാമാതാവിന്റെ ശക്തികേന്ദ്രമാണ്.''[26] ''നമ്മുടെ അമ്മയായ തിരുസ്സഭയ്ക്ക് താങ്ങും തണലും ആയി വർത്തിക്കേണ്ടവരാണ് സമർപ്പിതരായ നാം.''[27] ''തിരുസ്സഭയുടെ സ്നേഹത്തിന്റേയും വിശുദ്ധിയുടേയും അടയാളങ്ങളായി വർത്തിക്കേണ്ടവരാണ് നാമോരോരുത്തരും.''[28] മാത്രമല്ല, ''ക്രിസ്തീയ ദൈവവിളിയുടെ കടമകളെ ധീരതയോടെ നിർവ്വഹിക്കുവാൻ തിരുസ്സഭാംഗങ്ങളെയെല്ലാം

ശക്തിയായി പ്രേരിപ്പിക്കുന്ന ദൃശ്യചിഹ്നങ്ങളായി നാം ഓരോരുത്തരും തീരുകയും വേണം.''[29] കർമ്മലയിലെ വിശുദ്ധരായ വി. അമ്മത്രേസ്യായുടേയും വി.കൊച്ചുത്രേസ്യായുടേയും സ്ഥാപകപിതാവായ വി.ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റേയും, വന്ദ്യ ലെയോപ്പോൾദച്ചന്റേയും സഭാത്മകദർശനം സ്വന്തമാക്കി നടന്നു നീങ്ങിയ ഈ സഭാസ്നേഹി സഭയ്ക്കുവേണ്ടി തന്റെ ജീവിതംതന്നെ വ്യയം ചെയ്ത് CMC യുടെ അഭിമാനവും തിരുസ്സഭയുടെ ആനന്ദവുമായി തീർന്നിരിക്കുന്നു. നമുക്കുമുമ്പേ നടന്നുനീങ്ങിയ സഭയുടെ ഈ വിശ്വസ്തപുത്രിയുടെ, മിശിഹായുടെ മണവാട്ടിയുടെ സഭാസ്നേഹവും സമർപ്പണവീര്യവും ജീവിതമാതൃകയും നമുക്കും പ്രചോദനമാകട്ടെ. അമ്മയെപ്പോലെ തിരുസ്സഭയോടൊത്ത് ചിന്തിക്കാം, പ്രാർത്ഥിക്കാം, ജീവിക്കാം, സാക്ഷ്യം നല്കാം!

ആധാരഗ്രന്ഥങ്ങൾ

1. സി.സോഫി റോസ് (എഡി.), മാതൃമൊഴികൾ, (സി.എം.സി.പബ്ലിക്കേഷൻസ്, ആലുവാ) 2003, കത്ത് 1, പേജ് 13.
2. മാതൃമൊഴികൾ, കത്ത് 1, പേജ് 15.
3. മാതൃമൊഴികൾ, കത്ത് 1, പേജ് 18.
4. മാതൃമൊഴികൾ, കത്ത് 9, പേജ് 55.
5. മാതൃമൊഴികൾ, കത്ത് 11 പേജ് 63.
6. മാതൃമൊഴികൾ, കത്ത് 7, പേജ് 46.
7. മാതൃമൊഴികൾ, കത്ത് 7, പേജ് 46.
8. മാതൃമൊഴികൾ, കത്ത് 10 പേജ്, 62.
9. മാതൃമൊഴികൾ, കത്ത് 11 പേജ് 63.
10. മാതൃമൊഴികൾ, കത്ത് 9, പേജ് 56.
11. മാതൃമൊഴികൾ, കത്ത് 9, പേജ് 58.
12. മാതൃമൊഴികൾ, കത്ത് 12 പേജ് 72.
13. മാതൃമൊഴികൾ, കത്ത് 14 പേജ്, 78.
14. മാതൃമൊഴികൾ, കത്ത് 11 പേജ് 64.
15. മാതൃമൊഴികൾ, കത്ത് 33 പേജ്, 148.
16. മാതൃമൊഴികൾ, കത്ത് 11 പേജ് 65.
17. മാതൃമൊഴികൾ, കത്ത് 11 പേജ് 66.
18. മാതൃമൊഴികൾ, കത്ത് 11 പേജ് 66-67.
19. മാതൃമൊഴികൾ, കത്ത് 12 പേജ് 71.
20. മാതൃമൊഴികൾ, കത്ത് 34 പേജ് 150.
21. മാതൃമൊഴികൾ, കത്ത് 9 പേജ് 56.
22. മാതൃമൊഴികൾ, കത്ത് 35 പേജ് 153.
23. മാതൃമൊഴികൾ, കത്ത് 26 പേജ് 125.
24. മാതൃമൊഴികൾ, കത്ത് 13 പേജ് 76.
25. മാതൃമൊഴികൾ, കത്ത് 28 പേജ് 135.
26. മാതൃമൊഴികൾ, കത്ത് 26 പേജ് 125.
27. മാതൃമൊഴികൾ, കത്ത് 37 പേജ് 158.
28. മാതൃമൊഴികൾ, കത്ത് 13 പേജ് 76.
29. മാതൃമൊഴികൾ, കത്ത് 35 പേജ് 152.

ലോകത്തിൽ ഇപ്പോൾ നടന്നു
കൊണ്ടിരിക്കുന്ന എല്ലാ ഭയങ്കരമായ
അക്രമങ്ങൾക്കും നന്ദികേടുകൾക്കും
പരിഹാരം ചെയ്യുവാൻ വിളിക്കപ്പെട്ട
വരല്ലേ നമ്മൾ? അതുകൊണ്ട്
നിരന്തരമായ പ്രാർത്ഥനവഴിയായി-
ദിവ്യനാഥനോടുള്ള ഗാഢമായ
ഐക്യം വഴിയായി - നമ്മുടെ ഈ
ഏറ്റം വലിയ കർത്തവ്യം
നിറവേറ്റാൻ നമുക്കു പരിശ്രമിക്കാം.
(മാതൃമൊഴികൾ പേജ് 87)

02

ദൈവദാസി
മദർ മേരി സെലിൻ
CMC യുടെ ചാലകശക്തി

ഡോ. സി. സുമാ റോസ്

ഏകീകൃത CMC സന്യാസിനീ സമൂഹത്തെ ദൈവഹിതാനുസരണം കാൽ നൂറ്റാണ്ടു കാലം നയിച്ച മദർ മേരി സെലിൻ കർമ്മലസഭയ്ക്കു ലഭിച്ച ഒരു അമൂല്യനിധിയാണ്. സ്വന്തം ജീവിതത്തെ കർമ്മം കൊണ്ടും കർമ്മത്തെ ജ്ഞാനം കൊണ്ടും ജ്ഞാനത്തെ ദൈവോപാസന കൊണ്ടും പരിപാകം ചെയ്തിരുന്ന ഭക്തകർമ്മയോഗിയായിരുന്ന മദർ, അനന്യമായൊരു വിശുദ്ധ മാതൃകയാണ് പിൻതലമുറയ്ക്ക് കൈമാറിയിരിക്കുന്നത്. അരൂപിയുടെ മേലൊപ്പുണ്ടായിരുന്ന മദർ വിശുദ്ധിയിൽ വളരുകയും കണ്ടുമുട്ടിയവരെയെല്ലാം വിശുദ്ധിയിലേക്ക് ആനയിക്കുകയും ചെയ്ത ഒരു മഹത് വ്യക്തിത്വത്തിന്റെ ഉടമയാണ്.

ദൈവപരിപാലനയിലുള്ള അടിയുറച്ച വിശ്വാസം, പ്രാർത്ഥനാചൈതന്യം, നിരന്തരമായ ദൈവസാന്നിദ്ധ്യാനുഭവം, തികഞ്ഞ മാനുഷിക പരിഗ

> CMC സന്യാസിനീ സമൂഹത്തെ ലോകവ്യാപകമായ വളർച്ചയിലേക്ക് നയിക്കുവാൻ അമ്മ നടത്തിയ ശ്രമകരമായ യജ്ഞങ്ങളും നല്കിയ കാര്യക്ഷമമായ നേതൃത്വവും അത്ഭുതാവഹമത്രേ

ണന, ആഴമായ സന്യാസാരൂപി, താപസികത, പ്രവാചകധീരത, ദൈവവചനത്തോടുള്ള അഭിനിവേശം, അപ്പസ്തോലിക തീക്ഷണത, ആത്മാക്കൾക്കായുള്ള ദാഹം, എന്നിവയെല്ലാം അമ്മയുടെ സവിശേഷതകളായിരുന്നു. സ്ഥാപക ചൈതന്യം അതിന്റെ തനിമയിൽ ജീവിച്ചുകൊണ്ട് കർമ്മല സഭയ്ക്ക് ഊടും പാവും നൽകുവാൻ അത്യദ്ധ്വാനം ചെയ്ത സെലീനാമ്മയുടെ ആത്മീയകാര്യങ്ങളിലുള്ള ജാഗ്രതയും പരി. ത്രിത്വസഹവാസവും, പരി. അമ്മയോടും വി. യൗസേപ്പിതാവിനോടുമുള്ള സവിശേഷഭക്തിയും എടുത്തു പറയേണ്ടതുണ്ട്.

പുനഃസംയോജിക്കപ്പെട്ട CMC സന്യാസിനീ സമൂഹത്തെ ഒരു ചരടിൽ കോർത്തിണക്കി ഒരു ഹൃദയവും ഒരു മനസ്സുമുള്ള സമൂഹമാക്കി ഉയർത്തിയ സെലീനാമ്മ ആഴമായ ദൈവൈക്യജീവിതവും തീക്ഷ്ണമായ കർമ്മ ചൈതന്യവും ഒത്തിണങ്ങിയ മികവുറ്റ ഒരു ഭരണാധികാരിയായിരുന്നു. കർമ്മലസഭയുടെ ഉന്നമനത്തിനും സഭാമക്കളുടെ അഭ്യുന്നതിക്കും ഉതകുന്ന വിവിധ സംരംഭങ്ങളും സംവിധാനങ്ങളും സ്ഥാപനങ്ങളും കർമ്മപദ്ധതികളും ആവിഷ്ക്കരിക്കുന്നതിലും അതു നടപ്പാക്കുന്നതിലും മദർ സെലിൻ ദത്തശ്രദ്ധയായിരുന്നു. CMC സന്യാസിനീ സമൂഹത്തെ ലോകവ്യാപകമായ വളർച്ചയിലേക്ക് നയിക്കുവാൻ അമ്മ നടത്തിയ ശ്രമകരമായ യജ്ഞങ്ങളും നല്കിയ കാര്യക്ഷമമായ നേതൃത്വവും അത്ഭുതാവഹമത്രേ. സെലീനാമ്മയിലൂടെ നിർവഹിക്കപ്പെട്ട സകല ശുശ്രൂഷകളും ഇന്ന് CMC യിൽ നൂറുമേനി ഫലം ചൂടി നില്ക്കുന്നുവെന്ന് പറയാം.

അന്തരംഗ ജീവിതത്തിന് സെലീനാമ്മ കൊടുത്ത പ്രാധാന്യവും അതു നേടിയെടുക്കുവാൻ അമ്മ ഏറ്റെടുത്ത ത്യാഗങ്ങളും ആരെയും അതിശയിപ്പിക്കുന്നതായിരുന്നു. താൻ കണ്ടുമുട്ടുന്ന എല്ലാ വ്യക്തികളിലും, കടന്നു ചെല്ലുന്ന എല്ലാ

സമൂഹങ്ങളിലും ആത്മീയതയുടെ ബാലപാഠങ്ങൾ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും വിശിഷ്യാ ജീവിതമാതൃകയിലൂടെയും പകർന്നുകൊടുക്കുവാൻ അമ്മ സദാ ഉത്സുകയായിരുന്നു. പരി. ത്രിത്വത്തിന്റെ സ്നേഹക്കൂട്ടായ്മയിൽ എപ്പോഴും വസിച്ചിരുന്ന സെലീനാമ്മയ്ക്ക് സഹോദരങ്ങളോട് പറയാനുണ്ടായിരുന്നതും നല്ല ദൈവത്തെക്കുറിച്ചും സ്വർഗ്ഗീയ ജീവിതത്തെക്കുറിച്ചുമായിരുന്നു. സെലീനാമ്മയുടെ മണിക്കൂറുകൾ നീണ്ടു നിൽക്കുന്ന പ്രണിധാനത്തിന്റെ ഊഷ്മളതയും, കണ്ണിമയ്ക്കാതെ ദിവ്യകാരുണ്യ സന്നിധിയിലുള്ള ഉപാസനയും സമർപ്പണ ഭാവത്തോടെയുള്ള പ്രവർത്തനങ്ങളും ദൈവിക സമ്പന്നതകൾ കർമ്മത്തിലൂടെ ലോകത്തോട് ഉൾച്ചേർക്കുവാനുള്ളതാണ് CMC വിളിയെന്ന് സഭാംഗങ്ങളെ പഠിപ്പിച്ചു.

വിശുദ്ധരെല്ലാം ആനന്ദത്തിന്റെ ആത്മീയതയിൽ ജീവിച്ചവരാണ്. സെലീനാമ്മയുടെ ജീവിതവും ആത്മീയാനന്ദത്തിന്റെ സുവിശേഷ പ്രഘോഷണമായിരുന്നുവെന്ന് പറയാം. വിനയാന്വിതയായി, സൗഹൃദഭാവത്തോടെ പ്രശാന്തത നിറഞ്ഞ മുഖഭാവത്തോടെ സുസ്മേരവദനയായി

“
വിശുദ്ധരെല്ലാം ആനന്ദത്തിന്റെ ആത്മീയതയിൽ ജീവിച്ചവരാണ്. സെലീനാമ്മയുടെ ജീവിതവും ആത്മീയാനന്ദത്തിന്റെ സുവിശേഷ പ്രഘോഷണമായിരുന്നുവെന്ന് പറയാം

എവിടെയും എപ്പോഴും കാണപ്പെട്ടിരുന്ന സെലീനാമ്മ ചുറ്റുമുള്ളവർക്കും തന്നെ സമീപിക്കുന്നവർക്കും ശാന്തിയും സമാധാനവും ആനന്ദവുമായി മാറുകയായിരുന്നു.

ആധുനിക യുഗത്തിന്റെ പ്രത്യേകതകളും സിസ്റ്റേഴ്സിന്റെ പ്രവർത്തന ബാഹുല്യങ്ങളും, വ്യഗ്രതകളും ജോലിഭാരങ്ങളും മനസ്സിലാക്കിയ മദർ തന്റെ കത്തിലൂടെ സഭാമക്കളെ ഉദ്ബോധിപ്പിക്കുന്നു ‘‘ഇന്ന് ബാഹ്യപ്രവർത്തനങ്ങൾ ഏറെ വർദ്ധിച്ചിട്ടുണ്ട്. അത് ഇന്നിന്റെ ഒരാവശ്യം തന്നെയാണ്. എന്നാൽ തിരക്ക് പിടിച്ച പ്രവർത്തനങ്ങളുടെ മദ്ധ്യേ നമ്മുടെ അന്തരംഗജീവിതത്തിന് കോട്ടം വരുത്താതിരിക്കുവാൻ ഒരു നിർബന്ധബുദ്ധി തന്നെ നമുക്ക് വേണം. അല്ലെങ്കിൽ നാം ഏത് ഉദ്ദേ

പ്രാർത്ഥനാ ചൈതന്യത്തോടുകൂടിയ പ്രവർത്തനങ്ങൾ മാത്രമേ സാക്ഷാൽ വിജയം കരസ്ഥമാക്കുകയുള്ളൂ എന്നത് ഒരു പരമാർത്ഥമാണ

ശത്തോടെ സഭയിൽ പ്രവേശിച്ചുവോ, ആ അന്ത്യത്തിൽ ചെന്ന് എത്തുമോ എന്നു തന്നെ സംശയിക്കേണ്ടിയിരിക്കുന്നു. പ്രാർത്ഥനാ ചൈതന്യത്തോടുകൂടിയ പ്രവർത്തനങ്ങൾ മാത്രമേ സാക്ഷാൽ വിജയം കരസ്ഥമാക്കുകയുള്ളൂ എന്നത് ഒരു പരമാർത്ഥമാണ്. നാം പഠിപ്പിക്കുന്ന വിദ്യാർത്ഥികൾ, ശുശ്രൂഷിക്കുന്ന രോഗികൾ തുടങ്ങി നാം ഇടപെടേണ്ടിവരുന്ന എല്ലാവരേയും ഈശോയിലേക്ക് അടുപ്പിക്കുവാനുള്ള ഒരു വലിയ കടമ നമുക്കുണ്ട് എന്നുള്ളത് ഒരിക്കലും നാം വിസ്മരിയ്ക്കരുത്.''

CMC യുടെ ചാലകശക്തിയായി പരിണമിച്ച സെലീനാമ്മ തന്റെ വത്സല മക്കളെ വീണ്ടും ഓർമ്മിപ്പിക്കുന്നു: ''മനോഹരങ്ങളായ പലതും നാം ഉപേക്ഷിച്ചു. നമുക്ക് അനുഭവിക്കുവാൻ അവകാശവും അർഹതയുമുള്ള പലതും ഉപേക്ഷിച്ചു. ഇതിന്റെയെല്ലാം ഫലമായി നാം ഏതു സാഹചര്യത്തിലായിരുന്നാലും ഏത് പ്രവർത്തനരംഗത്തായിരുന്നാലും എത്ര തിരക്കിട്ട പരിപാടികൾ തരണം ചെയ്യേണ്ടവരായിരുന്നാലും നമ്മുടെ ഹൃദയാന്തർഭാഗത്തു വസിക്കുന്ന ദിവ്യനാഥന്റ പക്കലേയ്ക്ക് പിന്തിരിയുവാൻ സാധിക്കണം. അങ്ങനെ അനുനിമിഷം അവിടുത്തെ പക്കലേക്ക് പിന്തിരിയുന്നതായിരിക്കട്ടെ നമ്മുടെ ആന്തരിക ജീവിതത്തിന്റെ കാതൽ.'' ആധുനിക തലമുറയ്ക്ക് കൈമോശം വന്നുപോകുന്ന വിശ്വാസവും വിശുദ്ധിയും ആഴമായ ആദ്ധ്യാത്മികതയും വീണ്ടെടുക്കുവാനും ഈ ഉദ്ബോധനങ്ങൾ പര്യാപ്തമാകുമെന്നതിൽ രണ്ടു പക്ഷമില്ല.

സെലീനാമ്മയുടെ തിരുസഭാസ്നേഹവും തിരുസഭാധികാരികളോടുള്ള വിധേയത്വവും എത്രമഹത്തരവും മാതൃകാപരവുമായിരുന്നുവെന്ന് അമ്മയുടെ കത്തുകൾ വ്യക്തമാക്കുന്നു. തിരുസഭാസേവനം കർമ്മലമക്കളുടെ കടമയാണെന്ന ബോദ്ധ്യം സഭാമക്കളിൽ രൂഢമൂലമാക്കുവാൻ അമ്മ സദാ ജാഗ്രത പുലർ

ത്തിയിരുന്നു. സിസ്റ്റേഴ്സിന്റെ ആദ്ധ്യാത്മിക ജീവിതം സുദൃഢമാക്കുവാനും സമൂഹജീവിതം സ്നേഹവും സാഹോദര്യവും നിറഞ്ഞതാക്കുവാനും പ്രേഷിത ശുശ്രൂഷകളെ അഭിഷേകമുള്ളതാക്കുവാനും സെലീനാമ്മ നല്കുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്നേഹശാസനകളും, അറിവുകളും അടങ്ങിയ 'മാതൃമൊഴി' CMC യുടെ മാഗ്നാകാർട്ടയാണെന്നു പറയുന്നതിൽ തെറ്റുണ്ടാവില്ല.

അതിരുകളില്ലാത്ത സഭാസ്നേഹവും ഉന്നതമായ ലക്ഷ്യബോധവും അഗ്നിശുദ്ധി വരുത്തിയ ശുശ്രൂഷകളും, ആധികാരികമായ ഉദ്ബോധനങ്ങളും വെല്ലുവിളികളുയർത്തുന്ന ജീവിതശൈലിയും ആരെയും അതിശയിപ്പിക്കുന്ന പ്രായോഗിക ജ്ഞാനവും കൈമുതലാക്കിയ സെലീനാമ്മ ഇന്നും അനേക ഹൃദയങ്ങളെ തൊട്ടുണർത്തുന്നു. കർമ്മലസഭയുടെ ചൈതന്യമായി സഭാപിതാക്കന്മാർ വിഭാവനം ചെയ്ത 'മഹിമയുള്ള ഭാവവും മധുരശീലവും' സ്വന്തമാക്കി പട്ടാംഗയായ ദൈവസ്നേഹവും കൂടപ്പിറപ്പുകളുടെ ആത്മരക്ഷയും ലക്ഷ്യം വെച്ച് ധീരതയോടെ CMC യെ നയിച്ച സെലീനാമ്മയുടെ ജീവിതം CMC തനയരുടെ മുൻപിൽ ഇന്ന് ഒരു വെല്ലുവിളിയായി നിലകൊള്ളുകയാണ്.

> "
> സെലീനാമ്മയുടെ തിരുസഭാസ്നേഹവും തിരുസഭാധികാരികളോടുള്ള വിധേയത്വവും എത്ര മഹത്തരവും മാതൃകാപരവുമായിരുന്നുവെന്ന് അമ്മയുടെ കത്തുകൾ വ്യക്തമാക്കുന്നു

'ജ്വലിക്കുന്ന ഒന്നിനു മാത്രമേ മറ്റൊന്നിനെ ജ്വലിപ്പിക്കുവാനാകൂ.' കത്തിജ്വലിക്കുന്ന ഒരു പ്രകാശ ഗോപുരമായി ഉയരുകയും ദൈവത്തെ സ്വന്തമാക്കുകയും ദൈവം സ്വന്തമാക്കുകയും ചെയ്ത നമ്മുടെ ജ്യേഷ്ഠ സഹോദരി സെലീനാമ്മ വിശുദ്ധരുടെ ഗണത്തിൽ എണ്ണപ്പെടുന്ന ആ സ്വർഗ്ഗീയനിമിഷങ്ങൾക്കായി നമുക്ക് പ്രാർത്ഥനാപൂർവ്വം കാത്തിരിക്കാം.

ഇന്ന് സന്യാസസഭ ബലഹീനരുടെ അഭയസ്ഥാന മല്ല. അത് ധീരാത്മക്കളുടെ പരിശീലന കളരിയാണ്. കാലാവസ്ഥയുടെ സമ്മർദ്ദത്തിൽ പെടാതെ എല്ലാവിധ അനുകൂല സാഹചര്യങ്ങളും നൽകി വിശേഷപ്പെട്ട ചെടികൾ വളർത്തിയെടുക്കുന്ന ഒരു തോട്ടമല്ല സന്യാസ ജീവിതം. നിരവധി വേദനകളും ഞെരുക്കങ്ങളും പ്രതികൂല സാഹചര്യങ്ങളും ധീരതയോടെ തരണം ചെയ്തുകൊണ്ട് മുളച്ച് തഴച്ചുവളരുന്ന നല്ല കരുത്തുള്ള ചെടികളായിരിക്കണം **സന്യാസികൾ.**

(മാതൃമൊഴികൾ പേജ് 77)

03

CMCയിലൊരു സെലിൻ ടച്ച്

സി. സാങ്റ്റാ

മൗണ്ട് കാർമൽ ജനറലേറ്റ് എന്ന കേന്ദ്രഭവനത്തിൽ എവിടെയുമുണ്ട് ഒരു ''സെലിൻ ടച്ച്''. ആ അമ്മമനസ്സിലെ ദർശനത്തിന് വിശുദ്ധിയുടെ നിറക്കൂട്ടുണ്ടായിരുന്നു, ഏകീകൃത CMC യുടെ ആദ്യ മദർജനറലായ ദൈവദാസി മേരി സെലിന്റെ CMC ദർശനത്തിന്റെ മൂന്ന് മാനങ്ങളിലേക്ക് എന്റെ ചിന്ത നീളുകയാണ്. കേരളസഭയിലെ കടിഞ്ഞൂൽപുത്രിയാണ് CMC ആദ്യ സന്തതിക്ക് പല ആനുകൂല്യങ്ങളുണ്ട്, ചില ഉത്തരവാദിത്വങ്ങളും കടമകളുമുണ്ട്. തറവാട്ടിൽ പിറന്നുവീഴുന്ന കടിഞ്ഞൂൽ സന്താനത്തെ എല്ലാവരും വാത്സല്യത്തോടെ ഉറ്റുനോക്കും, കുഞ്ഞിന്റെ ഓരോ ചലനവും മാതാപിതാക്കളിലും കുടുംബാംഗങ്ങൾ മുഴുവനിലും ആനന്ദം നിറയ്ക്കും. എല്ലാവരുടെയും ശ്രദ്ധ ആ കു

ഞ്ഞിലാണ്. ഒരുപാട് ലാളനകൾ ഏറ്റുവാങ്ങിയാണ് താൻ വളരുന്നതെന്ന് കുഞ്ഞ് തിരിച്ചറിയുന്നുണ്ട്. അത് അവളിൽ ആത്മവിശ്വാസം വളർത്തും, ആത്മാഭിമാനത്തെ പോഷിപ്പിക്കും, സർഗാത്മകശേഷിക്ക് ആക്കംകൂട്ടും.

കൂനമ്മാവിലെ കന്യാസ്ത്രീമഠത്തെ കേരളസഭ താല്പര്യപൂർവം വീക്ഷിച്ചു, കരുതലോടെ വളർത്തി, പ്രവർത്തനമേഖലകൾ ചൂണ്ടികാണിച്ചുകൊടുത്തു, വിശാലമായ വിദൂരസ്ഥലങ്ങളിലേക്ക് അവളെ വ്യാപിപ്പിച്ചു. കൂടുതൽപേരെ അവളിലേക്ക് കൂട്ടിചേർത്തുകൊടുത്തു. ആദ്യസന്തതി എന്ന നിലയിൽ ലഭിച്ച ആനുകൂല്യങ്ങളാണിവ. കുടുംബസ്വത്തിനെയും മഹിമയെയും കുറിച്ച് അവൾക്ക് നല്ല അറിവുകാണും.

കടിഞ്ഞൂൽപുത്രിയുടെ ഉത്തരവാദിത്വങ്ങളിൽ പ്രധാനപ്പെട്ടത് കൊച്ചുമക്കളെ വളർത്താനുള്ള കടമയാണ്, CMC യുടെ തനിമയെയും സമ്പന്നതയെയും കുറിച്ച് വരുംതലമുറക്ക് അവബോധവും അഭിമാനവും ഉജ്ജ്വലിക്കുംവിധത്തിൽ അവരെ രൂപപ്പെടുത്തുക എന്ന കടമയെക്കുറിച്ച് സെലിനാമ്മ നന്നായി മനസ്സിലാക്കിയിരുന്നു. CMC യുടെ തനതായ ഉത്തരവാദിത്വം പ്രണിധാന പ്രാർത്ഥനയിൽ ഊന്നിനിൽക്കുക, അതേ ധ്യാനരീതി ദൈവജനത്തെ പരിശീലിപ്പിക്കുക, സ്ത്രീകളുടെ ദൈവാനുഭവത്തിനും സമർപ്പണത്തിനുമുള്ള ത്വരയെ ശമിപ്പിക്കുക, അവരുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുക എന്നീ കാര്യങ്ങളിൽ സെലീനാമ്മ നല്കിയ ഊന്നലിനെക്കുറിച്ചാണ് ഞാനിവിടെ നോക്കികാണുന്നത്, 1970-71 ൽ ജൂനിയറേറ്റിൽ രണ്ടാമത്തെ ബാച്ചിലായിരുന്നപ്പോൾ സെലീനാമ്മയെ അടുത്തുകാണുവാനും കേൾക്കുവാനും എനിക്കു ഭാഗ്യം ലഭിച്ചിട്ടുണ്ട്.

പൊതുജൂനിയറേറ്റ് എന്ന സ്വപ്നം

CMC ഏകീകരണത്തിന്റെ ഒരു സുപ്രധാനലക്ഷ്യം സന്യാസരൂപീകരണം സംബന്ധിച്ചായിരുന്നു. പൊതുജൂനിയറേറ്റ് ഭവനം സ്ഥാപിച്ച് ജൂനിയർ സിസ്റ്റേഴ്സിന് തിരുസഭയുടെ പഠനങ്ങളിലും ചരിത്രാവബോധത്തിലും ദൈവശാസ്ത്രത്തിലും അറിവുപകരുക എന്ന പദ്ധതിക്ക് ആദ്യമെ രൂപരേഖയുണ്ടാക്കി. ആലുവായിൽ കേന്ദ്രഭവനത്തിനുള്ള കെട്ടിടം പ്ലാൻ ചെയ്തപ്പോൾതന്നെ

മുന്നൂറുപേർക്കിരിക്കാവുന്ന കോൺഫ്രൻസ് ഹാൾ, സ്റ്റേജ്, വിശാലമായ പ്രാർഥനാസ്ഥലം, താമസസൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിരുന്നു. കേരളത്തിലെ മറ്റുസന്യാസസമൂഹങ്ങളിലെ സിസ്റ്റേഴ്സിനുവേണ്ടി വാതിൽ തുറന്നിടുന്ന സമീപനവും സെലീനാമ്മയുടെ ദർശനത്തിൽ വിരിഞ്ഞുനിന്നു. 1968 ൽ പൗരസ്ത്യതിരുസംഘത്തിന്റെ അധിപന് സെലീനാമ്മ അയച്ച കത്തിൽ ഇതിനെക്കുറിച്ച് പരാമർശങ്ങളുണ്ട്. അങ്ങനെ ജൂനിയറേറ്റിന്റെ ആദ്യകാലംമുതൽ FCC, CTC, DM വിസിറ്റേഷൻ മുതലായ സമൂഹങ്ങളിൽനിന്നുള്ള സിസ്റ്റേഴ്സ് പരിശീലനത്തിനായി ഇവിടെ എത്തിയിരുന്നു. കേരളസഭയിലെ ആദ്യജാത എന്ന നിലയിൽ മറ്റു സമൂഹങ്ങളെ വളർത്താനുള്ള CMC യുടെ വിളിയെക്കുറിച്ചുള്ള ബോധ്യമാണ് അമ്മയെ ഇതിന് പ്രേരിപ്പിച്ചത്.

മിസ്ട്രസ്സുമാരാകാനുള്ളവരെ നേരത്തെ തിരഞ്ഞെടുത്ത് ഗോവയിലെ ''മാത്തെർ ദേയി'' എന്ന സ്ഥാപനത്തിലയച്ച് പരിശീലിപ്പിക്കുന്നതിൽ സെലീനമ്മയുടെ ശ്രദ്ധ പതിഞ്ഞു. മാത്രമല്ല, സെലീനമ്മ നേരിട്ട് മാത്തെർ ദേയിലെത്തി

> “ സെലീനാമ്മയുടെ തിരുസഭാസ്നേഹവും തിരുസഭാധികാരികളോടുള്ള വിധേയത്വവും എത്ര മഹത്തരവും മാതൃകാപരവുമായിരുന്നുവെന്ന് അമ്മയുടെ കത്തുകൾ വ്യക്തമാക്കുന്നു

അവിടത്തെ കോഴ്സിന്റെ രീതികൾ മനസ്സിലാക്കി. പഠനത്തിന് അയക്കുന്ന സിസ്റ്റേഴ്സിന് ദിശാബോധം നൽകുന്നതിനും അമ്മയ്ക്ക് കരുതലുണ്ടായിരുന്നു. കാർമൽ ജ്യോതി എന്ന പൊതുജൂനിയറേറ്റിന്റെ ആദ്യവർഷത്തെ മിസ്ട്രസ്സുമാർ സി. ലേത്തൂസ് (എറണാകുളം), സി. എൻസ്വീഡ് (തൃശൂർ), സി. ജെസീന്ത (കോതമംഗലം), സി. പെർപെത്വ (ചങ്ങനാശ്ശേരി) എന്നിവരായിരുന്നു. ഇവരെ ഇടക്കിടെ വിളിച്ചുകൂട്ടി സന്യാസരൂപവത്ക്കരണത്തെ സംബന്ധിച്ച നിർദ്ദേശങ്ങളും തന്റെ കാഴ്ചപാടുകളും സെലീനാമ്മ പങ്കുവച്ചിരുന്നു. റോമിൽനിന്നും ദൈവശാസ്ത്രത്തിൽ പഠനം നടത്തിയതിനുശേഷം തിരിച്ചെത്തിയ സിൽവിയാമ്മയായിരുന്നു ആദ്യത്തെ

> CMC യുടെ തനിമയെയും സമ്പന്നതയെയും കുറിച്ച് വരുംതലമുറക്ക് അവബോധവും അഭിമാനവും ഉജ്ജ്വലിക്കുംവിധത്തിൽ അവരെ രൂപപ്പെടുത്തുക എന്ന കടമയെക്കുറിച്ച് സെലിനാമ്മ നന്നായി മനസ്സിലാക്കിയിരുന്നു

പ്രീഫെക്ട് ഓഫ് സ്റ്റഡീസ്. ഒരു വർഷത്തെ ദൈവശാസ്ത്രപഠനത്തിന്റെ പാഠ്യക്രമം നിശ്ചയിക്കുക, അതിനുള്ള അധ്യാപകരെ കണ്ടെത്തുക, അതിന്റെ സമഗ്രത സൂക്ഷിക്കുക എന്നിവയിലെല്ലാം സെലീനാമ്മ ശ്രദ്ധിച്ചിരുന്നു. വിവിധങ്ങളായ വിഷയങ്ങൾ കൈകാര്യംചെയ്യാൻ മംഗലപുഴ സെമിനാരിയിലെയും ചുറ്റുമുള്ള സന്യാസസമൂഹങ്ങളിലെയും വിദഗ്ദരായവരെ കണ്ടെത്തുക ശ്രമകരം തന്നെ. എന്നാൽ അമ്മയുടെ വ്യക്തിത്വ സവിശേഷതകളും ഇടപെടലുകളിലെ ലാളിത്യവുമായിരിക്കണം അതെല്ലാം എളുപ്പമാക്കി തീർത്തത്

ധ്യാനചിന്തകൾ പങ്കുവയ്ക്കൽ

സെലീനാമ്മയെ ഓർക്കുമ്പോൾ മനസ്സിൽ പച്ചകെടാതെ നിൽക്കുന്ന ഒരു ചിത്രമുണ്ട്. ധ്യാനചിന്തകൾ പങ്കുവയ്ക്കുന്ന അമ്മയുടെ ചിത്രം. എല്ലാ ദിവസവും വൈകിട്ട് 5.45 ന് ധ്യാനത്തിനുള്ള ഒരുക്കസമയത്ത് ജൂനിയർ സിസ്റ്റേഴ്സിനു മുഴുവനുമായി അമ്മ പകരുന്ന ധ്യാനചിന്തകൾ ഒരനുഭവമായിരുന്നു. സമയത്തിനുമുമ്പേ തന്നെ സെലീനാമ്മ ദിവ്യകാരുണ്യ ഈശോയുടെ അരികിലെത്തും. ജൂനിയേഴ്സ് എല്ലാവരും വന്നെത്തികഴി യുമ്പോൾ ചാപ്പലിൽനിന്ന് ആ വളഞ്ഞ ഗോവണിവഴിയാണ് അമ്മ ഓഡിറ്റോറിയത്തിലേക്ക് ഇറങ്ങിവരിക. (അമ്മയ്ക്കുശേഷം ഈ ഗോവണി ആരും ഉപയോഗിച്ചിട്ടുണ്ടെന്ന് തോന്നുന്നില്ല). മൈക്കിന്റെ മുമ്പിൽ ഒരു ചെറു പുഞ്ചിരിയോടെ വന്നുനിൽക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ ഗാനം ആരംഭിച്ചതിനുശേഷം 15 മിനിറ്റ് സംസാരിക്കും. ഒരുങ്ങിവന്ന വിഷയത്തെക്കുറിച്ചാണ് പറയുക. മാർപ്പാപ്പമാരുടെയും വിശുദ്ധരുടെയും ഒട്ടനവധി ഉദ്ധരണികൾ അമ്മയ്ക്ക് മനപാഠമാണ്. മിസ്റ്റിക് വിശുദ്ധരായ അമ്മത്രേസ്യ, പരിശുദ്ധ ത്രിത്വത്തിന്റെ എലിസബത്ത് എന്നിവരുമായുള്ള ചങ്ങാത്തത്തിൽനിന്നും അവരുടെ നിരന്തരമായ ദൈവസാന്നിധ്യാനുഭവം അഭ്യസി

ച്ചു. 'ഓ! പരിശുദ്ധ ത്രിത്വമേ, എന്റെ സമസ്തവുമേ, എന്റെ ഭാഗ്യമേ, ഞാൻ ലയിച്ചുചേരുന്ന അളവില്ലായ്മയെ, അവിടുത്തെ ബലിവസ്തുവായി എന്നെ സമർപ്പിക്കുന്നു! എന്ന എലിസബത്തിന്റെ സുകൃത ജപം ദിവസേനയെന്നോണം ആവർത്തിക്കുമായിരുന്നു. ബൈബിൾ ഭാഗത്തെക്കുറിച്ച് ആഴമായ പരിചിന്തനങ്ങൾ അമ്മ നല്കിയിരുന്നു. അധ്യാപനരംഗത്ത് സുദീർഘമായ വർഷങ്ങളിലെ അനുഭവസമ്പത്ത് അമ്മയ്ക്ക് സ്വന്തമായിരുന്നു. കറുകുറ്റി ഹൈസ്കൂളിലെ അധ്യാപിക, മൂവാറ്റുപുഴ ഹൈസ്കൂളിലെയും കറുകുറ്റി ട്രയിനിംഗ് സ്കൂളിലെയും പ്രധാന അധ്യാപിക എന്നീ നിലകളിൽ സേവനം ചെയ്തിട്ടുള്ള അമ്മയ്ക്ക് ഹൃദയത്തെ തൊട്ടുണർത്തുംവിധം വിഷയങ്ങളവതരിപ്പിക്കാൻ സാമർഥ്യമുണ്ടായിരുന്നു. ജൂനിയർ സിസ്റ്റേഴ്സാകട്ടെ, ഹൃദയങ്ങളിലേക്ക് തന്നെയാണ് ആ വിചിന്തനങ്ങൾ ഏറ്റുവാങ്ങിയിരുന്നത്. ലക്ചർസ്റ്റാന്റ്, മൈക്ക്, സ്റ്റേജ്, അതിനു പുറകിൽ ക്ലാസ് എടുക്കുന്നവർക്ക് വിശ്രമിക്കാനുള്ള മുറി ആദിയായവ, കൃത്യമായി പ്ലാൻ ചെയ്തതിലെ അമ്മമനസ്സിന്റെ പ്രായോഗികബുദ്ധിയും എത്ര പ്രശംസിച്ചാലും മതിയാകില്ല.

വൈവിധ്യമാർന്ന സിദ്ധികളുള്ള സന്യാസസമൂഹങ്ങളിലെ കൊച്ചുസിസ്റ്റേഴ്സ് ഒരുമിച്ചിരുന്ന് പഠിക്കുകയും അവരുടെ സിദ്ധികളും സർഗശക്തികളും പങ്കുവച്ച് വളരുകയും ചെയ്യുക എത്ര ആരോഗ്യകരമെന്ന് സെലീനാമ്മ മനസ്സിലാക്കിയിരുന്നു. നവംബർ 30, 2014 മുതൽ ഫെബ്രുവരി 2, 2016 വരെ സമർപ്പിതവർഷമായി പരിശുദ്ധ ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിക്കുകയുണ്ടായി. സമർപ്പിതവർഷാചരണത്തിലൂടെ സാധിച്ചുകാണണമെന്ന് മാർപ്പാപ്പ പ്രതീക്ഷിക്കുന്ന അഞ്ചുകാര്യങ്ങളിൽ ഒന്ന് ഇതായിരുന്നു. വിവിധ സന്യാസസമൂഹങ്ങൾ തമ്മിൽ ഒരുമയും കൂട്ടായ്മയും ഉറപ്പുവരുത്തുക. അതിന്റെ പ്രതിപാദനത്തിനിടയിൽ മാർപ്പാപ്പ സമർപ്പിതർക്കു നല്കുന്ന ഒരു പര്യായപദമുണ്ട്: Experts of Communion. ഒരുമയിൽ ഒത്തുചേർന്നു വളരുന്നവർ സമർപ്പിതർ, ഒരുമയിൽ കൈകോർത്തുനടക്കുന്നവർ സമർപ്പിതർ എന്നർഥം. പരിശുദ്ധ മാർപ്പാപ്പ ലോകമെങ്ങുമുള്ള വിശ്വാസികൾക്കായി സമർപ്പിതവർഷപ്രഖ്യാപനത്തിലൂടെ ഇതു വിളിച്ചുപറയുന്നതിന് എത്രയോമുമ്പ് കാർമൽ ജ്യോതിയിലെ ജൂനിയേഴ്സ് Experts of Communion എന്ന

ഒരുമയിൽ നിപുണരാകണമെന്ന് സെലീനമ്മ സ്വപ്നം കണ്ടു. വിവിധങ്ങളായ സന്യാസസമൂഹങ്ങളിൽനിന്നുള്ള സിസ്റ്റേഴ്സ് ദിവസേന ഒരേ ബഞ്ചിലിരുന്ന് പഠിക്കുന്നതുവഴി ഈ ഒരുമ ബലപ്പെടുകയായിരുന്നു. എല്ലാവരിലുമുള്ള നന്മയുടെ പൊടിപ്പുകളോടുള്ള അസാധാരണമായ ഒരാദരവ് സെലീനാമ്മ പുലർത്തിയിരുന്നു.

വിവിധ സന്യാസസമൂഹങ്ങളെക്കുറിച്ചുള്ള പഠനത്തിനുപുറമെ സ്വന്തം സമൂഹത്തിന്റെ മഹിമ കാണാനുള്ള ആഴത്തിലുള്ള പഠനവും പരിചിന്തനങ്ങളും ചർച്ചകളും ആവശ്യമാണെന്ന ബോധ്യമുണ്ടായിരുന്നു. അമ്മയ്ക്ക് CMC യുടെ സ്ഥാപരെക്കുറിച്ചും സ്ഥാപകചരിത്രം, ആരംഭകഥ എന്നിവയെക്കുറിച്ചും പരാമർശിച്ച് 'കേരളകർമ്മലീത്താസഭ' എന്നൊരു ഗ്രന്ഥം അക്കാലത്ത് രചിക്കുകയുണ്ടായി. വ്യത്യസ്തമായ സന്യാസസമൂഹങ്ങൾപോലെ പ്രാദേശികമെത്രാന്മാരുടെ അധികാരപരിധിക്കുള്ളിൽ ഒതുങ്ങികഴിഞ്ഞിരുന്ന കേരളകർമ്മലസഭയുടെ പുതിയ സാധ്യതകളും വെല്ലുവിളികളും തിരിച്ചറിഞ്ഞ് ഉണർന്നുപ്രവർത്തിക്കണമെന്ന് സ്നേഹപൂർവം സെലീനാമ്മ ആഹ്വാനം ചെയ്തുകൊണ്ടിരുന്നു.

വിശുദ്ധനാടിന്റെ മാതൃക

ഈശോ, എന്ന വ്യക്തിയിലെ മാനുഷികതയും ദൈവീകതയും മുഴുവൻ തന്നിലേക്ക് ആവഹിക്കാൻ സെലീനാമ്മയ്ക്ക് തീവ്രമായ ആഗ്രഹമായിരുന്നു. ഈശോ തന്റെ ജീവിതകാലത്ത് നടന്നു നീങ്ങിയ ഇടങ്ങളുടെ പേരുകൾ, പലയാവർത്തി സഞ്ചരിച്ച ഗലീലി കടൽ, ആദ്യശിഷ്യരെ മനുഷ്യരെ പിടിക്കുന്നവരാക്കാൻ വിളിച്ച തിബേരിയൂസ് തടാകം എന്നിവയൊക്കെ രേഖപ്പെടുത്തിയിട്ടുള്ള വിശുദ്ധനാടിന്റെ മാതൃക ജനറലേറ്റ് ചാപ്പലിന്റെ മുമ്പിൽ നിർമിച്ചിരുന്നു. Holy Land എന്ന് വലിയ അക്ഷരത്തിലുള്ള ബോർഡും സ്ഥാപിച്ചു. വിശുദ്ധ ബലിയർപ്പിച്ച് ധ്യാനവും പ്രാർഥനയും കഴിഞ്ഞ് പുറത്തിറങ്ങുന്ന സിസ്റ്റേസിന്റെ കണ്ണുടക്കേണ്ടത് ഈശോയുടെ ജീവിതവുമായി ബന്ധപ്പെട്ട ഇടങ്ങളിലും സംഭവങ്ങളിലുമാണ്; അവരുടെ ചിന്തകളിൽ ഈശോയുടെ കാൽവരി കുരിശ് തറച്ചുനിൽക്കണം എന്ന ദീർഘവീക്ഷണമാണ് അത് നിർമിച്ചതിന്റെ പിന്നിലുണ്ടായിരുന്നത്. മെഡിറ്റേറിയൻ കടലിലും ഗലീലി തടാക

ത്തിലുമൊക്കെ വെള്ളം നിറയ്ക്കേണ്ടതും വൃത്തിയാക്കി സൂക്ഷിക്കേണ്ടതും ഓരോ ഗ്രൂപ്പിന്റെ ജോലിയായിരുന്നു. ചാപ്പലിൽനിന്നും മുറ്റത്തേക്ക് ഇറങ്ങുന്നിടത്തുതന്നെ ഒരു പേരമരവും ഉണ്ടായിരുന്നു. തിബേരിയൂസ് തീരത്തും മധ്യധരണ്യാഴിയിലുമെല്ലാം ചില സീസണിൽ പേരയിലകൾ പരന്നുകിടക്കും. 1980 ന് മുമ്പ് ജൂണിയറേറ്റ് കോഴ്സ് കഴിച്ചിട്ടുള്ളവർ ഈ പേരമരത്തേയും ഹോളിലാന്റിനെയും ഓർക്കുന്നുണ്ടാവും. 1974 ൽ കറുകുറ്റിയിൽ സാൻജോഭവൻ രയ്യാറാക്കിയപ്പോൾ അവിടെയും ഗേറ്റിനു സമീപേ തൊട്ടു മുമ്പിലായി ഹോളിലാന്റിന്റെ മാതൃകയുണ്ടാക്കാൻ സെലീനാമ്മ ജാഗ്രത പുലർത്തി. എല്ലാവർക്കും നന്മ ചെയ്തു പോയ ഈശോയാൽ ആകർഷിക്കപ്പെട്ട് സാൻജോഭവന്റെ ഗേറ്റുകടക്കുന്ന എല്ലാവരുടെയും കണ്ണ് ആദ്യംപതിയുക ആ Holy Land ലാണ്. ദിവ്യരക്ഷകന്റെ സഞ്ചാരവീഥിയുടെ ദൃശ്യാവിഷ്ക്കാരമായിരുന്നു അത്. സെലീനാമ്മയെ കാണാൻ വരുന്നവരെ അവിടേയ്ക്ക് കൊണ്ടുചെന്ന് ആ സ്ഥലങ്ങൾ പരിചയപ്പെടുത്താനും ഓരോ സ്ഥലത്തുവച്ചും ഈശോ പകർന്ന സന്ദേശം പകർന്നുകൊടുക്കാനും അമ്മയ്ക്ക് താത്പര്യമായിരുന്നു. വിശുദ്ധസ്ഥലങ്ങളിലൂടെയുള്ള സഞ്ചാരധ്യാനം സെലീനാമ്മയുടെ ആത്മീയതയുടെയും യേശുസ് നേഹത്തിന്റെയും സവിശേഷതയായിരുന്നു.

> “ ഈശോ,
> എന്ന വ്യക്തിയിലെ മാനുഷികതയും ദൈവീകതയും മുഴുവൻ തന്നിലേക്ക് ആവഹിക്കാൻ സെലീനാമ്മയ്ക്ക് തീവ്രമായ ആഗ്രഹമായിരുന്നു.

ഒരു ലൈബ്രറി കപ്പലിറങ്ങുന്നു

രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം യൂറോപ്പിലുണ്ടായ സിസ്റ്റേഴ്സിന്റെ Grand Exodus ന്റെ ഫലമായി പല സന്യാസസമൂഹങ്ങളും അടച്ചുപൂട്ടി. അവയെ ഹോട്ടലുകളും സിനിമാശാലകളും മറ്റുമായി മാറ്റി. (വലിയ പഴക്കമുള്ള പല സന്യാസസമൂഹങ്ങളിൽനിന്നും ഒട്ടേറെ കന്യാസ്ത്രീകൾ ഇറങ്ങിപോയതിനെ അവർ വിശേഷിപ്പിക്കുന്നത് Grand Exodus എന്നാണ്). അവിടെ നിന്നുള്ള ലൈബ്രറി പുസ്തകങ്ങൾ ജനറലേറ്റിലേ

ഇടപെടലുകളും വാക്കുകളും എന്നതിനേക്കാൾ അമ്മയുടെ സാന്നിധ്യം തന്നെ ദൈവാവബോധം പകരുന്നതായിരുന്നു.

ക്കൊഴുകി. സെലീനാമ്മ 1974 ൽ ജനറലേറ്റിനോടു വിടപറയുന്നതിനുമുമ്പേ വിശാലമായ ഒരു ലൈബ്രറി സജ്ജമായി കഴിഞ്ഞിരുന്നു. അവയെല്ലാം ഇംഗ്ലീഷ് പുസ്തകങ്ങളാകയാൽ നമ്മുടെ ജൂണിയർ സിസ്റ്റേഴ്സിന് ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാൻ വലിയ ഒരു അവസരം കൈവന്നു. സെലീനാമ്മയുടെ പരന്ന വായനയും മഹാത്മാക്കളെ ഉദ്ധരിക്കലും മറ്റും സിസ്റ്റേസിന് പ്രചോദനമായിനിന്നു. അന്ന് ആത്മീയത, സന്യാസജീവിതം, ദൈവശാസ്ത്രം എന്നിവയെ സംബന്ധിക്കുന്ന മലയാളത്തിൽ എഴുതപ്പെട്ട ഗ്രന്ഥങ്ങൾ വളരെ വിരളമായിരുന്നല്ലോ. തന്നെയുമല്ല കേന്ദ്രഭവനം, ഓഡിറ്റോറിയം, ചാപ്പൽ തുടങ്ങിയ കെട്ടിടങ്ങളുടെ നിർമാണവും അവയിലെ സംവിധാനങ്ങൾ ഒരുക്കലും മറ്റും വലിയ സാമ്പത്തിക ബാധ്യതയായിരുന്നുവെന്നു പറയേണ്ടതില്ല. അതിനിടയിൽ ലൈബ്രറിയിലേക്കുള്ള പുസ്തകങ്ങൾക്കുവേണ്ടി പണം മുടക്കുക സാധ്യവുമായിരുന്നില്ല. ആ സാഹചര്യത്തിൽ യൂറോപ്പിൽനിന്നും ലഭിച്ച ഗ്രന്ഥങ്ങളുടെ ശേഖരം കർത്തൃപരിപാലനയുടെ ഗാഥതന്നെയാണ്. CMCയുടെ ആവശ്യസമയത്ത് സഹായ ഹസ്തവുമായി കടന്നുവന്നവർ അനേകരാണ് എന്ന് അത് വിളിച്ചോതുന്നു. അടുത്തതും അകന്നതുമായ ഉപകാരികളുമായി ഹൃദ്യമായ ബന്ധം സ്ഥാപിക്കാനും നിലനിർത്താനും അമ്മയ്ക്ക് പ്രത്യേക സിദ്ധിതന്നെയുണ്ടായിരുന്നു. തിരുസഭയിലെ ഉന്നത അധികാരികളുമായും അപ്രകാരമായിരുന്നു. പ്രായാധിക്യത്തിൽ ഓർമയ്ക്ക് മങ്ങലേറ്റ നാളുകളിൽ പോലും കാംപ്രിയോ തിരുമേനിയുടെയും പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫെക്ടായിരുന്ന ഗുസ്താവോ തിരുമേനിയുടെയും പേരുകൾ സംസാരത്തിൽ വരുമായിരുന്നു.

അന്ന് പണിയിപ്പിച്ച കെട്ടിടത്തിന്റെ പെർഫെക്ഷനെക്കുറി

ച്ച് ജനറലേറ്റിലെ അംഗങ്ങൾ ഇടക്കിടെ സംസാരിക്കാറുണ്ട്. സാരമായ റിപ്പയറിംഗ് വേണ്ടി വന്നിട്ടില്ല. കസേരകൾ, മേശകൾ, കട്ടിലുകൾ, ബഞ്ചുകൾ മുതലായവയും സെലീനാമ്മയുടെ ദീർഘവീക്ഷണത്തിന്റെയും ദൂരകാഴ്ചയുടെയും കഥകൾ പറയുന്നുണ്ട്. ഓഡിറ്റോറിയം, ചാപ്പൽ, ഈട്ടുമുറി, കിടപ്പുമുറികൾ എന്നിവിടങ്ങളിലെ മരപ്പണികളിലെ വൈദഗ്ദ്യം, തടിയുടെ ഗുണമേന്മ എന്നിവ എത്ര പ്രശംസിച്ചാലും അധികമാവില്ല. 54 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഇപ്പോഴും കേടിന്റെയോ പഴക്കത്തിന്റെയോ യാതൊരു ലക്ഷണങ്ങളുമില്ല. വരുംകാലങ്ങളിലും അങ്ങനെ തുടരുകതന്നെചെയ്യും. പറമ്പിൽ നട്ടുപിടിപ്പിച്ച മരങ്ങൾക്കുമുണ്ട് സവിശേഷതകൾ. ഒരിക്കൽ ചാവറപിതാവ് കൂനമ്മാവ് കന്യാസ്ത്രീമഠത്തിലേക്ക് രണ്ട് മാങ്ങാ കൊടുത്തുവിട്ടപ്പോൾ പറഞ്ഞു; ''ഇന്ത്യയിൽ ഉള്ളതിൽ ഒന്നാന്തരം! പാറായി എനിക്ക് കൊടുത്തയച്ചത്. അത് പൂളി എല്ലാവരേയും രുചി അറിയിക്കുന്നതിനും കിളിർപ്പിച്ച് ഉണ്ടാക്കുന്നതിനുമായിട്ട് കൊടുത്തുവിടുന്നു.'' ആ നല്ല അപ്പൻ അവരെ ഓർമിപ്പിച്ചു. അതുപോലെ ജനറലേറ്റിലെ പറമ്പിൽ വിശേഷതരം മാവുകളും മറ്റു ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിച്ചിരുന്നു. നിറയെ കായ്ക്കുന്ന അത്തരം മാവുകൾ സെലീനാമ്മയിലെ നന്മകൾ അനുസ്മരിപ്പിച്ചു കൊണ്ടിരിക്കുന്നു.

പ്രാർഥനാഭവൻ ജനറലേറ്റിൽ, കറുകുറ്റിയിലും

ആത്മീയതയുടെ മേഖലയിൽ സ്വന്തം വഴികണ്ടെത്തി സ്വീകരിക്കയാണ് സെലീനാമ്മ ചെയ്തത്. അത് താനെ വന്നു ചേർന്നതല്ല. ദൈവം വച്ചുനീട്ടിയ കൃപകളോട് സഹകരിച്ചു, അധ്വാനിച്ചു. ദിവസവും നാലു മണിക്കുമുന്നേ തിരുനാഥന്റെ തിരുനടയിലെത്തും. എന്നും ചാപ്പൽ തുറക്കുന്നത് അമ്മയാണ്. ജൂണിയേഴ്സ് മണിയടിക്കാൻ വരുന്നതിനുമുമ്പേ അമ്മ പ്രാർഥനയിൽ ലയിച്ചിരിക്കും. നീണ്ട മണിക്കുറുകൾ നാഥനോട് ചേർന്നിരി ക്കുക എന്നത് ജീവിതത്തിന് തൃപ്തിപകരുന്ന അനുഭവമായിരുന്നു. ഏതാനും മണിക്കൂറുകളിൽ മാത്രമുള്ളതായിരുന്നില്ല സെലീനാമ്മയ്ക്ക് പ്രാർഥന. എപ്പോഴും എല്ലായ്പ്പോഴും ഈശോയോടൊപ്പം ചരിക്കാനുള്ള ശീലം സ്വന്തമാക്കിയിരുന്നു. ഈശോയോടുള്ള ആഴമുള്ള വ്യക്തിബന്ധം ബലവത്താക്കാനാണ് അമ്മ സിസ്റ്റേഴ്സിനോട് നിരന്തരം

പറയാറുള്ളത്. അമ്മയിൽ അതുണ്ടായിരുന്നു. കൂടുതൽ ഏകാഗ്രമായ പ്രാർഥനാശൈലി രൂപപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവർക്കായി ജനറലേറ്റിന്റെ താഴത്തെനിലയിലെ ഒരു ഭാഗം മാറ്റിവച്ചിരുന്നു; ''പ്രാർഥനാഭവൻ'' എന്നാണ് അതിനുപേര്. അവർക്ക് നടക്കുന്നതിനും ക്രൂശിതനെനോക്കി ദീർഘനേരം ധ്യാനിക്കുന്നതിനും മറ്റുമായി വള്ളിക്കുടിലുകളും ഗ്രോട്ടോയും ഒരുക്കിയിരുന്നു. അവിടെയെല്ലാം തികഞ്ഞ ഏകാന്തത തളംകെട്ടിനിന്നിരുന്നു.

1974 ൽ മദർജനറൽ സ്ഥാനത്തുനിന്നും വിരമിച്ചപ്പോൾ കറുകുറ്റിയിൽ സാൻജോഭവൻ എന്നപേരിൽ സ്ഥാപിച്ചിരുന്ന ഭവനത്തിലേക്കാണ് സെലീനാമ്മ താമസം മാറ്റിയത്. അതിനുശേഷം മീറ്റിംഗുകൾക്കോ പൊതു സമ്മേളനങ്ങൾക്കോ ആഘോഷങ്ങൾക്കോ സെലീനാമ്മ സംബന്ധിച്ചിരുന്നില്ല. മറ്റു പ്രേഷിതമേഘലകളൊന്നുമില്ലാതെ ഏകാന്ത പ്രാർഥനക്കും പ്രാർഥനയുടെ പ്രേഷിതത്വത്തിനുമായി സാൻജോഭവൻ നിലകൊള്ളുന്നു. ജനറലേറ്റിൽനിന്നുതന്നെയാണ് അത് പണികഴിപ്പിച്ചത്. മാനത്തിന്റെ ആഴങ്ങളിലേക്ക് വലയിറക്കാൻ നാഥനോടൊത്ത് ദീർഘമണിക്കൂറുകൾ ദിവസവും ഏകാന്തപ്രാർഥനയിൽ ലയിക്കാനും സിസ്റ്റേഴ്സിന് ഇവിടെ അവസരം ഒരുക്കുന്നു. മറ്റു സന്യാസസമൂഹങ്ങളിൽ നിന്നുള്ള സിസ്റ്റേഴ് സിനും മൗനത്തിന്റെ തിരശീലക്കുള്ളിലേക്കു പ്രവേശിക്കാൻ അവസരം നല്കിയിരുന്നു. ഏകാന്തപ്രാർഥനയ്ക്കായി അവിടെയെത്തുന്ന സിസ്റ്റേഴ് സിനു അമ്മയുടെ പ്രാർഥനാജീവിതവും നിറസാന്നിധ്യവും മധുരമായ ഇടപ്പെടലുകളും വളരെ പ്രോത്സാഹനം പകർന്നിരുന്നു.

അല്മായർക്ക് പ്രാർഥനാനേതൃത്വം

സിസ്റ്റേഴ് സിന് മാത്രമല്ല ദൈവാന്വേഷികളായ ദൈവമക്കൾക്കും കടന്നുവരാവുന്ന ഇടമായിരുന്നു സാൻജോഭവൻ. മറ്റുള്ളവരിലെ ആത്മീയതയുടെ തീ അണയാതെ കാത്തുസൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധയായിരുന്ന സെലീനാമ്മ അവർക്ക് വന്നുപ്രാർഥിക്കാനും അവരുടെ ദു:ഖങ്ങൾ പങ്കുവയ്ക്കാനും സൗകര്യം ഒരുക്കികൊടുത്തു. ചാപ്പലിനടുത്തായി തയ്യാറാക്കിയിരുന്ന ഷെഡിൽ ചുറ്റുമുള്ളവർക്കായി പ്രാർഥനാസമ്മേളനങ്ങളും കൗൺസിലിംഗും നടത്തിയിരുന്നു. ജീവിതത്തിലെ

പ്രശ്നങ്ങൾകൊണ്ട് വീർപ്പുമുട്ടുന്നവർക്ക് കൗൺസിലിംഗ് നല്കുക, അവരോടൊത്ത് അവർക്കുവേണ്ടി പ്രാർഥിക്കുക എന്നിവയും സാൻജോഭവനിലെ സിസ്റ്റേഴ്സിന്റെ ജീവിതശൈലിയിൽപ്പെട്ടതായിരുന്നു.

അവിടുത്തെ പറമ്പിൽ നിറഞ്ഞുനിന്നിരുന്ന മധുരമാമ്പഴം, ലൂവിക്ക, അമ്പഴങ്ങ, ചാമ്പങ്ങ മുതലായവയാണ് കുട്ടികളെ സാൻജോ ഭവനിലേക്ക് ആകർഷിച്ചത്. സെലീനാമ്മ അവർക്കായി ലൂവിക്കയും അമ്പഴങ്ങയും ശേഖരിച്ചുവച്ചിട്ടുണ്ടാകും. അത് കൊടുത്തതിനുശേഷം അവരെ പള്ളിയിൽ കൊണ്ടുപോകുക പതിവാണ്. അവരുടെ പഠനത്തിനുവേണ്ടിയും കുടുംബങ്ങൾക്കുവേണ്ടിയും പ്രാർഥിക്കുക, ചെറിയ സുകൃതജപങ്ങൾ ചൊല്ലികൊടുത്ത് പഠിപ്പിക്കുക, വിശുദ്ധരുടെ പടങ്ങൾ നല്കുക, പ്രാർഥനകൾ എഴുതികൊടുക്കുക എന്നിവയിലൂടെ കുരുന്നുകളിൽ ദൈവാഭിമുഖ്യം വളർത്താൻ അമ്മ ഉത്സാഹിച്ചിരുന്നു.

ഇടപെടലുകളും വാക്കുകളും എന്നതിനേക്കാൾ അമ്മയുടെ സാന്നിധ്യംതന്നെ ദൈവാവബോധം പകരുന്നതായിരുന്നു. ചാപ്പലിന്റെ ഒരുവശത്ത് ഒരു ചെറിയ ബഞ്ചിൽ

“
ഇടപെടലുകളും വാക്കുകളും എന്നതിനേക്കാൾ അമ്മയുടെ സാന്നിധ്യം തന്നെ ദൈവാവബോധം പകരുന്നതായിരുന്നു.

ദീർഘമണിക്കൂറുകൾ ക്രൂശിതനിൽ കണ്ണുംനട്ടുള്ള ആ ഇരിപ്പ് അനേകരെ ആകർഷിച്ചിട്ടുണ്ട്. ചാപ്പലിന്റെ അൾത്താരമേശയ്ക്കടിയിൽ കൊത്തിയുണ്ടാക്കിയ ഒരു ദൃശ്യം- ഈശോയുടെ നെഞ്ചിലേക്ക് ചാരിയിരിക്കുന്ന സ്നേഹശിഷ്യനായ യോഹന്നാന്റെ ചിത്രം-ത്തിന്റെ ജീവരൂപമായി സെലീനമ്മയെ കണ്ടിരുന്നു. തന്നിലേക്ക് ഒഴുകിയിറങ്ങിയ കാരുണ്യനദിയുടെ ചാലുകൾ സഹജരിലേക്കും പരന്നൊഴുകി. പ്രണിധാനത്തിന്റെ ആഴങ്ങളിലിറങ്ങിയ സെലീനാമ്മ സിസ്റ്റേഴ്സിനെയും മറ്റുദൈവമക്കളെയും പ്രണിധാനത്തിലേക്ക് ആകർഷിച്ചിരുന്നു.

സ്ത്രീകളോട് പക്ഷംചേർന്ന്

''പെൺപൈതങ്ങളെ കുസ്തൂര മുതലായ കൈവേലകൾ പഠിപ്പിക്കുക'' എന്നതിനു CMCയുടെ സ്ഥാപനലക്ഷ്യത്തിൽതന്നെ ഇടം കിട്ടിയിട്ടുള്ളതാണ്. ഇതിനു ദൃശ്യത പകരുന്നതായിരുന്നു 1968 ൽ ജനറലേറ്റു കൃാമ്പസിൽ പണിതീർത്ത രണ്ടുനിലകെട്ടിടം. ഒന്നാം നിലയുടെ പകുതി കുഞ്ഞുങ്ങളുടെ അക്ഷരമുറ്റമായിമാറി. ഒന്നാംനിലയുടെ ബാക്കിഭാഗവും രണ്ടാംനിലയും സ്ത്രീകളുടെ ലോകമായിരുന്നു. അവിടെ Type Writing & Short hand, Cutting & Tailoring, തുടങ്ങിയവയുടെ സ്വരങ്ങളാൽ മുഖരിതമായിരുന്നു.

Type Writing ലും short hand ലും higher ഉം lower ഉം KGTE പരീക്ഷകൾ പാസ്സായിട്ടുള്ള പെൺകുട്ടികൾ ധാരാളമുണ്ട്. അതിൽ നിപുണരായ സിസ്റ്റേഴ്സിനെ വിവിധ പ്രോവിൻസുകളിൽനിന്നും കണ്ടെത്തി അവർക്കു പരിശീലനം നൽകിയിരുന്നു. Cutting & Tailoring നും ധാരാളം സ്ത്രീകൾ വന്നുകൊണ്ടിരിക്കുന്നു. Embroidery പഠിച്ച് കുഷ്യൻ, മേശവിരി മുതലായവയുണ്ടാക്കി ജീവനമാർഗം കണ്ടെത്തിയവരും അനേകരാണ്. നെയ്ത്തിന്റെ കാര്യവും അങ്ങനെതന്നെ.

ചുറ്റുമുള്ള കുടുംബങ്ങളോടുള്ള CMCയുടെ പ്രതിബദ്ധതയുടെ അടയാളമായി ആ സ്ഥാപനം നിലകൊണ്ടു. ഇവിടത്തെ കുരുന്നുകൾക്ക് റെയിൽവെ പാതയും ദേശീയപാതയും കടന്ന് അപ്പുറത്തേക്കുള്ള വിദ്യാലയങ്ങളിൽ എത്തിപ്പെടാനുള്ള ബുദ്ധിമുട്ടിനെ തൊട്ടറിഞ്ഞപ്പോൾ സ്കൂൾ എന്ന ആവശ്യം അന്ന് സാധിതമാക്കി. അയൽവീടുകളിലെ മുസ്ലീം സ്ത്രീകൾക്ക് സ്വന്തമായ വരുമാനമാർഗങ്ങളില്ല. അവരുടെ സാമ്പത്തിക സുരക്ഷിതത്വം ഉന്നമിട്ടാണ് കൈവേലകൾക്ക് തുടക്കമിട്ടത്. അങ്ങനെ ജനറലേറ്റിന്റെ കാമ്പസിലേക്ക് കുഞ്ഞുങ്ങളും പെൺപൈതങ്ങളും വീട്ടമ്മമാരും ദിവസേന കയറിയിറങ്ങുന്ന കാഴ്ചകണ്ട് സെലീനാമ്മയുടെ മനം കുളിർന്നു. പതുക്കെപതുക്കെ, സ്ത്രീകളുടെ പല സംഘടനകളും പ്രാർഥനാകൂട്ടായ്മകളും രൂപം കൊണ്ടു.

സമാപനം

സെലീനാമ്മയുടെ ജീവിതസന്ദേശം ഞാൻ തൊട്ടറിഞ്ഞിട്ടുണ്ട്. സംയോജിത സിഎംസിയുടെ ആദ്യത്തെ മദർജനറലാകാൻ ദൈവം നിയോഗിച്ചവൾ. - CMCയുടെ സ്ഥാപകദർശനം, അല്ലെങ്കിൽ

> “
> സിസ്റ്റേഴ്സിന് മാത്രമല്ല ദൈവാന്വേഷികളായ ദൈവമക്കൾക്കും കടന്നു വരാവുന്ന ഇടമായിരുന്നു സാൻജോഭവൻ.

കേരളസഭയിലെ കടിഞ്ഞൂൽ പുത്രിയുടെ ഉത്തരവാദിത്വങ്ങൾ നന്നായി മനസ്സിലാക്കിയവൾ: പ്രധാനമായും എന്നെ ആകർഷിച്ചത് വരുംതലമുറയോടുള്ള അമ്മയുടെ പ്രതിബദ്ധതയാണ് CMC ചൈതന്യം- പ്രാർത്ഥന പ്രവർത്തന ജീവിതശൈലി- പകരാൻ അമ്മ സ്വീകരിച്ച വിവിധങ്ങളായ മാർഗ്ഗങ്ങൾ, അതോടൊപ്പം തൈയ്ക്കാട്ടുകരയിലെ കുടുംബങ്ങളുടെ ആവശ്യങ്ങളോട് സമർപ്പണഭാവത്തോടെ പ്രതികരിക്കാനുള്ള അമ്മയുടെ നിർബന്ധബുദ്ധിയും എന്റെ ജീവശക്തിയെ തൊട്ടുണർത്തിയിട്ടുണ്ട്. സെലീനാമ്മയിൽ ജ്വലിച്ചുനിന്നിരുന്ന അമ്മമനസ്സിന്റെ മഹത്വം, നമ്മുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന അനുഭവമാണ്. ദീർഘവീക്ഷണത്തോടെ നിതാന്തജാഗ്രതയോടെ, CMC കാരിസം സ്വന്തജീവിതത്തിലൂടെ സന്യാസസമൂഹാംഗങ്ങൾക്ക് പകർന്നു നൽകി. പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സേവനത്തിന്റെയും മൂർത്തിമദ്ഭാവമായി നിലനിന്നു കൊണ്ട് അബ്രാഹത്തിന്റെ വിശ്വാസത്തോടും മോശയുടെ ഭരണപാടവത്തോടും ജെറമിയായുടെ പ്രവാചകധീരതയോടും പൗലോസ് ശ്ലീഹായുടെ പ്രേഷിതതീക്ഷ്ണതയോടും കൂടി ബാലാരിഷ്ടതയിലായിരുന്ന സംയോജിത കർമ്മലയെ വഴിതെളിച്ചു വഴി നടത്തിയ അമ്മയുടെ ജീവിത വിശുദ്ധിക്ക് മുമ്പിൽ ശിരസ്സ് നമിക്കുന്നു.

തിരുസ്സഭയെ നോക്കുക!
സഭയ്ക്കുവേണ്ടി
നിങ്ങളെത്തന്നെ മുഴുവ
നായി സമർപ്പിക്കുക.
അവൾക്കായി ജീവിക്കുക.
നിങ്ങളുടെ സഹായത്തെ
അത്യാർത്തിയോടെ
അവൾ കാത്തിരിക്കുന്നു.
ക്രിസ്തുവിന്റെയും
തിരുസ്സഭയുടെയും
ആത്മാക്കളായിരിക്കുക.
(മാതൃമൊഴികൾ പേജ് 92)

04

അമ്മ മനസ്സ് തങ്കമനസ്സ്

സി. ആനി തോമസ്

സന്യാസ സരണിയിൽ പൂത്തുലഞ്ഞ് സുകൃതങ്ങളുടെ വർണ്ണാഭവിതറി നിൽക്കുന്ന കർമ്മല കന്യക. എറണാകുളം ജില്ലയിലെ മള്ളൂശ്ശേരി ഗ്രാമത്തിൽ തട്ടാട്ട് പയ്യപ്പിള്ളി യൗസേപ്പുകാരണവരുടെയും കൊച്ചുമറിയയുടെയും ഓമനപ്പുത്രി അന്നക്കുട്ടി എന്ന 'അനുഗ്രഹദായിക' കാർമ്മലിലെ കനക കന്യകയായി. പരിശുദ്ധ മാതാവിന്റെ അമ്മയായ അന്നാമ്മയെപ്പോലെ ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസിനി സമൂഹത്തിന്റെ വലിയ അമ്മയായി – പ്രഥമ മദർ ജനറലായി വിരാജിക്കാൻ ദൈവം തിരുവുള്ളമായി.

നാടും നഗരവും തറവാടും ഉണരുന്നതിനു ഏറെ മുൻപേ തന്നെ ഉണർന്ന് ദിനകർമ്മങ്ങൾ ആരംഭിക്കുന്ന നല്ല അമ്മ ഉദയസൂര്യനു മുൻപേ ഉണർന്നെത്തുന്ന ഉഷഃകാലതാരകം. ഏതു പ്രകാരത്തിലും CMC യുടെ പ്രഥമഗണനീയയായ അമ്മ ഐക്യത്തിന്റെ ആചര്യവര്യയായി

> തന്റെ വിദ്യാർത്ഥികളിലും സഹപ്രവർത്തകരിലും ദീനത അനുഭവിക്കുന്നവരെ പ്രത്യേകം കണ്ടറിഞ്ഞ് അവർക്കു പ്രത്യേക പരിഗണന നൽകിയ ഒരു ഉപവി പ്രവർത്തകയായിരുന്നു സെലീനാമ്മ

ഗണിക്കപ്പെടുന്നു. എല്ലാറ്റിനെയും എല്ലാവരെയും സമ്യക്കായി സമ്മേളിപ്പിക്കാനും സാദരം കരുതാനും പോരുന്ന ഏകോപന നയചാതുര്യം ആ അമ്മമനസ്സിനു ലഭിച്ച വിൺവെളിച്ചമാണെന്നു പറയാം. വിവിധ രൂപതാദ്ധ്യക്ഷന്മാരുടെ കീഴിൽ സ്വതന്ത്രശാഖകളായി വളർന്ന നിഷ്പാദുക കർമ്മലീത്താ സന്യാസിനി സമൂഹത്തെ CMC എന്ന ഓമനപ്പേരിട്ടു വിളിക്കാനും വളർത്താനും ഭാഗ്യം കൈവന്ന വിശുദ്ധ അമ്മത്രേസ്യായുടെ ഈ ഹൃദയപുത്രി ആത്മീയ മാതാക്കളാകുവാൻ കർമ്മല മക്കളെ പരിശീലിപ്പിച്ച മാതൃവര്യതന്നെ.

ത്രിത്വസഹവാസത്തിൽ നിറഞ്ഞ് ദൈവസ്നേഹത്തിൽ ജ്വലിച്ച് പ്രസാദവരത്തിന്റെ പ്രസരണതന്ത്രം കർമ്മലയെ പഠിപ്പിച്ച ഈ പ്രസാദ കന്യക ആത്മരക്ഷയും ആത്മാക്കളുടെ രക്ഷയും സാധിതമാക്കാൻ തന്റെ പ്രാർത്ഥനാ പ്രവർത്തനമാർഗ്ഗങ്ങളെ ത്വരിതപ്പെടുത്തിയിരുന്നു. അധ്യാപിക, പ്രഥമാധ്യാപിക, ബോർഡിംഗ് മിസ്ട്രസ്, പ്രിൻസിപ്പൽ, മദർ ജനറൽ, ഒരു സന്യാസസമൂഹത്തിന്റെ നൈയാമിക ചട്ടവട്ടങ്ങളുടെ പ്രാരംഭക എന്നീ നിലകളിലെല്ലാം പ്രവർത്തിച്ചപ്പോഴും ഒരു അമ്മയുടെ അടുക്കും ചിട്ടയും കാത്ത് തലമുറയ്ക്ക് ആത്മീയ ഭൗതീക ഭദ്രത നൽകുവാൻ പരിശുദ്ധ ത്രിത്വത്തോട് ആലോചനചോദിച്ച് എല്ലാം ക്രമപ്പടുത്തിയിരുന്നു.

പെരിയ അമ്മയായ സെലീനാമ്മ CMC യുടെ പൊതുഭവനമായ മൗണ്ട് കാർമ്മൽ ജനറലേറ്റ് രൂപകൽപന ചെയ്തതും പൊതു ജൂനിയറേറ്റ് സാധിതമാക്കിയതും CMC യുടെ ജിഹ്വയായ കർമ്മലാരാമം പ്രസിദ്ധീകരിച്ചതും പൊതുജൂണിയറേറ്റ് ആരംഭിച്ചതും തറവാട്ട് മക്കളുടെ കുടുംബൈക്യത്തിനും സഹവാസത്തിനും സഹവർത്തിത്വത്തിനും നിദാനമായി. ചിറകിൻ കീഴിൽ മക്കളെയും പരിപാലിച്ച് കർമ്മലയുടെ ഫലങ്ങളായ മനനവും ഏകാന്തതയും തപസികതയും പ്രണിധാന ധ്യാനവും

നൽകി വളർത്തുന്ന ചൂടുംചൂരും നൽകി അയയ്ക്കുന്ന ഈ കരുതൽ ഭാഗ്യവതിയായ ഒരു അമ്മ മനസ്സിന്റെ നിർവ്യാജസ് നേഹം തന്നെ.

ചുറ്റുമുള്ള വരിലേക്കു പരന്നൊഴുകിയ മാതൃത്വം അത് നമ്മുടെ അമ്മ നൽകുന്ന നല്ല മാതൃപാഠമാണ്. തന്റെ വിദ്യാർത്ഥികളിലും സഹപ്രവർത്തകരിലും ദീനത അനുഭവിക്കുന്നവരെ പ്രത്യേകം കണ്ടറിഞ്ഞ് അവർക്കു പ്രത്യേക പരിഗണന നൽകിയ ഒരു ഉപവിപ്രവർത്തകയായിരുന്നു സെലീനാമ്മ. ജനറലേറ്റിന് പരിസരത്തു വസിക്കുന്ന സാധു യുവതികൾക്ക് തൊഴിൽ പരിശീലനം നല്കിയപ്പോഴും പ്രാഥമിക വിദ്യാഭ്യാസത്തിൽ ദൈവികത ചാലിച്ചു ചേർക്കാൻ നേഴ്സറിസ്കൂളും പ്രൈമറിസ്കൂളും ജനറലേറ്റിനോടൊപ്പം തുടക്കമിട്ടപ്പോഴും ചുറ്റുമുള്ള ദൈവജനത്തിനു പാർപ്പിടം, ഭക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയ്ക്ക് കൈത്താങ്ങു നല്കിയപ്പോഴും ആ അമ്മ മനസ്സ് മന്ത്രിച്ചിരിക്കാം നാം എല്ലാം ദൈവപിതാവിന്റെ മക്കളല്ലേ... സഹോദരീസഹോദരന്മാരല്ലേ എന്ന്.

ക്രാന്തദർശിത്വമുള്ള ആ അമ്മ മനസ്സിന് തലമുറകളെക്കുറിച്ച് സ്വപ്നങ്ങളുണ്ടായിരുന്നു. ദൈവജനം മുഴുവൻ ക്രിസ്തു മൂല്യങ്ങളിൽ വളരണമെന്ന് ആഗ്രഹിച്ച് മിഷൻ രംഗങ്ങൾ തുടങ്ങാനും പരിപോഷിപ്പിക്കാനും പരിശ്രമിച്ചിരുന്നു. ലാളിത്യവും, ശാലീനതയും, ധ്യാനനിർലീനതയും, വായനാമാധുരിയും നുകർന്ന് കരയും കളങ്കവുമില്ലാത്ത കർമ്മല പൈതൃകം പകരാനും അമ്മ ഏവരെയും ആഹ്വാനം ചെയ്തിരുന്നു. മഹത്തായ പാരമ്പര്യവും ആഴമായ ആധ്യാത്മികതയും കൊണ്ട് സമ്പന്നമായ കേരള കർമ്മല തറവാട്ടിലെ പ്രഥമ ജനനിയുടെ സുകൃതം തലമുറകൾക്കു വരമഴയായിത്തീരട്ടെ.

''ജ്ഞാനത്തെ ആത്മസംയമനം കൊണ്ടും ആത്മസംയമനത്തെ ക്ഷമകൊണ്ടും ക്ഷമയെ ഭക്തികൊണ്ടും ഭക്തിയെ സഹോദരസ്നേഹം കൊണ്ടും സഹോദരസ്നേഹത്തെ ഉപവികൊണ്ടും സമ്പന്നമാക്കുന്നു (2 പത്രോസ് 1-7) ദർശനഭാഗ്യം സിദ്ധിച്ച ദൈവദാസി സെലീനാമ്മയുടെ മാതൃകയും മാതൃത്വവും ചാരുതയും ആത്മീയ മാതാക്കളാകാൻ വിളിക്കപ്പെട്ട നമുക്കു വഴിവിളക്കാവട്ടെ. അമ്മയെ അൾത്താര വണക്കത്തിന് ദൈവം ഉയർത്തട്ടെ.

മക്കൾക്കടുത്ത സ്നേഹത്തോടെ അധികാരിയെ സമീപിക്കുക. ആവശ്യങ്ങളും വിഷമതകളും പരമാർത്ഥമായി അറിയിക്കുക. വിമർശനം പാടേ പരിവർജ്ജിക്കുക. സർവ്വോപരി, അധികാരികൾക്ക് കൂടുതൽ പ്രകാശം ലഭിക്കുവാൻ വളരെ വളരെ പ്രാർത്ഥിക്കുക.
(മാതൃമൊഴികൾ പേജ് 119)

05

ഓർമ്മകളിൽ വിരിയുന്ന സെലിനാമ്മ

സി. ജെയ്സിലി

സഹജരുടെ മനസ്സുകളിൽ കയറി അവിടെ നന്മയുടെ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നവരാണ് മഹത്തുക്കൾ. കാലം മറഞ്ഞാലും ഓർമ്മകളിൽ നിന്നും അവർ മറയില്ല. ആത്മീയതയുടെ ആഴങ്ങളിൽ നിന്നും അവർ വിതറിയ മൊഴിമുത്തുകൾ എന്നും ആവേശമായി, ചൈതന്യമായി അനേകരിൽ പടരും. CMC യുടെ ശില്പിയായ സെലിനാമ്മയും കർമ്മലമക്കളുടെ മനസ്സുകളിൽ ഇന്നും ഒളിമങ്ങാത്ത ദീപമായി പ്രശോഭിക്കുന്നു. ഒരിക്കലെങ്കിലും അമ്മയെ കണ്ടിട്ടുള്ള, ഒരിക്കലെങ്കിലും ആ സ്നേഹസാന്നിധ്യം അറിഞ്ഞിട്ടുള്ള ആരും ഈ അമ്മയുടെ ഓർമ്മകൾ അയവിറക്കാതിരിക്കില്ല. വിവിധ കാലങ്ങളിൽ സെലിനാമ്മയോടൊത്തു ജീവിക്കാൻ ഭാഗ്യം ലഭിച്ച **ചങ്ങനാശേരി പ്രോവിൻസിലെ അമ്മമാരുടെ** ഓർമ്മകളിൽ ഇന്നും നിറഞ്ഞു നിൽക്കുന്ന ബഹുമാനപ്പെട്ട സെലിനാമ്മയെ നമുക്കൊന്നു പരിചയപ്പെടാം.

സാൻജോഭവനിൽ ഒരു വർഷം പ്രണിധാന ധ്യാനത്തിലും മൂന്നു മാസം പ്രാർത്ഥനയിലും ചെലവഴിച്ച **വെർജിനമ്മ** തന്റെ ഓർമ്മച്ചെപ്പു

തുറക്കുന്നു: ''ബഹുമാനപ്പെട്ട സെലിനാമ്മയോടൊപ്പം ഞാൻ മൂന്നു മാസം സാൻജോഭവനിൽ ജീവിച്ചു. ഒരു വർഷം പ്രണിധാനധ്യാനത്തിലും പങ്കെടുത്തു. അമ്മ ശരിക്കും ഒരു പ്രാർത്ഥനയുടെ അമ്മയായിരുന്നു. മുഴുവൻ സമയവും ചാപ്പലിനെ ചുറ്റിപ്പറ്റിയായിരുന്നു അമ്മയുടെ ജീവിതം. എന്തു ചെയ്താലും അത് ഈശോയോടു ചേർന്നു നിന്നു ചെയ്യാനുള്ള ഒരു വരം അമ്മയ്ക്കു പ്രത്യേകം ലഭിച്ചിട്ടുള്ളതുപോലെ എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്. പ്രാർത്ഥനക്കു സഹായകമായ ചിന്തകളും ട്രിക്കുകളും അമ്മ ഇടയ്ക്കിടയ്ക്കു പറഞ്ഞു തരുമായിരുന്നു. നല്ല ധ്യാന ഗുരുക്കന്മാരെ കാണുമ്പോൾ അമ്മ അവരെ സാൻജോഭവനിലേയ്ക്കു ക്ഷണിക്കും. മൂന്നു മാസത്തിനുള്ളിൽ അഞ്ചോ ആറോ വാർഷിക ധ്യാനം എങ്കിലും അമ്മ ക്രമീകരിച്ചു തന്നിട്ടുണ്ടെന്നു തോന്നുന്നു. ഞങ്ങളുടെ കൂടെ എല്ലാ ധ്യാനത്തിനും അമ്മ പങ്കെടുക്കുകയും ചെയ്യും. മാസത്തിലൊരിക്കൽ അമ്മ സങ്കീർത്തിയുടെ അറ്റത്ത് ഒരു കൂടാരമുണ്ടാക്കി അതിൽ കയറിയിരുന്ന് മുഴുവൻ സമയവും ഏകാന്ത ധ്യാനം നടത്തുന്നതു കണ്ടിട്ടുണ്ട്. കൂടുതൽ സമയം ദൈവാലയത്തിൽ കയറിയിരുന്നു പ്രാർത്ഥിക്കാനുള്ള പ്രചോദനം എനിക്കു കിട്ടിയത് ബഹുമാനപ്പെട്ട സെലിനാമ്മയിൽ നിന്നാണ്. സാൻജോ ഭവനുചുറ്റും ചെറിയ പർണശാലകൾ കെട്ടി അതിലിരുന്നു പ്രാർത്ഥിക്കാൻ അമ്മ നൽകിയ പരിശീലനം ഏകാന്ത പ്രാർത്ഥനയോട് പ്രത്യേകമായ ഒരാകർഷണം ഞങ്ങളിലുണർത്തി. പല സ്ഥലങ്ങളിലും വിശുദ്ധരുടെ രൂപങ്ങളും ഗ്രോട്ടോകളും നിർമ്മിച്ച് പ്രാർത്ഥനയുടെ ഒരന്തരീക്ഷം സാൻജോഭവന്റെ മുക്കിലും മൂലയിലും പോലും ഉണ്ടാക്കിയെടുക്കാൻ അമ്മ നിഷ്ഠവച്ചു.

തന്റെ വിശ്രമജീവിതകാലത്തും നമ്മുടെ സന്യാസിനീ സമൂഹത്തിലുണ്ടാകുന്ന ഏതു വിഷയവും ആഴമായ പ്രാർത്ഥനയക്ക് അമ്മ വിഷയമാക്കുമായിരുന്നു. ഒരിക്കൽ അമ്മ എന്നെ വിളിച്ച് പാർലറിന്റെ ഒരു സൈഡിൽ ഇരുത്തിയിട്ടു പറഞ്ഞു: നമ്മുടെ കോൺഗ്രിഗേഷനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. നമ്മുടെ ഒരു സിസ്റ്റർ ദുർമരണം വരിച്ചിരിക്കുന്നു. ഒരു സ്ക്കൂളിന്റെ ഹെഡ്മിസ്ട്രസായി ജോലി ചെയ്യുന്ന ഒരു സിസ്റ്ററാണിതു ചെയ്തത് എന്നതു മനസ്സിന്റെ ഭാരം വർദ്ധിപ്പിക്കുന്നു. സഭയ്ക്കും സഭാതനയർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥി

ക്കണം.

അമ്മ നല്ല ഒരു കൃഷിക്കാരികൂടിയായിരുന്നു. വിവിധതരം ചീരകൾ, കപ്പളം ഇവ ധാരാളമായി അമ്മ വച്ചുപിടിപ്പിക്കുകയും ഞങ്ങളേയും അതിൽ സഹകരിപ്പിക്കുകയും ചെയ്യുമായിരുന്നു. കർമ്മലമാതാവിന്റെ തിരുന്നാൾ വരുമ്പോൾ അമ്മ കപ്പളങ്ങയും ളൂബിക്കയും കൊണ്ട് അലുവ ഉണ്ടാക്കിത്തരും. അത് ഇളക്കാൻ ഞങ്ങളെയും കൂട്ടും. അമ്മയുടെ ലളിത ജീവിതവും എന്നെ ഏറെ ആകർഷിച്ചിട്ടുണ്ട്. കണ്ണുകാണാൻ ബുദ്ധിമുട്ടുണ്ടായിരുന്ന സമയത്തും അമ്മ തനിയെ സൂചിയിൽ നൂലുകോർത്ത് കീറിയ വസ്ത്രങ്ങൾ തുന്നിയെടുക്കും. മറ്റ് ആരും അതു ചെയ്തുകൊടുക്കാൻ അമ്മ സമ്മതിക്കുമായിരുന്നില്ല. നൂലുകോർക്കാൻ കണ്ണു കാണാമോ എന്നു ചോദിക്കുമ്പോൾ അമ്മ പറയുന്നത് ഞാൻ മാതാവിനെ കൂട്ടു വിളിക്കും. അമ്മ എന്നെ സഹായിക്കും എന്നാണ്. അതുകൊണ്ട് ഞാനും സൂചികോർക്കാൻ മാതാവിനെ കൂട്ടു വിളിക്കും; അമ്മ സഹായിക്കുന്നുമുണ്ട്, ചിരിച്ചുകൊണ്ട് വെർജിനമ്മ കൂട്ടിച്ചേർത്തു. എനിക്ക് വലിയ കഴിവും പ്രാർത്ഥനയോട് വലിയ താല്പര്യവും ഒന്നും അന്ന് ഉണ്ടായിരുന്നില്ല. എന്നിട്ടും അവിടെ വരുന്ന കുട്ടികളെ വേദപാഠം പഠിപ്പിക്കാൻ അമ്മ എന്നെയാണു നിയോഗിച്ചത്. ഒരു വർഷത്തെ പ്രാർത്ഥനയ്ക്കായി പോയപ്പോൾ അവരുടെ ലീഡറായി നിയോഗിച്ചതും എന്നെയാണ്. അത് എന്തു കൊണ്ടാണ് എന്ന് എനിക്കറിഞ്ഞുകൂടാ. എങ്കിലും അമ്മ എന്നിലർപ്പിച്ച വിശ്വാസം എന്നെ ഒത്തിരി വളർത്തി''

വെർജിനമ്മ പങ്കുവച്ച ഈ ഓർമ്മകളിൽ അമ്മയുടെ പ്രാർത്ഥനാചൈതന്യവും സഭാസ്നേഹവും മറ്റുള്ളവരെ കൂടി സഹകരിപ്പിച്ചുകൊണ്ട് എല്ലാം ചെയ്യാനുള്ള എളിമയും നിറഞ്ഞു നിൽക്കുന്നു. അറിയാവുന്ന കാര്യങ്ങൾ തനിയെ ചെയ്യുക എളുപ്പമാണ്. മറ്റുള്ളവരെകൂടി പങ്കുചേർത്തുകൊണ്ട് പറഞ്ഞുകൊടുത്തു ചെയ്യിക്കുക എന്നത് താരതമ്യേന ബുദ്ധിമുട്ടുള്ള കാര്യമാണെന്നു നമുക്കറിയാം. അതിന് അസാമാന്യമായ ക്ഷമയും എളിമയും വേണം. തന്റെ ജീവിത മാതൃകയിലൂടെ പ്രാർത്ഥനയുടെയും എളിമയുടെയും അധ്വാനത്തിന്റെയും പരസ്പര സഹകരണത്തിന്റെയും ജീവിതം എത്ര സുന്ദരമാണെന്ന് ബഹുമാനപ്പെട്ട സെലിനാമ്മ നമ്മെ പഠിപ്പിക്കുന്നു,

ബഹുമാനപ്പെട്ട **വിൽഫ്രഡ്**

അമ്മയുടെ ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്നത് സമർപ്പിത ചൈതന്യത്തിൽ നിന്നും വ്യതിചലിക്കുന്ന സഭാ തനയരെക്കുറിച്ച് വേദനിക്കുന്ന സെലിനാമ്മയാണ്. വിൽഫ്രഡമ്മയുടെ മനസ്സു തുറന്നപ്പോൾ മൊഴിഞ്ഞ വാക്കുകൾ ഇങ്ങനെ: ''ഒരിക്കൽ സെലിനാമ്മ ഞങ്ങളോടു പറഞ്ഞു: കടൽനീന്തിക്കടന്നുവന്നിട്ട് പൊട്ടക്കിണറ്റിൽ മുങ്ങിച്ചാകുന്നവരെപ്പോലെയാണു ചിലർ. വലിയ വലിയ കാര്യങ്ങൾ ഉപേക്ഷിച്ച് വളരെയേറെ പ്രതിസന്ധികൾ തരണംചെയ്ത് സന്യാസത്തിൽ വന്നിട്ട് നിസ്സാരകാര്യങ്ങളെപ്രതി കലഹിച്ചും പിറുപിറുത്തും ചൈതന്യം നഷ്ടപ്പെടുത്തുന്നവർ. തീക്ഷ്ണത മങ്ങി വളരെ വേഗം പ്രലോഭനങ്ങളിൽ വീണുപോകുന്നവർ. സ്വർഗസമാനമായ സന്തോഷം അനുഭവിച്ചു ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന നമ്മൾ ഇങ്ങനെയൊരവസ്ഥയിൽ ചെന്നു വീഴുന്നത് എത്രയോ സങ്കടകരമാണ്,'' മൂന്നു മാസം കറുകുറ്റിയിൽ പ്രാർത്ഥനയ്ക്കായി ചെന്നപ്പോൾ ഇടയ്ക്കിടെ വന്ന് സെലിനാമ്മ ചൊല്ലിത്തന്ന സത്ചിന്തകൾ ആത്മീയ ജീവിതത്തെ തൊട്ടുണർത്തുന്നവയായിരുന്നു. അമ്മയോടൊത്തു ചെലവഴിച്ച ദിനങ്ങളുടെ മധുരം നിറഞ്ഞ ഓർമ്മകൾ ഇന്നും മനസ്സിൽ നിറഞ്ഞു നിൽക്കുന്നു എന്നാണ് ബഹുമാനപ്പെട്ട വിൽഫ്രഡ് അമ്മ സാക്ഷ്യപ്പെടുത്തിയത്.

സെലിനാമ്മയുടെ ഈ സങ്കടത്തിന് ഇന്ന് മുമ്പെന്നതിനേക്കാൾ പ്രസക്തിയുണ്ട്. നിസാര കാര്യങ്ങളെപ്രതി വഴക്കിടുകയും, പിണങ്ങി നിൽക്കുകയും തർക്കുത്തരം പറയുകയും ചെയ്യുന്നവരുടെ സംഖ്യ ക്രമാതീതമാംവിധം വർദ്ധിച്ചു വരികയാണ്. വരാനിരിക്കുന്ന സൗഭാഗ്യത്തോടു തുലനം ചെയ്യുമ്പോൾ ഈ ലോകത്തിലെ കഷ്ടതകൾ നിസ്സാരമാണെന്നു മനസ്സിലാക്കാനുള്ള കഴിവ് ഇനിയും കൂടുതലായി നമ്മൾ ആർജിച്ചെടുക്കണം. സ്വർഗം ലക്ഷ്യമാക്കിജീവിക്കാൻ പഠിക്കുകയും സ്വർഗത്തിൽ കണ്ണുനടാൻ ദൈവജനത്തെ പഠിപ്പിക്കുകയും ചെയ്യുന്ന ഒരു നവസമൂഹമായി CMC മാറുമ്പോഴേ ബഹുമാനപ്പെട്ട സെലിനാമ്മയുടെ ഈ ദു:ഖം മാറുകയുള്ളു.

''വീട്ടിൽ നിന്നും പോന്നതിൽ പിന്നെ ഒരമ്മയുടെ സ്നേഹവും വാത്സല്യവും അനുഭവിച്ചത് ബഹുമാനപ്പെട്ട സെലിനാമ്മയിൽ നിന്നാണ്. ആ സ്നേഹം ഒരിക്കലും ഹൃദയത്തിൽ നിന്നും മാഞ്ഞുപോകുന്നതല്ല. ആ സ്നേഹം

നുകർന്നവർ തങ്ങളോടിടപെടുന്ന കൊച്ചുകുട്ടികൾക്കും മുതിർന്നവർക്കും എല്ലാം സ്നേഹം പകർന്നു നൽകുവാൻ പ്രചോദിതരാകും. അമ്മയുടെ ഉപദേശവും, മാതൃകയുമാണ് എന്നോടിടപെടുന്നവരോട് സ്നേഹമായും സന്തോഷമായും പെരുമാറുവാൻ എനിക്കു പ്രേരകമാകുന്നത്. സഭാമക്കളെയെല്ലാം ഒരു പോലെ സ്നേഹിക്കുന്ന ഒരമ്മ. നല്ല ഒരു വ്യക്തിത്വത്തിന്റെ ഉടമ, നല്ല മാതൃസ്നേഹം. അമ്മയുടെ ഉപദേശങ്ങളും പെരുമാറ്റവും ഉത്തേജനം പകരുന്നതാണ്.'' ബഹുമാനപ്പെട്ട **ജിയോവാനിയമ്മ** മനസ്സു തുറന്നു.

സെലിനാമ്മ എല്ലാവരുടെയും അമ്മയായിരിക്കുമ്പോഴും ഓരോരുത്തരുടെയും അമ്മയായിരുന്നു എന്നതാണ് ബഹുമാനപ്പെട്ട **പയസമ്മയ്ക്കു** പറയാനുള്ളത്. സെലിനാമ്മ ജനറാളമ്മയായിരുന്ന കാലത്ത് 'പ്രീഫക്ട് ഓഫ് സ്റ്റഡീസായിട്ടും' ജൂണിയർ മിസ്ട്രസായിട്ടും രണ്ടു കൊല്ലം പയസമ്മ ആലുവായിൽ ഉണ്ടായിരുന്നു. അതിരാവിലെ മൂന്നുമണിക്ക് എഴുന്നേറ്റ് ചാപ്പലിൽ പ്രവേശിച്ച് ദിവ്യകാരുണ്യ നാഥന്റെ മുമ്പിൽ പ്രാർത്ഥനാ നിരതയാകുന്ന സെലിനാമ്മ വിശുദ്ധ കുർബാനയ്ക്കു ശേഷം ഉപകാരസ്മരണകൂടി കഴിഞ്ഞിട്ടാണ് അവിടെ നിന്നും എഴുന്നേറ്റിരുന്നത്. എല്ലാവരോടും സ്നേഹത്തോടും ബഹുമാനത്തോടും ആദരവോടും കൂടെയായിരുന്നു അമ്മ പെരുമാറിയിരുന്നത്. ഓരോരുത്തരേയും വ്യക്തിപരമായി സ്നേഹിക്കുന്ന ഒരമ്മ. എല്ലാവരെയും വളർത്താൻ അമ്മ ശ്രദ്ധിച്ചു. ജനറലേറ്റിന്റെ വരാന്തയിലൂടെ എപ്പോഴും ജപമാലയും കൈയിൽ പിടിച്ച് പ്രാർത്ഥനാനിർഭരയായി നടന്നിരുന്ന സെലിനാമ്മ എല്ലാവർക്കും പ്രാർത്ഥനയുടെ മാതൃകയായിരുന്നു. ചാപ്പലിൽ ഈശോയുടെ സാന്നിധ്യം അനുഭവിച്ച് ഈശോയോടുള്ള സ്നേഹസംഭാഷണത്തിൽ മുഴുകിയിരിക്കുന്ന സെലിനാമ്മയെ കാണുമ്പോൾ അറിയാതെ നമ്മളും പ്രാർത്ഥനയിൽ ലയിക്കുമായിരുന്നു. ജൂണിയറെന്നോ സീനിയറെന്നോ വിത്യാസമില്ലാതെ എല്ലാവരോടും ഒരുപോലെ സ്നേഹത്തോടും സന്തോഷത്തോടും കൂടെ ബന്ധപ്പെടുവാൻ അമ്മയ്ക്കു സാധിച്ചു. വളരെ നിശബ്ദമായി വലിയ ആഡംബരമോ ഒച്ചപ്പാടുകളോ ഒന്നുമില്ലാതെ ശാന്തതയോടും സന്തോഷത്തോടെയും സഭയെ നയിക്കാൻ സാധിച്ചത് ഈശോയുമായുള്ള ഈ ഇടമുറിയാത്ത സ്നേഹബന്ധംകൊണ്ടാണെന്ന് എല്ലാ

വർക്കുമറിയാം. അധികാര ത്തിന്റെതായ ഒരു സ്വരമോ ചലനമോ ശൈലിയോ അമ്മ യിലൊരിക്കലും കണ്ടിട്ടില്ല. അധികാരി എങ്ങനെയായി രിക്കണമെന്ന് അമ്മയുടെ ജീവിതമാതൃക നമ്മെ പഠിപ്പി ക്കുന്നുണ്ട്. പ്രാർത്ഥനയുടെ അമ്മയായിരുന്നതുകൊണ്ട് ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചശേഷം അമ്മ കറുകുറ്റി സാൻജോഭവനിൽ പ്രാർത്ഥനയിൽ തന്നെ ചില വഴിച്ചു. സഭാംഗങ്ങൾക്ക് പ്രാർത്ഥനയുടെ വലിയ മാതൃക നൽകിയ സെലിനാ മ്മയെ മറക്കാൻ ആർക്കും സാധിക്കില്ല എന്ന് ബഹുമാ നപ്പെട്ട പയസമ്മ പറഞ്ഞു നിർത്തി.

സ്നേഹമുള്ള ഒരമ്മ യായിരുന്നു സെലിനാമ്മ, വിസീത്തയ്ക്കു വരുമ്പോൾ ഈശോയെക്കുറിച്ചും സഭ യെക്കുറിച്ചുമൊക്കെ പ്രത്യാശ നൽകുന്ന രീതിയിലാണ് അമ്മ സംസാരിച്ചിരുന്നത്. ശാസനയുടെയോ കുറ്റപ്പെ ടുത്തലിന്റെയോ അനുഭവം നമുക്കു തോന്നുകയില്ലായിരു ന്നു. അമ്മയ്ക്ക് എല്ലവരോടും വലിയ കാര്യമായിരുന്നു. അമ്മയൊന്നുമല്ല, എന്നാൽ നമ്മളെന്തോ ആണ് എന്ന മനോഭാവത്തിലാണ് അമ്മ നമ്മോടു സംസാരിച്ചിരുന്നത്. മാധുര്യമുള്ള ഒരമ്മ. അമ്മ യുടെ മുഖംതന്നെ മാതൃത്വം തുളുമ്പുന്നതായിരുന്നു. അമ്മ യില്ലാതിരുന്ന എനിക്ക് ഒര മ്മയുടെ സ്നേഹവും വാത്സ ല്യവും സെലിനാമ്മയിൽ നിന്നും ലഭിച്ചു. അമ്മയുടെ അടുത്തായിരിക്കുമ്പോൾ ഒരു ഭാരം തോന്നില്ല, വീട്ടിലായി രിക്കുന്ന ഒരനുഭവമായിരുന്നു ആ സാന്നിധ്യം. കൃതജ്ഞത നനയിച്ച മിഴികളോടെ ബഹു മാനപ്പെട്ട **മാവുരൂസമ്മ** പ റഞ്ഞു.

ഹിന്ദി ട്രെയിനിംഗിനു തൃശൂരു പോയപ്പോൾ ഒരു വർഷം അമ്മയോടുകൂടെ ജീവിച്ചതിന്റെ മധുരസ്മര ണകൾ ബഹുമാനപ്പെട്ട **ഗ്രസിയാനാമ്മ** അയവിറക്കു ന്നതിപ്രകാരമാണ്. പൊതു ജനസമ്മതയായിരുന്നു സെലിനാമ്മ. ശാന്തവും സൗമ്യ വുമായ പ്രകൃതി. ഒത്തിരി പ്രാർത്ഥിക്കും. എല്ലാവർക്കും പ്രിയങ്കരിയായിട്ടു ജീവിച്ച അമ്മ. വളരെ എളിമയും ലാളി

ത്യവും നിറഞ്ഞ ഒരമ്മ. രാത്രിയിൽ ഒത്തിരിസമയം ഇരുന്നു പ്രാർത്ഥിക്കുമായിരുന്നു. അതു കണ്ടാണ് എനിക്കും രാത്രിയിൽ ഇരുന്നു പ്രാർത്ഥിക്കാനുള്ള പ്രചോദനം ഉണ്ടായത്. ഒന്നും കണ്ടില്ലേ കേട്ടില്ലേ എന്ന മട്ടിലാണ് അമ്മ നടന്നിരുന്നത്. ആരെയും കുറ്റം പറയാത്ത, ഒരെടുത്തുചാട്ടവുമില്ലാത്ത, എല്ലാവർക്കും പ്രിയങ്കരിയായിരുന്ന അമ്മയോടൊത്ത് ഒരു വർഷം ജീവിക്കാൻ സാധിച്ചത് വലിയ ഒരു ഭാഗ്യമായി ഗ്രസിയാനാമ്മ കരുതുന്നു.

ഒരു കൊച്ചുസിസ്റ്ററായിരുന്ന തന്നോട് വിസീത്തയ്ക്കു വന്നപ്പോൾ സെലിനാമ്മ കാണിച്ച കരുതലുള്ള സ്നേഹത്തെക്കുറിച്ചാണ് **ടെസിയമ്മയ്ക്കു** പറയാനുള്ളത്. എല്ലവരോടുമൊത്ത് ഉല്ലാസമുറിയിൽ ചെലവഴിച്ച സന്തോഷപൂർണമായ ഉല്ലാസം ഇന്നും ടെസിയമ്മയ്ക്ക് ഓർമ്മയിലൊരു കുളിർമഴയാണ്. ഓരോരുത്തർക്കും കൊച്ചു കൊച്ചു സമ്മാനങ്ങൾ നൽകിയതും വളരെ ഹൃദ്യമായി സംസാരിച്ചതും ഇന്നെന്നപോലെ ടെസിയമ്മ ഓർക്കുന്നു. ബഹുമാനപ്പെട്ട ഗബ്രിയേലമ്മ ഒരു വർഷത്തെ പ്രാർത്ഥനയ്ക്കായ് കറുകുറ്റി പ്രാർത്ഥനാഭവനത്തിലായിരുന്ന അവസരത്തിൽ ടെസിയമ്മ കാണാൻ ചെന്നു. യാത്രാസൗകര്യങ്ങൾ കുറവായിരുന്നതിനാൽ രാത്രി അവിടെ ചെലവഴിക്കുവാനിടയായി. അന്ന് സെലിനാമ്മ കാണിച്ച സ്നേഹവും പരിഗണനയും കരുതലും അവർണനീയമാണത്രേ. ഇന്ന് അതിഥി സൽക്കാരത്തിനു തന്നെ പ്രചോദിപ്പിക്കുന്ന പ്രേരകശക്തിയാണതെന്ന് സന്തോഷത്തോടെ ടെസിയമ്മ പങ്കുവച്ചു.

ഈ അമ്മമാരുടെയെല്ലാം സാക്ഷ്യങ്ങൾ നമുക്കു മനസ്സിലാക്കിത്തരുന്ന ഒരു വസ്തുതയുണ്ട്. CMC സന്യാസിനീസമൂഹത്തെയും അതിന്റെ നിയമങ്ങളേയും അകമഴിഞ്ഞു സ്നേഹിച്ച ഒരമ്മ, കർമ്മലമക്കളെല്ലാം വിശുദ്ധിയിൽ വളരുന്നതു കാണാൻ ആഗ്രഹിച്ച അമ്മ, സഭാമക്കളുടെ വീഴ്ചകളിലും ബലഹീനതകളിലും കൂടെ നിന്നു സഹായിച്ച അമ്മ, 'നിയമം മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ നിയമത്തിനുവേണ്ടിയല്ല' എന്ന തിരുവചനത്തിന്റെ അർത്ഥം മനസ്സിലാക്കി സഭാതനയരെ നയിച്ച അമ്മ, പ്രാർത്ഥനയുടെ മാധുര്യം ആസ്വദിക്കുകയും മറ്റുള്ളവരേയും അതിലേയ്ക്കു വളർത്താൻ ശ്രദ്ധവയ്ക്കുകയും ചെയ്ത ഒരമ്മ. അതേ, അതാണ് ബഹുമാനപ്പെട്ട സെലിനാമ്മ. ആ അമ്മയുടെ നലംതികഞ്ഞ ഓർമ്മകൾ നമുക്കെന്നും പ്രചോദകമാകട്ടെ!

ദൈവത്തിന്റെ പ്ലാൻ സന്മനസ്സോടെ സ്വീകരിക്കുമ്പോൾ നാം സ്വതന്ത്രരായിത്തീരുകയാണ്. ഈ സൗമനസ്യം ക്രിസ്തുസ്നേഹത്തിൽനിന്ന് പുറപ്പെടുന്നതും ദൈവത്തോടും നമ്മുടെ സഹോദരങ്ങളോടുമുള്ള നമ്മുടെ കടമ നിർവ്വഹിക്കുന്നതിനു സഹായിക്കുന്നതുമായ സ്നേഹബന്ധമാണ്.

(മാതൃമൊഴികൾ പേജ് 104)

06

മദർ സെലിൻ ത്രിത്വാനുഭവ സന്ദേശവാഹക

സി. റീന

പരിശുദ്ധ ത്രിത്വരഹസ്യം ക്രൈസ്തവ വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും കേന്ദ്ര രഹസ്യമാണ്. 'ദൈവം വെളിപ്പെടുത്തുന്നില്ലെങ്കിൽ മനുഷ്യർക്ക് അറിയാൻ കഴിയാത്ത ദൈവത്തിന്റെ നിഗൂഢരഹസ്യങ്ങളിൽ ഒന്നാണിത്.''1 പരിശുദ്ധ ത്രിത്വത്തിന്റെ വാസസ്ഥലമാകാനുള്ള ക്ഷണമാണ് മാമ്മോദീസായിലൂടെ ഓരോ ക്രൈസ്തവനും ലഭിച്ചിരിക്കുന്നത്. 'ആരെങ്കിലും എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും

> തനിക്കു ലഭിച്ചിരുന്നതും ലഭിക്കാനിരിക്കുന്നതുമായ എല്ലാം വേണ്ടെന്നുവച്ച് തന്റെ ജീവിതത്തെ, പൂർണ്ണമായി ഈശ്വരപാദത്തിൽ അർപ്പിച്ച ഒരു ധീരകന്യകയാണ് അമ്മ

ഞങ്ങൾ അവന്റെയടുത്തു വന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും.''2

ആർഷഭാരതസംസ്കാരവും ക്രൈസ്തവപാരമ്പര്യവും കർമ്മലീത്താ പൈതൃകവും സമഞ്ജസം ചേർത്തുവച്ചാണ് വി. ചാവറപിതാവ് CMC യ്ക്കു ജന്മം നൽകിയത്. പ്രണിധാനത്തിന്റെ പരിശുദ്ധിയിൽ ഹൃദയഹർമ്മ്യത്തിന്റെ സപ്തസദനങ്ങളിലൂടെ പ്രാർത്ഥനയുടെ കെടാവിളക്കുമായി, ഉള്ളറകളിൽ അധിവസിക്കുന്ന വിശിഷ്ടാതിഥിയെത്തേടി കണ്ടെത്തി അനുഭവിക്കുന്ന തപസ്യയാണ് കർമ്മലീത്താ പൈതൃകം.3 കൈരളിയുടെ നെറുകയിൽ വി. ചാവറപിതാവ് കൊളുത്തിവച്ച കർമ്മലയുടെ കെടാവിളക്ക് കത്തിജ്ജ്വലിപ്പിക്കാൻ, സ്നേഹത്തിന്റെ നിശ്ശബ്ദതയിൽ, പ്രാർത്ഥനയുടെ എണ്ണയൊഴിച്ച്, ത്യാഗത്തിന്റെ ചൂടുപകർന്ന് തളരാതിരുന്ന് തപം ചെയ്ത് ദൈവഹിതം തിരിച്ചറിഞ്ഞ് പ്രാവർത്തികമാക്കിയ ശ്രേഷ്ഠവ്യക്തിത്വമാണ് സെലിനാമ്മയുടേത്. തനിക്കു ലഭിച്ചിരുന്നതും ലഭിക്കാനിരിക്കുന്നതുമായ എല്ലാം വേണ്ടെന്നുവച്ച് തന്റെ ജീവിതത്തെ, പൂർണ്ണമായി ഈശ്വരപാദത്തിൽ അർപ്പിച്ച ഒരു ധീരകന്യകയാണ് അമ്മ. അഗസ്റ്റിൻ വാലുമ്മേലച്ചൻ പറയുന്നതുപോലെ വി. അമ്മത്രേസ്യായേയും വി. യോഹന്നാൻ ക്രൂസിനേയും പോലെ പ്രണിധാനത്തിന്റെ പരകോടിയിലെത്തി ദൈവസായൂജ്യം നുകർന്ന 19-ാം നൂറ്റാണ്ടിലെ ശ്രേഷ്ഠവ്യക്തിത്വമാണ് ബഹു. സെലിനാമ്മ. അമ്മയുടെ ത്രിത്വാനുഭവത്തിലേക്ക് നമുക്കൊന്ന് ഊളിയിട്ടിറങ്ങാം.

ആന്തരിക ഏകാന്തതയുടെ ഫലം പ്രാർത്ഥന

ഏകാന്തതയും മൗനവും കൂടാതെ പ്രാർത്ഥനയില്ല. പ്രാർത്ഥന കൂടാതെ കർമ്മലയുമില്ല. കർമ്മലയിലെ ഏകാന്തത വെറും മൗനമല്ല, ഈശോയുമായുള്ള നിരന്തര ഐക്യത്തിന്റെ

നിർവൃതിയാണെന്ന് മദർ സെലിൻ അനുഭവിച്ചറിഞ്ഞു. എന്തു കണ്ടാലും കേട്ടാലും അതിലെല്ലാം ദൈവികത പുലർത്തുവാൻ അമ്മയ്ക്ക് സാധിച്ചിരുന്നു. പ്രണിധാനത്തിൽ ഊന്നിനിന്ന ദിവ്യശക്തി അമ്മയുടെ എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും ദൃശ്യമായിരുന്നു. ദൈവത്തെ ആഴത്തിൽ അനുഭവിച്ച അമ്മ സിസ്റ്റേഴ്സിന് അവിടുത്തോടു സംസാരിക്കാനുള്ള സൗകര്യത്തിനുവേണ്ടി രാവിലെ എട്ടുമണിവരെയുള്ള സമയം ഏകാന്തതയിലും പ്രാർത്ഥനയിലും ചെലവഴിക്കണമെന്ന നിർദ്ദേശം സി.എം.സി.യ്ക്ക് ആദ്യമായി നൽകി.

കർമ്മലയിലെ ഏകാന്തതയിൽ പ്രാർത്ഥനാജീവിതം അന്വേഷിച്ചുവന്നവർ തിരക്കുപിടിച്ച പ്രവർത്തനങ്ങളുടെ മദ്ധ്യത്തിൽ പ്രാർത്ഥനാജീവിതം ഉപേക്ഷിക്കരുതെന്ന് മദർ കൂടെക്കൂടെ തന്റെ കത്തുകളിലൂടെ ഉപദേശിച്ചിരുന്നു. നമ്മുടെ മൗനം വന്ധ്യമായിരിക്കരുത്. അതിലൂടെ ജീവന്റെ തുടിപ്പ് പ്രസരിക്കണം. പ്രാർത്ഥന കഴിഞ്ഞ് അമ്മ മറ്റുള്ളവരോട് ഇടപെടുമ്പോൾ കാണുന്ന ആ കണ്ണുകളിലൂടെ, കേൾക്കുന്ന വാക്കുകളിലൂടെ എന്തോ വലിയൊരു ആത്മീയനിർവൃതി, പുതുജീവൻ

> “കർമ്മലയിലെ ഏകാന്തത വെറും മൗനമല്ല, ഈശോയുമായുള്ള നിരന്തര ഐക്യത്തിന്റെ നിർവൃതിയാണെന്ന് മദർ സെലിൻ അനുഭവിച്ചറിഞ്ഞു.

അനുഭവവേദ്യമായിരുന്നു.

കർമ്മലയുടെ മുഖമുദ്രയായ മൗനവും ഏകാന്തതയും ധ്യാനപൂർവ്വകമായ ജീവിതത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണെന്ന് അമ്മയ്ക്കു ബോദ്ധ്യമുണ്ടായിരുന്നു. ഇത് അവിരാമമായ പ്രാർത്ഥനയിലേയ്ക്ക് അമ്മയെ നയിച്ചു. മറ്റുള്ളവരോടു സംസാരിക്കുമ്പോൾപോലും ഉള്ളിൽ വസിക്കുന്ന സ്നേഹിതനെ ഓർക്കുന്ന ശീലം അമ്മയ്ക്കുണ്ടായിരുന്നു. സംസാരത്തിനിടയിൽ കൂടെക്കൂടെ കണ്ണുചിമ്മുന്ന ശൈലി. എന്തേ കൂടെക്കൂടെ കണ്ണുചിമ്മുന്നതെന്ന് ഉറ്റവർ ചോദിച്ചാൽ അങ്ങേരു നമ്മെ നോക്കുന്നതിനും സ്നേഹിക്കുന്നതിനുമുള്ള പ്രതികരണമായിരുന്നു കണ്ണുചിമ്മൽ എന്നായിരുന്നു

പ്രതികരണം. ഉള്ളിലേക്കു ഒന്നു പിൻതിരിയാൻ മുറിയിൽ കൊതുകുവലയ്ക്കുള്ളിൽ ഇരിക്കുക, കുളിമുണ്ടു കൊണ്ട് കണ്ണു കെട്ടുക, പള്ളിയുടെ ഒരു മൂലയിലിരുന്ന് സക്രാരി മാത്രം കാണത്തക്ക വിധത്തിൽ മുന്നിൽ കർട്ടൺ ഇടുക എന്നതൊക്കെ അമ്മയുടെ ശൈലിയിൽ കാണുന്നു. കൊതുകുവലയ്ക്കുള്ളിൽ കയറിയിരുന്ന് ബാഹ്യമായ ബന്ധങ്ങളെല്ലാം പരിത്യജിച്ച് കണ്ണുകളടച്ച് പ്രാർത്ഥിക്കുന്ന സെലീനാമ്മയുടെ മുഖശോഭ കാണേണ്ടതുതന്നെയാണെന്ന് അനുഭവസ്ഥർ പറയുന്നു. അമ്മയുടെ ചിന്തയിലും വാക്കിലും പ്രവർത്തിയിലും എല്ലാം ഒരുവൻ മാത്രം. അവളുടെ പ്രിയൻ. അവൾക്ക് ഒരേ ഒരു ജ്വരം - സദാ അവന്റെ കൂടെയിരുന്ന്, തിരുവിഷ്ടം നിറവേറ്റി, അവനെ സന്തോഷിപ്പിക്കണം; സദാപി അവനോടു കൂടെയായിരിക്കണം. തനിക്കു വേണ്ടി ഒന്നും മാറ്റിവയ്ക്കാതെ തന്റെ ജീവിതത്തെ അവന്റെ പാദങ്ങളിൽ പൂർണ്ണമായും അർപ്പിച്ച് ഒരു തുഷാരബിന്ദു പോലെ അവനിൽ അലിഞ്ഞു ചേരാൻ അമ്മ ആഗ്രഹിച്ചു. അലിഞ്ഞു ചേർന്ന് അവിടുത്തോട് ഐക്യപ്പെട്ടു.

നീ മാത്രം നിന്റേതു മാത്രം

ചെറുപ്പകാലം മുതലേ അമ്മയിലുണ്ടായിരുന്ന ദൈവസ്നേഹത്തിന്റെ വിത്ത് വലിയ വില കൊടുത്തുനേടിയ സന്യാസ ജീവിതത്തിലൂടെ സെലിനാമ്മയിൽ വളർന്നു വികസിച്ചു. എന്തു വിലകൊടുത്തും ഉള്ളിൽ വസിക്കുന്ന ദൈവത്തിന്റെ സാന്നിദ്ധ്യാനുഭവത്തിലാകുവാനുള്ള ഒരു തീരാത്ത ദാഹം അമ്മയിൽ ഉണ്ടായിരുന്നു. തന്റെ പ്രിയപ്പെട്ടവളുടെ കളങ്കമില്ലാത്ത ആഗ്രഹങ്ങൾ, ജിജ്ഞാസകൾ, നല്ല ദൈവം കൗതുകത്തോടെ ദർശിച്ച്, സന്തോഷത്തോടെ കൃപകളാൽ നിറച്ചു എന്നതാണ് വാസ്തവം. കാരണം മനുഷ്യന്റെ പ്രയത്നങ്ങൾ അതിൽതന്നെ ഒന്നുമല്ല. ദൈവസ്നേഹാഗ്നി ഉള്ളിൽ ജ്വലിച്ചപ്പോൾ അമ്മയ്ക്ക് തന്നോടുതന്നെയും മറ്റുള്ളവരോടും പറയാനുണ്ടാ

യിരുന്നത് ഒരേ ഒരു കാര്യം മാത്രമായിരുന്നു Intense, deep, solid experience of the love of Jesus. ഈ അനുഭവത്തിനായി അമ്മ ഊണിലും ഉറക്കത്തിലും രാവിലും പകലിലും വിശ്രമമെന്യേ ദാഹിച്ചു പ്രാർത്ഥിച്ചു. വി. അമ്മത്രേസ്യായ്ക്കും വി. യോഹന്നാൻ ക്രൂസിനും പരിശുദ്ധ ത്രിത്വത്തിന്റെ വി. എലിസബത്തിനും ഈ ദാനം നൽകിയ നല്ല ദൈവം തനിക്കും നൽകുമെന്ന വിശ്വാസം അമ്മയെ പ്രത്യാശാഭരിതയാക്കി.

> “ചെറുപ്പകാലം മുതലേ അമ്മയിലുണ്ടായിരുന്ന ദൈവസ്നേഹത്തിന്റെ വിത്ത് വലിയ വില കൊടുത്തുനേടിയ സന്യാസജീവിതത്തിലൂടെ സെലിനാമ്മയിൽ വളർന്നു വികസിച്ചു

ദൈവസ്നേഹവും ഉള്ളിൽ വസിക്കുന്ന ദൈവസാന്നിദ്ധ്യവും എന്നും എപ്പോഴും കൂടെ നടക്കുന്ന ഒരു കൂട്ടുകാരൻ ഉണ്ട് എന്ന ബോദ്ധ്യവും, സെലീനാമ്മയെ ഒരു അന്വേഷകയാക്കി മാറ്റി. അറിവു മാത്രം പോരാ അനുഭവവും വേണമെന്ന നിർബന്ധം അമ്മയെ പ്രവർത്തനനിരതയാക്കി. ദൈവം സ്നേഹമാകുന്നു. അതിനാൽ സ്നേഹമില്ലാതെ സ്നേഹമല്ലാതെ ഒന്നും ദൈവത്തിൽ നിന്നും ഉണ്ടാവുകയില്ല. അറിവുകൊണ്ടു മാത്രം തൃപ്തി വരാത്ത സെലിനാമ്മ അറിവിനെ അനുഭവമാക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി. നിശ്ചയദാർഢ്യത്തോടെ കഠിനാദ്ധ്വാനത്തോടെ സ്ഥിരോത്സാഹത്തോടെ അമ്മ അതു പ്രാവർത്തികമാക്കി തൽഫലമായി ധ്യാനനിർലീനതയിൽ ദൈവത്തെ മാത്രം ഉറ്റുനോക്കിക്കൊണ്ട് മദറിന്റെ മനസ്സ് ഇടമുറിയാതെ ദൈവത്തിലേക്ക് സ്നേഹപൂർവ്വം ഒഴുകിചേർന്നു. അങ്ങനെ ജീവിതത്തിലുടനീളം നിലനിൽക്കുന്ന വേർപിരിയാനാവാത്ത ഒരു ബന്ധത്തിലേക്ക് വളർന്നു. ജോലിത്തിരക്കിനിടയിലും സ്നേഹനാഥന്റെ സാന്നിദ്ധ്യത്തിലായിരിക്കാൻ അമ്മ സമയം കണ്ടെത്തി. എത്ര പ്രാർത്ഥിച്ചാലും എത്ര സ്നേഹിച്ചാലും അമ്മയ്ക്ക് മതിവരില്ലായിരുന്നു. ഏകാഗ്രതയോടും പ്രാർത്ഥനയോടും കൂടെ നിരന്തരം കർമ്മനിരതയായി പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിൽ ദൈവൈക്യത്തിൽ ലയിച്ച ഒരു ജീവിതമായിരുന്നു അമ്മയുടേത്. നീ മാത്രം, നിന്റെ

മാത്രം, നിനക്കായ് മാത്രം എന്ന ജീവിതമന്ത്രം അമ്മയുടെ ഓരോ ഹൃദയമിടിപ്പിനുമൊപ്പം ഉയർന്നിരുന്നു.

ദൈവികതയിൽ ഉജ്ജ്വലിച്ച ജീവിതം

'നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും'4. ഈ ഭൂമിയിൽ വച്ചുതന്നെ ദൈവമായ കർത്താവുമായി ഐക്യപ്പെടാനുള്ള ഒരു ക്ഷണമാണ് ഈശോ നൽകുന്നത്. 'ദൈവൈക്യത്തിനുള്ള ഒരാഹ്വാനമുണ്ട് മനുഷ്യന്. അതാണവന്റെ ഔന്നത്യത്തിന് മുഖ്യമായ കാരണം' 5. മനുഷ്യമനസ്സിന്റെ ആത്യന്തികമായ അന്തർദാഹമാണ് ദൈവത്തെ തേടുക, ദൈവത്തോടൊത്തായിരിക്കുക എന്നത്. ദൈവത്തെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നവരുടെ, ദാഹത്തോടെ അവിടുത്തെ അന്വേഷിക്കുന്നവരുടെ പക്കലേയ്ക്ക് അവിടുന്നു കടന്നുവരും; കൃപകൾ കൊണ്ട് അവരെ അനുഗ്രഹിക്കും.

മദർ സെലിന്റെ വിശുദ്ധ ജീവിതത്തെ പ്രോജ്ജ്വലിപ്പിച്ച പ്രധാനപ്പെട്ട ഒരു സവിശേഷതയായിരുന്നു ദൈവസ്നേഹം. ഈ ജ്വലനം അതിന്റെ ആഴത്തിൽ ജീവിച്ച മദർ ദിവ്യനാഥനോടുള്ള സ്നേഹത്താൽ എല്ലാ ദിവസവും രാവിലെ മൂന്നുമണിയോടെ ഉണർന്ന് പ്രഭാതകൃത്യങ്ങൾക്കു ശേഷമുള്ള സമയമെല്ലാം ദിവ്യകാരുണ്യസന്നിധിയിൽ പ്രിയനോടൊത്ത് ചെലവഴിച്ചിരുന്നു. മദറിന്റെ ഈ കൃത്യനിഷ്ഠയും പ്രാർത്ഥനാചൈതന്യവും അടുത്തറിഞ്ഞ CMC യുടെ സംയോജനശില്പിയായ ഹിപ്പോളിറ്റസ് പിതാവു പറയുന്നു, പ്രഭാതസൂര്യനെ തോൽപിച്ച വളാണ് മദർ സെലിൻ. മദർ തിരുസന്നിധിയിൽ എത്തുന്നതിനുമുമ്പ് പ്രകാശം ഭൂമിയിൽ വിതറാൻ പ്രഭാതസൂര്യന് സാധിച്ചിട്ടില്ല 6. ലക്ഷ്യത്തിലെത്താനുള്ള പ്രയാണത്തിൽ വഴിതെറ്റാതെ മുന്നേറുവാനുള്ള മാർഗ്ഗവും തളരാതെ കുതിക്കുവാനുള്ള ഊർജ്ജവും തിരുവചനത്തിൽനിന്നും കർമ്മലവിശുദ്ധരുടെ പ്രബോധ

നങ്ങളിൽ നിന്നും കണ്ടെത്തി. തന്റെ എല്ലാ പ്രവർത്തനങ്ങളുടെയും ശക്തി സ്രോതസ്സ് ഉള്ളിൽ വസിക്കുന്ന പരിശുദ്ധ ത്രിത്വത്തോടുള്ള നിരന്തരമായ ഐക്യമായിരിക്കണമെന്ന് ഇവരിൽ നിന്നും മദർ സെലിൻ മനസ്സിലാക്കിയിരുന്നു. ഞാൻ ഒരു നിമിഷം പോലും ദിവ്യനാഥനിൽ നിന്ന് അകന്നു ജീവിക്കുന്നില്ലായെന്ന് അമ്മത്രേസ്യയെപ്പോലെ പറയാൻ സെലീനാമ്മയ്ക്കും കഴിഞ്ഞിരുന്നു. 'പരിശുദ്ധ ത്രിത്വമേ എന്റെ സ്നേഹമേ എന്റെ ഭാഗ്യമേ' എന്ന മന്ത്രം സദാപി അമ്മയുടെ അധരത്തിലുണ്ടായിരുന്നു. അമ്മയുടെ ഹൃദയത്തിലുള്ള ത്രിത്വാനുഭവത്തിന്റെ ബഹിർസ്ഫുരണമായിരുന്നു അത്.

അവിഭക്തഹൃദയത്തോടെ ദിവ്യനാഥനെ സ്നേഹിച്ചിരുന്ന മദർ ദിവ്യകാരുണ്യസന്നിധിയിൽ സർവം മറന്ന് നിർന്നിമേഷയായി നാഥനെത്തന്നെ ഉറ്റുനോക്കി സ്നേഹസംഭാഷണത്തിൽ ലയിച്ചിരുന്നു. പരിശുദ്ധ ത്രിത്വം തന്റെ ഉള്ളിൽ വസിക്കുന്നുവെന്ന ആഴമായ അനുഭവത്തിൽ നിന്നും ഉരുത്തിരിയുന്ന സന്തോഷവും സമാധാനവും ശാന്തതയും മദറിന്റെ മുഖത്ത് എപ്പോഴും

> മദർ സെലിന്റെ വിശുദ്ധജീവിതത്തെ പ്രോജ്ജ്വലിപ്പിച്ച പ്രധാനപ്പെട്ട ഒരു സവിശേഷതയായിരുന്നു ദൈവസ്നേഹം

പ്രകടമായിരുന്നു. കണ്ടുമുട്ടുന്നവർക്കെല്ലാം തന്റെ പ്രിയ മണവാളനെ പരിചയപ്പെടുത്തുക സ്നേഹമയിയായ ഈ മണവാട്ടിയ്ക്ക് ഒരു ഹരവുമായിരുന്നു. സെപ്തംബർ 28, 1992-ൽ കറുകുറ്റി മഠത്തിൽവച്ച് അഭിവന്ദ്യഗ്രേഷ്യൻ മുണ്ടാടൻ പിതാവ് മദറിനോടു ചോദിച്ചു. സെലീനാമ്മയുടെ പ്രാർത്ഥനാനുഭവം ഒന്നു പറയാമോ? വ്യക്തിയായി കർത്താവിനെ കാണുന്ന അനുഭവമുണ്ടോ? ത്രിത്വത്തെ എങ്ങനെയാണ് സെലീനാമ്മ ദർശിക്കുക? അമ്മയുടെ പ്രത്യുത്തരം ഇപ്രകാരമായിരുന്നു. അനുഭവമായി തോന്നുന്നുണ്ട്. ത്രിത്വം എന്ന അനുഭവം സജീവമായിത്തന്നെ ഞാൻ ഹൃദയത്തിൽ സൂക്ഷിക്കുന്നു 7.

> പരിശുദ്ധ ത്രിത്വത്തെ സ്വന്തമാക്കിയ അമ്മയ്ക്ക് CMC മക്കൾ ഓരോരുത്തരും ത്രിത്വാനുഭവത്തിലേയ്ക്ക് വരണമെന്ന് ഏറെ ആഗ്രഹമുണ്ടായിരുന്നു.

ദൈവവുമായി ഗാഢമായ ഐക്യത്തിൽ ലയിച്ചിരുന്ന മദർ സെലിൻ തന്നെത്തന്നെ പൂർണ്ണമായി വിസ്മരിച്ച് ദൈവമഹത്വം മാത്രം മുന്നിൽ കണ്ടാണ് ജീവിച്ചിരുന്നത്. സഭയുടെ കാരിസം അതിന്റേതായ പൂർണ്ണതയിൽ ജീവിച്ച് ഒരു മിസ്റ്റിക് അനുഭവം അമ്മ സ്വന്തമാക്കിയിരുന്നു.

ഒരായുസ്സേയുള്ളൂ – ദൈവത്തെ സ്നേഹിക്കാൻ
ഒരായുസ്സേയുള്ളൂ – ദൈവത്തിനായി ജീവിക്കാൻ

ഈ സത്യം അതിന്റെ പൂർണ്ണതയോടെ ഉൾക്കൊണ്ട് ദൈവൈക്യാനുഭവം ഹൃദയത്തിൽ ഏറ്റുവാങ്ങി കർമ്മലയിലെ ജീവിതം അമ്മ ധന്യമാക്കി. പരിശുദ്ധ ത്രിത്വവാസത്തിന്റെ ആനന്ദമധുരിമ രുചിച്ചറിഞ്ഞ സെലീനാമ്മയെ indwelling presence ന്റെ മദ്ധ്യസ്ഥയെന്നും വിശേഷിപ്പിക്കാം. ചുരുക്കത്തിൽ അന്തരാത്മാവിൽ അധിവസിക്കുന്ന ആത്മനാഥനുമായി ഇടമുറിയാതെ തീവ്രമായ സ്നേഹബന്ധത്തിൽ, അതെ പരിശുദ്ധ ത്രിത്വാനുഭവത്തിൽ ആയിരുന്നു മദർ സെലിൻ.

ഉപസംഹാരം

സത്യത്തിനും നീതിക്കും വിശുദ്ധിക്കും എതിരായി ആധുനികലോകം കുതിച്ചുപായുന്നു. ധാർമ്മികതയ്ക്ക് യാതൊരു സ്ഥാനവും കൽപിക്കാത്ത ആധുനിക സാങ്കേതികയുഗത്തിൽ ദൈവം നമുക്ക് പ്രദാനം ചെയ്ത വിലപിടിപ്പുള്ള ഒരു മുത്താണ് മദർ സെലിൻ. അമ്മയുടെ ജീവിതം ഒരു പ്രാർത്ഥനയായിരുന്നു. ദൈവം തന്നിൽ വസിക്കുകയും തന്നെ മുഴുവനും ദൈവത്തിന്റേതാക്കുകയും ചെയ്യുന്നുവെന്ന അനുഭവം. അതിനാൽ ജീവിതത്തിൽ ഒന്നിനും പരിഭവമോ പരാതിയോ ഇല്ലായിരുന്നു, ദൈവം അറിയാതെ ഒന്നും വരികയില്ലെന്ന ഉറച്ച വിശ്വാസം മദറിൽ വേരൂന്നിയിരുന്നതുകൊണ്ട് എല്ലാ പ്രവർത്തനമേഖലകളിലും അവൾ ദൈവത്തിന്റെ വലിയ അനുഗ്രഹമായിത്തീർന്നു.

പരിശുദ്ധ ത്രിത്വത്തെ സ്വന്തമാക്കിയ അമ്മയ്ക്ക് CMC

മക്കൾ ഓരോരുത്തരും ത്രിത്വാനുഭവത്തിലേയ്ക്ക് വരണമെന്ന് ഏറെ ആഗ്രഹമുണ്ടായിരുന്നു. വി. ഫ്രാൻസിസ് സെയിൽസിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് പ്രാർത്ഥനയുടെ ആഴം സ്വന്തമാക്കാൻ അമ്മ നമ്മെ ആഹ്വാനം ചെയ്യുന്നു. ''പ്രാർത്ഥന ആനന്ദകരമായൊരു കൈമാറ്റമാണ്, നാം ദൈവത്തോടു പ്രാർത്ഥിക്കുകയും ദൈവത്തിൽ ജീവിക്കുകയും ചെയ്യുന്നു, പകരം ദൈവം നമ്മിൽ വസിക്കുകയും നമ്മെ അനുഗ്രഹിക്കുകയും ചെയ്യുന്നു'' കർമ്മലചൈതന്യത്തിൽ ഉറച്ചുനിന്നുകൊണ്ട്, ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും ബിരുദധാരികളായി, ദിവ്യനാഥന്റെ ഇഷ്ടപ്രേയസികളായി, അവിടുത്തേക്ക് സാക്ഷ്യം വഹിക്കുവാൻ നമുക്കേവർക്കും കൃപ ലഭിക്കട്ടെ.

ആധാരഗ്രന്ഥങ്ങൾ

1. CCC 239

2. യോഹ. 14:23

3. ഡോ. സി. ക്രിസ്റ്റി CMC (ed.)

4. യോഹ. 15:4

5. വത്തിക്കാൻ കൗൺസിൽ II G.S. 19

6. സി. സോഫി റോസ് CMC (ed.), ഏകീകരണ പാതയിലെ പൈതൃക ശബ്ദം, മൗണ്ട് കാർമ്മൽ ജനറലേറ്റ്, ആലുവ, 2003, P.29

7. 'അഭിവന്ദ്യ ഗ്രെഷ്യൻ മുണ്ടാടൻ പിതാവും സെലീനാമ്മയും തമ്മിൽ നടന്ന അഭിമുഖം, സി.ജോയ്സ് സിഎംസി. 'അഭിമുഖം സ്പന്ദനം സ്പെഷ്യൽ P.12

8. ...., ത്രിത്വകൂടാരം, P.50



"അർപ്പിത" എന്ന പേരിൽ നാം ഏവരും അഭിമാനം കൊള്ളുന്നുണ്ട്. എന്നാൽ, എന്താണ് അതിന്റെ അർത്ഥമെന്നും ഒരു അർപ്പിതയുടെ കടമയെന്തെന്നും നാം പലപ്പോഴും മറന്നു പോകുന്നു. നമ്മെത്തന്നെ പൂർണ്ണമായി- നമ്മുടെ ഹൃദയവും മനസ്സും ശരീരവും-അതിന്റേതായ വിചാരങ്ങളും വികാരങ്ങളും കഴിവുകളും എല്ലാമെല്ലാം നമ്മുടെ സ്നേഹനാഥന് അർപ്പിക്കപ്പെട്ടുകഴിഞ്ഞു. ആ സ്നേഹനാഥൻ മാത്രമാണ് നമ്മുടെ പ്രതീക്ഷയ്ക്കും ശ്രദ്ധയ്ക്കും ഏകവിഷയമെന്ന് നാം ലോകത്തെ ബോധ്യപ്പെടുത്തണം.

(മാതൃമൊഴികൾ പേജ് 157)

07

ദിവ്യകാരുണ്യത്താൽ ദീപ്തമാക്കപ്പെട്ടവൾ

സി. പ്രീമ

വി.ഗ്രന്ഥത്തിന്റെ ഏടുകളെ സസൂക്ഷ്മം വീക്ഷിക്കുമ്പോൾ ദൈവത്തെത്തേടി യാത്രയാകുന്ന ഏറെ വ്യക്തിത്വങ്ങളെ കണ്ടെത്താം. ജറീക്കോവീഥിയിലെ പദയാത്രികരിൽ ഒരുവനായി ക്രിസ്തു യാത്ര ചെയ്യുന്നുവെന്ന് കേട്ടപ്പോൾ അവനെ കാണാൻ കൊതിച്ച് ജനക്കൂട്ടത്തിനു മുൻപേ ഓടി സിക്കമൂർ മരത്തിൽ കയറിയ സക്കെ (ലൂക്കാ 19:4) ആഴ്ചയുടെ ആദ്യ ദിവസം അതിരാവിലെ ഇരുട്ടായിരുന്നപ്പോൾ കല്ലറയിൽ സംസ്കരിക്കപ്പെട്ട ക്രിസ്തുവിനെ തേടി സനേഹതീവ്രതയാൽ ശവകുടീരത്തിൽ എത്തുന്ന മഗ്ദലക്കാരി മറിയം (യോഹ. 20:1)

ക്രിസ്തുവിന്റെ വിജ്ഞാനോക്തികളിലും അത്ഭുതപ്രവർത്തനങ്ങളിലും ആകർഷിതനായി രാത്രിയുടെ യാമത്തിൽ കർത്താവിനെ തേടിയെത്തുന്ന ഇസ്രയേലിന്റെ ഒരു ഗുരുവായ നിക്കദേമൂസ് (യോഹ: 3:2). ആത്മനാഥനായ മണവാളനെത്തേടി അന്വേഷണയാത്ര നടത്തി ഒടുവിൽ തന്റെ പ്രേമഭാജനത്തെ മലമുകളിൽ കണ്ടെത്തിയതിന്റെ സന്തോഷവും സംതൃപ്തിയും അനുഭവിക്കുന്ന വി.യോഹന്നാൻ ക്രൂസിന്റെ സ്നേഹജ്വാലയിലെ മണവാട്ടി.

ഇതിനു സദൃശ്യവും സമാനവുമായി പ്രഭാതസൂര്യനെ തോൽപ്പിച്ച് ദിവ്യ സക്രാരിയിലെ ക്രിസ്തുവിനെത്തേടി എല്ലാ ദിവസവും ഓടിയെത്തുന്ന സി.മേരി സെലിൻ. എന്തായിരിക്കാം ഈ ഓട്ടത്തിൽ ഒളിഞ്ഞും പതിഞ്ഞും കിടക്കുന്ന തേജോവികാരം? അത് ഒളിപ്പിക്കപ്പെട്ടതും അടയ്ക്കപ്പെട്ടതുമായ സക്രാരിക്കുള്ളിലെ ക്രിസ്തുവിനോടുള്ള സ്നേഹവും ആവിടുത്തെ സൗന്ദര്യത്തോടുള്ള ആകർഷകത്വവും. ഫലമോ അഗ്രാഹ്യവും അനന്ത മഹത്വമുള്ളതുമായ ജീവിക്കുന്ന ദൈവത്തിന്റെ ആലയത്തിൽ പ്രവേശിച്ച് ആ ദൈവികസാന്നിധ്യത്താൽ പൂരിതയായി ദിവ്യകാരുണ്യസാന്നിധ്യം ചലിപ്പിക്കുന്ന അനുഭവമാക്കി അവൾ മാറ്റി. ഈശോ വി.കുർബ്ബാനയിൽ സ്ഥിതി ചെയ്യുന്നത് മാലാഖമാരുടെ ആരാധനയെ പ്രതീക്ഷിച്ചല്ല. നമ്മുടെ ആരാധനയും സ്നേഹവുമാണ് അവിടുത്തേക്ക് വേണ്ടതെന്ന വിശുദ്ധരുടെ സാക്ഷ്യം അമ്മയ്ക്ക് നന്നായി അറിയാമായിരുന്നു എന്നതിന് ആ ജീവിതം തന്നെ തെളിവേകുന്നു. അരുണോദയത്തിനു വളരെ മുൻപേ തന്നെ സക്രാരിക്കു മുമ്പിലിരുന്നു ദൈവത്തിന്റെ വിശുദ്ധനാമത്തെ സ്തുതിക്കുകയും അവിടുത്തേക്ക് ആരാധനാഗാനം ആലപിക്കുകയും ചെയ്തപ്പോൾ അമ്മയുടെ സ്തുതിഗീതങ്ങളാൽ വിശുദ്ധ സ്ഥലം മുഖരിതമായി. ദിവ്യകാരുണ്യമാകുന്ന ജീവജലത്തിനുവേണ്ടി തീവ്രമായി ദാഹിച്ച അമ്മയുടെ ആത്മഗതം തന്റെ പ്രിയപ്പെട്ട വിശുദ്ധയായ വി.ത്രേസ്യാ പുണ്യവതിയുടേതിനു സമാനമായിരുന്നു.''സകലർക്കും ജീവൻ നൽകുന്ന ജീവനെ ദാഹിച്ചു വരുന്നവർക്കു അങ്ങ് വാഗ്ദാനം ചെയ്തിരിക്കുന്ന ജീവജലം എനിക്ക് നിഷേധിക്കരുതെ! നാഥാ ഞാൻ അത് തേടുന്നു. ഞാൻ അത് അപേക്ഷിക്കുന്നു. അതിനുവേണ്ടി ഞാൻ അങ്ങേപ്പക്കൽ വരുന്നു'' (വി.അമ്മത്രേ

സ്യ). ഈ തീവ്രദാഹത്തിന്റെ ഫലമായി കർത്താവിന്റെ ആല യത്തിൽ അവിടുത്തെ ബലി പീഠത്തിനരികിൽ കൂടുചമച്ച അമ്മയിലേയ്ക്ക് ദിവ്യകാരു ണ്യ നാഥനിൽ നിന്നും ഒരു ഉറവയിൽനിന്നെന്ന പോലെ അനുഗ്രഹങ്ങളും കൃപാവര ങ്ങളും ഇടതടവില്ലാതെ ഒഴുകി എത്തി. രാത്രിയുടെ യാമങ്ങ ളിൽ നിശ്ചലയായ് നിർന്നിമേ ഷയായി എല്ലാം മറന്ന് ദിവ്യ സക്രാരിയിലേക്ക് നോക്കി ദി വ്യകാരുണ്യനാഥനിൽ ലയി ച്ചിരിക്കുന്ന അമ്മയുടെ ചിത്രം കുരുന്നുകൾ മുതൽ കാരണവ ന്മാർ വരെ എല്ലാവർക്കും ഒരു പോലെ പ്രചോദനാത്മകമായി രുന്നു (കാർമ്മലിന്റെ സുഗന്ധം P.31). ദിവ്യകാരുണ്യനാഥന്റെ മുമ്പിലുള്ള തന്റെ ഇരുത്തത്തെ സ്തംഭിപ്പിക്കുവാൻ യാതൊന്നി നെയും അമ്മ അനുവദിച്ചില്ല. ഇത് സംഭവിച്ചാൽ സ്വർഗ്ഗത്തി ലേക്കുള്ള തന്റെ നടത്തം ദുർഗ്ര ഹമാകുമെന്ന് അമ്മയ്ക്കറിയാ മായിരുന്നു. അതുകൊണ്ടല്ലേ സക്രാരിയെ മാത്രം കാണത്ത ക്കവിധത്തിൽ മുമ്പിൽ കർട്ടൻ ഇട്ടു അതിനുള്ളിലുരുന്നു പ്രാർ ത്ഥിക്കുന്ന താപസികജീവിത ശൈലി അമ്മ രൂപപ്പെടുത്തി യെടുത്തത്?

ദൈവത്താൽ വിളിക്കപ്പെ ടുകയും സ്വന്തമാക്കപ്പെടുകയും

> “ദിവ്യകാരുണ്യമാകുന്ന ജീവജലത്തിനുവേണ്ടി തീവ്രമായി ദാഹിച്ച അമ്മയു ടെ ആത്മഗതം തന്റെ പ്രിയപ്പെട്ട വിശുദ്ധയായ വി.ത്രേസ്യാ പുണ്യവതിയുടേ തിനു സമാനമായിരുന്നു.

ചെയ്ത വ്യക്തിയെന്ന നിലയ് ക്ക് സക്രാരിയിൽ പള്ളികൊ ള്ളുന്നവന്റെ സാന്നിധ്യവും സു ഖവും സ്നേഹോഷ്മളതയും അനുഭവിച്ച ഈ കർമ്മലസു കൃതിനിയുടെ ഇടമുറിയാതെ യുള്ള ആത്മഗതം ആയിരുന്നു ‘എനിക്ക് അവിടുത്തെ എത്ര സ്നേഹിച്ചാലും പോരാ’ എന്നു ള്ളത്. മാതാപിതാക്കൾ തങ്ങ ളുടെ മകളുടെ ഹൃദയത്തിൽ കുരുന്നിലെ പാകിയ ദൈവസ് നേഹത്തിന്റെ വിത്ത് ആരംഭം മുതൽ തഴച്ചു വളർന്നിരുന്നതി നാൽ വി.ഏലിയാ ദീർഘദർശി യെപ്പോലെ സൈന്യങ്ങളുടെ ദൈവമായ കർത്താവിനെക്കുറി ച്ചുള്ള അതീവസ്നേഹത്താൽ കത്തിജ്വലിക്കുവാൻ അമ്മയ്ക്ക് കഴിഞ്ഞു.

ദിവ്യകാരുണ്യമാകുന്ന തീക്കട്ട അമ്മയുടെ ആത്മാവി ന്റെ അകത്തളങ്ങളെ അഗ്നി

പോലെ ജ്വലിപ്പിച്ചു. ഈ ദിവ്യ കാരുണ്യഭക്തി പരി.കുർബ്ബാന എന്ന മഹാത്ഭുതത്തെ സ്നേഹിക്കുവാൻ സെലീനാമ്മയെ പഠിപ്പിച്ചു. ദിവ്യരഹസ്യം സ്വീകരിക്കുന്നവർക്കു ലഭിക്കുന്ന ത്രിവിധ അനുഗ്രഹങ്ങളെക്കുറിച്ചു അമ്മ ബോധവതിയായിരുന്നു.

നിത്യജീവൻ

ദൈവത്തിന്റെ അപ്പാവതാരത്തിന്റെ പ്രധാനലക്ഷ്യം വിശ്വാസിക്ക് നിത്യജീവൻ പ്രദാനം ചെയ്യുക എന്നതായിരുന്നു. ''ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പമാണ്. എന്നെ ഭക്ഷിക്കുന്നവൻ നിത്യം ജീവിക്കും'' (യോഹ. 6:51) എന്ന ക്രിസ്തുവചനത്തിന്റെ ആന്തരിക അർത്ഥം ഇതുതന്നെയാണ്. കർത്താവ് മഹത്വത്തോടെ പ്രത്യക്ഷപ്പെടുന്ന ദിവസം അവന്റെ സന്നിധിയിൽ ജീവൻ കണ്ടെത്താനുള്ള ഉപാധിയാണ് പരി. കുർബ്ബാന. കർത്താവിന്റെ ശരീരം ഉൾക്കൊണ്ട വിശ്വാസികളുടെ ശരീരങ്ങൾക്കു അവിടുന്ന് തീർച്ചയായും നിത്യജീവൻ പ്രദാനം ചെയ്യും. വി.അഗസ്റ്റിന്റെ വാക്കുകളുടെ പൊരുളും ദിവ്യകാരുണ്യത്തിന്റെ അതുല്യഫലമായ നിത്യജീവനെ പ്രചോദിപ്പിക്കുന്നു. ''ഭക്തിയുടെ കൂദാശയേ, ഐക്യത്തിന്റെ അടയാളമേ, സ്നേഹത്തിന്റെ ശൃംഖലയെ ജീവിക്കുവാനുള്ളവ അതിലുണ്ട്. അടുത്ത് ചെല്ലുക നിനക്കു ജീവൻ ലഭിക്കും'' (വി.അഗസ്റ്റിൻ) നിത്യതയുടെ തീരം നോക്കി യാത്ര ചെയ്തിരുന്ന അമ്മയ്ക്ക് വി.കുർബ്ബാന ഓജസ്സേകുന്ന വഴിപാഥേയം ആയിരുന്നു. ഈ പരിശുദ്ധ അപ്പത്തിന്റെ ശക്തി ഇഹത്തിൽ അമ്മയെ ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പും ആയി മാറ്റിയെങ്കിൽ പരത്തിൽ വിലപിടിപ്പുള്ള സന്യാസനാശ്രമവഴിയിലെ 'ഉപമ'യുമാക്കി പകർത്തി.

മിശിഹായിലുള്ള പരസ്പര ഐക്യം

ഓരോ വി.കുർബ്ബാനയും മിശിഹായുമായുള്ള പരസ്പര ഐക്യത്തിൽ നമ്മെ വളർത്തും. 'അവൻ എന്നിലും

ഞാൻ അവനിലും' എന്ന അനുഭവം കരഗതമാകത്തക്കവിധം അനുദിനജീവിതത്തിൽ സവിശേഷമാംവിധം അവിടുത്തെ കണ്ടുമുട്ടുവാനും പരസ്പര സഹവാസത്തിൽ ആയിരിക്കുവാനുമുള്ള മാർഗ്ഗവും പരി.കുർബ്ബാനതന്നെ. ഈ പരസ്പര സഹവാസം ആത്യന്തികമായി ദൈവൈക്യത്തിലേയ്ക്കു നമ്മെ എത്തിക്കും. കാരണം നമ്മുടെ എല്ലാ മാനുഷിക ആവശ്യങ്ങളും ആഗ്രഹങ്ങളും ദൈവോന്മുഖമായി പകർത്താൻ നമ്മെ സഹായിക്കുന്നത് പരി. കുർബ്ബാനയാണ്. പരി.കുർബ്ബാന വഴി ലഭിക്കുന്ന പരസ്പര ഐക്യത്തെക്കുറിച്ചുള്ള അലക്സാണ്ട്രിയായിലെ വി. സിറിളിന്റെ സാക്ഷ്യം ഇപ്രകാരം : ''ഉരുകിയ മെഴുകിൽ ഉരുക്കിയ മെഴുകുചേർത്താൽ രണ്ടുംകൂടി നന്നായി ചേർന്നു കൊള്ളും, അതുപോലെ ക്രിസ്തുവിന്റെ ശരീരവും രക്തവും സ്വീകരിക്കുന്നവർ ക്രിസ്തുവിലും ക്രിസ്തു അവനിലും എന്നപോലെ അവിടുത്തോട് ഐക്യപ്പെടുന്നു'' (വി.സിറിൽ). ഈ പരസ്പര സഹവാസം മൂലം അമ്മ ക്രിസ്തുവിനെ ധരിച്ചവളും ക്രിസ്തുവിൽ ആമഗ്നയുമായി മാറി. തന്മൂലം ജീവിതം തന്നെ ദിവ്യകാരുണ്യപ്രബോധനമായിത്തീർന്നു. സഹോദരങ്ങളെ സ്നേഹിക്കുവാനും, ക്ഷമിക്കുവാനും സഭാമക്കൾക്കായ് അഹോരാത്രം അധ്വാനിക്കുവാനും അമ്മ ധീരത കാട്ടി.

ഉത്ഥാനം

ഉത്ഥാനമാണ് ജീവന്റെ അപ്പം ഭക്ഷിക്കുന്നവർ ആസ്വദിക്കുന്ന മറ്റൊരു ഫലം (യോഹ. 6:54). പരി. കുർബ്ബാന ഈശോയോടൊത്തുള്ള നമ്മുടെ പുനരുത്ഥാനത്തിനു അച്ചാരമാകുന്നു. കാരണം അവൻ ജീവൻ ഹോമിച്ചത് നമ്മുടെ രക്ഷയ്ക്കായി മാത്രമാണ്. യോഗ്യതയോടുകൂടിയ ബലി അർപ്പണവും ദിവ്യകാരുണ്യസ്വീകരണവുമാണ് നമുക്ക് രക്ഷ നേടിത്തരുന്നതെങ്കിൽ സെലീനാമ്മ വി. കുർബ്ബാന വഴിയുള്ള ഈ രക്ഷ ദൈവത്തിൽ നിന്നും ഇരുകരങ്ങൾ നീട്ടി സ്വീകരിക്കുകയും രക്ഷിക്കപ്പെട്ടവരുടെ ഗണത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു.

'ദൈവവുമായുള്ള ദിവസേനയുള്ള ഇടപാട് നമുക്ക് അനിവാര്യമാണ്. എല്ലാദിവസവും നാം ശ്വസിക്കണം, നമുക്കെപ്പോഴും വെളിച്ചം വേണം. എന്നും ഭക്ഷണം കഴിക്കണം. എല്ലാ ദിവസവും മനുഷ്യരു

മായി സൗഹൃദമുണ്ട്. നമുക്ക് ചിലരെ എന്നും വേണം. അതുപോലെ തന്നെ ദൈവവുമായുള്ള ഇടപാട് ജീവിതത്തിന്റെ അടിസ്ഥാന ഘടകങ്ങളിൽപ്പെട്ട ഒന്നാണ്. ദൈവം പെട്ടെന്ന് അപ്രത്യക്ഷമായാൽ നമ്മുടെ ആത്മാവിനു ശ്വസിക്കാനാവില്ല'. (ബനഡിക്റ്റ് പാപ്പ). വി.കുർബ്ബാന വഴിയായുള്ള ഈ ദൈവിക ഇടപാട് സെലീനാമ്മയെ യഥാർത്ഥത്തിൽ ദൈവികസാന്നിധ്യത്തിന്റെ ഷെക്കീന (കൂടാരം) ആക്കിമാറ്റി. ദൈവത്തിന്റെ കൂടാരവും സിംഹാസനവുമായി മാറിയ അമ്മയുടെ ജീവിതം നിരന്തരം കർത്താവിന്റെ സാന്നിധ്യം കൊണ്ട് സാന്ദ്രമായി. തന്റെ ശരീരമാകുന്ന ദേവാലയത്തിൽ, ആത്മാവാകുന്ന മദ്ബഹായിൽ നിരന്തരം ത്രിത്വത്തെ കുടിയിരുത്തി അവിടുത്തെ തിരുസാന്നിധ്യവും തിരുസഹവാസവും അതിൽനിന്നും അനർഗ്ഗളമായി നിർഗ്ഗളിക്കുന്ന intense, solid, personal experience of love of Jesus അമ്മ തന്റെ ഓരോ ശ്വാസത്തോടൊപ്പം അനുഭവിച്ചിരുന്നു. എന്തുകണ്ടാലും കേട്ടാലും അവയിലെല്ലാം ദൈവികചിന്ത അമ്മ പുലർത്തിയിരുന്നു. ഒന്ന് എന്നു കേട്ടാൽ പിതാവ്, 3, പരിശുദ്ധത്രിത്വം, 5 ഈശോയുടെ 5 തിരുമുറിവുകൾ, 7 ഏഴുകൂദാശകൾ, 12 ശിഷ്യന്മാർ, ഇവയൊക്കെ ഇതിനുള്ള തെളിവുകളാണ്. അമ്മയുടെ ചിന്തയിലും വാക്കിലും പ്രവർത്തിയിലുമെല്ലാം ഒരുവൻ മാത്രം. നീ മാത്രം, നിന്നെ മാത്രം നിനക്കായ് മാത്രം എന്ന സെലീനാമ്മയുടെ സുകൃതമന്ത്രം ഇതുതന്നെ വിളിച്ചോതുന്നു.

കർത്താവിനെ എപ്പോഴും കൺമുമ്പിൽ കണ്ടുകൊണ്ട് വ്യാപരിക്കുവാൻ അമ്മയുടെ ഈ ആത്മീയ സമ്പത്ത് അമ്മയെ സഹായിച്ചു. ഈശോ മിശിഹായുടെ സ്നേഹത്തിൽ പാർത്ത്, എപ്പോഴും അവിടുത്തെ കൺമുമ്പിൽ ഇരുന്ന് അരികെ നടന്ന്, തന്നോടുകൂടെ എപ്പോഴും സംസാരിച്ചുകൊണ്ടുള്ള ഈ ധന്യജീവിതചര്യ സഭാപിതാവായ ചാവറയച്ചന്റെ ആത്മീയ വീക്ഷണത്തിനുസൃതം ക്രമപ്പെടുത്തിയതായിരുന്നു. അനുദിന ജീവിതപ്രവർത്തനങ്ങൾക്കിടയിലും ഉള്ളിന്റെ ഉള്ളിൽ അധിവസിക്കുന്ന ദിവ്യാതിഥിയുടെ സ്നേഹസാന്നിധ്യം അനുഭവിക്കുന്ന അമ്മയുടെ ശൈലി ഏറെ അനുകരണീയമാണ്. എന്തിനാണ് ഇടയ്ക്കിടയ്ക്ക് കണ്ണുകൾ അടയ്ക്കുന്നത് എന്നുള്ള സഹോദരിമാരുടെ ചോദ്യത്തിന് അമ്മ നൽകുന്ന

മറുപടി നോക്കൂ. അത് ഉള്ളിലേക്കൊന്നു നോക്കുന്നതാണ്. ആ സാന്നിധ്യം അവിടെ ഉണ്ടല്ലോ. അങ്ങേരുടെ കണ്ണുകൾ നമ്മിലേക്കാണ്. അപ്പോൾ നമ്മുടെ നോട്ടം അങ്ങയിലേക്കാകണമല്ലോ. ദൈവത്തിൽ ഗുപ്തവും സഹജർക്കു സംലഭ്യവുമായ ഈ പാവനജീവിതം CMC ആത്മീയതയുടെ അന്തസത്തയായ ഭൗതികാത്മയോഗത്തിന്റെ മികവുറ്റ ഒരു ദർപ്പണം തന്നെ.

ദിവ്യകാരുണ്യ ജീവിതത്തിന്റെ ഫലങ്ങൾ

ആരാധനാനിർഭരമായ നിശബ്ദതയിൽ ദിവ്യകാരുണ്യനാഥനെ ഇമപൂട്ടാതെ നോക്കി ധ്യാനിച്ച്, ഹൃദയത്തിൽ ആ ദിവ്യസ്നേഹിതന് ഇടം കൊടുത്തപ്പോൾ സെലീനാമ്മയുടെ ജീവിതം ദൈവീകനന്മയുടെയും ദൈവീകസൗന്ദര്യത്തിന്റെയും മുഖം തെളിയുന്ന ദർപ്പണമായി.

വളരെ സങ്കീർണ്ണവും ക്ലേശപൂരിതവുമായ സഭാസംയോജനം എന്ന പ്രക്രിയയുടെ അമരക്കാരിയായിക്കൊണ്ട് തിരക്കുപിടിച്ച് ഓടി നടക്കുമ്പോഴും സഭാനൗകയെ വിശുദ്ധി എന്ന കൃത്യമായ ലക്ഷ്യത്തിലേക്കു നയിക്കുവാൻ അമ്മയ്ക്കു സാധിച്ചു.

> “ചുവടുപിഴയ്ക്കാതെ പകച്ചു നില്കാതെ അനന്യമായ കാന്തിയുള്ള വിശുദ്ധരുടെ കൂട്ടയ്മയാകുന്ന പ്രഭാവലയത്തിൽ അമ്മ ഉൾപ്രവേശിച്ചു

എപ്പോഴും ദൈവസ്വരത്തിനു കാതോർത്ത് ദൈവഹിതം തിരിച്ചറിഞ്ഞ് ആ ഹിതം അനുവർത്തിക്കുന്നതിനായി സ്വന്തം ഹിതങ്ങളെയെല്ലാം മാറ്റിവച്ച് യഥാർത്ഥ ചൊൽവിളിയുള്ള സമർപ്പിതയായി.

സക്രാരി എന്ന ഭ്രമണപഥത്തിലും സക്രാരിയുടെ പരിസരത്തും നിരന്തരം സഞ്ചരിച്ചതിനാൽ വിശ്വാസത്തിന്റെ ഭാരമില്ലായ്മ എന്ന ഭ്രമണപഥത്തിൽ അമ്മ എത്തി. ഫലമോ ചുവടുപിഴയ്ക്കാതെ പകച്ചു നില്കാതെ അനന്യമായ കാന്തിയുള്ള വിശുദ്ധരുടെ കൂട്ടയ്മയാകുന്ന പ്രഭാവലയത്തിൽ അമ്മ ഉൾപ്രവേശിച്ചു.

പ്രവർത്തനബാഹുല്യം കൊണ്ട് പ്രാർത്ഥനാജീവിതവും ആത്മീയ ജീവിതവും വളർച്ചയും

> കർത്താവിനെ എപ്പോഴും കൺമുമ്പിൽ കണ്ടുകൊണ്ട് വ്യാപരിക്കുവാൻ അമ്മയുടെ ഈ ആത്മീയ സമ്പത്ത് അമ്മയെ സഹായിച്ചു.

സാധിക്കുന്നില്ല എന്ന പല്ലവിയുമായി നടക്കുന്ന CMC പുത്രിമാർക്ക് മുമ്പിൽ വെല്ലുവിളിയായി മാറി.

തന്നെ നോക്കി മുഖംവീർപ്പിച്ചു നടക്കുന്നവരെ ഓർത്തു പരിഭവിക്കാതെ തന്നെ നോക്കി ചിരിച്ചവരെ ഓർത്തു സന്തോഷിച്ചാനന്ദിക്കുവാൻ സാധിച്ചു.

കാലത്തിനൊപ്പം നടക്കാൻ എന്നാൽ കാലഘട്ടത്തിന്റെ പൊതുവായ ഒഴുക്കിനെതിരെ ശക്തമായ ഒരു മുന്നേറ്റം, നിലപാട് കൈക്കൊള്ളാൻ അമ്മയ്ക്ക് കഴിഞ്ഞു.

സഹജർക്കു പ്രചോദനം പകരുന്ന ഭാഷണതിരകളും, ആദർശസൂക്തങ്ങളും പ്രവർത്തന സമ്പ്രദായങ്ങളും ഒപ്പം ചുറുചുറുക്കും സ്നേഹോഷ്മളതയും യുക്തിപൂർവ്വമായ ചിന്തയും ഉള്ള പ്രായോഗിക സിദ്ധികളുടെ പണിപ്പുരയാക്കി.

സമൂഹത്തിനു സന്തോഷം വിതറുന്ന, സംഭ്രമിപ്പിക്കാത്ത ആനന്ദം പകരുന്ന ഒരു ദിവ്യ കാരുണ്യപ്രദക്ഷിണമായി ജീവിതം മാറി.

പ്രാർത്ഥനാവേളയിൽ സ്വാർത്ഥതയുടെ വേലിക്കെട്ടുകൾ ഇല്ലാതെ ദൈവത്തോടുള്ള സ്നേഹത്താൽ ഹൃദയം തുറക്കുവാനും സ്നേഹിക്കുന്നവർക്കും സ്നേഹത്തിലൂടെ തന്റെ അടുക്കൽ വരുന്നവർക്കും ആശ്വാസവും അലിവും പകരുന്ന ദൈവകരുണയുടെ പരിമളമായി മാറാനും അമ്മയ്ക്കു കഴിഞ്ഞു.

അങ്ങനെ നീരുറവയ്ക്കരികെ നിൽക്കുന്ന ഫലസമൃദ്ധിയുള്ള അമ്മമരമായി മദർ സെലിൻ മാറി. മാസം തോറും പുത്തൻ ഫലം പുറപ്പെടുവിക്കുന്ന മരം. ഈ വൃക്ഷത്തിന്റെ ഫലം ഭക്ഷണത്തിനും ഇലകൾ രോഗശമനത്തിനും ഉപകരിച്ചു (എസ 47.12). ഈ വൃക്ഷം യഥാകാലം ഫലം തരുന്നതും ഇലകൊഴിയാത്തതുമായ നിത്യഹരിത വൃക്ഷമായി മാറി, CMC യിൽ കത്തോലിക്കാ സഭയിൽ, ലോകചരിത്രത്തിൽ ഇടം പിടിക്കും. നമുക്കും ഈ വൃക്ഷത്തണലിൽ ഇടം കണ്ടെത്താം.

08

ദിവ്യസ്നേഹത്തിന്റെ വാനമ്പാടി - സെലിനാമ്മ

സി. ക്ലാരിസ്

സൂര്യകാന്തി പുഷ്പം എന്നും സൂര്യനെ നോക്കുന്ന പോലെ, ഇടത്തോട്ടോ വലത്തോട്ടോ തിരിയാതെ സൂര്യന്റെ നേരെ തന്റെ ഇതളുകൾ വിടർത്തി, തളിർത്തുനിൽക്കുന്ന സൂര്യകാന്തി പുഷ്പം പോലെ ദിവ്യസൂര്യനായ മിശിഹായിൽ ദൃഷ്ടികളൂന്നി, അവിടുന്നിൽ നിന്ന് ഊർജ്ജം സമ്പാദിച്ച് കർമ്മലാരാമത്തിൽ വിടർന്ന് വികസിച്ച മനോഹര പുഷ്പമായിരുന്നു കേരളകർമ്മല സഭാസംയോജനത്തിലും നവീകരണത്തിലും നിർണ്ണായകവും ഭാവാത്മകവുമായ പങ്കുവഹിച്ച CMC യുടെ ആദ്യ സുപ്പീരിയർ ജനറൽ

ബഹു. മദർ മേരി സെലിൻ. പരിശുദ്ധ ത്രിത്വസഹവാസത്തിൽ ദിവ്യകാരുണ്യ ഈശോയിൽ കണ്ണുകളുറപ്പിച്ച് ധ്യാനനിർലീനതയിൽ ആമഗ്നയായ അമ്മയെ സമകാലികരായ പലരും സാക്ഷ്യപ്പെടുത്തുന്നുണ്ട്. വിശുദ്ധ കുർബാനയോടുള്ള അതിഗാഢമായ സ്നേഹവും ആകർഷണവും അനുദിനം പല മണിക്കൂറുകൾ സർവ്വം മറന്ന് ദിവ്യകാരുണ്യചാരെ ആയിരിക്കുവാൻ അമ്മയെ പ്രേരിപ്പിച്ചു. അവിടെ നിന്നും ആവാഹിച്ചെടുത്ത ആത്മീയ ഊർജ്ജമാണ് അമ്മയുടെ മനസ്സിനെയും പാദങ്ങളെയും ചലിപ്പിച്ചത്.

'സ്വർഗ്ഗത്തെ സ്നേഹിക്കുന്നവൻ സ്വർഗ്ഗീയനായി ജീവിക്കുന്നു' എന്ന് വില്യം ഷേക്സ്പിയർ സാക്ഷിക്കുന്നു. ബഹുമാനപ്പെട്ട സെലീനാമ്മ സ്വർഗ്ഗത്തെ ആത്മതുല്യം സ്നേഹിച്ച് ഹൃദയത്തിൽ സ്വർഗ്ഗത്തെ സംവഹിച്ച് സ്വർഗ്ഗീയജീവിതം ഈ ഭൂമിയിൽ നയിച്ച സമർപ്പിതയാണ്. ഇത്തിൾക്കണ്ണി പോലെ ദൈവത്തിൽ വേരുറപ്പിച്ച ഒരു ജീവിതമായിരുന്നു അമ്മയുടേത്. 'ഒരേ ഒരു മുഖം, ഒരു ഒരു സ്വരം, ഒരേ ഒരു ജ്വരം'' എന്നതായിരുന്നു അമ്മയുടെ ജീവിതഭാവം, ഈ ഏകാഗ്രത കർമ്മലയുടെ മൗനം അക്ഷരാർത്ഥത്തിൽ ജീവിക്കുവാൻ അമ്മയെ സഹായിച്ചു.

വിളിച്ചവനോടുള്ള വിശ്വസ്തതയിൽ ജീവിതനിമിഷങ്ങൾ ധന്യമാക്കുവാൻ നിതാന്ത ജാഗ്രത അമ്മ പുലർത്തിയിരുന്നു. 'നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ എല്ലാ പ്രവൃത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ' (1 പത്രോ. 1:15) എന്ന ദൈവിക ആഹ്വാനം ജീവിക്കുവാൻ അമ്മ എപ്പോഴും ശ്രദ്ധിച്ചിരുന്നു. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും പരിശുദ്ധി നിറച്ച് ഗുണമേന്മയുള്ള CMC സഹോദരിയായി ജീവിക്കുവാൻ അമ്മ ദത്തശ്രദ്ധയായിരുന്നു. മാനുഷിക ബലഹീനതകളിൽ 'നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്റെ വലത്തുകരം പിടിച്ചിരിക്കുന്നു. ഞാനാണ് പറയുന്നത് ഭയപ്പെടേണ്ട, ഞാൻ നിന്നെ സഹായിക്കും' (ഏശയ്യ 41:13) എന്ന ആശ്വാസവചനം അമ്മയ്ക്കു ബലം പകർന്നു. മണവാളനു ചേർന്ന മണവാട്ടിയായി ജീവിക്കണമെന്നത് അമ്മയുടെ നിശ്ചയദാർഢ്യമായിരുന്നു. 'അവൻ എന്നെ ഓർത്തല്ലോ, അവൻ എന്ന വിളിച്ചല്ലോ'

എന്ന ചിന്ത മണവാളത്ത ജീവിതത്തിന്റെ സൗന്ദര്യം ആസ്വദിക്കുവാൻ അമ്മയെ സഹായിച്ചു. നിരന്തരം അവനുമായി സല്ലപിക്കുവാൻ, വ്യാപാരങ്ങൾക്കിടയിലും ഹൃദയത്തിൽ വസിക്കുന്ന സ്നേഹമണവാളനിലേക്ക് ദൃഷ്ടികളുയർത്തുവാൻ അമ്മയ്ക്കു സാധിച്ചിരുന്നു. 'ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ, അവന്റെ കൺമുമ്പിലിരിപ്പിൻ, അരികെ നടപ്പിൻ, എപ്പോഴും തന്നോടു സംസാരിപ്പിൻ' (ചാവറപ്പിതാവ്) എന്ന CMC സ്ഥാപകനായ വി. ചാവറപ്പിതാവിന്റെ ഉപദേശം സ്വജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ബഹു. സെലിനാമ്മ എന്നും ശ്രദ്ധാലുവായിരുന്നു. എല്ലാക്കാര്യങ്ങളിലും ഈശോയോട് ആലോചന ചോദിച്ച്, അവിടുത്തെ ഹിതമനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുവാൻ സാധിച്ചു എന്നതാണ് ആ ജീവിതത്തിന്റെ ധന്യത.

ആർക്കും, ഒന്നിനും നശിപ്പിക്കാൻ സാധിക്കാത്ത ഹൃദയാനന്ദം ബഹു. സെലിനാമ്മ അനുഭവിച്ചിരുന്നു. ആ ഹൃദയാനന്ദത്തിന്റെ ബഹിർസ്ഫുരണമായിരുന്നു അമ്മയുടെ ശാന്തതയും ശാലീനതയും ക്രിയാത്മകതയും ഒന്നുചേർന്ന മഹത്വ്യക്തിത്വം. വേദനിക്കുന്നവർക്കും ആലംബഹീനർക്കും സാന്ത്വനവും പ്രചോദനവും നൽകുന്ന കാരുണ്യസ്പർശമായി മാറി ആ ജീവിതം. തന്റെ സ്നേഹവലയത്തിൽനിന്നും ആരെയും ഒരിക്കലും അമ്മ അകറ്റിനിർത്തിയിരുന്നില്ല. സ്നേഹം പുഞ്ചിരിപോലെയാണെന്ന് അമ്മ പറയാറുണ്ടായിരുന്നു. പുഞ്ചിരിക്ക് മൂല്യമുണ്ടാകുന്നത് അത് അപരന് സമ്മാനിക്കുമ്പോഴാണ്. അതുപോലെ തന്നെയാണ് സ്നേഹവും. സ്നേഹം പങ്കുവയ്ക്കുമ്പോൾ സന്തോഷം വർദ്ധിക്കുന്നു.

> വിളിച്ചവനോടുള്ള വിശ്വസ്തതയിൽ ജീവിത നിമിഷങ്ങൾ ധന്യമാക്കുവാൻ നിതാന്തജാഗ്രത അമ്മ പുലർത്തിയിരുന്നു.

ദൈവസ്നേഹത്തിന്റെ ആഴങ്ങൾ അനുഭവിച്ചറിഞ്ഞ സെലിനാമ്മ സ്നേപൂർവ്വകമായ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ആത്മാക്കളെ

സ്വാധീനിക്കാൻ പ്രാപ്തിയുള്ളവളായിരുന്നു. പ്രാണിധാനജീവിതത്തിലൂടെആദ്ധ്യാത്മികസമ്പന്നതകൾ സ്വാംശീകരിച്ച് പ്രേഷിതജീവിതത്തിലൂടെ, ശുശ്രൂഷയിലൂടെ ലോകത്തിന് സമ്മാനിക്കുക എന്ന CMC വിളി ജീവിക്കുവാൻ അമ്മയ്ക്കും സാധിച്ചിരുന്നു. നന്മസ്വരൂപന്റെ ചാരെ ഇരുന്ന് നന്മയുടെ നല്ല പാഠങ്ങൾ പഠിച്ചെടുത്ത് ബന്ധപ്പെട്ടവരുടെയെല്ലാം മനസുകളെ ഉണർത്തി പ്രചോദിപ്പിച്ച് നന്മയുടെ മനുഷ്യരാക്കി പകർത്തുവാൻ അമ്മയ്ക്ക് പ്രത്യേക നൈപുണ്യമുണ്ടായിരുന്നു. കണ്ടുമുട്ടിയ അനേകരുടെ ജീവിതങ്ങൾക്ക് പ്രത്യാശയായി, ഒരു വിളക്കുമരമായി ജീവിക്കുവാൻ അമ്മയ്ക്കു സാധിച്ചു.

'നാം ദൈവസ്നേഹാഗ്നികൊണ്ട് എരിയണം. ദൈവവുമായി ഏകവും ഗാഢവുമായ ഐക്യം പ്രാപിക്കണം. ദൈവസ്നേഹത്തിന്റെ മുദ്രയില്ലാത്ത പ്രവൃത്തികൾ ദൈവതിരുസന്നിധിയിൽ സ്വീകാര്യമല്ല' (സ്നേഹക്കനൽ പേജ് 128) എന്നു പഠിപ്പിക്കുന്ന സെലിനാമ്മ സ്നേഹിതർക്കുവേണ്ടി ജീവനർപ്പിക്കാൻ തയ്യാറായ മിശിഹായുടെ സ്നേഹത്തിന്റെ ആഴങ്ങൾ കണ്ടെത്തുവാനും ജീവിക്കുവാനും പരിശ്രമിച്ചിരുന്നു. അവനിലെ കരുണയുടെ, ക്ഷമയുടെ, ശാന്തതയുടെ, എളിമയുടെ, നിസ്വാർത്ഥതയുടെ ഒക്കെ ഭാവങ്ങൾ സ്വന്തമാക്കുവാൻ അമ്മ നിതാന്തജാഗ്രത പുലർത്തിയിരുന്നു. 'ക്ഷമിക്കുന്നവന്റെ മുഖചരായ ദൈവത്തിന്റേതാണ്. ക്ഷമ മഹത്തായ വ്യക്തിത്വത്തിന്റെ അടയാളമാണ്. കുറ്റങ്ങൾ ക്ഷമിക്കുക എന്നത് കരുണാർദ്രസ്നേഹത്തിന്റെ പ്രകാശനവുമാകുന്നു' (കാരുണ്യത്തിന്റെ മുഖം) എന്ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പഠിപ്പിക്കുന്നതിന് ഏറെനാൾ മുമ്പുതന്നെ ബഹു. സെലിനാമ്മ ഈ ചൈതന്യം തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കിയിരുന്നു. സമൂഹജീവിതം സുന്ദരമാക്കുവാൻ ക്ഷമ എന്ന പുണ്യം അഭ്യസിക്കേണ്ടതിന്റെ ആവശ്യകത നന്നായി മനസ്സിലാക്കിയിരുന്ന അമ്മ തന്റെ മക്കളെയും ആ ശൈലി പഠിപ്പിക്കുവാൻ അതീവ ശ്രദ്ധാലുവായിരുന്നു. കുരിശിൽ കിടന്ന് 'ഇവർ ചെയ്യുന്നതെന്തെന്നറിയായ്കയാൽ ഇവരോട് ക്ഷമിക്കണമെ' (ലൂക്ക 23:34) എന്നു പ്രാർത്ഥിച്ച ആത്മനാഥന്റെ ഹൃദയഭാവം ഉൾക്കൊള്ളാതെ

അവിടുത്തെ മണവാട്ടിയായി നമുക്കു ജീവിക്കാനാവുന്നതെങ്ങനെ? സന്യാസജീവിതം സ്വർഗ്ഗതുല്യമാക്കുന്ന ക്ഷമ എന്ന പുണ്യത്തെ നമുക്കും സ്വന്തമാക്കാൻ ജാഗ്രതയുള്ളവരാകാം.

വിദ്യാഭ്യാസമേഖലയിൽ അധ്യാപികയായി പ്രേഷിതദൗത്യമാരംഭിച്ച് ഹെഡ്മിസ്ട്രസ്സായും പ്രിൻസിപ്പലായും ഏതാണ്ട് 19 വർഷക്കാലം സ്തുത്യർഹമായി പ്രവർത്തിച്ച അമ്മ ഓരോ വിദ്യാർത്ഥിയുടെയും ഹൃദയത്തിൽ സ്നേഹത്തിന്റെ മഹാവിസ്ഫോടനം കാഴ്ചവച്ചിരുന്നു. ഒരിക്കൽ ഒരു 4-ാം ക്ലാസ്സുകാരന്റെ മുഖം വാടിയപ്പോൾ അരികിൽ വിളിച്ച് കാരണമന്വേഷിച്ചു. അപ്പൻ അടിച്ചതാണ് കുട്ടിയുടെ വിഷമം. പ്രശ്നത്തിന്റെ വിശദാംശങ്ങൾ മനസ്സിലാക്കിയ അമ്മ അവന്റെ കുരുത്തക്കേടിനെക്കുറിച്ച് അവനെ ബോധവാനാക്കി, ആ കുട്ടിയുടെ ശ്രദ്ധ ഈശോയിലേക്ക് തിരിച്ചു. യാതൊരു തെറ്റും ചെയ്യാതെ നന്മ മാത്രം ചെയ്തിട്ടും അടിക്കപ്പെട്ടപ്പോൾ ഈശോ അത് സമചിത്തതയോടെ സ്വീകരിച്ച് അടിച്ചവരുടെ പാപത്തിന് പരിഹാരം ചെയ്തു. പ്രതികാരം ചെയ്യുവാൻ ഈശോ മുതിർന്നില്ല. ക്രിസ്ത്യാനികളായ നാമും ഈ മാതൃകയാണ് അനുകരിക്കേണ്ടത് എന്ന് പറഞ്ഞുകൊടുത്തപ്പോൾ ആ കുട്ടി നല്ല മനസ്സോടെ ആ ഉപദേശം സ്വീകരിച്ചു. അമ്മയുടെ ഈ ഇടപെടൽ പ്രതികൂലാനുഭവങ്ങളിൽ ശാന്തമായി ഇടപെടാനും അതുവഴി ജീവിതത്തിന്റെ ഉന്നതമേഖലയിലെത്തിച്ചേരുവാനും അദ്ദേഹത്തെ പ്രചോദിപ്പിച്ചു എന്ന് അദ്ദേഹം തന്നെ പിന്നീട് സാക്ഷ്യപ്പെടുത്തുകയുണ്ടായി. പ്രാർത്ഥനയുടെ പരിശുദ്ധ മുഹൂർത്തങ്ങളിൽ ദൈവിക സ്നേഹം അനുഭവിച്ച് ഇടപെടുന്നവർക്ക് അതു പകർന്നു നൽകിയ ആ വാനമ്പാടിയുടെ മുമ്പിൽ നന്ദിയുടെ നമോവാകം!!!

> “ബഹുമാനപ്പെട്ട സെലീനാമ്മ സ്വർഗ്ഗത്തെ ആത്മതുല്യം സ്നേഹിച്ച് ഹൃദയത്തിൽ സ്വർഗ്ഗത്തെ സംവഹിച്ച് സ്വർഗ്ഗീയജീവിതം ഈ ഭൂമിയിൽ നയിച്ച സമർപ്പിതയാണ്”

നാം സ്വീകരിച്ചിരിക്കുന്ന ജീവിത പഥത്തിൽ കൂടുതൽ ഉറപ്പോടും സന്തോഷത്തോടും പ്രതീക്ഷയോടുംകൂടി മുന്നേറുവാൻ സാധിക്കുന്ന തരത്തിലുള്ള നവീകരണമാണിന്നാവശ്യം. നിറഞ്ഞ ഉപവിപ്രാപിക്കുവാൻ ഓരോരുത്തരും ആത്മാർത്ഥമായി പരിശ്രമിക്കണം.
(മാതൃമൊഴികൾ പേജ് 130)

09

സെലീനാമ്മയുടെ മിസ്റ്റിക്കനുഭവവും പരോന്മുഖതയും

സി. മിസ്റ്റിക്ക

സ്ഥാപകസിദ്ധിയോടുള്ള വിശ്വസ്തതയിൽ ദൈവത്തെ സ്നേഹമുള്ള അപ്പനും, സഹജരെ അവിടുത്തെ മക്കളും സ്വന്തം കൂടപ്പിറപ്പുകളും, തിരുസഭയെ അമ്മയും ലോകത്തെ സ്വന്തം കുടുംബവുമായി കാണുന്ന CMC യുടെ ആത്മീയദർശനം സ്വജീവിതത്തിൽ അതിന്റെ പൂർണ്ണതയിൽ സാക്ഷാത്ക്കരിച്ച ദൈവപിതാവിന്റെ പ്രിയ പുത്രിയാണ് ദൈവദാസി മദർ മേരിസെലിൻ. നമ്മുടെ ഇടയിൽ വിശുദ്ധ ജീവിതം നയിച്ച് നമുക്കൊക്കെ മാതൃക നൽകികടന്നു

പോയ സെലീനാമ്മയെക്കുറിച്ച് CMC മക്കളായ നമുക്കോരോരുത്തർക്കും ആത്മാർത്ഥമായി അഭിമാനിക്കാം.

അമ്മയോട് അടുത്തിടപഴകിയവരും അമ്മയുടെകൂടെ സഹവസിച്ചിട്ടുള്ളവരും ആണെങ്കിൽപോലും അമ്മയുടെ ദൈവാനുഭവത്തെക്കുറിച്ച് എഴുതിയാൽ അതൊരിടത്തും എത്തും എന്നു തോന്നുന്നില്ല. കാരണം ഒരാത്മാവിന്റെ ദൈവാനുഭവം മറ്റൊരുവ്യക്തിയെക്കൊണ്ട് രേഖപ്പെടുത്തിയാൽ പൂർണ്ണമാവില്ല. ദൈവത്തിന്റെ സൃഷ്ടിമാഹാത്മ്യവും ഓരോരുത്തർക്കുമുള്ള വരദാനങ്ങളുടെ അളവും വളരെ വൈവിധ്യമാർന്നതാണ്. ഈ ഭൂമിയിലെ സൃഷ്ടജാലങ്ങളിൽ ഒന്നും തന്നെ ഒരുപോലെ സൃഷ്ടിക്കപ്പെട്ടിട്ടില്ല ഉദാഹരണത്തിന് ഒരു ചെടിയിലെ ഒരു ചില്ലയിലെ രണ്ടിലകൾ പോലും പൂർണ്ണ സമാനതകളോടെ കാണാനാവില്ല. അപ്പോൾ മനുഷ്യാത്മാവിന്റെ വ്യത്യസ്തത ഊഹിക്കാവുന്നതേയുള്ളൂ. മനസ്സ്, ശരീരം, ആത്മാവ് ഇവ മൂന്നും കൂടിച്ചേരുന്ന മനുഷ്യവ്യക്തിത്വങ്ങൾ എണ്ണമറ്റ വ്യത്യാസങ്ങൾ പേറുന്നു എന്നതാണ് ഒരു വലിയ അത്ഭുതസത്യം. കർമ്മലവിശുദ്ധരെപ്പോലെ സെലീനാമ്മ തന്റെ മിസ്റ്റിക് അനുഭവം എഴുതി രേഖപ്പെടുത്തിയിട്ടില്ലെങ്കിലും അമ്മയെ നേരിട്ടറിയാവുന്ന എല്ലാവരുടേയും ഹൃദയത്തിൽ അമ്മ അനുഭവിച്ച ദൈവസ്നേഹാനുഭവം സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞു എന്നതിനു സംശയമില്ല.

1971-ൽ ആലുവ ജൂണിയറേറ്റിൽ ആയിരുന്ന അവസരത്തിൽ അമ്മയുമായി അടുത്തിടപെടാനും അമ്മയുടെ വ്യക്തിത്വത്തേയും ആത്മീയ ഭാവങ്ങളേയും നോക്കിക്കണ്ട് അനുകരിക്കാനും സാധിച്ച അനുഭവസാക്ഷ്യങ്ങളും അമ്മയുടെ ലേഖനങ്ങളും കത്തുകളുമാണ് ഈ ലേഖനമെഴുതാനുള്ള ആധികാരിക പിൻബലം.

ആഴമായ ആദ്ധ്യാത്മികത ഒരു വ്യക്തിയുടെ വ്യക്തിത്വത്തെ മുഴുവൻ ചൂഴ്ന്നു നില്ക്കുന്ന ഒരു പ്രതിഭാസമാണ്. ചിന്താരീതിയിലും മനോഭാവത്തിനും അനുദിനവ്യാപാരങ്ങളിലും കർമ്മപദ്ധതികളിലും എല്ലാം അതിന്റെ പരിവേഷം കാണാൻ സാധിക്കും. വാക്കുകളിൽ, നോട്ടത്തിൽ, നടപ്പിൽ,

ഇരിപ്പിൽ, പ്രതിസന്ധികളിൽ, പ്രശ്നങ്ങളിൽ എല്ലാം അതു പ്രകടമാകുന്നു. അമ്മയുടെ ഉദരത്തിൽ ഉരുവാകും മുൻപേ ഉള്ള അവസ്ഥ മുതൽ ചെറുപ്പകാലത്തെ വളർത്തലും പഠനവും കുടുംബപശ്ചാത്തലവും വരെ ഇതിലേയ്ക്ക് അവരെ കൊണ്ടെത്തിക്കുന്നു. സെലീനാമ്മയുടെ കുടുംബാന്തരീക്ഷം തന്നെ അതായത് മാതാപിതാക്കളുടെ പ്രാർത്ഥനാ ചൈതന്യം, അച്ചടക്കം, ദാനധർമ്മശീലം മുതലായവ അമ്മയെ മഹത്വവും വിശുദ്ധിയും നിറഞ്ഞ ഒരു വ്യക്തിത്വത്തിന് ഉടമയാക്കി എന്നതാണ് സത്യം. ലഭ്യമായ വരദാനങ്ങളോട് അമ്മ സഹകരിക്കുകയും ചെയ്തു.

ആത്മാവിന്റെ ദൈവവുമായുള്ള ലയനമാണല്ലോ മിസ്റ്റിസിസം. തങ്ങളുടെ ഉള്ളിലും മറ്റുള്ളവരിലും പ്രകൃതിയിലും നിറഞ്ഞു നിൽക്കുന്ന ദൈവസാന്നിദ്ധ്യം അനുനിമിഷം പച്ചയായ തങ്ങളുടെ ജീവിതത്തിൽ അനുഭവിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്നവരാണ് മിസ്റ്റിക്കുകൾ. ത്രിത്വൈകദൈവം എന്നിൽ വസിക്കുന്നു എന്നും, ഞാൻ അവിടുന്നിൽ ആമഗ്നയും

“ സെലീനാമ്മയുടെ കുടുംബാന്തരീക്ഷം തന്നെ അതായത് മാതാപിതാക്കളുടെ പ്രാർത്ഥനാ ചൈതന്യം, അച്ചടക്കം, ദാനധർമ്മശീലം മുതലായവ അമ്മയെ മഹത്വവും വിശുദ്ധിയും നിറഞ്ഞ ഒരു വ്യക്തിത്വത്തിന് ഉടമയാക്കി

നിർലീനയും ആണെന്നുമുള്ള പരമാർത്ഥം സംശയത്തിനിടമില്ലാത്തവിധം ആത്മാവിൽ രൂഢമൂലമാകുന്ന ഒരു അനുഭൂതിയാണത്. വി. യോഹന്നാൻ ക്രൂസ്, വി. അമ്മത്രേസ്യ, പരി. ത്രിത്വത്തിന്റെ എലിസബത്ത് എന്നിവരുടെ ആത്മീയാനുഭൂതികൾ അവർ തന്നെ എഴുതിവെച്ചിരിക്കുന്നതായി നാം കാണുന്നു. എന്നാൽ സെലീനാമ്മയെ സംബന്ധിച്ച് അമ്മയുടെ പ്രാർത്ഥനാനുഭവത്തെക്കുറിച്ച് പൂർണ്ണമായും വ്യക്തമായും രേഖപ്പെടുത്തിയിട്ടില്ലെന്നു തോന്നുന്നു. അമ്മ ഡയറി എഴുതി സൂക്ഷിച്ചിരുന്നെങ്കിൽ തിരുസഭയ്ക്കുതന്നെ മുതൽക്കൂട്ടാകുമായിരുന്നു. എന്നാൽ അമ്മയുടെ കത്തുകളും ലേഖനങ്ങളും, ഉപദേശങ്ങളും മാതൃമൊഴികൾ എന്ന

> സെലീനാമ്മയുടെ കുടുംബാന്തരീക്ഷം തന്നെ അതായത് മാതാപിതാക്കളുടെ പ്രാർത്ഥനാ ചൈതന്യം, അച്ചടക്കം, ദാനധർമ്മശീലം മുതലായവ അമ്മയെ മഹത്വവും വിശുദ്ധിയും നിറഞ്ഞ ഒരു വ്യക്തിത്വത്തിന് ഉടമയാക്കി

പുസ്തകവും സർവ്വോപരി ജീവിതവും, പ്രാർത്ഥനാ ശൈലിയും പരസ്നേഹവും, ലാളിത്യവുമൊക്കെ ധന്യമായ അമ്മയുടെ ആത്മീയതയെ മനസ്സിലാക്കാൻ ലഭിച്ചിരിക്കുന്ന പ്രകടമായ തെളിവുകളാണ്. മേല്പറഞ്ഞ കർമ്മലവിശുദ്ധരിൽ പ്രകടമാകുന്ന സത്ഗുണങ്ങളെല്ലാം അമ്മയിൽ സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നു. സെലീനാമ്മയുടെ മിസ്റ്റിക് ജീവിതത്തിലേയ്ക്കൊന്ന് കണ്ണോടിക്കാം.

സദാ സർവ്വേശ്വരസന്നിധിയിൽ

പ്രാർത്ഥന അമ്മയുടെ പ്രവർത്തനങ്ങളുടെയെല്ലാം ചാലകശക്തിയായിരുന്നു. സക്രാരിയിലെ ഈശോ, അമ്മയുടെ ശ്രദ്ധാകേന്ദ്രമായിരുന്നു എന്നു തോന്നിക്കുമാറ് ദിവ്യകാരുണ്യത്തോട് അമ്മ കെട്ടപ്പെട്ടിരിക്കുന്നു. ഞങ്ങൾ ജൂണിയേഴ്സ് ഉണർന്നു മണി അടിക്കാൻ ചെല്ലുമ്പോഴേയ്ക്കും ജനറാളമ്മ അഗാധമായ ദൈവസ്നേഹാനുഭവത്തിൽ ലയിച്ചു കഴിയും. വെളുപ്പിന് 4 മണിക്ക് ചാപ്പൽ തുറന്ന് ആവശ്യമെങ്കിൽ കുർബാന വിളക്കും തെളിച്ച് ഈശോയ്ക്ക് കൂട്ടിരുപ്പായി. ഈശോയുമായുള്ള വ്യക്തിപരമായ ഹൃദയബന്ധമാണ് CMC യുടെ ഏകീകരണ പ്രക്രിയയിലും ജനറലേറ്റിന്റെ നിർമ്മാണഘട്ടത്തിലും അഭിമുഖീകരിക്കേണ്ടി വന്ന പ്രതിസന്ധികളെ തരണം ചെയ്യാൻ അമ്മയ്ക്ക് കരുത്ത് നൽകിയത്. ഹൃദയാന്തർഭാഗത്തു വസിക്കുന്ന ത്രിത്വൈകദൈവവുമായി അമ്മ സദാ ബന്ധം പുലർത്തിയിരുന്നു. Alone with alone എന്നുള്ളതായിരുന്നു ഏതു ബഹളങ്ങൾക്കിടയിലും അമ്മയുടെ ശൈലി.

''അങ്ങയുടെ സന്നിധിയിൽ ആനന്ദത്തിന്റെ പൂർണ്ണതയുണ്ട്. അങ്ങയുടെ വലതുകൈയിൽ ശാശ്വതമായ സന്തോഷമുണ്ട്'' (സങ്കീ. 16/11) എന്ന

സങ്കീർത്തന സത്യം അമ്മയിൽ ആൾ രൂപമായി മാറിയിരുന്നു.

ഇടയ്ക്കിടയ്ക്ക് കണ്ണുകൾ തുടച്ച് ഉള്ളിലേയ്ക്ക് ശ്രദ്ധിച്ച് പരിശുദ്ധ ത്രിത്വത്തോടു സംഭാഷിക്കുന്നതായിരുന്നു അമ്മയ്ക്ക് ഏറ്റവും ഇഷ്ടമുള്ള കാര്യം എന്നു കേട്ടിട്ടുണ്ട്. നിഷ്ഠയുള്ള ജീവിതചര്യ മിസ്റ്റിക് അനുഭവത്തിൽ ആഴപ്പെടാൻ അമ്മയെ സഹായിച്ചു. ചാപ്പലിൽ സ്വസ്ഥമായി ത്രിത്വസ്നേഹത്തിൽ ലയിച്ചിരിക്കുന്ന ആ ഇരിപ്പ് കാണുന്നതു തന്നെ ഒരു ദൈവാനുഭവമായിരുന്നു. പലപ്പോഴും അശ്രദ്ധമായി പ്രാർത്ഥനാസമയങ്ങളിൽ ഉറങ്ങുന്ന എന്റെ മുൻപിൽ ഒരു ചോദ്യചിഹ്നമാണ് സെലീനാമ്മയുടെ ഇരിപ്പ്.

വി. അമ്മത്രേസ്യ തന്റെ പുത്രിമാരോടു പറഞ്ഞതു പോലെ എളിമ, ഉപവി, നിസ്സംഗത എന്നീ സുകൃതങ്ങൾ വിരിച്ച പാതയിലൂടെ അമ്മ പ്രാർത്ഥനയിൽ ആഴപ്പെട്ടു. ദൈവത്താൽ സ്വന്തമാക്കപ്പെട്ടു. (ഗലാ.2:20, ഫിലി.1:21). ഗുരുവിന്റെ മാറിൽ ചാരിക്കിടന്ന് അവന്റെ ഹൃദയസ്പന്ദനങ്ങൾ ഏറ്റുവാങ്ങിയ സ്നേഹത്തിന്റെ ശ്ലീഹാ ഉദ്ഘോഷിച്ചു: ''ദൈവം സ്നേഹമാണെന്ന്'' (1 യോഹ. 4/8,16). ഇതുപോലെ സെലീനാമ്മയും ആത്മനാഥന്റെ അരികിൽ പറ്റിക്കൂടിയിരുന്ന് ആ കണ്ണുകളിലേക്കു നോക്കി ആ തിരുമുറിവിൽ തൊട്ട് (ഉത്തമഗീതം 2:16, 6:3,12) ദിവ്യസ്നേഹം ഏറ്റുവാങ്ങി പ്രാർത്ഥനയുടെയും പ്രത്യാശയുടേയും സ്നേഹത്തിന്റെയും സാക്ഷ്യജീവിതം കാഴ്ചവെച്ചു. അമ്മയുടെ വാക്കുകളിൽ തന്നെ നമുക്ക് മനസ്സിലാക്കാം. ''പ്രാർത്ഥന – അത് ഉള്ളിലേക്കു നോക്കുന്നതാണ്. ഒരു സാന്നിധ്യം അവിടെ ഉണ്ടല്ലോ. അങ്ങേരുടെ കണ്ണുകൾ നമ്മിലേക്കാണ്. അപ്പോൾ നമ്മുടെ നോട്ടം അവിടേയ്ക്കായിരിക്കണമല്ലോ.'' (മാതൃമൊഴികൾ). തിബേരിയൂസ് കടൽത്തീരത്ത് വെച്ച് ഗുരുവിനെ തിരിച്ചറിഞ്ഞ യോഹന്നാൻ ശ്ലീഹാ വിളിച്ചു പറഞ്ഞു: ''അത് കർത്താവാണെന്ന്'' (യോഹ. 21:7). ഇതുപോലെ ജീവിതത്തിന്റെ ഏതുനിമിഷങ്ങളിലും ആത്മനാഥന്റെ ഇടപെടൽ അമ്മ തിരിച്ചറിഞ്ഞു എന്നതാണ് യഥാർത്ഥ മിസ്റ്റിക്കനുഭവം.

ദൈവികതയും ആർദ്രതയും

പുഞ്ചിരിക്കുന്ന മുഖവും ശാന്തമായ സംസാരവും

മഹത്വവും ഗാംഭീര്യവുമുള്ള നടത്തവും സെലീനാമ്മയെ ഒരു മഹത്വ്യക്തിയായി കാണാൻ പ്രേരിപ്പിച്ചിരുന്നു. എറുമ്പിനെപ്പോലും നോവിക്കാതെ ആരെയും ശല്യപ്പെടുത്താതെ അരയിലെ ബെൽറ്റിൽ തൂക്കിയിട്ടിരുന്ന കൊന്തയിലെ ജപമണികൾ ഉരുട്ടി ഒരു പ്രത്യേക സ്വരതാളലയത്തിൽ അടിവച്ചടിവച്ച് നടന്നു പോകുന്ന അമ്മയെ കാണുന്നവർക്കു തന്നെ തോന്നുമായിരുന്നു അമ്മ ഒരു മിസ്റ്റിക്കാണെന്ന്. എന്നാൽ ചുറ്റുപാടും നടക്കുന്നതൊക്കെ മനസ്സിലാക്കുകയും ചെയ്യുമായിരുന്നു. എനിക്ക് ജൂണിയറേറ്റിൽ വച്ചുണ്ടായ വ്യക്തിപരമായ ഒരനുഭവം രേഖപ്പെടുത്തട്ടെ. ഒരു പ്രഭാതഭക്ഷണ സമയം. ജൂണിയേഴ്സ് ഊട്ടുമുറി നിറച്ചിരിക്കുന്നു. എല്ലാവരും ദോശയും സാമ്പാറും കഴിക്കുകയാണ്. ഞാൻ മാത്രം കറി എടുത്തിട്ടില്ല. ഒരറ്റം മുതൽ മറ്റേ അറ്റം വരെ എല്ലാ നിരയിലേയും സിസ്റ്റേഴ്സിനെ ജനറാളമ്മ നോക്കിക്കണ്ട് നീങ്ങുന്നതിനിടയിൽ എന്റെ പ്ലേറ്റിൽ അമ്മയുടെ കണ്ണുടക്കി. എന്റെ പിന്നിൽ നിന്നൊരു ശബ്ദം. പതിഞ്ഞ സ്വരത്തിൽ ''മോളെ, എന്താ കറി കൂട്ടാത്തത്?'' ഉടൻ ഞാൻ എഴുന്നേറ്റു നിന്നു പറഞ്ഞു: ''എനിക്ക് എരുവൊന്നും വയറ്റിൽ പിടിക്കത്തില്ലമ്മേ'', ''ഞാൻ പോയി വെറെ എന്തെങ്കിലും ഉണ്ടോ എന്നു നോക്കട്ടേ എന്നു പറഞ്ഞ് അമ്മ കുശിനിയിലേക്കു പോയി മിനിറ്റുകൾക്കുശേഷം എരിവില്ലാത്ത ഒരു കറി എന്റെ സ്ഥലത്തു വെച്ചു. ചാറുകൂട്ടാൻ പറ്റില്ലെങ്കിൽ അതിലെ കഷ്ണം എങ്കിലും എടുത്തു കഴിക്കണം എന്ന് ഉപദേശവും തന്നുപോയപ്പോൾ മാതൃഹൃദയത്തിന്റെ സ്നേഹോഷ്മളതയും ആർദ്രതയുമാണ് എനിക്കനുഭവപ്പെട്ടത്. കാണുമ്പോഴൊക്കെ വയറ്റിൽ അസുഖം എങ്ങനെയുണ്ടെന്നും ആഹാരം കഴിക്കുന്നുണ്ടോ എന്നും അന്വേഷിക്കുകയും ചെയ്യുമായിരുന്നു. മറ്റുള്ളവരുടെ പരിമിതികളും വേദനകളും മനസ്സിലാക്കി അവരെ ഉൾക്കൊള്ളുന്നതാണ് യഥാർത്ഥ ആത്മീയതയും അധികാരശുശ്രൂഷയും എന്ന് അമ്മ അന്ന് എന്നെ പഠിപ്പിച്ചു.

സമീപന സ്വാതന്ത്ര്യം

CMC യുടെ ഏറ്റവും ഉന്നതമായ സ്ഥാനം വഹിക്കുന്ന

വ്യക്തി എന്ന വലിപ്പത്തിന്റെ മനോഭാവം സെലീനാമ്മയ്ക്ക് ഉണ്ടായിരുന്നില്ല. നമ്മുടെ അമ്മയുടെ വ്യക്തിത്വത്തിന്റെ മുഖമുദ്രയായിരുന്നു. ശാന്തതയും ജീവിതലാളിത്യവും ദാരിദ്ര്യാരൂപിയും. സംഭാഷണമദ്ധ്യേയും ഉല്ലാസസമയത്തും അമ്മ പൊട്ടിച്ചിരിക്കുമായിരുന്നു. കുശിനിയിലെ സഹോദരങ്ങളോടും പറമ്പിലെ പണിക്കാരോടുമൊക്കെ കുശലാന്വേഷണം നടത്തി ചിരിച്ചു രസിച്ച് സംസാരിക്കുന്നത് കാണാൻ സാധിച്ചിട്ടുണ്ട്. അമ്മയെ എപ്പോഴും സമീപിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ജീവിതലാളിത്യവും ഹൃദയത്തിന്റെ വിശാലതയും സാർവ്വത്രിക സ്നേഹവും സെലീനാമ്മയുടെ അധികാരശുശ്രൂഷയെ തികച്ചും വ്യതിരിക്തമാക്കി.

“ ജീവിതലാളിത്യവും ഹൃദയത്തിന്റെ വിശാലതയും സാർവ്വത്രിക സ്നേഹവും സെലീനാമ്മയുടെ അധികാരശുശ്രൂഷയെ തികച്ചും വ്യതിരിക്തമാക്കി.

ദാരിദ്ര്യചൈതന്യവും എളിമയും

ദരിദ്രനായ ഈശോയോട് താദാത്മ്യപ്പെടുവാൻ സ്വന്തം ജീവിതത്തിൽ പുലർത്തിയിരുന്ന ദാരിദ്ര്യ ചൈതന്യവും എളിമയും എടുത്തു പറയേണ്ടതാണ്. വിലകുറഞ്ഞ സാധനങ്ങൾ വാങ്ങി ഉപയോഗിക്കുന്നതിലും ഒട്ടുംതന്നെ പാഴാക്കാതെ ചെലവാക്കുന്നതിലും നിഷ്ഠപുലർത്തിയിരുന്നു. ദൈവം മാത്രമാണ് അമ്മയുടെ അമൂല്യസമ്പത്ത് എന്ന പോലെ ഒന്നിനോടും പ്രതിപത്തി പുലർത്താതെ എല്ലാത്തിനോടും അകലം പാലിച്ച് കഴിഞ്ഞ അമ്മ സ്വന്തമായി ഉപയോഗിക്കാൻ കിട്ടുന്നവ പോലും മറ്റുള്ളവർക്ക് കൊടുത്ത് അവരെ സന്തോഷിപ്പിക്കുന്നതിൽ സംതൃപ്തി നേടിയിരുന്നു. കിട്ടുന്നതെല്ലാം എന്നു തന്നെയല്ല ആവശ്യമില്ലാത്തവ കൂടി വാങ്ങിച്ച് സംഭരിക്കുന്ന പ്രവണത പുലർത്തുന്ന നമുക്കൊക്കെ ഒരു തിരുത്തൽ ശക്തിയാണ് സെലീനാമ്മ.

സഹനദാസന്റെ പ്രേയസി

സെലീനാമ്മയെ ഏറെ വേദനിപ്പിച്ചതും സ്പർശി

ച്ചതും കൽത്തൂണിൽ കെട്ടിയടിക്കപ്പെട്ട ഈശോയുടെ പീഡകളായിരുന്നു. നമ്മുടെ കർത്താവിന്റെ സഹനവും അവിടുത്തെ നിസ്സഹായവസ്ഥയും അവിടുന്നേറ്റ പരിഹാസ നിന്ദനങ്ങളും ഭാവനയിൽ കണ്ടനുഭവിച്ച് കർത്താവിനോടൊന്നായി, ഇന്നും പരിത്യക്തനും സഹിക്കുന്നവനുമായ ഈശോയെ ധ്യാനിച്ച് അവിടുത്തെ ആശ്വസിപ്പിക്കുക അമ്മയുടെ പതിവായ പ്രാർത്ഥനാരീതിയായിരുന്നു. അമ്മയുടെ വാക്കുകളിൽക്കൂടി നമുക്കതു മനസ്സിലാക്കാനാവും. ഹൃദയത്തിന്റെ തികവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത് (ലൂക്ക 6/48) Alone with alone - Intense, Deep, Personal, Solid Experience of love for Jesus. ഇതാണ് യഥാർത്ഥ മിസ്റ്റിക് അനുഭവത്തിന്റെ സാരസംഗ്രഹം. ഇതിൽ ഓരോ വാക്കുകളെക്കുറിച്ചും ഗ്രന്ഥങ്ങൾ എഴുതാൻ അമ്മയ്ക്കുണ്ടായിരുന്നിരിക്കണം. തന്റെ നിശ്വസനങ്ങളിൽ ഈശോയുടെ സഹനം ഒന്നുമല്ലാത്തതായി മാറി. തന്റെ ജീവിതവഴികളിലെ ഓരോ സഹനങ്ങളും ക്രൂശിതനോടു ചേർത്ത് സഹിച്ച് അമൂല്യസമ്പത്താക്കി മാറ്റി. മറ്റുള്ളവരേയും ഈ സഹനത്തിന്റെ മൂല്യം പഠിപ്പിച്ചു. സ്നേഹത്തോടെ നമുക്കു പറഞ്ഞു തന്നതോർക്കാം. ''സഹനം അതു കർത്താവ് തന്നതല്ലേ, അവിടുന്നു സ്നേഹിച്ചു തരുന്ന സമ്മാനമല്ലേ, എനിക്കതിൽ സന്തോഷമേയുള്ളൂ.'' ഇവിടെ ശ്രദ്ധേയമായ കാര്യം ഇതാണ്. നമുക്കും സഹനം ഉണ്ട്. സഹിക്കുന്നുമുണ്ട്. പക്ഷേ സന്തോഷത്തോടെ സഹിക്കാതെ അതിന്റെ യോഗ്യത നഷ്ടപ്പെടുത്തുന്നു എന്നതാണ് യാഥാർത്ഥ്യം.

ജീവിതം ഒരു ആഴക്കടൽ

'ഓ! പരിശുദ്ധ ത്രിത്വമേ അവിടുന്ന് ആഴക്കടൽ പോലെയാണ്.' സിയന്നായിലെ വി.

കാതറിന്റെ വാക്കുകൾ അമ്മ അനുഭവിച്ചിരിക്കണം. പ്രസിദ്ധ ജർമ്മൻകവി ഗഥെ പ്രസ്താവിച്ചു "Whoever keeps silence has lower worries" മൗനം പാലിക്കുന്ന വ്യക്തിക്ക് ആകുലതകളും ഉത്കണ്ഠകളും കുറവായിരിക്കും. CMC യുടെ ചരിത്രത്തിൽ മഹത്കാര്യങ്ങൾ നിർവഹിച്ച സെലീനാമ്മയുടെ മൗനപാലനവും സംസാരമിതത്വവും ഒപ്പം കാര്യശേഷിയും ആഴമായ ദൈവീകജ്ഞാനവും എല്ലായ്പ്പോഴും അമ്മയുടെ ജീവിതത്തെ ശാന്തത നിറഞ്ഞ ഒരു ആഴക്കടൽ ആക്കിയിരുന്നു. അമ്മ പറഞ്ഞ ഒരു സൂത്രവാക്യം ''എല്ലാ ദുഃഖങ്ങളും പ്രയാസങ്ങളും കർത്താവിനു കൊടുക്കുക. അപ്പോൾ നമുക്കു ഭാരം തോന്നുകയില്ല.'' (മാതൃമൊഴികൾ)

ത്രിത്വസന്നിധിയിൽ പൂർണ്ണ സമർപ്പണം

നന്മരണ സഹായിയും സെലീനാമ്മയുടെ പ്രത്യേക മദ്ധ്യസ്ഥനുമായിരുന്ന വി. യൗസേപ്പിന്റെ നിരന്തര സഹായം അമ്മയ്ക്കു ലഭിച്ചുകൊണ്ടിരുന്നു. ഒരിക്കൽ ജനറലേറ്റിന്റെ പണി നടക്കുന്ന അവസരത്തിൽ പണിക്കാർക്കു കൊടുക്കാൻ പൈസ ഇല്ലാതെ വിഷമിച്ചപ്പോൾ വി. യൗസേപ്പിതാവിന്റെ രൂപമെടുത്തു വെച്ചു പ്രാർത്ഥിച്ചതും സമയമായപ്പോൾ ഒരാൾ പണവുമായി എത്തിയതും എല്ലാവരും അറിഞ്ഞിട്ടുള്ളതാണ്. പുണ്യപിതാവിന്റെ സ്വർഗ്ഗീയമാദ്ധ്യസ്ഥ്യം അമ്മയുടെ അവസാന നാളുകളിലും പ്രത്യേകം ലഭിച്ചു. കൂടുതൽ നാൾ കിടന്നു സഹിക്കാനോ ചെലവേറിയ ചികിത്സകൾ ചെയ്യാനോ ശുശ്രൂഷയ്ക്കായി മറ്റുള്ളവരെ ബുദ്ധിമുട്ടിക്കാനോ ഒന്നും ഇടവരാതെ കുറഞ്ഞ സമയം കൊണ്ട് അമ്മ മരണാസന്നയായി. സുന്ദരമായ ആന്തരീക ജീവിതത്തിന്റെ ഉടമയായ അമ്മയുടെ ജീവിതം പോലെതന്നെ സുന്ദരമായിരുന്നു മരണവും. മരണം ദൈവചിത്തത്തിനുള്ള തന്റെ ആത്മ സമർപ്പണത്തിന്റെയും അടിമ വയ്പ്പിന്റെയും ഏറ്റവും പൂർണ്ണവും നിർണ്ണായകവുമായ ഒരു പ്രവൃത്തിയായി അമ്മ സ്വീകരിച്ചതായി നാം കാണുന്നു. ഉദാഹരണത്തിന് ദിവംഗതനായ മങ്കുഴിക്കരി പിതാവ് അമ്മ രോഗിണിയാണെന്നറിഞ്ഞ് കാണാൻ ചെന്നപ്പോൾ എനിക്കിനി ഈശോയെ കണ്ടാൽ

മതി, മറ്റാരെയും കാണണ്ട എന്നു പറഞ്ഞ് എല്ലാവരേയും മടക്കി അയച്ചതായി പിതാവ് തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പിതാവ് ദുഃഖത്തോടെയല്ല സന്തോഷത്തോടെയാണ് തിരിച്ചു പോയത്. അങ്ങനെ കാത്തിരുന്ന തിരുസന്നിധിയിൽ അലിഞ്ഞു ചേർന്ന് നിത്യ കാണിക്കയായി മാറി. ഈ ലോകത്തിൽ വെച്ചു തന്നെ ദൈവൈക്യത്തിലെത്തി സെലീനാമ്മ.

വി. അമ്മ ത്രേസ്യായെ 'വനിതാ സോളമൻ' എന്നു പ്രകീർത്തിക്കുന്നെങ്കിൽ കർമ്മല വിശുദ്ധരുടെയൊക്കെ വ്യക്തിസവിശേഷതകൾ സമ്മേളിക്കുന്ന CMC യുടെ വനിതാ സോളമനാണ് നമ്മുടെ സെലീനാമ്മ. വിശുദ്ധ പദമലങ്കരിക്കുന്ന CMC യുടെ മൂന്നാമത്തെ വ്യക്തിയായി നമ്മുടെ അമ്മ മാറട്ടെ എന്ന് നമുക്ക് ആഗ്രഹിക്കാം, പ്രാർത്ഥിക്കാം. നമ്മുടെ പിതാവായ വി. കുര്യാക്കോസ് ഏലിയാസച്ചനും വി. എവുപ്രാസ്യാമ്മയും വി. സെലീനാമ്മയും ഒന്നിച്ച് സ്വർഗ്ഗീയ CMC ഭവനത്തിൽ വിരാജിച്ച് മക്കളുടെമേൽ സ്വർഗ്ഗീയ പൂമഴ വർഷിക്കുന്ന കാലം നമുക്ക് കാത്തിരിക്കാം.

വിശുദ്ധ മാതൃക പിന്തുടരാം

ദൈവദാസി മദർ സെലീനാമ്മ CMC മക്കളുടെ വിശുദ്ധ ജീവിതത്തിന് മാതൃക എന്ന ഓർമ്മയിലുപരി അമ്മ പാകിയ നന്മയുടെ നല്ല വിത്തുകൾ നാമാകുന്ന മണ്ണിൽ മുളച്ച് വളർന്ന് ഫലം ചൂടിനിൽക്കാൻ ഇടവരാൻ നമുക്ക് പരിശ്രമിക്കാം. വിശുദ്ധരായി മറ്റുള്ളവരെ വിശുദ്ധിയിലേക്ക് നയിക്കാൻ ഉറച്ച തീരുമാനമെടുക്കാം.

ഉള്ളിൽ വസിക്കുന്ന സ്നേഹമണവാളനുമായി ആഴമായ ബന്ധത്തിൽ വളരാം. ദിവ്യകാരുണ്യസന്നിധിയിൽ സർവ്വ ആശ്വാസവും കണ്ടെത്താം. CMC യെ വേറിട്ടു നിർത്തുന്ന ഏകാന്തതയേയും മൗനത്തേയും സ്നേഹിക്കാം. കർമ്മരംഗങ്ങളിൽ സ്നേഹദീപങ്ങളാകാം. മഹിമയാർന്ന ഭാവവും മധുരശീലവും മറ്റുള്ളവർക്ക് അനുഭവവേദ്യമാക്കാം. സഹനദാസന്റെ പീഢാസഹനങ്ങൾക്ക് സ്വന്തം ജീവിത സഹനം കൊണ്ട് ഉത്തരമേകാം. ആത്മാക്കളെക്കുറിച്ചുള്ള തീക്ഷ്ണതയാൽ ജ്വലിക്കാം.

ദൈവസ്നേഹത്താൽ നിറ

ഞ്ഞ് അനുദിനകടമകൾ നിറവേറ്റാം. ചുണ്ടിൽ പുഞ്ചിരിയും ഹൃദയത്തിൽ ആർദ്രതയും നിഷ്കളങ്കസ്നേഹവും പങ്കുവയ്ക്കാം. ലളിതജീവിതശൈലിയും ഉയർന്ന ചിന്തയും മനസ്സിൽ കാത്തുസൂക്ഷിക്കാം. എല്ലാത്തിന്റെയും നല്ലവശവും നന്മയും കണ്ടെത്തി സമാധാനത്തിന്റെ സംവാഹകരാകാം. പരാതിയും പരിഭവവുമില്ലാതെ ഉള്ളതു കൊണ്ടു തൃപ്തരായി ജീവിക്കാം. ആവശ്യങ്ങൾ പരിമിതപ്പെടുത്തി മറ്റുള്ളവർക്ക് സംലഭ്യരാകാം. വേദനിക്കുന്നവരുടെ മുറിവിൽ ആശ്വാസതൈലം പുരട്ടാം. നിത്യമായ സ്വർഗ്ഗീയ വിശ്രമത്തെ മുന്നിൽകണ്ട് വിശ്രമമില്ലാതെ അദ്ധ്വാനിക്കാം. ആഗ്രഹങ്ങൾ പ്രാർത്ഥനയാക്കി, പ്രാപിക്കേണ്ട ലക്ഷ്യത്തിലേക്ക്, ഏകലക്ഷ്യത്തിലേക്ക് കണ്ണുംനട്ട് ഓടാം. (ഫിലിപ്പി 3:13).

> കർമ്മല വിശുദ്ധരുടെയൊക്കെ വ്യക്തി സവിശേഷതകൾ സമ്മേളിക്കുന്ന CMC യുടെ വനിതാ സോളമനാണ് നമ്മുടെ സെലീനാമ്മ

വി. അംബ്രോസ് പറയുന്നതുപോലെ സ്നേഹത്തിന്റെ ചിറകുകൾ കൊണ്ടും ദിവ്യപ്രേമത്തിന്റെ തുഴകൊണ്ടും നമുക്കു നിത്യതയ്ക്കായി യത്നിക്കുകയും ദൈവത്തിലേക്കു പറന്നുയരുകയും ചെയ്യാം.

ഇങ്ങനെ ദൈവസ്നേഹം
കൊണ്ടു ജ്വലിക്കുന്ന ഹൃദയ
മുള്ളവരുടെ മുഖത്ത്
അഭൗമികമായ ആനന്ദം
സദാ സ്ഫുരിച്ചു
കൊണ്ടിരിക്കും. ഇതുവഴി
നാം അറിയാതെതന്നെ
നിരവധി ആത്മാക്കളെ
ദിവ്യനാഥനു
നേടിക്കൊടുക്കുന്നു.
(മാതൃമൊഴികൾ പേജ് 135)



10

എന്റെ ഓർമ്മയിലെ സെലീനാമ്മ

സി. വിൻസി

പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ പ്രസരിക്കുന്ന ആ മുഖഭാവം, നിഷ്കളങ്കമായ ആ ചിരി, വിനയാന്വിതമായ ആ നടപ്പ്, ഒരു ലീഫ്‌ലെറ്റുമായി ഓരോ ദിവസവും വൈകിട്ട് ജനറലേറ്റിലെ ജൂനിയേഴ്സ് ആയിരുന്ന ഞങ്ങളെ കണ്ട് ക്ലാസ് എടുക്കുവാൻ മന്ദം മന്ദം സ്റ്റേജിലേക്കു കയറി നിൽക്കുന്ന സെലീനാമ്മയുടെ ക്ലാസ്സുകൾ, പുലർകാലെ എഴുന്നേറ്റ് താൻ ഏറ്റവും സ്നേഹിക്കുന്ന ദിവ്യനാഥനുമായി നടത്തുന്ന സല്ലാപം എല്ലാം എല്ലാം മനസ്സിൽ ഓടി എത്തുന്നു. 1970-71 വർഷങ്ങളിൽ ജനറലേറ്റിലെ സെക്കന്റ് ബാച്ച് ജൂനിയറേറ്റിൽ ഉൾപ്പെടുവാനുള്ള ഭാഗ്യം ലഭിച്ചവരിൽ ഒരാളാണ് ഞാൻ. ഒരു വിശുദ്ധയെ നേരിൽ ഒരു വർഷക്കാലം അടുത്തുകാണുവാനും ആ സംസാരം, ക്ലാസ്സ്, ദൈവാനുഭവം ഒക്കെ വളരെ അടുത്തു കാണുവാനും അനുഭവിക്കാനും ഭാഗ്യം ലഭിച്ചതിൽ അഭിമാനം കൊള്ളുന്നു.

നമ്മുടെ മറ്റു വിശുദ്ധരൊക്കെ നാം ജീവിച്ചിരുന്നതിനേക്കാൾ ഏറെക്കാലം മുമ്പ് ജീവിച്ചവരാണെങ്കിൽ സെലീനാമ്മയുമായി ഒന്നിച്ച് ഒരേ ഭവനത്തിൽ ജീവിക്കാനുള്ള ഭാഗ്യം ലഭിച്ചതിലുള്ള സന്തോഷം വലുതാണ്.

ഓർമ്മയുടെ ചെപ്പു തുറന്നപ്പോൾ

മദർ മേരി സെലിനും ആദ്യ കൗൺസിൽ അംഗങ്ങളും, സിൽവസ്റ്റർ അമ്മ, ത്രേസ്യാമ്മ, ട്രീസാ മാർഗ്രറ്റമ്മ, സിൽവിയാമ്മ, സെക്രട്ടറി ജോസഫാമ്മ, പ്രൊക്യൂറേറ്റർ പെർപത്വാമ്മ ഇവരുടെ കാലഘട്ടത്തിൽ ജനറലേറ്റിലെ കമ്മ്യൂണിറ്റി മെമ്പർ ആയി വസിക്കുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. സെലീനാമ്മയുടെ സ്നേഹം അനുഭവിക്കാനും കഴിഞ്ഞു. കൃപനിറഞ്ഞ അമ്മയുടെ സാന്നിദ്ധ്യവും പ്രസാദം നിറഞ്ഞ അമ്മയുടെ മുഖവും എന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. പുളിങ്കുന്ന് മഠത്തിൽ നിന്ന് ട്രീസാ മാർഗ്രറ്റമ്മ ജനറലേറ്റിലെ സ്കൂളിൽ പഠിപ്പിക്കാൻ എന്നെ കൊണ്ടുപോയതാണ്. അന്നൊരു ദിവസം 1971-74 ജനറലേറ്റിലുണ്ടായിരുന്ന (അമ്മയുടെ c/o ൽ ഉണ്ടാക്കിയ) ഒരു കാൽവരി തോട്ടത്തിൽ ഒരു സായാഹ്നവേളയിൽ പതിവുപോലെ അമ്മയെ കണ്ടു, കുരിശിൽ കിടക്കുന്ന ഈശോയെ നോക്കി ലയിച്ചുനിൽക്കുന്നത്. അപ്പോൾ ആ ചുണ്ടുകൾ ചലിക്കുന്നുണ്ടായിരുന്നു. അതൊരു താബോർ അനുഭവം ആയിരുന്നു എനിക്ക്.

കരുതൽ

അമ്മയുടെ വ്യക്തിത്വ സവിശേഷതകൾ പലരുടെയും ലേഖനങ്ങളിൽനിന്ന്, പുസ്തകങ്ങളിൽ നിന്നൊക്കെ വായിക്കുമ്പോൾ അതെല്ലാം നേരിൽ കണ്ടു മനസ്സിലാക്കുവാനും അനുഭവിക്കുവാനും സാധിച്ചല്ലോ എന്നത് ഒരു ഭാഗ്യം തന്നെ. പരിശുദ്ധത്രിത്വത്തിലുള്ള വിശ്വാസവും, ഈശോയുടെ തിരുഹൃദയത്തോടും പരിശുദ്ധ കുർബാനയോടും പരിശുദ്ധ മാതാവിനോടും വിശുദ്ധ യൗസേപ്പുപിതാവിനോടും വിശുദ്ധ കൊച്ചുത്രേസ്യായോടുമുള്ള ഭക്തിയും സ്നേഹവും അമ്മയിൽ തെളിഞ്ഞുകാണാമായിരുന്നു. എന്നെ ഏറ്റവുമധികം ആകർഷിച്ചത് അമ്മയുടെ പൊട്ടിച്ചിരിയായിരുന്നു. വളരെ അറിവും വലിയ പദവിയും അനുഭവ സമ്പത്തുമുള്ള അമ്മയെ കണ്ടാൽ ഏറ്റം വിനീതമായ ജീവിതശൈലി, ലാളിത്യമാർന്ന ജീവിതശൈലി, അഭിഷേകത്തോടുള്ള വർത്തനരീതി, സംഭാഷണരീതി, ഏതൊരു മനസ്സിന്റെ വേദനയും ഷെയർ ചെയ്യാ

വുന്ന ഒരു ഹൃദയത്തിന്റെ ഉടമ. അമ്മ വിസീത്തയ്ക്ക് വടക്കുള്ള മഠങ്ങളിൽ പോകുമ്പോഴെല്ലാം ആ മഠങ്ങൾ കാണാത്തവരെ എന്നെപ്പോലുള്ള കൊച്ചുസിസ്റ്റേഴ്സിനെ കൊണ്ടുപോകുമായിരുന്നു. അങ്ങനെ അവിടെയുള്ള ഏറെ മഠങ്ങൾ കാണുവാനും അമ്മമാരെ പരിചയപ്പെടാനും സാധിച്ചിട്ടുണ്ട്.

സന്തോഷവതി മറ്റുള്ളവരെ സന്തോഷിപ്പിക്കുക.

ഉച്ചഭക്ഷണം കഴിഞ്ഞ് അമ്മയും ജനറൽ കൗൺസിലിലുള്ള അമ്മമാരും ആയിട്ട് കാർഡ് കളിക്കുമായിരുന്നു, ഞങ്ങൾ ചെറിയവരുടെ ഗണം. എപ്പോഴും ജയിക്കുന്നത് ഏറ്റം ബുദ്ധിമതിയായിരുന്ന സെലീനാമ്മയുടെ ടീം ആയിരുന്നു.

സക്രാരിയിലെ ഈശോ

എപ്പോൾ ചാപ്പലിൽ ചെന്നാലും ബഹുമാനപ്പെട്ട ജനറാളമ്മയുടെ കസേര filled ആണ്. പ്രാണിധാനത്തിലായിരിക്കുന്ന അമ്മയുടെ മുഖപ്രസാദം ഞങ്ങളെ സ്വർഗ്ഗത്തിലെത്തിക്കുമായിരുന്നു. ''പരിശുദ്ധ ത്രിത്വമേ എന്റെ സ്നേഹമേ'' എന്ന സുകൃതജപം ഉറക്കത്തിലും അമ്മ ഉരുവിട്ടിരുന്നതുപോലെ തോന്നിക്കും, പരി. ത്രിത്വത്തിന്റെ കാര്യം പറയുന്നതു കേൾക്കുമ്പോൾ ഉള്ള സന്തോഷം.

> കൃപനിറഞ്ഞ അമ്മയുടെ സാന്നിദ്ധ്യവും പ്രസാദം നിറഞ്ഞ അമ്മയുടെ മുഖവും എന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ട്.

സംരക്ഷണം

അമ്മയുടെ സാന്നിദ്ധ്യം വൈകിട്ടത്തെ ഉല്ലാസം സജീവമാക്കിയിരുന്നു. ഒരു ഉല്ലാസ സന്ധ്യയിൽ ഞാൻ പനിയായിട്ടു കിടന്നപ്പോൾ അമ്മയും എലയിസമ്മയും കൂടി എന്നെ കാണാൻ വന്നു. ഉല്ലാസമുറിയുടെ അടുത്തായിരുന്നു എന്റെ മുറി. ലൈറ്റിന്റെ പ്രകാശവും ഞാൻ പുതച്ചിരുന്ന ചുവന്ന കമ്പിളിയുംകൂടി ആയപ്പോൾ മുറിയിൽ നല്ല തിളക്കമായിരുന്നു. അപ്പോൾ അമ്മ പറഞ്ഞു ''പകൽ നടക്കുന്ന ആളല്ലല്ലോ കിടന്നപ്പോൾ'' എന്ന്. അപ്പോൾ എല്ലാവരുംകൂടി ഒരുചിരി പാസാക്കി. നേരം പുലർന്നപ്പോൾ എന്റെ പനിയും പോയി.

ആദ്യത്തെ മദർ ജനറൽ - നമ്മുടെ സെലീനാമ്മ എത്രയുംവേഗം അൾത്താരയിൽ വണങ്ങപ്പെടുവാൻ ഇടവരട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

11

സെലിനാമ്മ
താപസകന്യക

സി. റോസ്മി എലിസബത്ത്

തപസ് - തപം നിറഞ്ഞ മനസ് തപസിന്റെ ചൈതന്യത്തിൽ നിജം വന്ന മനസ്. താപസജീവിതത്താൽ പുണ്യത്തിന്റെ നിറം കലർന്ന മനസ് തപോനിഷ്ഠകളാൽ ദൈവത്തോടൊത്തുയരാൻ ലഘുത്വം വന്ന മനസ്. ജീവിതം മുഴുവൻ ആത്മതാപത്താൽ തപസ്സിനു വിട്ടുകൊടുത്തവൾ തപസ്വിനി.

ഉപവാസം, ധ്യാനം, താന്ത്രിക വിദ്യകൾ എന്നിവയിലൂടെ ആത്മീയമായ താപം ഉള്ളിലുണർത്തിയവരാണ് താപസർ. ഈ താപം അവർ മറ്റുള്ളവരിലേയ്ക്കു പ്രസരിപ്പിക്കുന്നു. ശാരീരികവും മാനസികവും ആത്മീയവുമായ പല അസ്വസ്ഥതകളിൽ നിന്നും ആളുകളെ മോചിപ്പിക്കാൻ സിദ്ധിയുള്ളവരാണ് താപസർ.

ബ്രഹ്മത്തോടൊപ്പമായിരിക്കുന്ന ബ്രഹ്മചാരിത്വം കൊണ്ടും നേരായതും നല്ലതും സുകൃതവും മാത്രം തേടുന്ന അനുസരണവ്രതം കൊണ്ടും ജീവാത്മ പരമാത്മ സംയോഗത്താൽ യോഗിയായി. മനസിനപ്പുറം പ്രജ്ഞാനേത്രം തുറന്ന് ഋഷിയായി. ആന്തരിക നിശബ്ദതയിൽ കർമ്മയോഗിയായി... കർമ്മലയുടെ ആരാമത്തിൽ സുകൃത പുഷ്പങ്ങൾ നിറച്ച താപസകന്യകയാണ് ദൈവദാസി സെലീനാമ്മ.

അദ്ധ്വാനവും ജീവിതലാളിത്യവും ദൈവവിശ്വാസവും നന്മയും നിറഞ്ഞ തട്ടാട് പയ്യപ്പിള്ളി തറവാട്ടിൽ നിന്നും ആത്മാവിൽ ഭക്തിയും കർമ്മത്തിൽ സിദ്ധിയും നിറഞ്ഞ തപസിനിമാരുടെ ലോകത്തേയ്ക്കു പറിച്ചു നടപ്പെട്ടവൾ അന്നക്കുട്ടി.

> “ഞാനെന്നോ
> എന്റേതെന്നോ
> ഭാവമില്ലാതെ സമ്യക്കായി
> സന്യസിക്കുന്നവനാണ്
> യഥാർത്ഥ സന്ന്യാസി.

വിദ്യകൊണ്ടും വിജ്ഞാനം കൊണ്ടും ക്ലേശപൂർണ്ണമായ ജീവിതം കൊണ്ടും ഉറപ്പാർന്ന മനസോടെ ദൈവസ്നേഹാഗ്നിയാൽ ജ്വലിച്ച് അവൾ തീരുമാനിച്ചു. ''സന്ന്യാസമല്ലാതെ തനിക്ക് മറ്റൊരു ജീവിതം വേണ്ട. ലോകരക്ഷയ്ക്കായ് എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട്... നിന്ദിക്കപ്പെട്ട്... കുരിശിൽ പിടയുന്ന ഈശോയുടെ മണവാട്ടിയാകുക എന്നതിൽക്കവിഞ്ഞ് ജീവിതത്തിൽ യാതൊന്നും വേണ്ട.'' രാത്രി അവൾക്കുറങ്ങാൻ പോലും കഴിഞ്ഞില്ല. അങ്ങനെ 1924-ൽ 18-ാം വയസിൽ അവൾ കറുകുറ്റി മഠത്തിലെത്തി. തന്റെ ആത്മാവിന്റെ അസ്തിത്വത്തിന്റെ അർത്ഥം പരബ്രഹ്മത്തിൽ കണ്ടെത്താനുറച്ച അവൾ കർമ്മലയു

ടെ ഏകാന്തതയും ഈശോയുടെ തിരുഹൃദയത്തിൽ മറയപ്പെട്ട ജീവിതവും തനിക്കുള്ള വലിയ സാധ്യതകളായി തിരിച്ചറിഞ്ഞു. 1928 മെയ് 29ന് സഭാവസ്ത്രം സ്വീകരിച്ച് അന്നക്കുട്ടി ഈശോയുടെ സിസ്റ്റർ മേരി സെലിൻ ആയി മാറി.

സന്ന്യാസ പരിശീലന കാലത്ത് വ്യക്തിപരമായ ദൈവബന്ധത്തിന്റെ ആൾരൂപമാകാൻ... ക്രൂശിതന്റെ മണവാട്ടിയും അനേകായിരങ്ങൾക്ക് ആത്മനെ കാട്ടിക്കൊടുക്കുന്ന അമ്മയുമാകാൻ അവൾ കരുത്തു നേടി. ലൗകികാർഭാടങ്ങളും സുഖഭോഗങ്ങളും ഉപേക്ഷിച്ച് ഈശോയാകുന്ന അമൂല്യനിധി കൈക്കലാക്കി. ആത്മീയാനന്ദം തന്റെ വ്രതബദ്ധ ജീവിതത്തിലൂടെ അവൾ ലോകത്തിനു പകർന്നു. ആത്മാവിൽ കത്തിക്കാളുന്ന തീയെ മറച്ചുവയ്ക്കാൻ മറഞ്ഞിരിക്കുന്ന ജീവിതം കൊണ്ടാവില്ലല്ലോ. സന്ന്യാസം മറഞ്ഞിരിക്കലിന്റെ ജീവിതവും മറഞ്ഞിരിക്കുന്നവനെ വെളിപ്പെടുത്തുന്ന ജീവിത ശൈലിയുമാണ്.

ദൈവം മാത്രം ശരണം എന്ന അനുഭൂതിയിൽ വിടരുന്ന ആത്മീയതീർത്ഥാടനമാണത്.

> “ഞാനെന്നോ എന്റേതെന്നോ ഭാവമില്ലാതെ സമ്പൂർണ്ണമായി സന്ന്യസിക്കുന്നവനാണ് യഥാർത്ഥ സന്ന്യാസി.

ഈ തീർത്ഥാടന പാതയെ കർമ്മം കൊണ്ടും കാതലുള്ള ചിന്തകൾകൊണ്ടും ക്രിയാത്മകമായ സാന്നിധ്യം കൊണ്ടും പ്രോജ്ജ്വലമാക്കിയ കർമ്മലകന്യകയാണ് ദൈവദാസി സെലിനാമ്മ.

സന്ന്യാസജീവിതത്തിന്റെ പ്രാരംഭനാൾ മുതൽ സിസ്റ്റർ സെലിന്റെ ധ്യാനവിഷയം സഹിക്കുന്ന ക്രിസ്തുവായിരുന്നു. ക്രൂശിതനായ സർവ്വാംഗം വ്രണിതനായ ഈശോയുടെ ചാരെയിരുന്ന് അവിടുത്തെ ആശ്വസിപ്പിക്കുകയായിരുന്നു അവളുടെ ഏറ്റവും വലിയ ആശ്വാസം. പരി. ത്രിത്വമേ, എന്റെ ഭാഗ്യമേ എന്ന പ്രാർത്ഥനാമന്ത്രമുരുവിട്ട് എല്ലാം നാഥനോടൊപ്പം അവിടുത്തെ ഉപരിമഹത്വത്തിന് എന്ന പ്രാർത്ഥനാമന്ത്രം ഉരുവിട്ട് സ്വയാർപ്പണത്തിന്റെ പാതേ അടിപതറാതെ

> കൃപനിറഞ്ഞ അമ്മയുടെ സാന്നിദ്ധ്യവും പ്രസാദം നിറഞ്ഞ അമ്മയുടെ മുഖവും എന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ട്.

മുന്നേറിയവളാണ് ദൈവദാസി സെലിനാമ്മ.

ഞാനെന്നോ എന്റേതെന്നോ ഭാവമില്ലാതെ സമ്യക്കായി സന്യസിക്കുന്നവനാണ് യഥാർത്ഥ സന്ന്യാസി. ആത്മപ്രശംസയെ ആത്മഹത്യയായും, ആത്മസംയമനത്തെ ആന്തരിക കരുത്തായും, ആത്മരക്ഷയും ആത്മാക്കളുടെ രക്ഷയും ഉപാസനയായും കണ്ടെത്തിയ കർമ്മലകന്യക സിസ്റ്റർ സെലിൻ.

മനസ്സിനെ ശാന്തവും ഏകാഗ്രവുമാക്കി, ഹൃദയഗുഹയിൽ മറഞ്ഞിരിക്കുന്ന ദൈവാത്മാവിൽ ലയിച്ച സന്ന്യാസവര്യനായിരുന്നു ആബ അർബേനിയൂസ്. അദ്ദേഹം തപോജീവിതം നയിക്കുന്നതിനു മുമ്പ് റോമൻ കൊട്ടാരത്തിലെ ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു. 'കർത്താവേ രക്ഷയുടെ മാർഗ്ഗം കാണിച്ചു തന്നാലും' എന്നദ്ദേഹം പ്രാർത്ഥിച്ചു. ദൈവത്തിന്റെ മറുപടി 'ആൾക്കൂട്ടത്തിൽ നിന്ന് ഓടിയകലുക'. ഉടൻ അദ്ദേഹം ഈജിപ്തിലെ മരുഭൂമിയിലേയ്ക്കോടി അവിടെ രക്ഷയ്ക്കായി കാത്തിരുന്നു. രക്ഷയുണ്ടായില്ല. 'കർത്താവേ രക്ഷയുടെ വഴി കാണിച്ചു തരണേ' വീണ്ടും പ്രാർത്ഥന തുടർന്നു. മരുഭൂമിയിൽ അതാ ദൈവസ്വരം 'പലായനം ചെയ്യുക നിശബ്ദനായിരിക്കുക നിരന്തരം പ്രാർത്ഥിക്കുക' ഇനിയും എവിടേയ്ക്കാണ് പലായനം ചെയ്യേണ്ടത്? ഇനി ഓടേണ്ടത് ഉള്ളിലേയ്ക്കു തന്നെയെന്നദ്ദേഹം തിരിച്ചറിഞ്ഞു. അതിനും അദ്ദേഹം തയ്യാറായി.

നിശബ്ദതയും നിർമ്മലതയും. നിശബ്ദത ആത്മാവിന്റെ ഭാഷയാണ്. ദൈവത്തിന്റെയും. ദൈവികമായ നിശബ്ദതയിൽ ഇടമുറിയാത്ത പ്രാർത്ഥന ആത്മാവിൽ ഉണരുന്നു. അതത്രേ യഥാർത്ഥ ധ്യാനം... പ്രാർത്ഥന... ആത്മാവിലും സത്യത്തിലും ആരാധിക്കുന്നവരെ - പ്രാർത്ഥിക്കുന്നവരെ - ധ്യാനിക്കുന്നവരെയാണല്ലോ പിതാവായ ദൈവവും അന്വേ

ഷിക്കുക. ഈ ആന്തരിക പ്രാർത്ഥനാനുഭവത്തിന്റെ ബഹിർസ്ഫുരണമായിരുന്നു ബഹു. സെലിനാമ്മയിൽ ഉരുത്തിരിഞ്ഞ ദൈവദർശനവും മനുഷ്യദർശനവും. കർമ്മമണ്ഡലങ്ങളിലെ ഭാരവും ബുദ്ധിമുട്ടും ക്ലേശങ്ങളും സന്തോഷങ്ങളും എല്ലാം പ്രാർത്ഥനയോട് ചേർത്ത് ദൈവത്തിന് സമർപ്പിച്ച് വിശുദ്ധയായിത്തീരുവാനുള്ള സാധ്യതയെ ബഹു. സെലിനാമ്മ തന്റെ അദ്ധ്യാപനജീവിതത്തിലൂടെ തെളിയിച്ചു. അമ്മയും സുഹൃത്തും വഴികാട്ടിയും ആത്മമിത്രവുമായി തന്റെ വിദ്യാർത്ഥികളുടെ മുമ്പിൽ പ്രസന്നവദനവും പ്രാർത്ഥനാഭാവവും വഴി മാതൃകാഗുരുനാഥയും താപസകന്യകയുമായി അവൾ മാറി.

വിദ്യാഭ്യാസസ്ഥാപനത്തിന്റെ മേലധികാരി, സ്വന്തം സന്ന്യാസിനീ സമൂഹത്തിന്റെ അമരക്കാരി തുടങ്ങി ഉത്തരവാദിത്വമേറിയ ചുമതലകൾ വഹിക്കേണ്ടി വന്നപ്പോഴും പ്രവർത്തന ബാഹുല്യത്താൽ വിഴുങ്ങപ്പെട്ട ഒരു ആന്തരിക ജീവിതത്തിനുടമയായിരുന്നില്ല മദർ സെലീനാമ്മ. തന്റെ പ്രേഷിത പ്രവർത്തനങ്ങളുടെ ശക്തിസ്രോതസ് ഉള്ളിൽ വസിക്കുന്ന പരി. ത്രിത്വത്തോടുള്ള നിരന്തരമായ ഐക്യമായിരിക്കണമെന്ന് കർമ്മലയുടെ വീരകന്യകയായ വിശുദ്ധ അമ്മ ത്രേസ്യായിൽനിന്ന് അവൾ പഠിച്ചിരുന്നു. 'ഞാൻ ഒരു വിനാഴിക സമയം പോലും ദിവ്യനാഥനിൽ നിന്ന് അകന്ന് ജീവിക്കുന്നില്ല' എന്ന് അമ്മ ത്രേസ്യായെപ്പോലെ ഈ ആധുനിക അമ്മത്രേസ്യാ, സെലിനാമ്മയും പറഞ്ഞിരുന്നു.

കർമ്മല ചൈതന്യം ആഴത്തിൽ ജീവിച്ച് കഠിനമായ താപസികതയിലും പ്രായശ്ചിത്തത്തിലും മൗനത്തിലും ഏകാന്തതയിലും ജീവിക്കാൻ കഴിയുന്ന ഒരു മിണ്ടാമഠം സ്വപ്നം കാണാൻ മാത്രം താപസിക ചൈതന്യത്തിനുടമയായിരുന്നു ബഹു. സെലിനാമ്മ. നിരന്തരമായ പ്രാർത്ഥനയും

ദൈവൈക്യം ആഗ്രഹിക്കുന്ന സിസ്റ്റേഴ്സിന് അത് ഒരിക്കലും നഷ്ടമാകരുതെന്ന ആത്മാർത്ഥമായ ആഗ്രഹവുമാണ് ഇതിന് അമ്മയെ പ്രേരിപ്പിച്ചത്. കെടാവിളക്കായി ആത്മാവിനെ കാത്തുസൂക്ഷിക്കാനും ആകാശമോക്ഷത്തിന്റെ ജീവിതം ഈ ലോകത്തിൽ വച്ചു തന്നെ കൈവരിക്കാനും ഭൗമികരെ സ്വർഗ്ഗീയർക്കൊപ്പം ഉയർത്താനും അന്തരംഗ ജീവിതം അനിവാര്യമാണെന്നവൾ തിരിച്ചറിഞ്ഞു. ആഴപ്പെട്ട താപസചൈതന്യത്തിൽ നിന്നുരുത്തിരിഞ്ഞ തെളിമയുള്ള ഭാവവും വിനയവും മഹിമയും കരുത്തും കർത്തവ്യബോധവും ഒപ്പം ലാളിത്യം നിറഞ്ഞ ജീവിതശൈലിയും അമ്മ പ്രകടമാക്കി. ഇത് തന്റെ സന്ന്യാസസമൂഹം മുഴുവന്റെയും ചുമതലനിർവഹിക്കുവാൻ അമ്മയെ പ്രാപ്തയാക്കി. തികഞ്ഞ വാർദ്ധക്യത്തിലും ചുറുചുറുക്കോടെ, കർമ്മോത്സുകതയോടെ,

> “ഞാനെന്നോ
> എന്റേതെന്നോ
> ഭാവമില്ലാതെ സമ്യക്കായി
> സന്യസിക്കുന്നവനാണ്
> യഥാർത്ഥ സന്ന്യാസി

നിരാലംബർക്കാശ്വാസവും പ്രത്യാശയറ്റവർക്ക് പ്രത്യാശയുടെ പുഞ്ചിരിയും തന്റെ മാദ്ധ്യസ്ഥ്യം തേടുന്നവർക്ക് ഉറപ്പുള്ള സങ്കേതവുമായി അമ്മ മാറി. ഇന്നും ഈ താപസകന്യക ആത്മനാഥനോടൊപ്പം ആത്മാക്കളുടെ സ്വർഗ്ഗപ്രവേശനം കാംക്ഷിച്ച് തീക്ഷ്ണതയോടെ അദ്ധ്വാനിക്കുന്നു... സ്വർഗനാട്ടിൽ നമുക്കും ആ പാവനപാദങ്ങൾ നമസ്കരിക്കാം.

12

ദൈവദാസി സെലീനാമ്മ
എന്റെ ഓർമ്മകളിൽ

സി. ടെറസിലിൻ

''ഇതാ എന്റെ തോട് നദിയായി എന്റെ നദി സമുദ്രമായി''. (പ്രഭാ. 24:31)

ഏകീകൃത CMC യുടെ പ്രഥമ മദർ ജനറൽ മദർ മേരി സെലിൻ ദൈവദാസി പദത്തിലേയ്ക്ക് ഉയർത്തപ്പെട്ടു എന്ന സന്തോഷവാർത്ത കേട്ട് ഹൃദയവും മനസ്സും സന്തോഷവും നന്ദിയുംകൊണ്ടു നിറഞ്ഞപ്പോൾ സങ്കീർത്തകനോടൊപ്പം ഞാനും ഏറ്റുപാടി,

കർത്താവു ഞങ്ങൾക്കുവേണ്ടി
വൻകാര്യങ്ങൾ ചെയ്തിരിക്കുന്നു,
ഞങ്ങൾ സന്തോഷിക്കുന്നു.

> ആദ്യ ദിവസംതന്നെ 'അമ്മയിലെ മഹിമയുള്ള ഭാവവും മധുരമുള്ള ശീലവും ഞങ്ങളെ 'ഹഠാദാകർഷിച്ചു

1969-70 വർഷത്തിൽ ആദ്യത്തെ പൊതു ജൂണിയറേറ്റിൽ ഒരാളായി സെലീനാമ്മയുടെ മാതൃനിർവ്വശേഷമായ സ്നേഹവും കരുതലും ത്രിത്വാനുഭവവും നുകർന്നു വളരുവാൻ സാധിച്ചത് മഹാഭാഗ്യമായി ഞാൻ കരുതുന്നു. പ്രാർത്ഥനാമുറിയിലും ഊട്ടുമേശയിലും ജനറലേറ്റിന്റെ ഇടനാഴികളിലും വചനവേദിയിലും തോട്ടത്തിലുമൊക്കെ ഉണ്ടായിരുന്ന അമ്മയുടെ നിറസാന്നിദ്ധ്യം ആദരവോടെ, അത്ഭുതംകൂറി നോക്കിനിന്ന്, കൺകുളിർക്കെ കണ്ടാനന്ദിച്ച് ദൈവത്തിനു നന്ദിയേകിയ കാലഘട്ടം.!

നോവിഷ്യേറ്റു കാലഘട്ടത്തിൽ മിസ്ട്രസ് സി. ഫിദേലിസും, വചനം മുറിച്ചു വിളമ്പുന്നതിനിടയിൽ സി. ജോസിയും ഏകീകൃത CMC യുടെ ശക്തയായ അമരക്കാരിയെക്കുറിച്ചും സഭയുടെ സ്വപ്നമായി ഞങ്ങൾക്കായി സജ്ജമാകുന്ന പൊതു ജൂണിയറേറ്റിനെക്കുറിച്ചും വാചാലമായി സംസാരിച്ച് അതിനായി ഞങ്ങളെ പ്രാർത്ഥനാപൂർവ്വം ഒരുക്കിയതോർക്കുന്നു. 1969, ജൂൺ 29ന് വി.പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിനത്തിലായിരുന്ന ഏവരും പ്രാർത്ഥനാപൂർവ്വം സ്വപ്നം കണ്ടിരുന്ന പൊതു ജൂണിയറേറ്റ് ഉദ്ഘാടനദിനം. തെല്ലൊരു ഭയത്തോടും ആകാംക്ഷയോടും കൂടി ഞങ്ങൾ ചങ്ങനാശേരിയിൽ നിന്നുള്ള നവകന്യകമാർ അധികാരികൾക്കൊപ്പം ജനറലേറ്റിൽ കാലുകുത്തിയ ആധന്യനിമിഷം എങ്ങനെ മറക്കും? നിറഞ്ഞ പുഞ്ചിരിയോടും വിശുദ്ധി തുളുമ്പുന്ന യുവപ്രസാദത്തോടുംകൂടി ബഹു. ജനറാളമ്മ ബഹു. സിൽവിയാമ്മയ്ക്കൊപ്പം എത്ര ഹാർദ്ദമായിട്ടാണ് കർമ്മലയിലെ ഈ കൊച്ചു മക്കളെ സ്വീകരിച്ചതെന്നു പറഞ്ഞറിയിക്കാനാവില്ല. കുശലാന്വേഷണങ്ങൾക്കുശേഷം മാതൃനിർവ്വിശേഷമായ കരുതലോടെ ഭക്ഷണശാലയിലേയ്ക്ക് അമ്മ ഞങ്ങളെ ആനയിച്ചു. തുടർന്ന് വിവിധ

പ്രോവിൻസുകളിൽ നിന്നുമെത്തിയ നവകന്യകമാരോടൊപ്പം മുറികളിലെ വെള്ളം അടിച്ചു വാസയോഗ്യമാക്കുവാൻ നിയോഗിക്കപ്പെട്ടു. ഇടയ്ക്കിടയ്ക്ക് അമ്മയെത്തി 'മക്കൾക്ക് മടുപ്പുണ്ടോ? ഈശോയോടു ചേർന്ന് എല്ലാം ഉന്മേഷമാക്കിക്കോളൂ.' എന്നിങ്ങനെ ക്ഷേമാന്വേഷണത്തോടൊപ്പം ആത്മീയതയുടെ ബാലപാഠവും പകർന്നു നൽകിയതും ഇന്നലെയെന്നപോലെ ഓർമ്മിക്കുന്നു. അങ്ങനെ ആദ്യ ദിവസംതന്നെ 'അമ്മയിലെ മഹിമയുള്ള ഭാവവും മധുരമുള്ള ശീലവും ഞങ്ങളെ 'ഹഠാദാകർഷിച്ചു.

ഓരോ പ്രഭാതത്തിലും ആഴ്ചയിലൊരിക്കലും ഭവനവും പരിസരവും അടിച്ചുതുടച്ചു വൃത്തിയാക്കുന്നതിനിടയിലും നിർമ്മാണപ്രവർത്തനങ്ങളിൽ ഇഷ്ടിക പെറുക്കിയും വാതായനങ്ങൾ പെയിന്റടിച്ചും കുഞ്ഞുമക്കൾക്കൊപ്പമായിരിക്കുന്ന അമ്മ സ്വതസിദ്ധമായ പുഞ്ചിരിയോടെ കടന്നുവന്ന്, 'മോളേ, മടുത്തോ? ഉള്ളിലിരിക്കുന്ന ആത്മനാഥനോടുള്ള സ്നേഹത്തെപ്രതി എല്ലാ സമർപ്പിച്ചോളൂ'. എന്നു മന്ത്രിച്ചപ്പോഴുണ്ടായ ആത്മീയ ഉത്ക്കർഷവും ആനന്ദവുമൊക്കെ

എങ്ങനെ വർണ്ണിക്കാനാവും?

സംയോജിത CMC യെ ബാലാരിഷ്ടതകളിൽ നവീകരിച്ച് ഒറ്റക്കെട്ടായി നയിക്കുന്നതിനും പൊതുജൂണിയറേറ്റു സ്വപ്നം ഒരു യാഥാർത്ഥ്യമാക്കുന്നതിനും പുതിയ പ്രേഷിതാഭിമുഖ്യങ്ങൾക്കും വേണ്ടി ആത്മനാഥനോടു ആലോചിച്ച് അമ്മ ചെയ്ത ധീരപരിശ്രമങ്ങൾ, തിരുസ്സഭാധികാരികൾക്കും, ഉപകാരികൾക്കും സഭാതനയർക്കുമായി അയച്ച കത്തുകൾ, അർപ്പിച്ച പ്രാർത്ഥനകൾ, ഏറ്റെടുത്ത ത്യാഗസഹനങ്ങൾ എല്ലാം എന്നെ ഏറെ സ്പർശിച്ചിട്ടുണ്ട്. CMC ക്ക് ഒരു പൊതുഭവനം, സഭയുടെ പൊതുജൂണിയറേറ്റു സ്വപ്നം, അതിന്റെ പണികാര്യങ്ങൾ, ആദ്യബാച്ചുകാരായ 135 നവകന്യകൾ, ഞങ്ങൾ

> വി. എലിസബത്ത് ഓഫ് ട്രിനിറ്റിയുടെ മഹത്വകീർത്തനം അമ്മ തന്റെ നാവിൽ നിരന്തരം ഉരുവിട്ടുകൊണ്ടിരുന്നു

ക്കായുള്ള പുതിയ പരിശീലന പദ്ധതിവിജയം, പ്രാരംഭപ്രതിസന്ധികൾ, ലോകം മുഴുവനും ആത്മനാഥനായി വെട്ടിപ്പിടിക്കേണ്ട പ്രേഷിതസ്വപ്നങ്ങൾ എല്ലാം ഉള്ളിലിരിക്കുന്ന ശക്തനെ (1 യോഹ. 4:4) ഭരമേല്പിച്ച അമ്മ 'കർത്താവു നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്തുകൊള്ളും. നിങ്ങൾ ശാന്തരായിരുന്നാൽ മതി.' എന്ന പുറ. 14:14 ന്റെ പ്രത്യാശയിൽ പ്രശാന്തയായി മുന്നേറി.

സഭാനവീകരണ കാൽവയ്പുകൾ സമയാസമയങ്ങളിൽ സഭാമക്കളെ അറിയിച്ചും അവരുടെ പ്രാർത്ഥനയും ത്യാഗങ്ങളും യാചിച്ചും സഭ മുഴുവനേയും അതിനായി ഒരുക്കിയ അമ്മയുടെ ദീർഘവീക്ഷണവും ദൈവത്തോടും തിരുസ്സഭയോടുമുള്ള വിശ്വസ്തതയും ഇളംതലമുറക്കാരായ ഞങ്ങളോടുള്ള വാത്സല്യവും ആദ്യജൂണിയറേറ്റു മക്കൾക്കായി സഭ മുഴുവൻ ത്യാഗപൂർവ്വം പ്രാർത്ഥിക്കാൻ തുടരെ തുടരെ നൽകിയ ആഹ്വാനങ്ങളും അടങ്ങിയ അമ്മയുടെ കത്തുകൾ എത്രയോ പ്രാവശ്യം വായിച്ച് ഹൃദയം തുടിച്ചിട്ടുണ്ട്, കണ്ണുകൾ നിറഞ്ഞൊഴുകിയിട്ടുണ്ട്! (മാതൃമൊഴികൾ Pp 84-110) അമ്മയോടും സഭ മുഴുവനോടും അതിലുപരി നല്ല ദൈവത്തോടും ഞങ്ങൾ എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്ന ചിന്ത അതെന്നിൽ ഉളവാക്കി.

ഭക്ഷണകാര്യങ്ങളിലെ ഏറ്റക്കുറച്ചിലുകളിൽ ഞങ്ങൾക്കായി മോഡേൺ ബ്രഡ്ഡുകൾ കരുതിയ അമ്മയുടെ മനസ്സിന്റെ വലിപ്പം മറക്കാനാവുന്നില്ല. അമ്മയും അഭിവന്ദ്യ ഹിപ്പോളിറ്റസ് പിതാവും ഞങ്ങളെ Modern Bread എന്ന് അഭിസംബോധന ചെയ്തപ്പോഴും കാലഘട്ടത്തിനു ജീവനേകുന്ന Modern Breadകളായി, 'ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്' (യോഹ. 10:10) എന്നരുളിയവന്റെ സാ

ക്ഷികളാകാനുള്ള ഒരാവേശം അതു ഞങ്ങളിലുളവാക്കി.

പ്രകൃതിയേയും പ്രപഞ്ചത്തേയും സ്നേഹിച്ച് അമ്മ ഫലവൃക്ഷങ്ങൾക്കൊണ്ടും പലവർണ്ണ പുഷ്പങ്ങൾകൊണ്ടും ജനറേറ്റു അങ്കണവും പരിസരങ്ങളും നിറച്ച് പ്രകൃതിയിലൂടെ പ്രകൃതി നാഥനിലേയ്ക്ക് ഉയരുവാൻ ഞങ്ങളെ പഠിപ്പിച്ചു. പ്രതിസന്ധികളിൽ ദൈവത്തിൽ ആശ്രയിപ്പിച്ചും ഇല്ലായ്മകളിൽ പങ്കുചേർന്നും ജോലിവേലകളിൽ ഞങ്ങളോടൊപ്പമായിരുന്നും ഭാരിച്ച ഉത്തരവാദിത്തങ്ങൾക്കിടയിലും സുസ്മേരവദനയായി ദിവ്യ സായൂജ്യ ലഹരിയിൽ കുടുകുടെ ചിരിപ്പിച്ചും മുന്നേറിയ അമ്മയുടെ ജീവിതം തന്നെ തലമുറകൾക്ക് ഒരു സാരോപദേശമത്രെ.

''ഞാൻ എനിക്കുവേണ്ടി മാത്രല്ല, ഉപദേശം തേടുന്ന എല്ലാവർക്കും വേണ്ടിയാണ് അദ്ധ്വാനിച്ചതെന്ന് അറിയുക'' (പ്രഭാ. 24:34)

കർമ്മലയുടെ മുഖമുദ്ര ദൈവൈക്യമാണെന്നു തിരിച്ചറിഞ്ഞ സെലീനാമ്മ ജൂണിയറേറ്റുകാലമത്രയും ഞങ്ങൾക്ക് പ്രണിധാന പ്രാർത്ഥനയ്ക്കും ദൈവൈക്യത്തിനും ഉതകുന്ന

> “ സെലീനാമ്മയുടെ മാതൃനിർവ്വശേഷമായ സ്നേഹവും കരുതലും ത്രിത്വാനുഭവവും നുകർന്നു വളരുവാൻ സാധിച്ചത് മഹാഭാഗ്യമായി ഞാൻ കരുതുന്നു.

കാര്യങ്ങൾ മാതൃകയിലൂടെ, പ്രബോധനങ്ങളിലൂടെ പ്രവാചകധീരതയോടെ പകർന്നു തന്നു. 'ഓ! പരിശുദ്ധ ത്രിത്വമേ, എന്റെ സമസ്തവുമേ, എന്റെ ഭാഗ്യമേ, അനന്തമായ ഏകത്വമേ, ഞാൻ ലയിച്ചു ചേരുന്ന അളവില്ലായ്മയേ, അവിടുത്തെ ബലിവസ്തുവായി എന്നെ സമർപ്പിക്കുന്നു.' എന്നെ തുടങ്ങുന്ന വി. എലിസബത്ത് ഓഫ് ട്രിനിറ്റിയുടെ മഹത്വകീർത്തനം അമ്മ തന്റെ നാവിൽ നിരന്തരം ഉരുവിട്ടുകൊണ്ടിരുന്നു. ത്രിത്വൈക സഹവാസാനുഭൂതിയിൽ സുസ്മേരവദനയായി ചലിക്കുന്ന ചുണ്ടുകളും ജപമാല ഉരുട്ടുന്ന കരങ്ങളുമായി പ്രശാന്തമായി നീങ്ങുന്ന അമ്മ മക്കളോടു സല്ലപിക്കുന്ന സായംകാല

ത്തിനായി ഞങ്ങൾ എത്ര ആവേശത്തോടെയാണ് അനുദിനം കാത്തിരുന്നതെന്നോർമ്മിക്കുന്നു. ഏലിയ, ഏലീശ്വാ പ്രവാചകന്മാരുടേയും കർമ്മലയിലെ മറ്റു മഹാ വിശുദ്ധരുടേയും ചൈതന്യം തുളുമ്പുന്ന ലീഫ്‌ലെറ്റ്സുമായി 6 മണിക്ക് കടന്നുവരുന്ന അമ്മ തന്റെ ആത്മീയസമ്പത്ത് ഗുളികപാകത്തിൽ ധ്യാനചിന്തകളായി ഞങ്ങൾക്കും തലമുറകൾക്കുമായി പകർന്നുതന്നതിന്റെ ആത്മീയവീര്യത്തിൽ ഇന്നും ഞങ്ങൾ ജീവിക്കുന്നു.

പുലരിയുടെ യാമത്തിലും രാവിന്റെ നീണ്ട മണിക്കൂറുകളിലും സക്രാരി നാഥനെ നോക്കി സന്തോഷസല്ലാപങ്ങൾ പങ്കിട്ടും തിരുഹിതം ആരാഞ്ഞും ഇടയ്ക്കിടയ്ക്ക് കണ്ണുനീർ പൊഴിച്ചും ആത്മനാഥനെ ആശ്വസിപ്പിച്ചും ഉറക്കെ സല്ലപിച്ചും ത്രിത്വൈകസഹവാസം ജീവിതതാളമാക്കിയ അമ്മയുടെ മാതൃക കർമ്മലചൈതന്യം ജീവിക്കുവാൻ വലിയൊരു പ്രേരകശക്തിയായിരുന്നു. പള്ളി പൂട്ടാൻ ഞങ്ങൾ എത്തിയെന്നറിയുമ്പോൾ സക്രാരിനാഥനിൽ നിന്നും കണ്ണുകൾ പറിച്ചെടുത്ത് ആത്മനിറവോടെ വികാരഭരിതമായി പുറത്തേയ്ക്കുള്ള ആ വരവൊന്നു കാണേണ്ടതുതന്നെ. മുഖത്തെ ആ തേജസ്സും ചലിക്കുന്ന ചുണ്ടുകളും ജപമാല ഉരുട്ടുന്ന വിരൽത്തുമ്പുകളും ആത്മസന്തോഷത്തോടെ മന്ദംമന്ദമുള്ള ആ നടത്തവും, ഇഷ്ടരൂപത്തിന്റെ മുമ്പിലെ സമർപ്പണവും മുറിയിലേയ്ക്കുള്ള മനനയാത്രയും ഒക്കെ ഇന്നും മനസ്സിൽ മായാതെ നിറഞ്ഞുനിൽക്കുന്നു.

അമ്മയെ അവസാനമായി കണ്ടത് കറുകുറ്റി മഠത്തിലെ അമ്മയുടെ വിശ്രമവേളയിലാണ്. അമ്മയുടെ അനുഭവസമ്പത്തും അനുഗ്രഹാശിസ്സുകളും ഏറ്റുവാങ്ങുന്നതിനായി സി. ബനീറ്റാ (മിണ്ടാമഠം, അമേരിക്ക)യോടൊപ്പം ഞാനും കറുകുറ്റി മഠത്തിലെത്തി. ഞങ്ങളെ കണ്ടമാത്രയിൽത്തന്നെ ഒരു പൊട്ടിച്ചിരി.

'ദൈവൈക്യജീവിതത്തിന് പ്രഥമസ്ഥാനം നൽകുന്നില്ലേ, മക്കളേ?' എന്ന ചോദ്യത്തോടെ ഉള്ളിൽ ഉറഞ്ഞുകൂടിയ ആത്മീയസൂക്തങ്ങൾ അണപൊട്ടിയൊഴുകി: പരിശുദ്ധ പരമ ത്രിത്വമേ, എന്റെ ഭാഗ്യമേ! Alone with the Alone! Intense, deept solid, personal experience of love for our Lord Jesus Christ. ഇവ എത്ര പ്രാവശ്യം ആവർത്തിച്ചു എന്നു എണ്ണാനായില്ല. പ്രായത്തെ അതിജീവിച്ച ശൈലിയിൽ ഓരോ വാക്കും ശക്തവും സ്ഫുടവുമായ ഭാഷയിൽ ആഴപ്പെട്ട ത്രിത്വാനുഭവം കുടഞ്ഞിടുംപോലെ ഉച്ചത്തിൽ ആവർത്തിച്ചപ്പോൾ ആ ആത്മീയപ്രവാഹത്തിൽ ഞങ്ങളും മുങ്ങിക്കുളിച്ചു. അമ്മയിലെ മഹാവിശുദ്ധയെ അവസാനമായി ഞങ്ങൾ കണ്ടനുഭവിച്ച ആ അവിസ്മരണീയ നിമിഷങ്ങൾ!

ജൂണിയറേറ്റിലെ നേർകാഴ്ചകളിലും കറുകുറ്റി മഠത്തിലെ കൂടിക്കാഴ്ചയിലും അമ്മയിൽനിന്നും ഒഴുകിവന്ന ത്രിത്വസ്തുതിപ്പുകൾ എന്നിൽ ഉറഞ്ഞുകൂടിയിട്ടുണ്ട്. ഏകാന്തപ്രാർത്ഥനകളിലും ഇടയ്ക്കിടെ അവ ഉയർന്നുവരാറുണ്ട്. അതിന് ഞാൻ സെലീനാമ്മയോട് കടപ്പെടുന്നു. അതുപോലെ ഏകാന്തപ്രാർത്ഥനയ്ക്കുള്ള ദാഹം, ദൈവവചന കമ്പം, വചനം ലോകം മുഴുവൻ പകരാനുള്ള പ്രേഷിതതീഷ്ണത, തിരുസഭയുടെ നൊമ്പരങ്ങൾ ഒപ്പിയെടുക്കുന്ന ഭാവം, കർമ്മലവിശുദ്ധരോടുള്ള കൂട്ടുകെട്ട്, പ്രകൃതി സ്നേഹം, പ്രകൃതിവിഭവങ്ങൾ പങ്കിടുന്നതിലുള്ള ആനന്ദം എല്ലാമെല്ലാം സെലീനാമ്മയിൽനിന്നും കിട്ടിയ പൈതൃകങ്ങളാണ്. അമ്മയെ ജീവിക്കുന്ന മാതൃകയും സ്വർഗ്ഗീയമദ്ധ്യസ്ഥയുമായി തന്ന ദൈവകരുണയ്ക്ക് ഒരായിരം നന്ദി! കർമ്മലചൈതന്യം തനിമയിൽ ജീവിച്ച് കാലഘട്ടത്തിന് ഉണർത്തുപാട്ടായ അമ്മയുടെ വിശുദ്ധ ജീവിതം ഏവർക്കും പ്രചോദനവും പ്രത്യാശയുമരുളട്ടെ.

''നദിയായി മാറിയ
കൊച്ചരുവി,
പ്രകാശവും സൂര്യനും
സമൃദ്ധമായ ജലവും!''

(എസ്തേർ 10:6)

സുവിശേഷത്തിലെ ക്രിസ്തുവിനെ അനുകരിക്കുകയാണല്ലോ നമ്മുടെ കർത്തവ്യം. യഥാർത്ഥ സമർപ്പിതർ നല്ലതുമാത്രം ചിന്തിക്കുന്നു. മറ്റുള്ളവരെ വേദനിപ്പിക്കുന്ന ഒരു നിസ്സാരവാക്കുപോലും ഉച്ചരിക്കുക അവർക്കു ഭൂഷണല്ല.
(മാതൃമൊഴികൾ പേജ് 139)

13

അധ്വാനശീലയായ സെലീനാമ്മ

സി. റ്റെസ്മി ജോസ് CMC

''നന്മചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നതിലും ഉപേക്ഷ വരുത്തരുത്, അത്തരം ബലികൾ ദൈവത്തിനു പ്രീതികരമാണ്.'' (ഹെബ്രാ. 13/16)

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി പഞ്ചായത്തിലെ അനുഗൃഹീതമായ മള്ളൂശ്ശേരി ഗ്രാമം. അധ്വാനിക്കുന്ന മനുഷ്യരുടെ വിയർപ്പിൽ ഉയർന്ന ഹരിതനിബിഡമായ മനോഹരപ്രദേശം. ഇവിടെ

പയ്യപ്പിള്ളി തറവാട്ടിൽ ആഢ്യരായ ഔസേപ്പ്-കൊച്ചുമറിയം ദമ്പതികളുടെ ഓമനപുത്രിയായി 'അന്നക്കുട്ടി' പിറന്നു. അസാധാരണ നിയോഗങ്ങൾ അധ്വാനത്തിന്റെ വേറിട്ട വഴികളിലൂടെ അനശ്വരമാക്കിയ ഒരു വിശുദ്ധ ജന്മം. അന്നക്കുട്ടിയെ അധ്വാനശീലയായ സെലീനാമ്മയാക്കി മാറ്റിയ ഏതാനും കാര്യങ്ങളിലേയ്ക്ക് നമുക്കൊന്ന് കണ്ണോടിക്കാം.

അധ്വാനവും അച്ചടക്കവും ജീവിതലാളിത്യവും പരോപകാരങ്ങളും പുണ്യകർമ്മങ്ങളും കൊണ്ട് അലങ്കരിക്കപ്പെട്ട ശാലീനമായ പയ്യപ്പിള്ളി കുടുംബം. ഈ കുടുംബാന്തരീക്ഷത്തിലാണ് അന്നക്കുട്ടിയുടെ അധ്വാനശീലത്തിന്റെ അടിത്തറ പണിയപ്പെട്ടത്. പലപ്പോഴും നാമൊക്കെ തെറ്റിദ്ധരിക്കുന്ന ഒരു പദമാണ് 'അധ്വാനം, 'കഠിനാധ്വാനം' എന്നത്. ഇത് വിരസമോ, ഭാരപ്പെടുത്തുന്നതോ ആയി നമുക്കുതോന്നാം. എന്നാൽ ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുന്ന ഒരു വ്യക്തി തന്റെ പ്രവൃത്തിയിലുള്ള ആയാസത്തെ അതിജീവിക്കുകയും അത് ആസ്വദിക്കുകയും ചെയ്യുന്നു. അതായത് അയാളെ സംബന്ധിച്ചിടത്തോളം 'അധ്വാനം' ആയാസത്തെ മറികടക്കുന്നുവെന്ന് മാത്രമല്ല, ആസ്വാദ്യകരമായ 'കഠിനാധ്വാന'ത്തിലേക്കു നയിക്കുകയും ചെയ്യുന്നു.

''ഉന്നതമായ യാതൊന്നും ഉത്കൃഷ്ഠമായ യാതൊന്നും കഠിനപ്രയത്നം കൂടാതെ നേടാൻ പറ്റില്ല.'' (മാതൃമൊഴികൾ കത്ത് 30). ഉന്നതമായവ തേടുവാനും നേടുവാനും സെലീനാമ്മയിലുണ്ടായിരുന്ന പ്രേരകശക്തി എന്തായിരുന്നിരിക്കണം? ''ഒരു സന്യാസിയുടെ അധ്യാപനം, ആതുരശുശ്രൂഷ, തുടങ്ങിയ പ്രേഷിത പ്രവർത്തനങ്ങൾ ഫലദായകമാകണമെങ്കിൽ അവളുടെ ജീവിതം അവളിൽ അധിവസി

ക്കുന്ന പരി. ത്രിത്വത്തോടുള്ള അഭേദ്യമായ ഐക്യത്തിൽ അടിയുറച്ചതാകണം'' (മാതൃമൊഴികൾ). ആത്മാവിൽ ജ്വലിച്ചിരുന്ന സ്നേഹത്തിന്റെ അഗ്നിസ്ഫുലിംഗം സ്വത്വത്തിൽ ഒതുക്കിനിർത്താത്ത പ്രവർത്തനങ്ങളിലേക്ക് അമ്മയെ നയിച്ചു.

''ദൈവം സ്നേഹമാണ്'' (1 യോഹ. 4:8,16)

തന്റെ ചിന്തകളിൽ, ഭാവനകളിൽ, വികാരങ്ങളിൽ, സ്വപ്നങ്ങളിൽ, ദൈവീകതയുടെ അടിയൊഴുക്കുണ്ടായപ്പോൾ, ജീവിതം കഠിനാധ്വാനത്തിന്റെ മേലൊഴുക്കായി മാറി.

''ആന്തരിക ജീവിതത്തിന്റെ കേന്ദ്രബിന്ദുവായ ദിവ്യനാഥനെ ആധാരമാക്കി ചലിക്കുന്ന ഒരു സന്യാസിയുടെ ബാഹ്യപ്രവർത്തനങ്ങൾ തീർച്ചയായും സന്യാസ പരിപൂർണ്ണതയ്ക്ക് ഉപകരിക്കും'' (മാതൃമൊഴികൾ കത്ത്: 7) പരിശുദ്ധാത്മാവിലൂടെ പൂർത്തിയായിക്കൊണ്ടിരിക്കുന്ന 'മനുഷ്യരക്ഷ' – ആത്മരക്ഷ എന്ന തന്റെ ദിവ്യമണവാളന്റെ ദാഹം അമ്മയുടെ പ്രവർത്തനങ്ങളുടെ ശക്തി സ്രോതസ്സായി (മാതൃമൊഴികൾ കത്ത് 28). ഈ

> അമ്മയെ ജീവിക്കുന്ന മാതൃകയും സ്വർഗ്ഗീയമദ്ധ്യസ്ഥയുമായി തന്ന ദൈവകരുണയ്ക്ക് ഒരായിരം നന്ദി!

ചാലക ശക്തി, ക്രാന്തദർശനത്തിലേക്ക് അമ്മയെ നയിച്ചപ്പോൾ ദൈവീക സ്വപ്നങ്ങളെ തന്റെ പ്രവൃത്തികളാക്കി അമ്മ മാറ്റി. അതിനുള്ള പ്രത്യക്ഷസാക്ഷ്യമാണ് ആലുവായിലുള്ള CMC മൗണ്ട് കാർമ്മൽ ജനറലേറ്റും അതിന്റെ തുടർപ്രവർത്തനങ്ങളും.ലോകം മുഴുവനിലേക്കും വ്യാപിച്ചിരിക്കുന്ന CMC സന്യാസിനീ സഹോദരിമാരുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ ബഹു. സെലീനാമ്മയുടെ അധ്വാനത്തിന്റെ തുടർകണ്ണികളല്ലാതെ മറ്റെന്താണ്?

ഓരോ പ്രവൃത്തിക്കും മുമ്പ്, പരിത്യക്തനായി നമ്മിൽ വസിക്കുന്ന ഈശോയുടെ നേർക്ക് ഒന്നു തിരിയുക. ഒരു വിനാഴിക ആ ദിവ്യാതിഥിയോട് ഒന്നാലോ

ചിക്കുക (മാതൃമൊഴികൾ). ഞാൻ നോക്കുമ്പോൾ തന്നെ നോക്കുന്ന 'പരന്റെ' 'അപരന്റെ' കണ്ണുകളെ വായിച്ചറിയാനുള്ള ആന്തരീകത, മണ്ണോളം താഴാനും, ഉയരാനും, ഉയർത്താനും, കൈനീട്ടേണ്ടിടത്ത് നീട്ടാനും താങ്ങാകാനും അമ്മയെ പ്രേരിപ്പിച്ചു.

''സ്നേഹത്തിന്റെ ഭാഷ ത്യാഗമാണെന്ന് നാം വിസ്മരിക്കരുത്'' (മാതൃമൊഴികൾ കത്ത് 30). സ്വയം കീഴടക്കൽ, സ്വയം പരിത്യാഗം, സ്വയം ശൂന്യമാക്കൽ എന്നിവയിലൂടെ സെലീനാമ്മ അധ്വാനശീലം വളർത്തിയെടുത്തു. എണ്ണമറ്റ അലച്ചിലുകൾ, അസൗകര്യങ്ങൾ, യാതനകൾ, കയ്പുനിറഞ്ഞ അനുഭവങ്ങൾ, മറ്റുള്ളവരുടെ എതിർപ്പുകൾ, ശാരീരികാസ്വാസ്ഥ്യങ്ങൾ, സാമ്പത്തിക പരാധീനകൾ, ഇവയൊന്നും നിരന്തര അധ്വാനത്തിൽ നിന്ന് സെലീനാമ്മയെ പിന്തിരിപ്പിച്ചില്ല.

''തീക്ഷ്ണമായ ആഗ്രഹവും സ്ഥിരമായ പരിശ്രമവും വിശുദ്ധി സമ്പാദിക്കുവാൻ ആവശ്യമാണ്'' (മാതൃമൊഴികൾ കത്ത് 26,31). നലം തികഞ്ഞ കർമ്മലകന്യകയായ, വി. അമ്മത്രേസ്യായുടെ സ്വന്തം മകളായ സെലീനാമ്മയുടെ അധ്വാനശീലം കർമ്മലീത്ത ആധ്യാത്മികതയിൽ നിന്നും ഉരുത്തിരിഞ്ഞതായിരുന്നു. ("Determined Determination" - St. Teresa of Avila). താൻ സ്വന്തമായ സന്യാസിനീ സമൂഹത്തോടും തിരുസഭയോടും ലോകത്തോടുമുള്ള പ്രതിബന്ധത ആധികാരികമായ പ്രവർത്തനങ്ങളിലേക്ക് അമ്മയെ നയിച്ചു. ശബ്ദമുഖരിതമായ ഈ ലോകത്തിന്റെ കാഴ്ചകളെ ഉൾക്കാഴ്ചകളാക്കി, കേൾവികളെ ഉൾവിളികളാക്കിയപ്പോൾ ആസ്വാദ്യകരമായ നിരന്തര അധ്വാനമായി സെലീനാമ്മയുടെ ജീവിതം മാറി.

(മാതൃമൊഴികൾ കത്ത് 26).

ക്രിയാത്മകമായ നമ്മുടെ സ്നേഹം വഴി മാത്രമേ ജീവിതങ്ങൾ സുഗമമാകുകയുള്ളൂ. അതേ, നന്മ ചെയ്യണമെങ്കിൽ ഒഴുക്കിനെതിരെ നീന്തണം. സ്നേഹവും മൂല്യങ്ങളും തണുത്തുറയുമ്പോൾ വീര്യം, നഷ്ടപ്പെട്ട്, നോക്കി വിലപിക്കാതെ, വിമർശിക്കാതെ, ഓരോ നിമിഷവും നാം നന്മയുടെ തുടക്കക്കാരാകണം. അധ്വാനശീലയായ സെലീനാമ്മയെപ്പോലെ ക്രിസ്തുവിന്റെ സ്നേഹം ഇതിനു നമ്മെയും നിർബന്ധിക്കട്ടെ.

14

THE SECRET OF HER SANCTITY

Sr. Reeba

Mother Mary Celine's life is being read and re-read these days to be understood, appreciated and followed as a model, especially by us, the present members of CMC. As we go through the pages of her life, we realize that her success as a religious and as the first Superior General of a newly unified congregation has but one secret-love. Her life is indeed a manifestation of the words of St. Augustine, "Love and do what thou wilt: ... let the root of love be within, of this root can nothing spring but what is good." Love for God and love for brethren were demonstrated clearly in all her dealings.

> Mother's life of love is a powerful message to the present generation

Mother's love for God was as per her desire and frequent advice: "Intense, deep, solid, personal love for our Lord Jesus Christ..." This was not achieved in a day. She had been blessed with this conviction quite early in her life and had worked hard to realize it in herself.

Her daily routine was a means to live for the love she desired so much. She used to rise early and come to the chapel hours before others. Even as she grew old, she used to keep this practice. Bishop Hippolytus has noted that Mother Celine always maintained a zeal and interest like a newly professed sister. Mother wanted all members of her congregation to experience God as she herself did. this was one reason behind the establishment of Sanjoe Bhavan, Karukutty.

One's love for God is manifested in his/her love for others. We need no special mention of Mother Celine's love for her fellow beings. Her very life-thoughts, words and action radiated love. This love originated naturally from her love for God.

Her motherly concern for her sisters is seen in her various decisions as the Superior General. She did all she could to help sisters excel in their spiritual life as well as their responsibilities in daily life. She respected individual differences. She also showed great empathy towards those who went astray and continuously tried to bring them back to the True Love.

Mother always insisted on genuine love and care among sisters. She was of the opinion that community life should provide each sister with the love and encouragement she was in need of. For this, each sister should see Christ in others. Mother particulary showed boundless love towards the sick. She referred to them as "the ornament of religious house" (Mathrumozhikal, letter5).

Mother took great care to

show charity in words. She exhorts us to be loving while using words "think before you speak and follow laws of etiquette while speaking" (Mathrumozhikal, letter5).

Her love was not only for the members of her congregation. She had a "big heart" that could accomodate anyone and everyone. Colleagues, students and boarders with whom she came into contact as a teacher and boarding mistress have many stories of affection to tell. She also prayed for Mother Church with fervent love. It was this love for the Church that prompted her to ask sisters to offer prayer and penance for the Church.

This short account shows how love pervaded her whole being. It transformed her and led her to a true experience of union with God and joyful commitment to all in need. This alone will suffice for eternal reward, because, as St. John of the Cross says, "In the twilight of life, God will not judge us on our earthly possessions and human successes, but on how well we have loved".

Mother's life of love is a powerful message to the present generation who often experience loneliness and depression even while living with all the latest gadgets and receiving "likes" and "shares".

A single flame of love can destroy everything negative within us. It can purify us. It also evokes in us a sincere concern towards our fellow beings. This love for God and man gives meaning to our lives, especially to our consecreated lives. Mother Celine proved with her life that this is not an unacheivable aim. Let us pray for and practice this gift of love. Let us also share its wonderful fruits and encourage all we meet to journey along this sure path to our God, the Supreme Love.

മറ്റുള്ളവരെ വേദനിപ്പിക്കാതിരുന്നതുകൊണ്ടുമാത്രം നമ്മുടെ ജീവിതം സാഫല്യമടയുകയില്ല. ക്രിയാത്മകമായ നമ്മുടെ സ്നേഹം വഴി മറ്റുള്ളവരുടെ ജീവിതം സുഗമമായിത്തീരണം. നമ്മെ ആളുകൾ വിമർശിക്കുന്നത് മിക്കവാറും നാം സ്നേഹത്തിൽ-സ്വയം കൊടുക്കുന്നതിൽ-പരാജയപ്പെടുന്നതുകൊണ്ടാണ്.

(മാതൃമൊഴികൾ പേജ് 141)

15

വിശുദ്ധിയുടെ പൊൻതൂവൽ

സി. ലിസ്ബത്ത് മരിയ

'മറക്ക സർവ്വത്ര സമസ്ത സൃഷ്ടാവും
സ്മരിക്ക സൃഷ്ടാവിനെ സന്തതം സുഖം
ശ്രവിക്ക സാന്ത്വത്തിലുദിച്ചിടും സ്വരം
വസിക്ക സ്നേഹത്തോടു സ്നേഹിതാന്തികെ'.

വിസ്മൃതിയുടെ അഗാധതയിൽ ലോകത്തെ ത്യജിച്ച് ആത്മാവിന്റെ അന്താരാളങ്ങളിൽ ദിവ്യനാഥനെ പുൽകി തേനൂറും സ്വരത്തിൽ കർമ്മം ലയിപ്പിച്ച് സായൂജ്യല ഹരിയിലമർന്ന കർമ്മലയിലെ കനകതാരം. ആത്മാവിൽ ആത്മാവിനെ പുൽകിയ പുണ്യസൂനം. വിശുദ്ധിയിൽ ജീവിക്കാൻ മാതൃക നൽകിക്കൊണ്ട് നമുക്ക് മുമ്പേ കടന്നുപോയ നമ്മുടെ അമ്മ അതേ സെലീനാമ്മ. പുണ്യം നിറഞ്ഞ അമ്മയുടെ ജീവിതവഴിത്താരകളിലേക്ക് ആ അപാരതയുടെ ആഴത്തിലേയ്ക്ക് ഒരു നിമിഷം കടക്കട്ടെ.

കേട്ടും വായിച്ചും അറിഞ്ഞ അറിവുകളായിരുന്ന സെലീനാമ്മയെക്കുറിച്ച് എനിക്കുണ്ടായിരുന്നത്. എന്നാൽ എന്റെ കർമ്മരംഗമായ മൂവാറ്റുപുഴ സെന്റ് അഗസ്റ്റിൻസ് സ്കൂളിൽ പഠിപ്പിക്കാൻ തുടങ്ങിയ നാൾ മുതൽ അമ്മയെ കൂടുതൽ ഹൃദയസ്പർശിയായി അനുഭവിച്ചറിയാൻ സാധിച്ചു. അമ്മ ഈ സ്കൂളിന്റെ ആദ്യത്തെ ഹെഡ്മിസ്ട്രസ്സ് ആയിരുന്നു. അമ്മയുടെ കൂടെ ജീവിക്കുകയും പഠിപ്പിക്കുകയും ചെയ്തവരിൽ പലരും ഈ ഭവനത്തിലെ അന്തേവാസികളാണ്. അവരുടെ അനുഭവസാക്ഷ്യത്തിൽ നിന്നാണ് അമ്മയുടെ വിശുദ്ധ ജീവിതത്തിന്റെ പരിമളം ആസ്വദിക്കാൻ സാധിച്ചത്. അമ്മയുടെ പാദസ്പർശനവും പുണ്യത്തിന്റെ തലോടലുമുള്ള ഈ സ്കൂളിൽ അധ്യാപികയായിരുന്നതിൽ ഞാൻ അഭിമാനിക്കുകയും സന്തോഷിക്കുകയും നല്ല ദൈവത്തിനു നന്ദി പറയുകയും ചെയ്യുന്നു.

സുകൃതം അഭ്യസിച്ച് സുകൃതിനിയായി തീർന്ന ഒരു മാണിക്യരത്നമായിരുന്നു സെലീനാമ്മ. കർത്താവിനെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിഞ്ഞ കർമ്മലയിലെ ഏലിയാപ്രവാചകന്റെ അതേ തീക്ഷ്ണത ഏറ്റുവാങ്ങി ദിവ്യനാഥന്റെ സ്നേഹത്തിൽ ലയിച്ച് വാർധക്യം വരെ ഒരു നവകന്യകയുടെ താൽപര്യവും ഉണർവും ഉത്സാഹവും സന്തോഷവും നിലനിർത്തി ജീവിച്ച വിശുദ്ധ താരം. തന്റെ പക്കൽ വരുന്നവരോടും കണ്ടുമുട്ടുന്നവരോടും എപ്പോഴും അമ്മയ്ക്കു പറയാനുണ്ടായിരുന്നത് ഒരു വാക്യം മാത്രം. 'ഈശോയെ സ്നേഹിക്കുക; അവിടുത്തേയ്ക്കു വേണ്ടി സഹിക്കുക.'

ആഴമേറിയ അന്തരംഗ ജീവിതം, ആചാര്യസദൃശമായ ആത്മനിഗ്രഹം, താപസികത, അസാധാരണമായ സമഭാവന, അചഞ്ചലമായ ആദർശനിഷ്ഠ, അതിരില്ലാത്ത അർപ്പണ മനോഭാവം. വിനയവും ശാന്തതയും നിറഞ്ഞ ജീവിതശൈലി, അതുല്യമായ കർമ്മശേഷി, കർമ്മനിരത, ശുശ്രൂഷാ മനോഭാവം. സദാപിസംലഭ്യത, എല്ലാവരേയും ഉൾക്കൊള്ളാൻ മാത്രമുള്ള ഔദാര്യം... ഇങ്ങനെ പോകുന്നു അമ്മയിൽ മിഴിവാർന്നുനിന്നിരുന്ന വ്യക്തിത്വ സവിശേഷതകൾ. സ്വന്തം ആത്മവിശുദ്ധീകരണം, ആത്മാക്കളുടെ രക്ഷ എന്ന CMC

യുടെ കാരിസം അഭംഗുരം ജീവിതത്തിൽ പകർത്തിയ വളായിരുന്നു സെലീനാമ്മ. താൻ കണ്ടുമുട്ടിയവരുടെ ഹൃദയത്തിൽ ഇടം നേടിയവൾ. അമ്മയുമായുള്ള സഹവാസവും സംഭാഷണവും ഏവർക്കും നിർവൃതിദായകവും ആശ്വാസപ്രദവുമായിരുന്നു. തന്റെ സമൂഹത്തിലുള്ള ഓരോ സഹോദരിയെയും അമ്മ പ്രത്യേകമായി സ്നേഹിച്ചിരുന്നു. എന്തെങ്കിലും പ്രശ്നങ്ങളോ വേദനകളോ ഉള്ളവരെ കണ്ടുപിടിച്ചു സഹനത്തിന്റെ മൂല്യം അവർക്കു മനസ്സിലാക്കിക്കൊടുത്തു ദിവ്യനാഥനിലേക്ക് അവരെ അടുപ്പിക്കാൻ അമ്മ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ദൈവസാക്ഷാത്കാരം ഒന്നു മാത്രമാണ് സന്യാസിനിയുടെ ജീവിതലക്ഷ്യമെന്നും അത് പ്രാപിക്കുന്നതിനുള്ള പ്രഥമവും പ്രധാനവുമായ ഉപാധി detachmetn ആണെന്നും ബോധ്യമുണ്ടായിരുന്ന അമ്മ ലൗകീകമൂല്യങ്ങൾക്ക് അമിത പ്രാധാന്യം കൊടുത്തിരുന്നില്ല. ലോകത്തിന്റെ മായികമോഹങ്ങൾക്ക് അടിപ്പെടാതെ ഇന്ദ്രിയനിഗ്രഹത്തിന്റെയും ലാളിത്യത്തിന്റെയും തപോനിഷ്ഠയുടെയും ഒരു ജീവിതശൈലിയായിരുന്നു അമ്മ നയിച്ചിരുന്നത്.

സഹനത്തെ പുഞ്ചിരിയോടെ സ്നേഹിച്ചവളായിരുന്നു സെലീനാമ്മ. വിമർശനം, അവഗണന, ഒറ്റപ്പെടുത്തൽ ഇവയൊക്കെ ഉണ്ടായപ്പോഴും അമ്മ പതറിയില്ല. സഭയുടെ ഏകീകരണനാളുകളിൽ അനുഭവപ്പെട്ട ഇല്ലായ്മയുടെ സഹനം ചിരിച്ചുകൊണ്ട് ഏറ്റുവാങ്ങിയതായിരുന്നു അമ്മയുടെ മാതൃക. യേശുവിന്റെ പീഡാസഹനത്തോട് ചേർന്ന് അമ്മ അതെല്ലാം സഹിച്ചു. സഹനം ആരിൽ നിന്നാണോ എവിടെനിന്നാണോ എന്നന്വേഷിക്കാതെ പിറുപിറുപ്പുകൂടാതെ സന്തോഷപൂർവ്വം സ്വീകരിച്ചു. ഈശോയുടെ പീഡാസഹനത്തോട് അമ്മയ്ക്ക് പ്രത്യേകമായൊരു ആകർഷണീയതയുണ്ടായിരുന്നു. ആഴ്ചയിൽ രണ്ട് പ്രാവശ്യം ഉപവാസം, കൂടെക്കൂടെയുള്ള ചമ്മട്ടിയടി, മുള്ളരിഞ്ഞാണം ധരിക്കൽ തുടങ്ങിയവ അമ്മ അനുഷ്ഠിച്ചിരുന്ന പരിത്യാഗങ്ങളായിരുന്നു. ഹൃദയം പരിശുദ്ധ ത്രിത്വത്തിന്റെ ആലയമാണ് എന്ന സാന്ദ്രമായ അവബോധത്തിൽ നിരന്തരം വ്യാപിച്ചിരുന്ന സെലീനാമ്മ കർമ്മലയിലെ ഏകാന്തതയിൽ ഈശോയെ സംവഹിച്ചുകൊണ്ട് അവിടുന്ന് സ്നേഹമാണ്, കാരുണ്യമാണ്, സാന്ത്വനമാണ്, നമ്മുടെ

രക്ഷയാണ്, പ്രതീക്ഷയാണ് എന്നെല്ലാം വാക്കുകൾക്കതീതമായി തന്റെ വിനീതവും ലളിതവുമായ ജീവിതത്തിലൂടെ പ്രഘോഷിച്ചു.

പകലന്തിയോളം പിതാവിന്റെ ജോലിയിൽ വ്യാപൃതനായതിനു ശേഷം പ്രദോഷത്തിലും പ്രഭാതത്തിലും മലഞ്ചെരുവുകളിലും വിജനപ്രദേശത്തും പ്രാർത്ഥന നിരന്തരനായി കഴിഞ്ഞ ഈശോയുടെ ജീവിതമാതൃക സെലീനാമ്മ തന്റെ ജീവിതത്തിലും പ്രദർശിപ്പിക്കുകയായിരുന്നു. അമ്മയുടെ കർമ്മങ്ങളെല്ലാം ഈ വ്യക്തിബന്ധത്തിൽ നിന്ന് ഉരുത്തിരിഞ്ഞതായിരുന്നു. അമ്മയെ കാണുന്നവർക്കും അടുത്തിടപഴകുന്നവർക്കും ഈ ആത്മീയ നിറവ് കാണാൻ സാധിക്കുമായിരുന്നു. തന്റെ അടുത്തെത്തുന്നവർക്ക് അമ്മ ഒരു പോസിറ്റീവ് എനർജി ആയിരുന്നു. കർമ്മലീത്ത സന്ന്യാസിനീ സമൂഹത്തിനു ഇത്രയേറെ ഉയർച്ച ഉണ്ടായിട്ടുണ്ടെങ്കിൽ അതിന് പ്രധാന കാരണം അമ്മയുടെ പ്രാർത്ഥനയിൽ നിന്ന് ഉരുത്തിരിഞ്ഞ കർമ്മമാണെന്നതിൽ ഒരു തർക്കവും ഇല്ല എന്ന് തന്നെ പറയാം. തന്റെ അധ്യാപന കാലത്തും ധാരാളം സമയം ചാപ്പലിൽ ആയിരുന്ന് പ്രാർത്ഥനയിൽ മുഴുകിയിരുന്ന അമ്മ കൂടെയുള്ളവർക്ക് ഒരു പ്രചോദനം ആയിരുന്നു.

വിശ്രമജീവിതത്തിനായി അമ്മ തെരഞ്ഞെടുത്ത സാൻജോ ഭവനത്തിൽ വിശ്രമമില്ലാതെ രാപകൽ പ്രാർത്ഥനയിലായിരുന്ന് സകലർക്കും വേണ്ടി അമ്മ മാധ്യസ്ഥ്യം വഹിച്ചു പ്രാർത്ഥിച്ചു. ഏത് നിയോഗത്തിലാണോ അമ്മ സാൻജോ ഭവനം തുടങ്ങിയത് അത് ഇന്നും ആത്മീയശക്തിയുടെ ഊർജ്ജസ്രോതസ്സായി ഒളിമങ്ങാതെ നിൽക്കുന്നു. ഒരുപാട് ആളുകൾക്ക് ധ്യാനനിർലീനതയിൽ ആയിരിക്കുവാനും ആത്മീയതയുടെ പടവുകൾ ചവുട്ടികയറാനും ഈ ഭവനം വഴിയായി സാധിച്ചിട്ടുണ്ട്. സാഹോദര്യത്തിന്റെ മാധുര്യം ആവോളം അനുഭവിച്ചവളാണ് നമ്മുടെ പ്രിയപ്പെട്ട അമ്മ. തന്റെ കൂടെയുള്ള സഹോദരി

മാരിൽ ഈശോയുടെ മുഖം കണ്ട് എപ്പോഴും അവരോട് ബഹുമാനപൂർവ്വം സംസാരിക്കുകയും ഇടപെടുകയും ചെയ്തിരുന്നു. കൂടെയുള്ളവരുടെ ആവശ്യങ്ങൾ സ്വയം കണ്ടെത്തി. പ്രത്യേക പരിഗണന നൽകിയിരുന്നു. പ്രാർത്ഥനയിലൂടെ അവരെ ശക്തിപ്പെടുത്തിയിരുന്നു. ഏതെങ്കിലും സഹോദരിയുടെ മുഖം വാടിയിരിക്കുന്നതു കണ്ടാൽ അമ്മ ആ സഹോദരിയുടെ അടുത്ത് ചെന്ന് കാര്യം തിരക്കി അവരെ ആശ്വസിപ്പിക്കുകയും പാർത്ഥിക്കുകയും ചെയ്തിരുന്നു. മറ്റുള്ളവരെ സഹായിക്കുന്നതിലും അമ്മ ഉത്സുകയായിരുന്നു. തന്റെ വിശ്രമജീവിതകാലത്തു പോലും തനിക്ക് ചെയ്യാൻ കഴിയുന്ന ചെറിയ ചെറിയ ഉപകാരങ്ങൾ അമ്മ സമൂഹത്തിൽ ചെയ്തിരുന്നു. കൂടെ ജീവിച്ച ആർക്കും തന്നെ അമ്മയെക്കുറിച്ച് ഒരു ചെറിയ കുറവ് പോലും പറയാൻ ഇല്ലായിരുന്നു. അത്രയ്ക്കു കറതീർന്ന ഒരു ജീവിതമായിരുന്നു അമ്മയുടേത്. എപ്പോഴും സന്തോഷവദനയായിരുന്ന അമ്മ മറ്റുള്ളവരെ സന്തോഷിപ്പിക്കുന്നതിലും ശ്രദ്ധിച്ചിരുന്നു. സമർപ്പിതരുടെ വദനം എപ്പോഴും പ്രസരിപ്പുള്ളതായിരിക്കണം എന്ന് അമ്മ കൂടെക്കൂടെ ഓർമ്മിപ്പിക്കുമായിരുന്നു. സമൂഹാനുഷ്ഠാനങ്ങളിലെല്ലാം പ്രായമായപ്പോൾ പോലും ഒരു കുഞ്ഞിന്റെ ചുറുചുറുക്കോടെ അമ്മ പങ്കുകൊണ്ടിരുന്നു. കൂടെയുള്ളവർക്കെല്ലാം അത് വലിയ പ്രചോദനവുമായിരുന്നു.

ലാളിത്യം അമ്മയുടെ മുഖമുദ്രയായിരുന്നു. എടുപ്പിലും നടപ്പിലും പ്രവർത്തിയിലുമെല്ലാം ഈ ലാളിത്യം തെളിഞ്ഞു കാണാമായിരുന്നു. ഭൗതീകമായവയിൽ താൽപര്യം ഇല്ലാത്തതിനാൽ തന്നെ അമ്മയുടെ ഉപയോഗസാധനങ്ങളെല്ലാം വളരെ ലളിതമായിരുന്നു. എന്ത് കണ്ടാലും സ്വന്തമാക്കുന്ന ഇന്നത്തെ സമൂഹത്തിന് ഒരു മാതൃകയാണ് അമ്മ. ദാരിദ്ര്യവ്രതത്തിന്റെ മാറ്റ് കൂട്ടുന്ന ഈ ലളിതജീവിതം ആത്മീയജീവിതത്തിന് അമ്മയെ കരുത്തുറ്റവളാക്കി. കാലിത്തൊഴുത്തു മുതൽ കാൽവരി വരെ ദാരിദ്ര്യം പുൽകിയ ഈശോയോട് തന്റെ ലളിതജീവിതത്തിലൂടെ അമ്മ താദാത്മ്യപ്പെടുകയായിരുന്നു. ദൈവത്തെ മാത്രം തപസ്യയാക്കിയ ഒരു കന്യകയ്ക്ക് ഇതിൽപരം എന്ത് വേണം എന്നായിരുന്നു അമ്മയുടെ ചോദ്യം. സമൃദ്ധിയുടെ നടുവിലാണ് നടപ്പെട്ടതെങ്കിലും

അമ്മയുടെ മാതാപിതാക്കളിൽ നിന്ന് ലഭിച്ച മാതൃക അമ്മയെ ലാളിത്യത്തിലും ഉദാരതയോടും ദാരിദ്ര്യരൂപിയിലും ജീവിക്കാൻ പ്രേരിപ്പിച്ചു. ആർഭാടങ്ങൾ കൊട്ടിക്കയറുന്ന ഈ കാലഘട്ടത്തിൽ സഭയിലും വ്യക്തിപരവും ആയ ആർഭാടത്തെ നിരാഡംബരമാക്കിയ ഒരു സുകൃതിനിയായിരുന്നു സെലീനാമ്മ. ലൗകീകതയിൽ നിന്ന് വിശുദ്ധിയിലേയ്ക്കുള്ള ഊന്നുവടിയാണ് ദാരിദ്ര്യവും പരിത്യാഗജീവിതവും. സ്ഥാപകപിതാക്കന്മാരുടെ വാക്കുകൾ ഇത്തരുണത്തിൽ അമ്മയുടെ ജീവിതത്തിൽ സ്മരണീയമാണ്. 'നിങ്ങളുടെ മഠത്തിൽ വസ്തുക്കളുടെ സമ്പൂർണ്ണത വന്നുകൂടാതിരിപ്പാൻ സൂക്ഷിക്കുവിൻ, ദാരിദ്ര്യം കുറയുന്തോറും ദൈവം നിങ്ങളിൽ നിന്നും അകന്നു പോകും. നിങ്ങൾക്ക് ദാരിദ്ര്യം മൂലം ഞെരുക്കം വന്നാലും വിഷാദിക്കേണ്ട. തമ്പുരാന്റെ മേൽ ശരണമായിരിക്കുവിൻ'. (കേരള കർമ്മല സഭാചരിത്രം പേജ് 35) പിതാക്കന്മാരുടെ ഈ വചനങ്ങൾ അക്ഷരാർത്ഥത്തിൽ ജീവിച്ചുകാണിക്കുകയും ജീവിക്കാൻ നിരന്തരം ആഹ്വാനം ചെയ്യുകയും ചെയ്ത ഒരു ധീര കന്യകയായിരുന്നു സെലീനാമ്മ.

ക്രൂശിതന്റെ മണവാട്ടിയുടെ ഒരു പ്രത്യേക സവിശേഷതയാണ് 'ക്ഷമിക്കുന്ന സ്നേഹം'. കുരിശിൽ കിടന്നുകൊണ്ട് 'പിതാവേ ഇവർ ചെയ്യുന്നതെന്തെന്ന് ഇവരറിയുന്നില്ല. ഇവരോട് ക്ഷമിക്കണമെ' എന്ന മരണവേളയിലുള്ള ഈശോയുടെ പ്രാർത്ഥന ക്ഷമയുടെ മൂർത്തീഭാവമാണ് പ്രകടമാക്കുന്നത്. ഈ ഭാവം സെലീനാമ്മ സ്വന്തമാക്കിയിരുന്നു. ജീവിതത്തിലുടനീളം വളരെ സൗമ്യമായും എളിമയോടെയും വ്യാപരിക്കുവാൻ അമ്മയ്ക്ക് സാധിച്ചത് ഇതിനാലാണ്. തന്റെ ജീവിതത്തിലെ വിപരീതമായ സാഹചര്യങ്ങളിലും അതിന് കാരണമായ വ്യക്തികളോടും പൂർണമായും ക്ഷമയോടെ വർത്തിക്കുവാൻ അമ്മയ്ക്കു സാധിച്ചു. ജീവിതധാരയിൽ ആരെല്ലാം, എന്തെല്ലാം എവിടെയെല്ലാം തനിക്ക് വിരോധമായി കടന്നുവന്നുവോ അവിടെയെല്ലാം ക്രൂശിതന്റെ ക്ഷമിക്കുന്ന സ്നേഹം പ്രകടമാക്കാൻ സെലീനാമ്മയ്ക്കു സാധിച്ചു. ഭാവത്തിൽ പോലും ആരോടും പരിഭവത്തോടെ അമ്മ ഇടപെട്ടില്ല. നീണ്ട വർഷങ്ങൾ സമർപ്പണജീവിതം നയിച്ചിട്ടും ഭാരിച്ച ഉത്തരവാദിത്വം നിർവ്വഹിച്ചിട്ടും അവിടെയെല്ലാം

ക്ഷമയോടെ, വിനയത്തോടെ വ്യാപരിക്കുന്ന സെലീനാമ്മയെയാണ് കൂടെയുള്ളവർക്ക് കാണാൻ സാധിച്ചത്. അമ്മയുടെ പ്രത്യേക സവിശേഷതയായിരുന്നു ഇത്. ഈ ഗുണങ്ങൾ എല്ലാവരിലും അമ്മയെ സ്വീകാര്യയാക്കി. ക്ഷമിക്കുന്നവന്റെ മുഖഛായ ദൈവത്തിന്റേതാണെന്നും ശത്രുവിനു നൽകുന്ന ഏറ്റവും നല്ല സമ്മാനം ക്ഷമയാണെന്നും അമ്മയ്ക്ക് നല്ല ബോധ്യമുണ്ടായിരുന്നു. ആരോടും പരിഭവമില്ലാതെ മറ്റുള്ളവരിലെ നന്മ ദർശിക്കുവാനും പറയുവാനും അമ്മയ്ക്ക് എപ്പോഴും സാധിച്ചിരുന്നു. ക്ഷമയുടെ ആനന്ദം അവാച്യമാണെന്ന് തിരിച്ചറിഞ്ഞ സെലീനാമ്മ തനിക്ക് നേരിടേണ്ടി വന്ന വിമർശനങ്ങളും കുറ്റാരോപണങ്ങളും ഒരു ചെറുപുഞ്ചിരിയോടെ സ്വീകരിച്ചു. പരസ്നേഹത്തിന്റെ ഏറ്റം പ്രകടമായ സവിശേഷതയായി അമ്മ ക്ഷമിക്കുന്ന സ്നേഹത്തെ കണ്ടു.

വിശുദ്ധിയുടെ നിറചാർത്തുള്ള ഒരു ജീവിതമായിരുന്നു സെലീനാമ്മയുടേത്. ആർക്കും എപ്പോഴും സമീപിക്കാവുന്ന വ്യക്തിത്വം. അമ്മയുടെ വിശുദ്ധിയുടെ പരിമളം കൂടെയുള്ളവരുടെ ഹൃദയത്തേയും ഉണർത്തി. ദൈവം ദാനമായി നൽകിയ ഈ ചെറുജീവിതം അമ്മ ആത്മീയ സുകൃതങ്ങളാൽ ആഘോഷമാക്കി. ഈ ആഘോഷത്തിൽ ജീവിക്കുവാൻ അമ്മ നമ്മളോടും ആഹ്വാനം ചെയ്യുന്നു. പ്രാർത്ഥനയിലൂടെ കരുത്തുറ്റ ആ ജീവിതം ധീരതയോടെ സന്ന്യാസത്തെ പുൽകി. സമർപ്പിതജീവിതത്തിന് ഒരു ഉണർത്തുപാട്ടായി അമ്മയുടെ ജീവിതം ഇന്നും നിലകൊള്ളുന്നു. ഭ്രമിപ്പിക്കുന്ന സൗന്ദര്യത്തിന്റെ ഈ കാലഘട്ടത്തിൽ എല്ലാം ഉപേക്ഷിച്ച് ഒന്നിനോടും മമതയില്ലാതെ ക്രൂശിതനെ ധീരതയോടെ പിൻചെല്ലാൻ സെലീനാമ്മയുടെ ജീവിതം നമുക്ക് പ്രചോദനം അരുളട്ടെ. പീഠത്തിന്മേൽ വച്ച വിളക്കുപോലെ എല്ലാവർക്കും പ്രകാശം പരത്തുന്ന ജീവിതം നയിച്ച സെലീനാമ്മ, പുണ്യത്തിന്റെ പരിമളം പരത്തിക്കൊണ്ട് ആയിരിക്കുന്നിടത്തും പോകുന്നിടത്തും വ്യാപരിക്കുവാൻ നമ്മെ തുണയ്ക്കട്ടെ. പരിശുദ്ധ ത്രീത്വത്തെ ഉള്ളിൽ വഹിക്കുന്നവരാണെന്ന അവബോധത്തിൽ 'പരിശുദ്ധ ത്രിത്വമെ, എന്റെ ഭാഗ്യമെ... പരി. ത്രിത്വമെ എന്റെ സൗന്ദ്യര്യമെ...' എന്നുരുവിട്ട് സെലീനാമ്മയെപ്പോലെ ആ ത്രീത്വസഹവാസത്തിൽ നമുക്കും ലയിക്കാം.

16

മദർ മേരി സെലിൻ: വിശുദ്ധിയുടെ ആധുനികഭാവം

സി. ഡെല്ലാ മരിയ

ആധുനിക കാലഘട്ടത്തിന്റെ ഏറ്റവും വലിയ ദോഷം, ഒരു കുട്ടിയുടെ മുൻപാകെ സമർപ്പിക്കാവുന്ന ഒരു മഹാത്മാവിനെ നമുക്ക് കണ്ടെത്തണമെന്നുണ്ടെങ്കിൽ ശവക്കല്ലറകൾ തുറക്കണം എന്നുള്ളതാണ്. ശവക്കല്ലറകളിൽ മാത്രമേ നമുക്ക് കാണിക്കാവുന്ന മഹാപുരുഷന്മാരുള്ളൂ. ജീവിച്ചിരിക്കുന്നവരെ കുട്ടികളെ കാണിക്കാതിരിക്കുവാൻ അവരുടെ മുഖത്തെന്തെങ്കിലും മറ കെട്ടേണ്ടിവരും. അത്തരം നേതാക്കളാണ് രാജ്യത്തുള്ളത്. സമൂഹത്തിൽ മാത്രമല്ല സന്യാസത്തിലും കറതീർന്ന നേതാക്കളുടെ സാന്നിദ്ധ്യം കുറ

> രോഗികളെ സന്യാസഭവനത്തിന്റെ ആഭരണമെന്ന് വിശേഷിപിച്ച അമ്മ നന്ദിയുടേയും സ്നേഹത്തിന്റെയും വാക്കുകളുമായാണ് തന്റെ കത്തുകൾ തുടങ്ങുന്നതുതന്നെ.

ഞ്ഞുവരുന്നു എന്നുള്ളത് മൂക്കത്ത് വിരൽ ചേർത്ത് സമ്മതിക്കേണ്ട കാര്യം തന്നെയാണ്. എന്നാൽ അങ്ങനെയല്ലാത്തവരും ഇവിടെത്തന്നെയുണ്ട്. നെല്ലും പതിരും കാലം തന്നെ കാട്ടിത്തരുമല്ലോ. പറഞ്ഞുവരുന്നത് മദർ മേരി സെലിനെക്കുറിച്ചാണ്. CMC യുടെ ആദ്യ മദർ ജനറൽ. സംയോജിപ്പിക്കപ്പെട്ട കർമ്മലസന്യാസിനീസമൂഹത്തിന്റെ ആദ്യ സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ടശേഷം അമ്മ എഴുതിയ കത്തുകളിലൂടെയാണ് ഞാൻ അമ്മയെ പരിചയപ്പെട്ടത്. വർഷങ്ങൾക്കു മുൻപ് എഴുതിയ കത്തുകൾ വർഷങ്ങൾക്കുശേഷം മഠപ്രവേശനം ചെയ്ത എനിക്ക് അമ്മയെ പരിചയപ്പെടുത്തിത്തന്നു.

കത്തുകളിലെ സെലീനാമ്മ എനിക്കൊരു പോരാളിയാണ്. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ ഒരു 'വിപ്ലവകാരി'. വിപ്ലവകാരി ആരാണെന്ന ചോദ്യം സ്വാഭാവികമായും വരാം. എന്റെ അഭിപ്രായത്തിൽ സമൂഹത്തിൽ അസ്വസ്ഥത സൃഷ്ടിക്കുന്നവനാണ് വിപ്ലവകാരി. ഉണ്ടും ഉറങ്ങിയും കഴിയുന്ന സമൂഹത്തിന്റെ ചേതനയെ ചോദ്യം ചെയ്ത് അസ്വസ്ഥത ജനിപ്പിക്കുന്നവൻ, സമൂഹത്തിലെ ഒഴുക്കിന്റെ ഗതിയെ വഴിതിരിച്ചു വിട്ടവൻ, ചങ്കൂറ്റമുള്ളവൻ... മുഖം നോക്കാതെ സംസാരിക്കാനറിയാവുന്നവൻ. സന്യാസത്തേക്കുറിച്ചും CMC യെക്കുറിച്ചും തിരുസഭയിലും ലോകത്തിലും അവൾക്കുള്ള സ്ഥാനത്തേക്കുറിച്ചും അമ്മയ്ക്ക് വളരെ വ്യക്തമായ കാഴ്ചപ്പാട് ഉണ്ടായിരുന്നു. അമ്മ പറഞ്ഞു: 'സന്യാസസഭകൾ തിരുസഭയിലെ മനോഹരങ്ങളായ മലർക്കാവുകളാണ്. സന്യാസസഭകളുടെ അസ്തിത്വത്തിന് നിദാനം തിരുസഭയാണ്. അതുകൊണ്ട് തിരുസഭാംബികയുടെ ഹൃദയസ്പന്ദനത്തിനൊപ്പം സന്യാസസഭകളുടേതും സ്പന്ദിക്കണം. തന്മൂലം ഇന്നത്തെ സന്യാസസമൂഹങ്ങൾ ഇന്നത്തെ ലോക

ത്തിന് മിശിഹായുടെ സാക്ഷികളാകണം.'

സഭയുടെ ഏകീകരണത്തെ വളരെ തുറന്ന കാഴ്ചപ്പാടോടെയാണ് അമ്മ വീക്ഷിച്ചത്. അങ്ങനെ കാണാൻ സഭാംഗങ്ങളെ പ്രബോധനം വഴി ഉദ്ബോധിപ്പിക്കുകയും ചെയ്തു. സ്വന്തം പ്രൊവിൻസ്, സ്വന്തം സമ്പത്ത് എന്നിങ്ങനെ ചിതലരിച്ച് തുടങ്ങിയ ചിന്തകൾക്ക് എന്നേയ്ക്കുമായി വിരാമമിട്ട് പുതുയുഗത്തിന്റെ വിശാലമായ കാഴ്ചപ്പാടിലേയ്ക്കിറങ്ങുവാൻ CMC യ്ക്ക് പ്രചോദനം നൽകിയ അധികാരശബ്ദമാണ് മദർ മേരി സെലിൻ. കത്തുകളിൽ എന്നും ഒരു പോരാളിയായിരുന്നു അമ്മ. എന്നു തിരിച്ചറിയാനാവും. വെല്ലുവിളികൾ നിറഞ്ഞ മിഷൻ പ്രവർത്തനങ്ങളും പുതിയ പ്രവർത്തനമേഖലകളും തപ്പിപ്പിടിക്കുവാനും തിരഞ്ഞെടുക്കുവാനും സഭാംഗങ്ങളെ നിരന്തരം പ്രോത്സാഹിപ്പിച്ചു. പരാജയങ്ങളിൽ തോറ്റു പിന്മാറുതെന്ന മുന്നറിയിപ്പ്, സ്നേഹപൂർവകമായ താക്കീത് ഇവയൊക്കെ സഭാമക്കൾക്ക് തന്റെ കത്തുകളിലൂടെ പകർന്നു നൽകിയ ഒരമ്മ മനസ്സായിരുന്നു CMC യുടെ ആദ്യഭരണാ

"സഭയുടെ ഏകീകരണത്തെ വളരെ തുറന്ന കാഴ്ചപ്പാടോടെയാണ് അമ്മ വീക്ഷിച്ചത്.

ധികാരിയായ അമ്മയുടേത്.

രോഗികളെ സന്യാസഭവനത്തിന്റെ ആഭരണമെന്ന് വിശേഷിപ്പിച്ച അമ്മ നന്ദിയുടേയും സ്നേഹത്തിന്റെയും വാക്കുകളുമായാണ് തന്റെ കത്തുകൾ തുടങ്ങുന്നതുതന്നെ. സന്യാസസമൂഹം മുഴുവനിലും ഒരു ബന്ധം നിലനിർത്താൻ അങ്ങേയറ്റം പരിശ്രമിക്കുകയും ആ പരിശ്രമത്തിൽ ഏതാണ്ട് പൂർണ്ണമായിത്തന്നെ വിജയിക്കുകയും ചെയ്തയാളാണ് അമ്മ. ഒരു നേതാവിന് അവശ്യമുണ്ടായിരിക്കേണ്ട ഗുണങ്ങളിലൊന്നാണല്ലോ അണികളുമായുള്ള ഹൃദയബന്ധം. പുതിയ നേതാക്കന്മാർ അണികളെ എണ്ണത്തിൽ കൂട്ടാറുണ്ട്, എന്നാൽ കൂടെ കൂടാറില്ല കൂടെ കൂട്ടുക എന്നാൽ ഹൃദയത്തോട് ചേർക്കുക എന്നത്രേ

വിവക്ഷ. സന്യാസ കുടുംബത്തിലും ഇവയൊക്കെ ബാധകമാണ്. കാരണം നാമും ലോകത്തിലായിപ്പോയില്ലേ.

അധികാരിക്കും അധീനർക്കും കർക്കശമായ താക്കീത് നൽകുന്ന ഒരു തറവാട്ടമ്മയായിരുന്നു സെലീനാമ്മ. അധികാരത്തെക്കുറിച്ച് അമ്മ പറയുന്നത് ഒന്നു ശ്രദ്ധിക്കാം: 'അധികാരം ലഭിക്കുന്നവർ അത് അധീനരുടെമേൽ അങ്ങേയറ്റം അടിച്ചേൽപിക്കുവാൻ മുതിരുന്നുവെങ്കിൽ എത്ര ശോചനീയം. യഥാർത്ഥത്തിലുള്ള മാതൃപുത്രീ ബന്ധമാണല്ലോ അധികാരികളും അധീനരും തമ്മിൽ ഉണ്ടാകേണ്ടത്. സ്നേഹപൂർവ്വമുള്ള ഒരു നല്ല വാക്കുകൊണ്ട് അനേകം കാര്യങ്ങൾ വളരെ എളുപ്പത്തിൽ നേടിയെടുക്കുവാൻ കഴിയും. പകയതയും പാകതയും വന്ന വ്യക്തികളോടാണ് തങ്ങൾ ഇടപെടുന്നതെന്നും അവിടെ ശകാരവും ഭയപ്പെടുത്തലും പ്രയോജനപ്പെടുകയില്ലെന്നും ഓർത്തിരിക്കുന്നത് കൊള്ളാം...' വിപ്ലവകരമാണ് അമ്മയുടെ ചിന്തകൾ. അധികാരസ്ഥാനത്തിരിക്കേ അധികാരസ്ഥാനത്തിന് സംഭവിക്കാവുന്ന വീഴ്ചകൾ പറയുന്നതും, തിരുത്തുന്നതും വളരെ ചങ്കുറപ്പുള്ളവർക്ക് മാത്രം സാധിക്കുന്ന കാര്യമാണ്. പൂർവ്വൈതന്യത്തിലേയ്ക്കുള്ള പിന്തിരിപ്പും, കാലോചിതമായ നവീകരണവും CMC യിൽ തുടങ്ങിവച്ച ആദ്യ ശില്പിയാണ് അമ്മ. നവീകരണം അത്ര എളുപ്പമുള്ള സംഗതിയല്ല എന്നും, അതിന് തുനിഞ്ഞിറങ്ങുന്നവർക്ക് കിട്ടുന്നത് അത്ര സുഖകരമായ അനുഭവമായിരിക്കില്ല എന്നും നമുക്കറിയാം. എങ്കിലും അധികാരം തന്നെ ഏല്പിച്ച ഉത്തരവാദിത്വങ്ങൾക്കു പുറമേ, CMC യോടുള്ള തന്റെ പ്രതിബദ്ധത വ്യക്തമാക്കുന്ന തരത്തിൽ പല നവീകരണപ്രവർത്തനങ്ങൾക്കും മുഖം നോക്കാതെ അമ്മ നേതൃത്വം നൽകി.

ഈ അമ്മ ആരാണ്? ഇതൊരു പ്രവാചക ശബ്ദമല്ലേ? സോഷ്യൽ മീഡിയ ഇന്നത്തെപ്പോലെ, അൽപം പോലും സജീവമല്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് കേരളം മുഴുവൻ പലയിടങ്ങളിൽ കിടന്ന CMC യെ തന്റെ കത്തുകളാകുന്ന ചരടിൽ അമ്മ കോർത്തിണക്കിയത്. എഴുത്തിലെ വൈഭവം സമ്മതിക്കേണ്ടതു തന്നെ. വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്ത നവീകരണം ചാവറയച്ചന്റെ സന്യാസിനീസമൂഹത്തിൽ നടത്താൻ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തു എന്നതിന് കത്തുകൾ തന്നെ സാക്ഷി. തന്റെ കത്തുകളിലുടനീളം അമ്മ അതിനായി ആഹ്വാനം ചെയ്യുന്നുമുണ്ട്.

CMC യിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച ഒരു വ്യക്തിത്വമെന്ന നിലയിൽ

> “
> അധികാരിക്കും
> അധീനർക്കും
> കർക്കശമായ
> താക്കീത് നൽകുന്ന
> ഒരു തറവാട്ടമ്മയായിരുന്നു
> സെലീനാമ്മ

മദർ മേരി സെലിൻ അങ്ങേയറ്റം ആദരിക്കപ്പെടേണ്ടതും എന്നും ഓർമ്മിക്കപ്പെടേണ്ടതും തന്നെ. ചാവറയച്ചനെയും, എവുപ്രാസ്യമ്മയേയും പോലെ കേരളമക്കൾക്ക് അഭിമാനിക്കാവുന്ന തിളക്കമാർന്ന ഒരു വ്യക്തിപ്രഭാവമാണ് CMC യുടെ ആദ്യശില്പിയായ മദർ മേരീ സെലിൻ എന്ന സെലീനാമ്മ.

17

ഭാവത്തിൽ മഹിമയും ശീലത്തിൽ മാധുര്യവും

സി. ധന്യാ തെരേസ്

കർത്താവായ ഈശോ അപ്പസ്തോലന്മാരോടു പറഞ്ഞു: ''ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെ നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും.'' (അപ്പ. 1:8) ഈശോയുടെ ഈ വാക്ക് അന്വർത്ഥമാക്കുമാറ് സഭയുടെ വിശ്വാസജീവിതത്തിനു സാക്ഷ്യം വഹിച്ചവർ ആണ് വിശുദ്ധാത്മാക്കൾ. നമ്മുടെ പ്രഥമ ജനറൽ സുപ്പീരിയറായിരുന്ന സെലീനാമ്മയും ആഴമേറിയ ക്രിസ്തീയ ജീവിതം തികഞ്ഞ വിശ്വസ്തതയോടെ ജീവിച്ചു

കൊണ്ട് തിളക്കമാർന്ന വിശ്വാസജീവിതത്തിനു സാക്ഷ്യം വഹിച്ച വ്യക്തിയാണ്. ഈ വിശ്വാസജീവിതം താൻ കണ്ടുമുട്ടിയവരും തന്നെ കണ്ടുമുട്ടിയവരുമായ വ്യക്തികൾക്കായി പങ്കുവയ്ക്കാൻ കഴിഞ്ഞുവെന്നതാണ് അമ്മയുടെ ജീവിതത്തിന്റെ മഹിമ.

എന്നിലുണ്ടിന്നേവരെ ജീവിച്ച സംസ്ക്കാരങ്ങൾ
എന്നിലുണ്ടിനിയത്തെ വിടരും സംസ്ക്കാരങ്ങൾ

ഇന്നത്തെ മനുഷ്യനിൽ നാളെ ഇവിടെ പുലരാൻ പോകുന്ന സംസ്ക്കാരങ്ങൾ എല്ലാം ഉണ്ട് എന്നു കവി പറയുമ്പോൾ നാം അറിയേണ്ട ഒരു സത്യമുണ്ട്. സ്ഥാപക ചൈതന്യം അതിന്റെ തനിമയിൽ ജീവിച്ച് കർമ്മലയ്ക്ക് ഊടും പാവും നെയ്ത ദൈവദാസി സെലീനാമ്മയുടെ ജീവിതം സ്ഥാപകസിദ്ധിയും ആഴമായ കർമ്മലീത്താ ആദ്ധ്യാത്മികതയും ജീവിച്ചു തന്റെ മക്കൾക്കു പകർന്നു നൽകിയ ഒന്നായിരുന്നുവെന്ന്. ഒരു കർമ്മല സന്യാസിനിക്കു വേണമെന്നു വി. ചാവറപ്പിതാവ് ആഗ്രഹിച്ച മഹിമയുള്ള ഭാവവും മധുരമുള്ള ശീലവും അമ്മയുടെ വ്യക്തിത്വത്തിൽ തന്നെ മിഴിവാർന്നു നിന്ന സവിശേഷതയാണ്.

വായനയിലൂടെ അമ്മയുടെ ജീവിതവഴികളെ അടുത്തറിഞ്ഞപ്പോൾ എനിക്കു മനസിലാക്കാൻ കഴിഞ്ഞത് ഒരിക്കലും ആരെയും നിന്ദിക്കുകയോ കുറ്റം പറയുകയോ കോപിക്കുകയോ ചെയ്യാത്ത പ്രകൃതം ആയിരുന്നു അമ്മയുടേതെന്നാണ്. അമ്മയുടെ ശാന്തതയുടെ മുന്നിൽ പകച്ചുപോയ അനുഭവങ്ങൾ പങ്കുവയ്ക്കുന്നവരെയും കണ്ടെത്താൻ കഴിഞ്ഞു. അതേ, നാവുകൊണ്ടു നന്മയുടെ മാല കോർത്ത വ്യക്തി. ഉദ്യാനത്തിൽ വിടർന്നു പരിമളം പടർത്തി നിൽക്കുന്ന പുഷ്പങ്ങൾ ആണ് പലപ്പോഴും നമ്മൾക്ക് നയനമനോഹരമായ കാഴ്ചകളാകുന്നത്. കാട്ടുപൂക്കളുടെ നന്മയും ഭംഗിയും പലപ്പോഴും നാം ശ്രദ്ധിക്കാറില്ല. അല്ലെങ്കിൽ അവ തനി

യെ വളർന്ന കാട്ടുചെടികളല്ലേ എന്നു കരുതി അവ നിസാരമായി കാണും. പൂക്കളോടുള്ള ഈ മനോഭാവം നമ്മുടെ സമൂഹത്തിലുള്ളവരും നമുക്കു ചുറ്റുമുള്ളവരുമായുള്ള സമ്പർക്കത്തിലും നമ്മിൽ സംജാതമാകുന്ന മനോഭാവങ്ങൾ തന്നെയാണ്. എന്നാൽ സെലീനാമ്മയുടെ ജീവിതത്തിലേക്കു നോക്കുമ്പോൾ കാണാൻ കഴിയുന്ന ഒരു കാര്യമുണ്ട്. എല്ലാവരേയും ഉൾക്കൊള്ളുന്ന അമ്മയുടെ സാന്നിദ്ധ്യം ഏവർക്കും നിർവൃതിദായകവും ആശ്വാസപ്രദവുമായിരുന്നു. ചെറുതിലും വലുതിലും, ദുഃഖത്തിലും സുഖത്തിലുമെല്ലാം സമഭാവന പുലർത്തിയിരുന്ന മധുരോദാരമായ ഒരു പ്രവർത്തനശൈലിയുടെ ഉടമയായിരുന്നു അമ്മ.

''തങ്ങളെത്തന്നെ പരിധികളില്ലാതെ പൂർണമായി ദൈവതൃക്കരങ്ങളിൽ സമർപ്പിച്ച് ദൈവകൃപയിൽ രൂപീകരിക്കപ്പെടുവാൻ ആഗ്രഹിക്കുന്ന ആത്മാക്കളിലൂടെ ദൈവം എന്തെന്തു കാര്യങ്ങൾ നിർവഹിക്കുന്നു എന്നു ചുരുക്കം ചിലർ മാത്രമേ ഗ്രഹിക്കുന്നുള്ളൂ'' എന്നു വി. ഇഗ്നേഷ്യസ് ലെയോള പറയുന്നു. ത്രിത്വൈക അനുഭവത്തിൽ ആഴപ്പെട്ട് പരിധികളില്ലാതെ സമർപ്പിച്ച വ്യക്തിയാണ് മദർ മേരി സെലിൻ. ഹിപ്പോളിറ്റസ് പിതാവ് പറയുന്നതുപോലെ 'സൂര്യനെ തോൽപ്പിച്ച സ്ത്രീ', സൂര്യനുദിക്കുന്നതിനു മുമ്പേ ദിവ്യകാരുണ്യത്തിന്റെ മുന്നിലിരുന്ന് മണവാളന്റെ ഹൃദയഭാവങ്ങൾ മുഴുവൻ നുകർന്ന് അത് സഹജർക്ക് പകർന്നേകി ദൈവത്തിന്റേയും മനുഷ്യരുടേയും ഹൃദയത്തിൽ ഇടം പിടിച്ചവൾ.

> “ദൈവികചൈതന്യം നിറഞ്ഞുനിൽക്കുന്ന വ്യക്തിക്കേ മഹിമയുള്ള ഭാവവും മധുമുള്ള ശീലവും സ്വന്തമാക്കാൻ കഴിയൂ

ദൈവികചൈതന്യം നിറഞ്ഞുനിൽക്കുന്ന വ്യക്തിക്കേ മഹിമയുള്ള ഭാവവും മധുമുള്ള ശീലവും സ്വന്തമാക്കാൻ കഴിയൂ. പരി. അമ്മയുടേയും വി. യൗസേപ്പിതാവിന്റെയും വിശുദ്ധാത്മാക്കളുടെയുമെല്ലാം ജീവിതങ്ങളിലേയ്ക്ക് നോക്കുമ്പോൾ നാം മനസിലാക്കുന്ന കാര്യങ്ങളാണിവ.

അമ്മയുടെ മുഖത്തു മിന്നി പ്രകാശിച്ചിരുന്ന മുഖത്തെളിവും പ്രസന്നതയുമെല്ലാം സന്യാസത്തിൽ അമ്മ അനുഭവിച്ച ശാന്തതയുടെയും സ്വസ്ഥതയുടേയും സമാധാനത്തിന്റേയും ബാഹ്യ അടയാളങ്ങൾ തന്നെയായിരുന്നു. അമ്മയുടെ സ്വഭാവസവിശേഷതകൾ നമ്മുടെ വിചിന്തന വിഷയങ്ങളാകണം. ആരെയും ഒഴിവാക്കാത്ത കറകളഞ്ഞ സ്നേഹം, എന്റെ സമയവും ജീവിതവുമെല്ലാം നിങ്ങൾക്കുവേണ്ടി എന്ന രീതിയിലുള്ള സംലഭ്യതാഭാവം ഇവയൊക്കെ നമുക്കും ധ്യാനിക്കാം.

2018 ഏപ്രിൽ 9-ാം തീയതി ദൈവദാസിയായി നാമകരണം ചെയ്യപ്പെട്ടതിലൂടെ അമ്മയുടെ വിശുദ്ധപദവി പ്രഖ്യാപനത്തിനുള്ള പ്രയാണം ആരംഭിച്ചിരിക്കുകയാണ്. വിശുദ്ധ ജീവിതം നയിക്കുവാനുള്ള നമ്മുടെ വിളിക്ക് കൂടുതൽ തെളിച്ചവും വെളിച്ചവും നൽകാൻ അമ്മയുടെ പുണ്യവഴികൾ തീർച്ചയായും നമ്മെ സഹായിക്കും.

''ഒരു കണ്ണീർക്കണം
മറ്റുള്ളവർക്കായ്
പൊഴിക്കവേ ഉദിക്കയാ
ണെന്നാത്മാവിലായിരം സൗര
മണ്ഡലം''

പാവപ്പെട്ട കുട്ടികളോടും അനാഥരോടും ജോലിക്കാരോടും എല്ലാം സെലീനാമ്മ കാട്ടിയ ദയാദാക്ഷിണ്യങ്ങളെപ്പറ്റി അറിയുമ്പോൾ അമ്മയുടെ ആത്മാവിന്റെ സൂര്യപ്രഭ എത്രയോ തേജോമയമായിരുന്നുവെന്നു ഓർത്തുപോവുകയാണ്.

ഏസാവിന്റെ മുഖത്തു നോക്കി യാക്കോബ് പറഞ്ഞതുപോലെ, അമ്മയുടെ മുഖത്തു നോക്കി ദൈവത്തിന്റെ മുഖം കാണാൻ നമുക്കു കഴിയണം. അങ്ങനെ അമ്മയെപ്പോലെ വേദനിക്കുന്നവർക്കു സാന്ത്വനവും പ്രചോദനവുമാകാൻ നമുക്കും സാധിക്കണം. ''വാക്കിനോളം തൂക്കമില്ലീയുക്കൻ ഭൂമിക്കു പോലുമേ'' വാക്കിലൂടെ സ്നേഹം കൊണ്ട് മനുഷ്യമനസിൽ

പ്രതിഷ്ഠ നേടിയ സെലീനാമ്മ, വായിച്ചറിഞ്ഞും ധ്യാനിച്ചറിഞ്ഞും മക്കളായ നമ്മുടെ മനസ്സുകളെ കീഴടക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെ നമുക്കും സൗമ്യമായ ഇടപെടലുകളും കരുതലുള്ള സമീപനങ്ങളും വഴി ആരെയും ഒഴിവാക്കാത്ത ഹൃദയത്തിനുടമകളാകാൻ സാധിക്കണം. ആനന്ദത്തിന്റെ സാക്ഷി 'സമർപ്പിത' എന്നു ജീവിതം കൊണ്ടു പ്രഘോഷിക്കണം. ജീവിതകർത്തവ്യങ്ങൾ നിർവഹിക്കുമ്പോൾ വിമർശനത്തിന്റെ ഒളിയമ്പുകൾ നമ്മുടെ നേരെ തിരിയുമ്പോൾ, സഹനവേളകളിൽ പരിഭവമോ പരാതിയോ ഇല്ലാതെ ചിരിച്ച് രണ്ടുകൈയ്യും നീട്ടി വാങ്ങിയ അമ്മയുടെ മാതൃക നമുക്ക് മറക്കാതിരിക്കാം. അന്തരാത്മാവിൽ കുടികൊള്ളുന്ന ത്രിത്വൈക സഹവാസത്തിൽ

> 2018 ഏപ്രിൽ
> 9-ാം തീയതി
> ദൈവദാസിയായി നാമകരണം
> ചെയ്യപ്പെട്ടതിലൂടെ അമ്മയുടെ
> വിശുദ്ധപദവി പ്രഖ്യാപനത്തിനുള്ള പ്രയാണം
> ആരംഭിച്ചിരിക്കുകയാണ

അചഞ്ചലമായ ആദർശനിഷ്ഠയോടെ ജീവിച്ച സെലീനാമ്മയുടെ മാധ്യസ്ഥ്യം അപ്പോൾ തീർച്ചയായും നമ്മുടെ ജീവിതവഴികളെ അനുഗ്രഹപൂർണ്ണമാക്കും. നമ്മുടെ പിതാവ് വിഭാവനം ചെയ്തതുപോലെ മാധുര്യമുള്ള വാക്കുകൾ നമ്മിൽ നിന്നൊഴുകും. മഹാരാജസ്ത്രീകളുടെ ഭാവം നമ്മുടെ അലങ്കാരമാകും.

18

AN EVER Shining Star OF CARMEL

Sr. Binitha Maria

"You are the light of the world. A town built on a hill cannot be hidden" (Matt 5:14). The purpose of light is to see the right path, to see what is going around and to avoid evil things. In other words we see God himself in the light who is the right path of the

mankind. Our first Mother General Celinamma was such a star which provided the light to CMC and thereby to the whole world. Along with the psalmist we shall say we can see the Light in your light, in other words we can see God in her light.

From various writings and personal experiences of many sisters it is evident that Celinamma was an affectionate mother, a loving sister, a caring superior, an inspiring teacher, a divine person and a challenging religious. Nobody can deny her sanctity.

She always lived in the presence of God. Through her life she imparted this awesome God experience to others. She experienced love, peace, patience, tolerance, forgiveness from God and in turn she showed all these towards her fellow beings. Her dealings were so attractive that each one felt that Celinamma loved him/her very much. Nobody should envy as this is a special gift offered to her by the Good God.

According to the Psalmist blessed is the one who meditates on God's law day and night. In this sense Celinamma was a blessed one as she meditated on the Word of God day and night. For meditation she had no separation for day and night. She spent all her time with Jesus. This relationship with Jesus made her life simple and divine. Her words and deeds, her dress, things, belongings etc. were decorated with simplicity. She could do many great things only because of her trust in God. Endless ejaculations are coming out of her lips. That was the effervescence of her heart. A heart filled with love and compassion cannot be hidden. Such a person will be like a town built on a hill.

“ She always lived in the presence of God. Through her life she imparted this awesome God experience to others

> She always lived in the presence of God. Through her life she imparted this awesome God experience to others

The very essence of Carmel lies in the Union with God. This union can be attained through the practice of silence and a sacrificial life. Celinamma continuously practiced these and thus in everything her face turned towards God Almighty.

In every nook and corner of her life there was the touch of Holy Trinity. This made her life something special. Her favorite ejaculation was also a praise to the Holy Trinity.

She was very kind and compassionate towards all who happened to come in touch with her. Her life inspired many of her students to respond to God's call. She never advised anybody to choose religious life; but her life fostered the vocation of many. Just as Jesus said 'Come and see', she opened her life and it was really an invitation to consecrated life. She was an open book for everybody to read and it was full of divine thoughts.

She had a great compassion towards poor and the marginalized. Her eyes and hands reached to the poor and marginalized, especially poor students. She showed a special attention towards poor students. There she had no discrimination of caste and creed. She helped all those who were in need. Their need was only her concern. She was able to embrace not only Christians, but non Christians also.

She had a serene nature which a religious ought to have. She acquired all these divine qualities through her deep meditation. She lived what she meditated. Today in this modern world when the print media and channels depict the religious life in a very shameful way we can hold Celinamma as an ever shining star of which brightness cannot be taken away by any media. Being Carmelites let's proud of that ever shining star.

19

കാലഘട്ടത്തിൽ അലിയിച്ചു ചേർക്കപ്പെട്ട നിറച്ചാർത്ത്

സി. ഡീനാ എലിസബത്ത്

ശ്രീ. എം. കെ. ഹരികുമാറിന്റെ 'യേശുവിന്റെ നിറം' എന്ന കവിതാസമാഹാരത്തിൽ നിന്ന് ഏതാനും വരികൾ ഉദ്ധരിച്ചു കൊണ്ട് ഞാൻ തുടങ്ങട്ടെ:

യേശുവിന് അസ്തമയത്തിന്റെ
അംബരാന്തനിറമാണ്
ശത്രുക്കളെ സ്നേഹിക്കുന്നവർക്ക്
ദൈവം കാണിച്ചുകൊടുത്ത
വിശുദ്ധമായ നിറമാണത്.

യേശുവിന് പൗർണ്ണമിയുടെ
വെണ്ണപരത്തുന്ന രാത്രിയുടെ നിറമാണ്
ദുഷ്ടന്മാർക്കു ലഭിക്കുന്ന
കാരുണ്യത്തിന്റെ നിറമാണത്
യേശുവിന് സമുദ്രനിറമാണ്

“ യേശുവിന്റെ മുഖത്തെ അതിന്റെ എല്ലാ വ്യത്യസ്തതകളോടും കൂടി, വലിയ നിറവോടെ, സമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കാൻ ദൈവദാസി സെലിനാമ്മയ്ക്ക് എന്നും സാധിച്ചിരുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം.

കരയുന്നവരുടെ കണ്ണീരുവറ്റി പ്രത്യക്ഷപ്പെടുന്ന, ചിരിയുടെ നിറമാണ്.
പാവപ്പെട്ടവരെ മറക്കരുതെന്ന ഏറ്റവും നഗ്നമായ മനോഭാവത്തിന്റെ
നിറം അതുതന്നെയാണ്!

ഈ ഓവർഹൈടെക് യുഗത്തിൽ സന്യാസ ജീവിതം പോലും കൈവിരൽ തുമ്പിൽ കോർത്തിയിണക്കി സർവ്വ മാധ്യമങ്ങളുടെ തെറ്റായ വാക്ശരങ്ങളുടെയും ആത്മാർത്ഥതയെ ഉണർത്തുന്ന അമ്പുകളുടെയും നീതീകരണമില്ലാത്ത പ്രസ്താവനകളുടെയും മധ്യത്തിൽ ഞാനും നിങ്ങളും എത്തിനിൽക്കുമ്പോൾ യേശുവിന്റെ വ്യത്യസ്തത നിറഞ്ഞ ഒരു മുഖത്തിന്റെ നിറം സന്യാസത്തിൽ അല്ല നമ്മളിൽ തന്നെ നമുക്ക് ദർശിക്കാൻ സാധിക്കും. യേശുവിനെ അവന്റെ മുഖത്തെ, അതിന്റെ എല്ലാ നിറങ്ങളോടും കൂടി വളരെ വ്യത്യസ്തതയിൽ ലോകത്തിന്റെ മുമ്പിൽ ജീവിതത്തിലൂടെ, കാണിച്ചു കൊടുത്ത ധീരയായ ഒരു വനിതയെക്കുറിച്ച് നമുക്ക് ചിന്തിക്കാം. യേശുവിന്റെ മുഖത്തെ അതിന്റെ എല്ലാ വ്യത്യസ്തതകളോടും കൂടി, വലിയ നിറവോടെ, സമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കാൻ ദൈവദാസി സെലിനാമ്മയ്ക്ക് എന്നും സാധിച്ചിരുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം. അഗാധമായ ദീർഘവീക്ഷണവും കഠിനാദ്ധ്വാനവും വാക്ചാതുര്യവും സാമൂഹികദർശനങ്ങളും സർവ്വോപരി കാരുണ്യത്തിന്റെ മാസ്മരശക്തിയുള്ള വാക്കുകളും പ്രവൃത്തികളും എഴുത്തുകളും ജീവിതചര്യകളും എന്നും സെലിനാമ്മ എന്ന വ്യക്തിത്വത്തിൽ നിറഞ്ഞുകവിഞ്ഞിരുന്നു എന്നത് ഇന്നിന്റെ മക്കൾക്ക് വെല്ലുവിളിതന്നെയാണ്. സ്വപ്നങ്ങളുടെ അമ്മയായിരുന്നു ബഹു. സെലിനാമ്മ.

അഗാധമായ സഭാത്മകപഠനവും ഉൾക്കാഴ്ചകളും ഉൾച്ചേർക്കപ്പെട്ട എഴുത്തുകളും ഉപദേശങ്ങളും വഴി വളർ

ന്നുവന്ന ഈ സന്യാസിനീ സമൂഹത്തിന്റെ അടിത്തറകൾ കൂടുതൽ ദൃഢതയോടെ ഉറപ്പിക്കുവാൻ അമ്മയ്ക്ക് സാധിച്ചു. കാലത്തിന്റെ ചുവരെഴുത്തുകൾ അഗാധമായ വൈജ്ഞാനിക ബുദ്ധിയോടെ മനസ്സിലാക്കി വിവേകപൂർവ്വം തീരുമാനങ്ങളെടുത്ത് CMCയെ കൂടുതൽ മനോഹരമായ ഭംഗിയുള്ള ഒരു പുഷ്പമായി തിരുസഭയാകുന്ന പൂന്തോട്ടത്തിൽ അലങ്കരിക്കാൻ പ്രാപ്തയാക്കി എന്ന കാര്യം എടുത്തുപറയേണ്ടതുതന്നെയാണ്. അമ്മയുടെ കാലികപ്രസക്തി നിറഞ്ഞ തീരുമാനങ്ങൾ, ജീവിതബന്ധിയായിത്തീർന്ന കർമ്മലീത്താ ആദ്ധ്യാത്മികത, വ്യത്യസ്തത നിറഞ്ഞ ദീർഘവീക്ഷണങ്ങൾ എല്ലാം ഒത്തിണങ്ങിയ അമ്മയുടെ ജീവിതത്തിന്റെ നിറം വളരെ മികവാർന്ന വർണ്ണശോഭയുള്ള കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും ശോഭയുള്ളതായിരുന്നു.

ആ നിറത്തിന് സർവ്വനന്മകളുടെ സൗന്ദര്യധാമവുമുണ്ട്; ഗുരുവിന്റെ അറിവിന്റെ ശ്രേഷ്ഠതയുണ്ട്, കഠിനാദ്ധ്വാനത്തിന്റെ ദാസീപദവി ഉണ്ട്, താപസികതയുടെ രാജ്ഞീപദമുണ്ട്, കർമ്മലയുടെ പരിശുദ്ധിയുടെ നിറമുണ്ട്, നിസംഗതയുടെ നേട്ടങ്ങളുടെ കഥയുണ്ട്, മുറിപ്പെടുത്തലുകളുടെ രക്തച്ചോരിച്ചിൽ ഉണ്ട് സർവ്വോപരി ഐക്യത്തിന്റെ മാസ്മരികശക്തിയുണ്ട്. ഇങ്ങനെ പരിശുദ്ധ ത്രിത്വത്തിലുള്ള സ്നേഹത്തിന്റെ ഐക്യത്തിന്റെ മുഖം അതിന്റെ എല്ലാ നിറങ്ങളോടും കൂടെ പരിശുദ്ധിയിൽ പ്രതിഫലിപ്പിക്കാൻ സെലിനാമ്മയ്ക്ക് സാധിച്ചത് ഒരു വേറിട്ട ശബ്ദം സന്യാസ സമൂഹത്തിലാകെ അലയടിപ്പിക്കാൻ അമ്മയ്ക്ക് സാധിച്ചതു കൊണ്ടാണ്.

20

സ്നേഹ ഗായിക

സി. അർഷണാ മരിയ CMC

അങ്ങകലെ നോക്കെത്താ ദൂരത്തെ ആ വലിയ കുന്ന് നിങ്ങളും കാണുന്നുണ്ടല്ലോ! അല്ലേ? അവിടെ സുന്ദരമായി പാടുന്ന ആ കുയിലിന്റെ സുന്ദര ശബ്ദവും നിങ്ങൾ കേൾക്കാതിരിക്കയില്ല! അവൾ മനോഹരമായ ശീലുകളിൽ പാട്ടുകൾ പാടി, തന്നെയും തനിക്കു ചുറ്റുമുള്ളവയേയും സൃഷ്ടിച്ച് പരിപാലിക്കുന്ന തമ്പുരാനെ സ്തുതിച്ച്, സ്തുതിച്ച് മതിമറന്ന് പാടുകയാണ്. ആ പാട്ടിന് എതിർപാട്ട് പാടുവാൻ കൂടെ കുറെ കൂട്ടാ

ളികളും എത്തിക്കഴിഞ്ഞു.

ഇവിടെ ഇതാ ഒരു പുണ്യ ചരിതയും മനോഹരമായി പാടുന്നു; ദൈവമഹത്വത്തെക്കുറിച്ച്. നല്ല ദൈവത്തിന് സ്തുതി കീർത്തനമേകുവാൻ തന്റെ സഹചാരികൾക്ക് പ്രചോദനമേകുന്നു. മലമുകളിലെ ആ ഉയർന്ന കുന്നിൽ നിന്നും കേൾക്കുന്ന ആ നാദം ഒരു പുണ്യചരിതയുടേതാണ്. ഈശോയുടെ പ്രാണപ്രേയസി മദർ സെലിന്റേത്. സ്വർഗ്ഗ വിഹായസ്സിലിരുന്ന് അവൾ ദിവ്യസ്നേഹവിപഞ്ചിക മീട്ടുമ്പോൾ ഈ മണ്ണിലെ മാനവരും അവളിലൂടെ നിവർത്തിതമായ ദൈവമഹത്വമോർത്ത് പാടുന്നു; ആവിലായിലെ രാജാളിപക്ഷിയെപ്പോലെയും, ലിസ്യൂവിലെ ചെറുവാനമ്പാടിയെപ്പോലെയും, തന്റെ അന്തരാത്മാവിൽ നിരന്തരം പരിശുദ്ധ ത്രിത്വത്തിന് സ്തുതി പാടുന്ന വിശുദ്ധ എലിസബത്തിനെപ്പോലെയും.

സർവ്വവും സർവ്വേശ്വര പാദങ്ങളിൽ...

വിശുദ്ധ ത്രേസ്യായോടുള്ള പരിശുദ്ധ ത്രിത്വത്തിന്റെ സ്നേഹം പ്രകടമാക്കുവാൻ ഈശോ ഇപ്രകാരം അവളോടു പറഞ്ഞു: ''നിനക്ക് കഴിവുള്ളത് നീ ചെയ്യുക. പിന്നെ എനിക്ക് തന്നെ വിട്ടുതന്നേയ്ക്കുക.'' ഈശോയുടെ ഇഷ്ടദാസി സെലിനോടും ഈശോ ഇപ്രകാരം പറഞ്ഞിരുന്നിരിക്കണം. അവളാകട്ടെ തനിക്കാവുന്നത് ചെയ്തു. എല്ലാം ആ സർവ്വേശ്വര പാദങ്ങളിൽ അർപ്പിച്ചുകൊണ്ട് അതിനവൾ കണ്ടുപിടിച്ച കുറുക്കുവഴിയായിരുന്നു ദിവ്യനാഥനുമായുള്ള സ്നേഹലയനത്തിൽ ആമഗ്നയായിരിക്കുക എന്നത്.

നീണ്ട മണിക്കൂറുകൾ കത്തിജ്ജ്വലിക്കുന്ന ഒരു പ്രകാശഗോളം പോലെ അവൾ ആ പ്രഭാമയനിൽ സ്വയം മറന്ന് ജ്വലിച്ചിരുന്നു. വിശുദ്ധ എവുപ്രാസ്യാമ്മ ചലിക്കുന്ന സക്രാരിയായി അറിയപ്പെടു

മ്പോൾ സെലീനാമ്മ സക്രാരിയുടെ കെടാവിളക്കായി വിശേഷിപ്പിക്കപ്പെടുന്നു. ഒരിക്കലും അണഞ്ഞുപോകാത്ത ഒരു കെടാവിളക്കുപോലെ അവളും ഹൃദയത്തിന്റെ ഉൾക്കാമ്പിലുള്ള ദൈവസാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞ് അത് അണഞ്ഞുപോകാതെ കാത്തുസൂക്ഷിച്ചു; ആ സ്നേഹസാഗരത്തിൽ അവൾ മുങ്ങിക്കുളിച്ചു. കർമ്മതല്പരരായി, ഊർജ്ജസ്വലതയോടെ പ്രേഷിതരംഗങ്ങളിൽ, കർമ്മമണ്ഡലങ്ങളിൽ നാം വ്യാപരിക്കുമ്പോൾ സെലീനാമ്മ നീണ്ട മണിക്കൂറുകൾ ദിവ്യനാഥനിൽ ലയിച്ചിരുന്ന തന്റെ ജീവിതശൈലികൊണ്ട് നമുക്ക് മാതൃകയാകുന്നു, നാം ഭക്തിയോഗികൾ കൂടിയാണെന്ന് നമ്മെ അനുസ്മരിപ്പിച്ചുകൊണ്ട്.

ധവളപുഷ്പങ്ങൾ വിടർന്നുതുടങ്ങുന്നത് രാത്രിയുടെ നിശബ്ദശാന്തിയിലാണല്ലോ. ദിവ്യനാഥന്റെ സന്നിധിയിൽ കാഴ്ചയായി നേദിക്കപ്പെടുവാൻ ആഗ്രഹിച്ച ഈ ദിവ്യസൂനവും, നാഥന്റെ കരപത്മങ്ങളിൽ തന്നെ വിടർന്നു പരിലസിക്കുവാൻ തയ്യാറായി പ്രഭാതത്തിന്റെ ആദ്യമണിക്കൂറിൽ തന്നെ അവിടുത്തെ ചാരെ അണയുമായിരുന്നു.

> “
> നീണ്ട മണിക്കൂറുകൾ
> കത്തിജ്ജ്വലിക്കുന്ന
> ഒരു പ്രകാശഗോളം പോലെ
> അവൾ ആ പ്രഭാമയനിൽ
> സ്വയം മറന്ന്
> ജ്വലിച്ചിരുന്നു

ബൈബിളിലെ പുതിയ നിയമത്തിൽ നമ്മെ കണ്ണുതുറപ്പിക്കുകയും കണ്ണീരണിയിക്കുകയും ചെയ്യുന്ന ചില സ്ത്രീകഥാപാത്രങ്ങളെ നാം കാണുന്നുണ്ട്. വി. മർക്കോസിന്റെ സുവിശേഷത്തിലെ ഈ സ്ത്രീജനങ്ങൾ ‘ആഴ്ചയുടെ ആദ്യദിവസം, അതിരാവിലെ സൂര്യനുദിച്ചപ്പോൾ തന്നെ’ അവനെ സുഗന്ധചാർത്തണിയിക്കാൻ എത്തിയവരാണ്. ഉയിരകന്നിട്ടും, തങ്ങൾക്കുവേണ്ടി ഉയിരേകിയവനെ കണ്ടുവണങ്ങാൻ എത്തിയ പരിശുദ്ധ ഹൃദയങ്ങൾ. നസ്രായനായ യേശുവിന്റെ ദിവ്യാനുഗാമികൾ.

‘‘സൂര്യകാന്തി പുഷ്പമെന്നും സൂര്യനെ നോക്കുന്നപോലെ
ഞാനുമെന്റെ നാഥനെത്താൻ നോക്കിവാഴുന്നു’’

> തന്റെ സഭയ്ക്കും സഭാമക്കൾക്കും ജീവനും ജീവിതവും സമർപ്പിച്ച ആ അമ്മക്കിളി വിശുദ്ധിയുടെ പൊൻചിറകിലേറി അനന്ത വിഹായസ്സിൽ വിരാജിക്കുന്നു

അതിരാവിലെ നാഥന്റെ സന്നിധിയിൽ എത്തുക. ആ ദിവ്യസ്നേഹത്തിൽ ആമഗ്നയാവുക. സെലിനാമ്മയുടെ ജീവിതതാളം തന്നെ ആരംഭിക്കുക പ്രഭാതത്തിൽ 4 മണിയോടെയായിരുന്നു. തന്റെ പ്രിയനുമായി ആത്മസംഭാഷണത്തിൽ മുഴുകിയിരിക്കുവാൻ പ്രഭാതത്തിന്റെ ആദ്യമണിക്കൂറിൽ തന്നെ അമ്മയുണ്ടാകും. വിവിധ ഈണത്തിലും താളത്തിലും, ആ പ്രശാന്തവേദിയിൽ നിന്നും മിക്കപ്പോഴും സ്നേഹത്തിന്റെ നിസ്വനങ്ങൾ കേൾക്കാമായിരുന്നു. ചുണ്ടനക്കാതെ ഈണത്തിലുള്ള ശബ്ദം ഇടമുറിയാതെ ഒഴുക്കിക്കൊണ്ടേയിരിക്കും., ഒരു സ്നേഹനിർഝരി പോലെ...

കരുതലുള്ള കരങ്ങളിൽ...

ഈ സുകൃതിനിയുടെ പ്രവർത്തനമേഖലകളിലേയ്ക്ക് കണ്ണയയ്ക്കുമ്പോൾ CMC യെ ഒരു നിർണ്ണായകഘട്ടത്തിൽ നവീകരണത്തിലേയ്ക്കും ഐക്യത്തിലേയ്ക്കും നയിക്കുന്നതിന് മാർഗ്ഗദർശനമേകിയ കരുതലുള്ള കരങ്ങളെക്കുറിച്ചാണ് ഓർമ്മ വരിക. വിശുദ്ധ അമ്മത്രേസ്യായുടെ സ്നേഹതീവ്രതയും വിശുദ്ധ ചാവറപ്പിതാവിന്റെ തിരുസഭാമനോഭാവവും, കുരിശിന്റെ വിശുദ്ധ യോഹന്നാന്റെ താപസചൈതന്യവുമായിരുന്നു അമ്മയിൽ നിറഞ്ഞ് നിന്നത്. ചുരുക്കത്തിൽ ഒരിടയന്റെയും, എല്ലാമക്കളെയും ചിറകിൻകീഴ് ചേർത്തണയ്ക്കുന്ന ഒരമ്മയുടെയും ദൗത്യത്തിനായി മദർ മേരി സെലിൻ നിയോഗിക്കപ്പെട്ടു.

അംഗബലവും, ആഢ്യത്യവും, പഴക്കവുമുള്ള CMC സന്യാസിനീ സമൂഹം എന്നവകാശപ്പെടാമായിരുന്നെങ്കിലും വിവിധ പ്രവിശ്യയിലുള്ള CMC മക്കൾ, സ്ഥാപകപിതാക്കന്മാരുടെ ചൈതന്യം നിലനിലനിർത്തുവാൻ ശ്രദ്ധിച്ചിരുന്നെങ്കിലും വൈവിധ്യമാർന്ന ശൈലികളായിരുന്നു അവലംബിച്ചിരുന്നത്.

വീണ, കുഴൽ മുതലായ അചേതനങ്ങളായ സംഗീ

തോപകരണങ്ങൾ വ്യക്തി രക്തമായ ശ്രുതി പുറപ്പെടു വിക്കുമ്പോഴാണ് അവയുടെ സ്വരങ്ങൾ തിരിച്ചറിയാൻ ന മുക്ക് സാധിക്കുക. എന്നാൽ ഒരു സംഗീതധാരയിൽ ഈ ശ്രുതികൾക്ക് ലയനം ഉണ്ടാക ണം. ഈ ലയനം നമ്മുടെ സന്യാസിനീസമൂഹത്തിൽ സംജാതമാകുവാൻ സെലി നാമ്മ തന്റെ മാതൃസഹജമായ പരിലാളനയിലൂടെയും നേ തൃത്വത്തിലൂടെയും ശ്രമിക്കു കയായിരുന്നു.

ശക്തമായ ഒരു അടിത്തറ മേൽ CMC പുനഃപ്രതിഷ്ഠ ചെയ്യപ്പെട്ടു എന്നുവേണം പ റയുവാൻ. ഒരുമയുടെ ചിറകിൻ കീഴിൽ തന്റെ സഭയ്ക്കും സഭാമക്കൾക്കും ജീവനും ജീവിതവും സമർപ്പിച്ച ആ അമ്മക്കിളി വിശുദ്ധിയുടെ

> “വിശുദ്ധ അമ്മത്രേസ്യായുടെ സ്നേഹതീവ്രതയും വിശുദ്ധ ചാവറപിതാവിന്റെ തിരുസ ഭാമനോഭാവവും, കുരിശിന്റെ വിശുദ്ധ യോഹന്നാന്റെ താപ സചൈതന്യവുമായിരുന്നു അമ്മയിൽ നിറഞ്ഞ് നിന്നത്

പൊൻചിറകിലേറി അനന്തവി ഹായസ്സിൽ വിരാജിക്കുന്നു. ദിവ്യസങ്കീർത്തനമായ നമ്മുടെ ജീവിതംകൊണ്ട് ദിവ്യനാഥന് സ്തുതിയുയർത്തുവാനായി അവൾ നമ്മെയും ക്ഷണി ക്കുന്നു; അവളോടൊപ്പം ന മുക്ക് നാഥന് സ്തുതി കീർത്ത നമേകാം.

21

അധികാരം ശുശ്രൂഷയാക്കിയ സെലിനാമ്മ

സി. ജെയ്മി

കാലചക്രം ഓടിമറയുമ്പോൾ അവശേഷിക്കുന്ന തിരുശേഷിപ്പുകളായി ചില വ്യക്തികൾ എന്നും നിലകൊള്ളുന്നു. സമൂഹത്തിന് ഓജസും തേജസും നൽകിയ വ്യക്തികൾ എക്കാലവും നിത്യവസന്തം പോലെയാണ്. ഇന്ത്യയെന്ന രാജ്യത്തിൽ ഗാന്ധിജിയും ചാച്ചാജിയും, വിശ്വാസജീവിതത്തിന് അടിത്തറയേകിയ തോമാശ്ലീഹായും, ഓർമ്മയിൽ സൂക്ഷിക്കുന്ന തിരുശേഷിപ്പുകളും തൊട്ടുകൂടായ്മയും തീണ്ടലും നിറഞ്ഞുനിന്ന സമൂഹജീവിതത്തിൽ നവോത്ഥാനത്തിന് തുടക്കം കുറിച്ച വി. ചാവറയച്ചനും ഈ

> നലം തികഞ്ഞ അധ്യാപികയായിരുന്ന സെലീനാമ്മ, തുടർന്ന് അധ്യാപകരാകാൻ പഠിപ്പിക്കുന്ന ട്രെയിനിങ്ങ് സെന്ററിന്റെ പ്രധാനാധ്യാപികയായി

ഭൂമിയിൽ എന്നും നിലകൊള്ളുന്നു. ഇപ്രകാരം നന്മയുടെ, ത്യാഗശുശ്രൂഷയുടെ ചരിത്രം കുറിച്ച് നടന്നുനീങ്ങിയവളാണ് ദൈവദാസി മദർ മേരി സെലിൻ. കേരളസഭയ്ക്ക് വിശുദ്ധാത്മാക്കളില്ല എന്ന് പറഞ്ഞ വിശുദ്ധ ചാവറയച്ചൻ വി. അൽഫോൻസാമ്മയോടും വിശുദ്ധ എവുപ്രാസ്യാമ്മയോടും വി. മറിയം ത്രേസ്യാമ്മയോടുമൊപ്പം ദൈവദാസി സെലീനാമ്മയും കടന്നുവരുന്നതിനെ ഓർത്ത് സന്തോഷിക്കുന്നുണ്ടാകും.

സമർപ്പിത വഴികളിലൂടെ സെലീനാമ്മ

തിരുസഭയിൽ നവോത്ഥാനത്തിന് തുടക്കം കുറിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തീരുമാനങ്ങൾ സന്യാസസഭകളിലും ചില പുനക്രമീകരണങ്ങൾ നടത്തുവാൻ കാരണമായി. അങ്ങനെ ഹിപ്പോളിറ്റസച്ചന്റെ നേതൃത്വത്തിൽ CMC സന്യാസ സമൂഹത്തിന്റെ ആദ്യ സുപ്പീരിയർ ജനറലെന്ന നിലയിൽ സെലീനാമ്മ നടത്തിയ ശ്രമങ്ങൾ വളരെ ശ്ലാഘനീയമാണ്. ഒരേ തറവാട്ടുകാരെങ്കിലും അരശതാബ്ധത്തിലധികം കാലം സ്വയം ഭരണാധികാരമുള്ള വിഭിന്ന സന്യാസകുടുംബങ്ങളായി കഴിഞ്ഞുകൂടിയതിന്റെ ഫലമായി നിയമങ്ങളിലും ആചാരനുഷ്ഠാനങ്ങളിലും വീക്ഷണഗതിയിലും വ്യത്യസ്തമാർഗങ്ങളവംലബിച്ച് ശീലിച്ചിട്ടുള്ള നമ്മുടെ സന്യാസിനീ സമൂഹത്തിന്റെ വിവിധ ഭാഗങ്ങളെ കൂട്ടിയിണക്കി ഒന്നാക്കി തീർക്കുക എന്നത് വളരെ പ്രതിസന്ധി നിറഞ്ഞ ദൗത്യം തന്നെയായിരുന്നു. ഒരു നിർണായകഘട്ടത്തിൽ കർമ്മലയെ നവീകരിച്ച വി. ത്രേസ്യായുടെ ധീരതയും സാമൂഹ്യ നവോത്ഥാനത്തിന് തുടക്കം കുറിച്ച വി. ചാവറയച്ചന്റെ ദീർഘവീക്ഷണവും കൈമുതലാക്കി സെലീനാമ്മ ഈ ദൗത്യം വിജയകരമായി പൂർത്തിയാക്കി. ഒരു ശില്പത്തെ കൊത്തിവാർത്ത് രൂപപ്പെടുത്തുന്നതിൽ അതിന്റെ സ്രഷ്ടാവ് എത്രമാത്രം ബദ്ധശ്രദ്ധനായിരി

ക്കുന്നുവോ അതുപോലെ CMC മക്കളെ കർമ്മലയുടെ ചൈതന്യത്തിലും ദൈവസ്നേഹത്തിലും വളർത്തുവാൻ അമ്മ കാണിച്ച കരുതലും താല്പര്യവും വളരെയധികമാണെന്ന് മാതൃമൊഴികളിലൂടെ വ്യക്തമാണ്. നലം തികഞ്ഞ അധ്യാപികയായിരുന്ന സെലീനാമ്മ, തുടർന്ന് അധ്യാപകരാകാൻ പഠിപ്പിക്കുന്ന ട്രെയിനിങ്ങ് സെന്ററിന്റെ പ്രധാനാധ്യാപികയായി. നല്ല വ്യക്തിമഹിമയുള്ള ഗുരുഭൂതരെ പരിശീലിപ്പിക്കുവാൻ, വാർത്തെടുക്കുവാൻ അമ്മയ്ക്ക് കഴിഞ്ഞു. ഈ പാഠശാലയിലെ അനുഭവജ്ഞാനം CMC മക്കളെ തന്മയത്വത്തോടെ നയിക്കുവാൻ അമ്മയ്ക്ക് സഹായകമായെന്നുമാത്രമല്ല ഗുരുതുല്യമായ മാതൃഭാവത്തിന്റെ സ്പന്ദനങ്ങൾ തന്റെ സഹോദരങ്ങളോടുള്ള ബന്ധങ്ങളിൽ കാത്തുസൂക്ഷിക്കുവാനും അമ്മയെ സഹായിച്ചു.

> “ഗുരുതുല്യമായ മാതൃഭാവത്തിന്റെ സ്പന്ദനങ്ങൾ തന്റെ സഹോദരങ്ങളോടുള്ള ബന്ധങ്ങളിൽ കാത്തുസൂക്ഷിക്കുവാനും അമ്മയെ സഹായിച്ചു

ശുശ്രൂഷാ ജീവിതത്തിലെ നേർകാഴ്ചകൾ

ദൈവത്തിന്റെ കണ്ണുകളിൽ ദൃഷ്ടിയുറപ്പിച്ചുള്ള പ്രവർത്തനശൈലിയും തികഞ്ഞ ദൈവവിശ്വാസവും ദൈവാശ്രയബോധവുമാണ്- സെലിനാമ്മയുടെ ശുശ്രൂഷയെ ശക്തിപ്പെടുത്തിയതും വിജയത്തിലെത്തിച്ചതും. ദൈവഹിതമനുസരിച്ച് നമ്മെ ഭരമേല്പിക്കുന്ന ഉത്തരവാദിത്വങ്ങളിൽ നമ്മുടെ കഴിവുകേടിനും അപ്രാപ്തിക്കും സ്ഥാനമില്ല, കാരണം ദൈവമാണവിടെ പ്രവർത്തിക്കുന്നതെന്നുള്ള ഉറച്ച ബോധ്യം അമ്മയിൽ രൂഢമൂലമായിരുന്നു. സുപ്പീരിയർ ജനറലെന്ന നിലയിൽ ബഹുലമായ പ്രവർത്തനങ്ങൾക്കിടയിലും തന്റെ ആത്മനാഥനോട് പുലർത്തിയ അഭേദ്യമായ ബന്ധത്തിന്റെ ആഴം സെലീനാമ്മയുടെ കത്തുകളിൽ സുവ്യക്തമാണ്. അമ്മയുടെ കത്തുകളിലെ ചില അംശങ്ങൾ ഇവിടെ കുറിക്കുന്നു. നമ്മുടെ ജീവിതം ഒരു സ്നേഹപ്രകരണമായിത്തീരണം. നമ്മുടെ വിചാരം, വചനം, പ്രവൃത്തി എല്ലാമെല്ലാം

അവിടുത്തോടുള്ള സ്നേഹത്തിന്റെ മുദ്രപതിപ്പിച്ചതായിരിക്കണം. ഈ സ്നേഹചിന്തയോടെയാണ് പ്രഭാതത്തിൽ നാം ഉണരേണ്ടത്. തുടർന്നുള്ള ഓരോ പ്രവർത്തനവും സ്നേഹം നിറഞ്ഞതായിരിക്കണം. സ്നേഹം കൊണ്ട് തുടിക്കുന്ന ഹൃദയത്തോടെതന്നെ രാത്രി നാം നിദ്രയിലേക്ക് പ്രവേശിക്കണം എത്ര തിരക്കിനിടയിലും ആത്മനാഥനുമായി അകലാത്ത ഒരു ആത്മീയബന്ധം കാത്തുസൂക്ഷിക്കുവാൻ സെലീനാമ്മയ്ക്ക് കഴിഞ്ഞു. ''നീ എന്റെ കാര്യം നോക്കിയാൽ നിന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം.'' എന്ന് ഈശോ വി. മറിയം ദെപാസി പുണ്യവതിയോട് പറഞ്ഞ വാചകം സെലീനാമ്മ തന്റെ ഹൃദയാന്തർഭാഗത്ത് കുറിച്ചു വച്ചു.

ശുശ്രൂഷാജീവിതത്തിന്റെ റോൾമോഡൽ ഈശോ

രക്ഷാകരചരിത്രത്തിൽ ഇസ്രായേൽ ജനത്തെ കാനാനാകുന്ന ലക്ഷ്യത്തിലേക്ക് നയിക്കാൻ ദൈവം തിരഞ്ഞെടുത്ത ദൈവത്തിന്റെ പ്രതിനിധിയാണ് മോശ. പുതിയ ഇസ്രായേലായ സഭയെ ദൈവത്തിലേക്ക് നയിക്കാൻ ഈശോയുടെ ശുശ്രൂഷാദൗത്യം ഏറ്റെടുത്തവരാണ് ശിഷ്യന്മാരും. ഇന്ന് സഭയാകുന്ന നൗകയെ പണിതുയർത്തി നേതൃത്വം നൽകുന്നതിനു ദൈവത്തിന്റെ കരങ്ങളിലെ ഉപകരണങ്ങളാണല്ലോ സഭാധികാരികൾ. പുണ്യപൂർണ സൗധത്തിന്റെ മണിത്താക്കോലുകൾ അധികാരികളുടെ കരങ്ങളിലാണ് അർപ്പിതമായിരിക്കുന്നത് എന്ന് സെലീനാമ്മ ഓർമപ്പെടുത്താറുണ്ടായിരുന്നു. ഒരു അധികാരി എപ്രകാരമായിരിക്കണമെന്ന് നമ്മുടെ പ്രമാണരേഖ ചൂണ്ടിക്കാട്ടുന്നു. അധികാരി ദൈവഹിതത്തിന്റെ വഴികാട്ടിയും, ഐക്യത്തിന്റെ കണ്ണിയും, അജപാലികയും ദാസിയും, മാതൃസഹജവും സഹോദരി നിർവിശേഷവു

മായ സ്നേഹം ഉള്ളവളുമായിരിക്കണം. ഈ ഗുണവിശേഷങ്ങളെല്ലാം ഒത്തുചേർന്ന ഒരു പ്രതിഭ തന്നെയാണ് സെലീനാമ്മ എന്ന് അമ്മയോടൊപ്പം ജീവിച്ചവർ സാക്ഷ്യപ്പെടുത്താറുണ്ട്. ''മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കു വേണ്ടി മോചനദ്രവ്യമായി നൽകാനുമത്രേ.'' (മർക്കോ. 10:45) ഇടയനായ ഈശോ തന്റെ അജഗണങ്ങളുടെ മനോഗതങ്ങൾ തിരിച്ചറിയുന്നവനും ആടുകൾക്കുവേണ്ടി സ്വയം ജീവൻ അർപ്പിക്കുന്നവനുമായിരുന്നു. വാക്കിലും മുഖത്തും പ്രശാന്തതയും പ്രസന്നതയും കാത്തുസൂക്ഷിച്ച സെലീനാമ്മ സ്വന്തം സഹോദരങ്ങളുടെ കെല്പക്ഷയങ്ങളെ ഉൾക്കൊള്ളാനും സ്നേഹപൂർവ്വം തിരുത്തി ക്രിസ്തുസ്നേഹത്തിലേക്ക് വളർത്താനും ഉള്ള ആന്തരികത സ്വന്തമാക്കിയിരുന്നു. പ്രൊവിൻസുകളിലെ തിരഞ്ഞെടുപ്പിനുശേഷം അധികാരികൾക്ക് നൽകുന്ന ഉപദേശം ശ്രദ്ധേയമാണ്. ''നമ്മുടെ ഓരോ സന്യാസമന്ദിരങ്ങളും, തഴച്ചുവളർന്ന് മൊട്ടിട്ട് വികസിച്ച് പരിസരങ്ങളിൽ പരിമളം പരത്തുന്ന പൂവനങ്ങളായിത്തീരാൻ ഓരോ അധികാരിയും നിസ്വാർത്ഥമായി പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം. കീഴിലുള്ളവരുടെ സുകൃതസരണി സുഗമമാക്കിത്തീർക്കുവാനുള്ള കടമ നമ്മുടേതാണെന്ന് ആരും മറന്നുപോകുകയില്ലല്ലോ. ത്യാഗപൂർണമായ സേവനം, സ്നേഹസമന്വിതമായ ഭരണം, ഇതുവഴി ആത്മാക്കളെ ദിവ്യനാഥനിലേക്ക് അടുപ്പിക്കുക. ആത്മാർത്ഥയില്ലാത്ത വർത്തനം മറ്റുള്ളവരെ അടുപ്പിക്കുകയില്ല അകറ്റുകയായിരിക്കും ചെയ്യുന്നതെന്ന വേദനാജനകമായ പരമാർത്ഥം ആരും മറന്നുപോകരുത്.'' ''നീ എത്ര ഉന്നതനാണോ അത്രമാത്രം വിനീതനാവുക. അപ്പോൾ കർത്താവിന്റെ കൃപ

> എളിമയുള്ളവർക്കേ മറ്റുള്ളവരുടെ ഹൃദയത്തിൽ സ്ഥാനം പിടിക്കാൻ കഴിയുകയുള്ളുവെന്ന് അമ്മയുടെ ജീവിതം നമ്മുടെ മുൻപിൽ വരച്ചുകാട്ടുന്നു

> ഒരു അധികാരി എങ്ങനെയായിരിക്കണമെന്നുള്ള വ്യക്തമായ കാഴ്ചപ്പാടും അത്തരത്തിലുള്ള ഒരു ജീവിതശൈലിയും സെലീനാമ്മയിൽ മിഴിവാർന്ന് നിന്നു.

യ്ക്ക് നീ പാത്രമാകും'' (പ്രഭാ. 3:18). വലിയ മനസുള്ളവർക്കേ ചെറിയവനാകാൻ കഴിയൂ. എളിമയുള്ളവർക്കേ മറ്റുള്ളവരുടെ ഹൃദയത്തിൽ സ്ഥാനം പിടിക്കാൻ കഴിയുകയുള്ളുവെന്ന് അമ്മയുടെ ജീവിതം നമ്മുടെ മുൻപിൽ വരച്ചുകാട്ടുന്നു.

അധികാര-അധീനബന്ധത്തിൽ നിറഞ്ഞുനിന്ന കുടുംബാരൂപിയെപ്പറ്റി സെലീനാമ്മ അയച്ച 22-ാമത്തെ കത്തിൽ അമ്മ ഒരു ആശംസ ഏകുന്നുണ്ട്. ''നല്ല അധികാരികളെ - ദിവ്യസ്നേഹം ഹൃദയത്തിൽ നിറഞ്ഞിട്ടുള്ള, സഹോദരങ്ങൾക്കായി എന്തു ത്യാഗവും സഹിക്കുവാൻ സന്നദ്ധതയുള്ള, വിവേകത്തിലും മാതൃസ്നേഹത്തിലും മികച്ചവരായ അധികാരികളെ നമുക്ക് ലഭിക്കട്ടെ.'' ദിവ്യനാഥന്റെ മാതൃകയനുസരിച്ച് എല്ലാവരുടെയും ദാസികളെന്നു ചിന്തിക്കേണ്ടവരാണ് അധികാരികളെന്നു സെലീനാമ്മ തന്റെ കത്തിൽ ഊന്നിപറയുന്നു. സന്ന്യാസശ്രേഷ്ഠന്റെ അധികാരം ശുശ്രൂഷിക്കപ്പെടാനല്ലാതെ ശുശ്രൂഷിക്കാൻ വന്ന ക്രിസ്തുവിനെ അനുകരിച്ച്, സേവനത്തിന്റെ ചൈതന്യം കൊണ്ട് സവിശേഷതയുള്ളതായിരിക്കണം. (CIC. 635). Perfectae caritatis -ൽ ഇങ്ങനെ പറയുന്നു. 'ശ്രേഷ്ഠന്മാർ സേവനചൈതന്യത്തിൽ അവരുടെ അധികാരം വിനിയോഗിക്കണം. മനുഷ്യവ്യക്തിയോടുള്ള ആദരവോടുകൂടി സ്വമേധയാ ഉള്ള അനുസരണം പ്രോത്സാഹിപ്പിച്ചുകൊണ്ട് അവർക്ക് അധീനരായവരെ ദൈവത്തിന്റെ പുത്രന്മാരോ പുത്രിമാരോ ആയി ഭരിക്കണം. സന്ന്യാസഭവനങ്ങളിൽ പുലരേണ്ടത് കുടുംബാരൂപിയാണ്. മാതൃപുത്രീബന്ധമാണ് അധികാരികളും അധീനരും തമ്മിൽ ഉണ്ടാകേണ്ടത്. ഒരു അധികാരി എങ്ങനെയായിരിക്കണമെന്നുള്ള വ്യക്തമായ കാഴ്ചപ്പാടും അത്തരത്തിലുള്ള ഒരു ജീവിതശൈലിയും സെലീനാമ്മയിൽ മിഴിവാർന്ന് നിന്നു. ''ദിവ്യനാഥൻ

എങ്ങനെ എല്ലാവരുടെയും ദാസനായി വർത്തിച്ചുവോ, ആ മനോഭാവം തന്നെയാണ് അധികാരികളിലും നിറഞ്ഞു നിൽക്കേണ്ടത് സ്നേഹപൂർവ്വമായ വാക്കുകൾ കൊണ്ട് അനേകം കാര്യങ്ങൾ വളരെ എളുപ്പത്തിൽ നേടിയെടുക്കുവാൻ കഴിയും. പക്വതയും പാകതയും വന്ന വ്യക്തികളോടാണ് തങ്ങൾ ഇടപെടുന്നത്. അതിനാൽ ശകാരവും ഭയപ്പെടുത്തലും പ്രയോജനപ്പെടുത്തുകയില്ലെന്നും ഓർത്തിരിക്കാം. പോരായ്മകൾ ചൂണ്ടികാണിച്ചും ആവശ്യാനുസരണം നിർദേശം നൽകിയുമാണ് തിരുത്തുവാൻ ശ്രമിക്കേണ്ടത്. തെറ്റുകൾ കണ്ടാൽ അധികാരികൾ കണ്ണടച്ചുകളയുന്നത് കുറ്റകരംതന്നെ. കുടുംബാരൂപിക്ക് കോട്ടം വരാത്തവിധത്തിൽ വേണ്ടത്ര വിവേകവും ശാന്തതയും അധികാരികൾ പുലർത്തണം''. (മാതൃമൊഴികൾ) ഇപ്രകാരം തന്നെ പുത്രീസഹജമായ സ്വാതന്ത്ര്യവും സ്നേഹവും അധീനർ അധികാരികളോട് കാണിക്കുവാൻ കടപ്പെട്ടവരാണ്. സ്നേഹോഷ്മളത നിറഞ്ഞ അന്തരീക്ഷം സന്യാസഭവനങ്ങളിൽ സംജാതമാകുമ്പോഴാണ് ലോകത്തിനു മുമ്പിൽ സന്യാസം സാക്ഷ്യമാകുന്നത്. ബന്ധങ്ങളുടെ അൾത്താരയിൽ ആരെങ്കിലുമൊക്കെ ബലിവസ്തുവായി തീരുമ്പോഴാണ് അത് ഒരു സ്നേഹവിരുന്നിന്റെ അനുഭവമായി മാറുന്നത്.

“
സ്നേഹോഷ്മളത
നിറഞ്ഞ അന്തരീക്ഷം
സന്യാസഭവനങ്ങളിൽ
സംജാതമാകുമ്പോഴാണ്
ലോകത്തിനു മുമ്പിൽ
സന്യാസം
സാക്ഷ്യമാകുന്നത്

സ്റ്റീഫൻ ഗ്രെല്ലറ്റിന്റെ വാക്കുകളിൽ ഉപസംഹരിക്കട്ടെ. ഞാൻ ഈ പ്രപഞ്ചത്തിൽക്കൂടി ഒരിക്കൽ മാത്രം കടന്നുപോകുന്നു. നന്മ അതെന്തുതന്നെയായാലും, മനുഷ്യനോട് പ്രകടിപ്പിക്കാവുന്ന കാരുണ്യം ഏത് വിധത്തിലായാലും അത് ഞാനിപ്പോൾത്തന്നെ ചെയ്യട്ടെ. ഒരു കാലവിളംബവുമില്ലാതെ കാരണം ഞാനൊരിക്കൽക്കൂടി ഇതുവഴി കടന്നുവരില്ല.

22

സുവിശേഷത്തിലെ ഈശോയെ അനുഗമിച്ച സെലിനാമ്മ

സി. അൻസ

ജ്ഞാനിയായ ഒരു ഗുരുവുണ്ടായിരുന്നു. വൈവിധ്യമാർന്ന വിഷയങ്ങൾ സുന്ദരമായി ആവിഷ്ക്കരിക്കാനും പഠിപ്പിക്കാനും അസാമാന്യകഴിവുള്ള പ്രതിഭ. അദ്ദേഹത്തിന്റെ അക്ഷയമായ അറിവിന്റെ ഉറവിടമേതെന്നു ശിഷ്യന്മാർ കൂടെക്കൂടെ ചോദിക്കും. അതെല്ലാം ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും മരണശേഷം അതവർക്കു ലഭിക്കുമെന്നും അപ്പോൾ അദ്ദേഹം പറയും. ഗുരുവിന്റെ മരണശേഷം ശിഷ്യന്മാർ പുസ്തകം കണ്ടെത്തി പുസ്തകത്തിന് ഒരേ ഒരു താളേ ഉണ്ടായിരുന്നുള്ളൂ. അതിലൊറ്റ വരിയും ''ആധാരവും ആധേയവും തമ്മിലുള്ള ഭേദം അറിയുക. അപ്പോൾ ജ്ഞാനത്തിന്റെ ഉറവ നിനക്കു തുറന്നുകിട്ടും''. ലളിതമായി പറഞ്ഞാൽ നിലനിൽക്കുന്നതും കടന്നുപോകുന്നതും ഏതെന്നു തിരിച്ചറിയുക. വില

പ്പെട്ടവ എന്നു നമ്മൾ കരുതുന്ന പലതിന്റെയും നിസ്സാരതയെ വെളിപ്പെടുത്തിത്തരുന്ന പുസ്തകമാണ് സുവിശേഷം. ലോകസങ്കൽപ്പങ്ങളോടെല്ലാം ജീവിതകാലത്ത് നസ്രായൻ തന്റെ ദിനാന്ത്യക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ടാകും 'നേതി= ഇതല്ല'.

കണ്ണിനു പകരം കണ്ണ് - അല്ല; പല്ലിനു പകരം പല്ല് - അല്ല; പാപിനിക്ക് കല്ലേറ് - അല്ല; കുഷ്ഠരോഗിക്ക് ഒറ്റപ്പെടൽ അല്ല; കരുണയ്ക്ക് പകരം ബലി - അല്ല. ഈ 'നേതി'കൾ തിരിച്ചറിയുന്നവർ, ഉള്ളിലെ മിശിഹാ അവബോധത്തെ ബലപ്പെടുത്തുന്നവരാകും. എങ്കിൽ കർമ്മലയ്ക്ക് സ്വന്തമാകുന്നത് മറ്റൊരു മിശിഹായെ തന്നെ. വേറിട്ട ചിന്തകളിലൂടെയും ചെയ്തികളിലൂടെയും CMC യെ ഒത്തുചേർത്ത് നയിച്ച നമ്മുടെ ആദ്യ ജനറാളമ്മ 'ദൈവദാസി മദർ മേരി സെലിൻ'

'ഒരു സൂഫി നൃത്തം ശ്രദ്ധിച്ചാൽ പതുക്കെ ആരംഭിച്ചിട്ട് ദ്രുതതാളത്തിലേക്കു നീങ്ങി, ഏതോ ഉന്മാദത്തിലേക്ക് വഴുതുന്ന ശുദ്ധ ശുഭ്ര വലയങ്ങൾ എന്നാൽ ഒരിക്കൽ പോലും അനന്തതയിലേയ്ക്കു നീളുന്ന അവരുടെ കൈവിരലുകൾ കുഴയുന്നില്ല' സുവിശേഷങ്ങളിലൂടെ, ഈശോ ഈ അത്മീയാനുഭവത്തിന്റെ പങ്കുവയ്ക്കൽ നടത്തുന്നു. പിന്നീട് സുവിശേഷങ്ങൾ ധ്യാനിച്ചവർക്കൊക്കെ അത് കൈമാറ്റപ്പെട്ടു കിട്ടുകയും ചെയ്തു. ഭൂമിയിലെ വിശുദ്ധർ പറയുന്ന ജീവിത കഥകൾ ഇതു ശരിവയ്ക്കുന്നു. സെലീനാമ്മയും.

വിശുദ്ധർ മാനവരാശിയുടെ ഈ മരുഭൂയാത്രയിൽ പരമ ചൈതന്യത്തിന്റെ സ്നേഹാംബരത്തിൽ നിന്ന് അടർന്നു വീഴുന്ന മന്ന പോലെ, എന്ന് ഒരു എഴുത്തുകാരൻ കുറിക്കുന്നു. തന്നെ രേഖപ്പെടുത്തുവാൻ ഈശോ പോലും ഈ രൂപകം ഉപയോഗിക്കുന്നു. ''സ്വർഗ്ഗത്തിൽ നിന്നു വന്ന ജീവനുള്ള മന്നയാണ് ഞാൻ.'' വി. പൗലോസിന്റെ ഭാഷയിൽ, ഇരട്ട പൗരത്വമുള്ളവരെപ്പോലുള്ള ജീവിതം. ഒരു പാദം ജീവിക്കുന്നവരുടെ ലോകത്തിലും മറുപാദം ഒരദൃശ്യലോകത്തിലും ചവിട്ടി സഞ്ചരിക്കുക. സെലീനാമ്മയും ഈ മന്നയുടെ അനുഭവം സ്വന്തമാക്കിയിരുന്നു. ഏതിലും എവിടെയും ദൈവസാന്നിധ്യം തെരഞ്ഞവൾ, തിരിച്ചറിഞ്ഞവൾ, സ്വന്തമാക്കിയവൾ. മന്ന-ഒരു ജനതയുടെ നിലവിളിക്ക് ദൈവം

കൊടുത്ത ഉത്തരമായിരുന്നു എങ്കിൽ അധ്യാപന ശുശ്രൂഷയിലൂടെയും സഭാസേവനത്തിലൂടെയും ആഴമായ പ്രാർത്ഥനാ ജീവിതത്തിലൂടെയും വിവിധ പ്രവർത്തനത്തിലൂടെയും അമ്മ ലോകത്തിന് ഉത്തരമായി മാറി. സെലീനാമ്മ തന്റെ കത്ത് 7, പേജ് 47 ൽ പറയുന്നുണ്ട്; ''പ്രവർത്തനങ്ങൾ വഴി ദിവ്യനാഥന്റെ രക്ഷാകര വൃത്തിയിൽ സഹകരിക്കുകയാണ് സന്യാസിനികൾ. അവരുടെ ആന്തരിക ജീവിതം ക്രിസ്തുവിന്റേതു തന്നെയായിരിക്കണം. അത് സുകൃതസമ്പത്തിനാൽ ധന്യമായിരിക്കണം.'' ഇന്ത്യ-പാക് യുദ്ധത്തിലും, ബംഗാളിലെ കലാപത്തിലും മർദ്ദിക്കപ്പെടുന്ന സഹോദരങ്ങൾ, താമസിക്കാൻ ഇടമില്ലാത്തവർ, വിശപ്പടക്കാൻ ഭക്ഷണമില്ലാത്തവർ, രോഗികൾ ഇവരൊക്കെ അമ്മയുടെ കത്തുകളിലെ ചിന്താവിഷയങ്ങളായിരുന്നു. CMC യുടെ കാരിസവും അതു തന്നെയാണല്ലോ, പ്രണിധാന പ്രവർത്തന സമന്വയം.

നസ്രായൻ ജീവിച്ച നാളിൽ അവന് ഒരു വേറിട്ട ചിന്തയായിരുന്നു, കാഴ്ച്ചപ്പാടായിരുന്നു, പ്രവർത്തന ശൈലിയായിരുന്നു എന്നു പറഞ്ഞുവല്ലോ. സെലീനാമ്മയെ ആകർഷിച്ചതും അതുതന്നെയായിരുന്നു. അവൻ ചെയ്ത അത്ഭുതങ്ങളെക്കാൾ ചെയ്യാതെ പോയ അത്ഭുതങ്ങൾ, എന്തു ചെയ്താലും പകരമാകാത്ത വിധം സ്നേഹിച്ച അവന്റെ കാരുണ്യം. സന്യാസത്തിന്റെ പ്രണയവഴികളിൽ ഈശോയെ അനുഗമിക്കുക എന്നത് മാത്രം ജീവിതലക്ഷ്യമാക്കിയ സെലീനാമ്മ മറ്റൊരു മിശിഹായായി തീരുകയായിരുന്നു. അമ്മസുവിശേഷങ്ങളിലെ ഈശോയുടെ വ്യക്തിത്വത്തെ ശ്രദ്ധിച്ച്, മനുഷ്യരോടുള്ള അവന്റെ സമീപനങ്ങളും ആ വ്യക്തിത്വത്തിന്റെ സൗന്ദര്യവും താൽപ്പര്യപൂർവ്വം ഉൾക്കൊണ്ടു കൊണ്ട് കാർമ്മലിനെ സ്വർഗ്ഗമാക്കിത്തീർത്തു. ഈശോയെ നോക്കി പഠിച്ച പാഠങ്ങൾ അമ്മയുടെ ജീവിതത്തിൽ തെളിഞ്ഞു കാണാം.

പ്രാർത്ഥനയിലൂടെ പിതാവിന്റെ പ്രിയ പുത്രിയായവൾ

ആഴമേറിയ ഒരു ദൈവാവബോധം ഉള്ളിൽ കൊണ്ടു നടന്നയാളാണ് ഈശോ. അവന്റെ ഏറ്റവും വലിയ കരുത്ത് അതായിരുന്നു. താൻ ദൈവപുത്രനത്രേ. തനിക്കെതിരെ ഹൃദയം കഠിനമാക്കിയവരെയൊക്കെ ഈശോ നേരിടുന്നത് പിതാവിന് തന്നോടുള്ള സ്നേഹത്തെക്കുറിച്ച്

പറഞ്ഞുകൊണ്ടാണ്. യോഹന്നാൻ ശ്ലീഹായാണ് ഇത് ഏറ്റവും ഹൃദ്യമായി വിവരിക്കുന്നത്. (8, 10 അധ്യായം) ഇങ്ങനെയൊരു ആഴമേറിയ പ്രാർത്ഥനാ ജീവിതം കൈമുതലാക്കി, ദൈവസാന്നിധ്യാനുഭവത്തിൽ ദിനരാത്രങ്ങൾ ചെലവഴിച്ച ദൈവദാസി സെലീനാമ്മ ആ പിതൃസ്നേഹം ആവോളം നുകർന്നു. സെലീനാമ്മയുമായി സംസാരിക്കുന്നവർ, ഇടപെട്ടിട്ടുള്ളവർ സമ്മതിച്ചു പറയും, ''അമ്മയോട് ക്ഷണനേരം സംസാരിച്ചാൽ മതി, ദൈവസ്നേഹാഗ്നി ആ ഉള്ളിൽ ജ്വലിച്ചിരുന്നു എന്ന് മനസ്സിലാകും.'' ദൈവത്തിൽ ശ്രദ്ധയൂന്നിയ സെലീനാമ്മ പറയുന്നു. ''വിവിധങ്ങളായ വ്യാപാരങ്ങളുടെ മദ്ധ്യേ, നമ്മുടെ ആത്മാവിലേക്ക് തിരിഞ്ഞ് അവിടെ അധിവസിക്കുന്ന ദിവ്യാതിഥിയെ സ്നേഹപൂർവ്വം ദർശിക്കാനും അവിടുത്തോട് സംസാരിക്കുവാനും നമുക്കു പരിശീലിക്കാം.'' (കത്ത് 3 പേജ് 27) അപ്പസ്തോലിക പ്രവർത്തനങ്ങളുടെ ഉറവിടം പരി. ത്രിത്വമാണെന്നു തിരിച്ചറിഞ്ഞ സെലീനാമ്മ ത്രിത്വത്തിൽ ലയിച്ചു. ഇങ്ങനെ നാമും ഈശോയോടുള്ള പരമപ്രേമത്തിലെത്തിച്ചേരുന്നതിന് സെലീനാമ്മ കത്ത് 22 ൽ രണ്ടു നിർദ്ദേശങ്ങൾ നൽകി.

1. ആദ്ധ്യാത്മിക കാര്യങ്ങൾക്കായി നിർദ്ദേശിച്ചിട്ടുള്ള സമയത്തിൽ നിന്നും ഒരു സെക്കന്റ് പോലും കുറയ്ക്കാതിരിക്കുക.

2. ഹൃദയാന്തർഭാഗത്തു വസിക്കുന്ന പരി. ത്രിത്വത്തോട് നിരന്തരം ഐക്യം പുലർത്തിക്കൊണ്ട് അനുദിന കടമകൾ നിർവ്വഹിക്കുക.

CMC യുടെ പുത്രിമാർ എങ്ങനെ വളരണമെന്നും അമ്മ നിർദ്ദേശിക്കുന്നുണ്ട്, ''ആത്മാക്കളുടെ രക്ഷയ്ക്കാവശ്യമായ ശുദ്ധ മനസ്സാക്ഷി, പ്രതികൂല സാഹചര്യങ്ങളിൽ ക്ഷമ, പ്രവർത്തനോന്മുഖമായ പരസ്നേഹം എന്നീ പുണ്യങ്ങൾ പ്രകാശിപ്പിച്ചുകൊണ്ട് പ്രാർത്ഥനയും പ്രവർത്തനവും ഒത്തിണങ്ങി കർമ്മലപുത്രിമാർ വളരേണ്ടതാണ്'' (കത്ത് 11).

സ്നേഹം സ്വയം ദാനമാണെന്നു പഠിച്ചവൾ

നന്മ ചെയ്തുകൊണ്ട് കടന്നുപോയ നമ്മുടെ ദിവ്യനാഥന്റെ ജീവിതം ജീവിച്ചുകാണിച്ചു കൊടുക്കുകയാണ് സമർപ്പിതരുടെ കടമ. പക്ഷെ ആ ജീവിതം വാക്കുകളിൽ മാത്രം ഒതുങ്ങുന്നു എന്നതാണ് ഇന്നിന്റെ ശാപമെന്ന് തിരിച്ചറിഞ്ഞ സെലീ

നാമ്മ തന്റെ സഹോദരങ്ങളോട് ഇങ്ങനെ ആശംസിച്ചു ''സ്നേഹത്തിന്റെ ഭാഷ ത്യാഗമാണെന്ന വസ്തുത നാം ഒരിക്കലും വിസ്മരിക്കരുത്.'' (കത്ത് 30, പേജ് 139). ചരിത്രത്തിൽ ഏറ്റവും തോൽപ്പിക്കപ്പെട്ട വ്യക്തിയെന്നു ക്രിസ്തുവിനെ വിശേഷിപ്പിക്കാറുണ്ട്, അതവന്റെ സ്നേഹം മൂലമത്രേ. സ്നേഹം അതിന്റെ പൂർണതയിൽ വെളിപ്പെടുന്നത് ഈശോയിലാണ്. മനുഷ്യന്റെ കണ്ണീരിനും സങ്കടത്തിനും മുൻപിൽ പിടിച്ചു നിൽക്കാനാകാത്ത ആർദ്രഹൃദയമുള്ള ദൈവത്തെയാണ് ഈശോയിലൂടെ ലോകത്തിനു വെളിപ്പെട്ടത്. എമിരിറ്റസ് മാർ ബെനടിക്റ്റ് പാപ്പ പറയുന്നു, ''മറ്റാർക്കും അറിയാത്ത ചില നാമങ്ങൾ കൊണ്ട് ദൈവം ഓരോരുത്തരെയും സംബുദ്ധി ചെയ്യുന്നു (വെളി 2:17) ഓരോ വ്യക്തിയോടുമുള്ള ദൈവത്തിന്റെ സ്നേഹം തീർത്തും വ്യക്തിപരമാണ്.'' (നസ്രത്തിലെ ഈശോ). സെലീനാമ്മ തന്റെ കത്തിൽ വിവരിക്കുന്ന ഒരു സുന്ദര സംഭാഷണം ഇതാണ്. പീഡകളാലും, മർദ്ദനങ്ങളാലും ലോകം ഭയങ്കരമായി വീർപ്പുമുട്ടി ആഴത്തിലേക്ക് അധ:പതിച്ച ഒരവസരത്തിൽ നീറുന്ന ഹൃദയത്തോടും നിറഞ്ഞ കണ്ണുകളോടും കൂടി ദിവ്യനാഥനെ സമീപിച്ച് നാഥാ ഇതിന് എന്നവസാനം വരും എന്ന് കരഞ്ഞപേക്ഷിച്ച് തന്റെ ഒരു വിശ്വസ്ത മണവാട്ടിയോടു അവിടുന്നു പറഞ്ഞു:''മകളേ നീ മനസ്സാകുമ്പോൾ.'' നമ്മുടെ സ്നേഹ പ്രവൃത്തികളാൽ, പ്രാർത്ഥനയാൽ, പരിത്യാഗങ്ങളാൽ, ഈശോയുടെ സ്നേഹം ജീവിക്കണം.

ക്ഷമയുടെ മാധുര്യം നുകരാൻ പഠിച്ചവൾ

മാർ ഫ്രാൻസിസ് മാർപ്പാപ്പ വിശുദ്ധവാര പള്ളിപ്രസംഗത്തിൽ പറയുന്നു: ''എല്ലാവരും പാപത്തിന്റെ രാത്രിയിലൂടെ കടന്നുപോകുന്നു എങ്കിലും എല്ലാവരെയും താലോലിച്ച് തഴുകാനുള്ള തലോടൽ ഈശോയ്ക്കുണ്ട്.'' ക്ഷമാശീലത്തിലേക്ക് പ്രവേശിക്കുക- ഈ പാതയാണ് ഈശോ എല്ലാ ക്രിസ്ത്യാനികളെയും പഠിപ്പിക്കുന്നത്. വിഷാദിച്ചും സങ്കടപ്പെട്ടും ഇരിക്കുക എന്നതല്ല ഇതിനർത്ഥം. സ്ഥിരതയുള്ള സഹനശീലം. ഉണ്ടാകണം. എതിർപ്പുകളുടെ, ക്ളേശ കഷ്ടതകളുടെ ഭാരം സ്വന്തം ചുമലിൽ സന്തോഷത്തോടെ എടുത്ത് വയ്ക്കുക എന്നതാണ് ഇതിനർത്ഥം.

പാപ്പാ വീണ്ടും പറയുന്നു: ''ക്ഷമാശീലത്തിലൂടെയാണ്

ക്രിസ്ത്യാനിക്ക് പരിപാകം വരുന്നത്.'' എല്ലാം ക്ഷമിക്കുവാനും മറക്കുവാനും പൊറുക്കുവാനും ഉള്ള ഒരു വിശാല ഹൃദയത്തിന്റെ ഉടമയായിരുന്നു സെലീനാമ്മ. യഥാർത്ഥ സ്നേഹം, സഹോദരങ്ങളോട് ഉള്ളവാകുവാൻ അമ്മ നൽകുന്ന നിർദ്ദേശങ്ങൾ ശ്രദ്ധേയമാണ്. സഹോദരങ്ങളോട് ന്യായപൂർവ്വം ക്ഷമിക്കുക, അവരെപറ്റി ഒരിക്കലും തിന്മയായത് സംസാരിക്കാതിരിക്കുക, നന്മയായതു മാത്രം സംസാരിക്കുക, സഹായം ചെയ്തുകൊടുക്കുക. പ്രതികൂലങ്ങളുടെ നടുവിൽ എല്ലാം ക്ഷമിച്ച് മുന്നോട്ടു പോകാൻ നമ്മെ സഹായിക്കുക മിശിഹായുടെ സ്നേഹബലിതന്നെയാണ്.

വിനയമുള്ള സ്നേഹമാണ് ദൈവസ്നേഹം എന്നറിഞ്ഞവൾ

എന്തുമാത്രം താഴോട്ട് ഇറങ്ങുന്നുവോ അത്രത്തോളമാണ് ഒരു പാത കയറി പോകുക – ക്രൈസ്തവ വിനയത്തിന്റെ പാതയാണിത്. ഈ പാതയാണ് ഈശോയും സ്വീകരിച്ചത്. കുരിശുവരെ താഴ്ന്നുപോകുന്ന പാത. ക്രിസ്ത്യാനിക്കിത് സുവർണ്ണനിയമമെന്ന് തിരിച്ചറിഞ്ഞ് സെലീനാമ്മയും വളരെ എളിമയോടെ വർത്തിച്ചു. ദൈവത്തിന്റെ എല്ലാ സ്നേഹവും കരകവിഞ്ഞൊഴുകുന്ന പാതയാണിത് എന്ന് അമ്മ കാണിച്ചു തന്നു. ക്രിസ്തുചരിതത്തിലെ ഏതൊരു കാര്യവും വിനയം എന്ന തലക്കെട്ടിനു താഴെ ചേർത്തു വയ്ക്കാവുന്നതാണ്. സുവിശേഷം വിനീതഹൃദയർക്കുള്ള വാഴ്ത്തലാണ്. പരി. അമ്മയെപ്പോലെ വിനയത്തിന്റെ വാനമ്പാടി എന്ന് സെലീനാമ്മയ്ക്കും അടിക്കുറിപ്പെഴുതാം.

ഒരിക്കലും വിധിക്കരുത്, പരദൂഷണം പറയരുത് എന്നാവർത്തിച്ചവൾ

കെ.പി. അപ്പൻ പറയുന്നു, ''ചരിത്രത്തിലും സ്വന്തം ജീവിതത്തിലും സ്നേഹം തണുത്ത് തുടങ്ങുന്ന ദിനങ്ങളിൽ വീണ്ടെടുപ്പിന്റെ സന്ദേശം പോലെ ക്രിസ്തുവിന്റെ സ്നേഹം നമ്മെ സഹായിക്കാനെത്തും. ഈ സഹായം ഭാവിയിലേക്ക് വ്യാപിച്ചു നിൽക്കും അതുകൊണ്ടാണ് അവന്റെ വത്സരങ്ങൾ അവസാനിക്കാത്തത്.''

(ബൈബിൾ വെളിച്ചത്തിന്റെ കവചം) അതുകൊണ്ടാണ് ഈ നിത്യസ്നേഹിതനെ സെലീനാമ്മയും കൂട്ടുപിടിക്കുന്നത്. അമ്മ കത്ത് 11 പേജ് 64 ൽ കുറിക്കുന്നു. ''ലോകത്തിൽ ദൈവസ്നേഹാഗ്നി കത്തിക്കുന്നതിനു വേണ്ടി കർമ്മല സഭയുടെ മക്കളായ നാം ആദ്യമായി ദൈവസ്നേഹത്തിൽ ജീവിക്കണം. ആ സ്നേഹാഗ്നി കൊണ്ടെരിയണം. എന്നിട്ട് ലോകത്തിലുള്ള സകലരെയും അതിൽ പങ്കാളികളാക്കണം.'' ആരെയും വിധിക്കാൻ നിനക്ക് അവകാശമില്ല എന്ന ക്രിസ്തുമൊഴിയുടെ ചുവടുപിടിച്ച് അമ്മ ഓർമ്മിപ്പിക്കുന്നു, ''സംസാരം വഴിയാണ് നാം അധികം തെറ്റ് ചെയ്യുന്നത്. നാം കോപാവേശരായി സംസാരിക്കുമ്പോൾ, പരദൂഷണം പറയുമ്പോൾ, വിമർശനം നടത്തുമ്പോൾ, അധിക്ഷേപത്തിന് ഒരുമ്പെടുമ്പോൾ, ഏഷണി കൂടുമ്പോൾ, അസത്യപ്രസ്ഥാവന ചെയ്യുമ്പോൾ എല്ലാം ഓർമ്മിക്കണം, കർത്താവിന്റെ ഭവനത്തിൽ നരകം സൃഷ്ടിക്കുവാൻ ഒരുമ്പെടുകയാണെന്ന്.'' (കത്ത് 5 പേജ് 37)

ബലഹീനരെ താങ്ങി നിർത്തിയവൾ

കൂടുതൽ അറിയുന്തോറും കൂടുതൽ സ്നേഹിക്കാൻ തോന്നും എന്നതാണ് മിശിഹായുടെ ജീവിതത്തിന്റെ സൗന്ദര്യം. ''അവനെക്കണക്ക് സ്നേഹിക്കുക എന്നത് ഭൂമിയിലെ അസാധ്യമായ അത്ഭുതം തന്നെയാണെന്ന്'' ദസ്തയേവിസ്കി നിരീക്ഷിക്കുന്നുണ്ട്. ബലഹീനർക്കും ആലംബഹീനർക്കും അവൻ ഒരു ഉത്തരമായി. സമ്പത്തിനാൽ മൂടപ്പെട്ട സക്കേവൂസിനും, ലൗകികതയിൽ തഴയപ്പെട്ട മഗ്ദലനയ്ക്കും സമരിയാക്കാരിക്കും ഒക്കെ അവൻ ചേർത്തുനിർത്തുന്ന സാന്നിധ്യമായി. സെലീനാമ്മയും, സ്നേഹപൂർവ്വം ഉച്ചരിക്കപ്പെടുന്ന ഒരു പ്രോത്സാഹന വാക്കിനായി ആഗ്രഹിക്കുന്നവർക്കിടയിൽ സ്നേഹശക്തിയായി മാറി. സാമൂഹികജീവിതത്തിന്റെ സുപ്രധാനവും യഥാർത്ഥവുമായ ധർമ്മം അതിസ്വാഭാവികമായ ഉപവിയുടെ വളർച്ചയാണെന്ന് തിരിച്ചറിഞ്ഞ് സെലീനാമ്മ ഇത് വളർത്തിയെടുക്കുവാൻ നാം രണ്ടു കാര്യങ്ങൾ ചെയ്യണമെന്ന് ഓർമ്മിപ്പിച്ചിരിക്കുന്നു. ഒന്നാമതായി പരസ്നേഹപ്രവർത്തികൾക്ക് ലഭിക്കുന്ന അവസരങ്ങൾ ഒന്നും നഷ്ടപ്പെടുത്താതിരിക്കുക. കാർഡിനൻ ബറൂളിന്റെ അഭിപ്രായം കേട്ടാലും ''ഈശോ മിശി

ഹായെ ആത്മാക്കളിലും ആത്മാക്കളെ ദൈവത്തിലും നമുക്ക് ദർശിക്കാം. ദിവ്യവും വിശുദ്ധവുമായവയോടെന്നതുപോലെ അവരോട് പെരുമാറുകയും ചെയ്യാം.'' ആകയാൽ എല്ലാ സഹോദരികളിലും ഈശോയെ ദർശിച്ച് ഉപവിയോടെ വർത്തിക്കുവാൻ നാം പരിശ്രമിക്കണമെന്ന് സെലീനാമ്മ നമ്മെ ഉദ്ബോധിപ്പിച്ചിരിക്കുന്നു.

ജീവിതമാതൃകയ്ക്കും സാക്ഷ്യജീവിതത്തിനും വിലകല്പിച്ച സെലീനാമ്മ നമ്മോടു ചോദിച്ച ചോദ്യം ഇടയ്ക്കിടെ നാം ആവർത്തിക്കണം. ''കർത്താവിന്റെ ഭവനത്തിൽ സ്നേഹത്തിനു സ്ഥാനമില്ലെങ്കിൽ മറ്റെവിടെയാണ് അതിന് സ്ഥാനമുണ്ടാവുക? ദിവ്യനാഥന്റെ സ്നേഹചൈതന്യം കൊണ്ട് നാം നിറയണം. അത് നമ്മിൽ നിന്ന് ആശ്രമത്തിലേയ്ക്കും അവിടെ നിന്നും ബാഹ്യലോകത്തിലേക്കും പ്രവഹിക്കണം. അങ്ങനെ നമ്മുടെ സ്നേഹം വിശ്വവ്യാപകമാകണം.'' (കത്ത് 5 പേജ് 37) ജീവിതത്തിന്റെ കണ്ണികളെ ചേർത്തുവയ്ക്കുന്ന സുഗന്ധമായ ഉപവി സ്വജീവിതത്തിലൂടെ തെളിച്ചു കാണിച്ച അമ്മ സങ്കീർത്തനവചനം കടമെടുത്ത് കത്ത് 10 ൽ പാടുന്നു, സഹോദരർ ഒരുമിച്ച് ജീവിക്കുക എത്ര സൗഭാഗ്യകരം.

അധികാരം ശുശ്രൂഷയാണെന്നു പഠിപ്പിച്ചവൾ

ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ അർപ്പിക്കുവാനുമാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്. അത്താഴമേശയിലിരിക്കുന്ന മിശിഹായെ ധ്യാനിക്കണം. ശിഷ്യന്മാരിൽ പലരും അവനു ചേട്ടായിമാരാണ്. എന്നിട്ടും കുഞ്ഞുങ്ങളെ, സ്നേഹിതരെ, എന്നൊക്കെ വിളിച്ച് വാത്സല്യത്തോടെ കരുതി പഠിപ്പിച്ചു. എളിമപ്പെടാനും അടിമയാകാനുമൊക്കെ ജീവിച്ചു കാണിച്ചു കൊടുത്തു. അധികാരം ശുശ്രൂഷയാണെന്ന് പ്രവർത്തിച്ചു കാണിച്ചു. സംയോജിത CMC യെ മാതൃവാത്സല്യത്തിന്റെ പൂഞ്ചിറകിൻകീഴിൽ നയിച്ച സെലീനാമ്മ അധികാരിയുടെ കടമയെപ്പറ്റി പറയുന്നുണ്ട്. ''കീഴുള്ളവരുടെ സുകൃതസരണി സുഗമമാക്കിതീർക്കുവാനുള്ള കടമ നമ്മുടേതാണെന്ന് ആരും മറന്നുപോവുകയില്ലല്ലോ? ത്യാഗപൂർണമായ സേവനം, സ്നേഹസമന്വിതമായ ഭരണം ഇതുവഴി ആത്മാക്കളെ ദിവ്യനാഥനിലേയ്ക്ക് അടുപ്പിക്കുകയാണ്

നമ്മുടെ കടമയെന്ന് ഒരിക്കലും മറക്കരുത്.'' (കത്ത് 8, പേജ് 51). എപ്പോഴും ആർക്കും സമീപിക്കാനും, തുറന്നുപറയുവാനും സാധിക്കുമാറ് അമ്മ എല്ലാവർക്കും സംലഭ്യയായിരുന്നു. ദൈവവിളിയിൽ സംശയങ്ങൾ ഉണ്ടായിരുന്നവരെപ്പോലും അമ്മ ചേർത്തുപിടിച്ച് ഈശോയിലേയ്ക്ക് വളർത്തി. എല്ലാവരോടുമൊപ്പം തമാശകൾ പറഞ്ഞ് ഉല്ലാസവേളകൾ ചിലവഴിച്ചു. അപ്പോഴൊക്കെ അമ്മ നസ്രായനെപ്പോലെയാകുയായിരുന്നു.

രോഗികളെയും വേദനിച്ചവരെയും ചേർത്തുപിടിക്കാൻ അമ്മ പഠിപ്പിച്ചു. സന്യാസഭവനത്തിന്റെ ആഭരണം എന്നാണ് സെലീനാമ്മ രോഗികളായ സഹോദരങ്ങളെ വിളിച്ചിരുന്നത്. രാവേറെ കഴിഞ്ഞാലും തന്നെ സമീപിച്ച പാവങ്ങൾക്കും രോഗികൾക്കും ഉത്തരം കൊടുക്കാതെ ഈശോ പിൻവാങ്ങിയിരുന്നില്ല. രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം എന്നാണ് ഗുരുമൊഴി തന്നെ. അതീവ സ്നേഹത്തോടും ആർദ്രതയോടും കൂടിത്തന്നെ സെലീനാമ്മയും കുറിക്കുന്നുണ്ട്; ''ദിവ്യനാഥന്റെ സ്നേഹഭാജനങ്ങൾ എന്നാണ് നാം അവരെക്കുറിച്ച് ചിന്തിക്കേണ്ടത്. രോഗത്തിന്റെ ക്ലേശം, അതുമൂലം കൂട്ടത്തിനു ഭാരമായെന്ന ചിന്ത ഇങ്ങനെ പലവിധ ക്ലേശങ്ങളായിരിക്കാം അവർ അനുഭവിക്കുന്നത്. ഇവരിൽ ദിവ്യനാഥനെ ദർശിച്ച് സഹതാപമനസ്ഥിതിയോടും സ്നേഹത്തോടും കൂടി നാം വർത്തിക്കണം. ഇടയ്ക്കെല്ലാം അവരെ സന്ദർശിക്കുകയും ആശ്വാസവാക്കുകൾ വഴി അവരെ സന്തോഷിപ്പിക്കുവാൻ ശ്രമിക്കുകയും വേണം.' (കത്ത് 5) സന്യാസസമൂഹങ്ങളിലേയ്ക്ക് ദൈവകൃപയുടെ നീർച്ചാലുകൾ ഒഴുക്കുന്ന രത്നങ്ങളാണ് അവശവിഭാഗം. രോഗീസന്ദർശനം നടത്തുന്നതിൽ അമ്മ എപ്പോഴും ശ്രദ്ധിച്ചിരുന്നു.

33 വർഷക്കാലം മനുഷ്യനായി ജീവിച്ചവൻ പറയുന്നു, ഇടം കൊടുക്കുക. ഇരുട്ടിനെ അതിജീവിച്ചവന്റെ വാക്ക്, വാക്കിലും നോക്കിലും ഇത്തിരി ഇടം. എല്ലാവർക്കും ഇടം നൽകിയവളായിരുന്നു സെലീനാമ്മയും. ആദ്യം ദൈവത്തിന്, പിന്നീടു ദൈവത്തിന്റേതായ എല്ലാവർക്കും. നല്ലവരായി ജീവിക്കാനല്ല നിർമ്മലരായി ജീവിക്കാനാണ് സെലീനാമ്മ നമ്മെ ക്ഷണിക്കുക.

23

നോഹയുടെ പെട്ടകം

സി. കാരുണ്യ

'നോഹ കർത്താവിന്റെ പ്രീതിക്കു പാത്രമായി. നീയും കുടുംബവും പെട്ടകത്തിൽ പ്രവേശിക്കുക. ഈ തലമുറയിൽ നിന്നെ ഞാൻ നീതിമാനായി കണ്ടിരിക്കുന്നു.' (ഉൽപ. 6:8, 7:1).

ദൈവത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച്, വളരെ സൂക്ഷ്മതയോടെ മനോഹരമായ ഒരു പേടകം നിർമ്മിച്ച്, വളരെയേറെ അദ്ധ്വാനിച്ച് എല്ലാ ജീവികളിൽ നിന്നും ഓരോ ജോഡി വീതം പെട്ടകത്തിൽ കയറ്റി, 'തെരഞ്ഞെടുക്കപ്പെട്ട വംശ'ത്തെ ദൈവത്തിനുവേണ്ടി കാത്തു സൂക്ഷിച്ച നോഹ ഈശോയുടെ പ്രതീക

മാണ്. ഈ മഹാദൗത്യത്തിന് അദ്ദേഹത്തിനു ശക്തി നൽകിയത് പ്രധാനമായും നാലു കാര്യങ്ങളാണ്:

1. ദൈവികപദ്ധതികൾ നിറവേറുമെന്നുള്ള അടിയുറച്ച വിശ്വാസം.

2. ദൈവം പറഞ്ഞതിൽ നിന്ന് അണുവിട വ്യത്യാസമില്ലാതെ പെട്ടകം പണിയാൻ തക്ക ആത്മസമർപ്പണം നിറഞ്ഞ അനുസരണം.

3. തന്നിലൂടെ ദൈവം പ്രവർത്തിക്കുമെന്നും തനിക്ക് ഈ മഹാദൗത്യം നിർവ്വഹിക്കാനാകും എന്നുമുള്ള ആത്മധൈര്യം.

4. എല്ലാറ്റിനെയും നയിക്കാൻ പോരുന്ന നേതൃപാടവം.

ചിതറിക്കിടന്ന കർമ്മല മക്കളെപ്പറ്റിയുള്ള ദൈവഹിതം പ്രാർത്ഥനാപൂർവ്വം തിരിച്ചറിഞ്ഞ്, അവരെ ഒന്നിച്ചു ചേർത്ത്, CMC പെട്ടകത്തിൽ സുരക്ഷിതരാക്കിത്തീർത്ത ദൈവദാസി സെലിനാമ്മ, സിഎംസി മക്കൾക്ക് നീതിമാനായ നോഹയെപ്പോലെ, ദൈവം തെരഞ്ഞെടുത്ത് ഉപകരണമാക്കിയ പ്രവാചികതന്നെയാണ്. ദൈവികപദ്ധതികൾ നിറവേറുമെന്ന ആഴമായ വിശ്വാസം കൊണ്ടുതന്നെയാണ് അന്ധകാരത്തിലേയ്ക്കുള്ള ഒരു എടുത്തുചാട്ടം പോലെ 'അസാധ്യമെ'ന്നു കരുതുന്ന കാര്യങ്ങൾക്കുവേണ്ടി അമ്മ സന്തോഷത്തോടെ തയ്യാറായത്. ദൈവം ആഗ്രഹിക്കുന്നതെല്ലാം അണുവിട പോലും വ്യത്യാസമില്ലാതെ നിർവ്വഹിക്കുവാൻ തക്കവിധം ദൈവഹിതത്തിനു സമ്പൂർണ്ണ സമർപ്പണം ചെയ്യുന്ന അനുസരണമാണ് അമ്മയെക്കൊണ്ട് വലിയ കാര്യങ്ങൾ ചെയ്യിക്കാൻ ഇടയാക്കിയത്. 'ധീരകന്യക' എന്നുതന്നെ വിശേഷിപ്പിക്കാവുന്ന സെലീനാമ്മയുടെ ആത്മധൈര്യവും നേതൃത്വപാടവവും അമ്മയെ നോഹയെപ്പോലെ, കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിഞ്ഞ്, ദൈവത്തിന്റെ ഹൃദയത്തോട് ചേർന്നു നിന്ന് പ്രവർത്തിക്കാൻ ശക്തയാക്കിത്തീർത്തു... അമ്മയുടെ ഓർമ്മകളിലൂടെ കടന്നുപോകുന്നത് അമ്മയെ മാതൃകയാക്കാനാണെന്നു മറക്കാതിരിക്കാം... ദൈവഹിതത്തിനായി നിരന്തരം കാതോർക്കാൻ... ധീരതയോടെ ആത്മസമർപ്പണം ചെയ്ത് നൂതനകാൽവയ്പുകൾ നടത്താൻ... ദൈവാത്മാവിനാൽ പ്രചോദിതരായി നമുക്കും ഇറങ്ങാം..

24

സെലീനാമ്മ:
പുതുക്കന്യാസ്ത്രീകളുടെ
അമ്മ

.....
.....
.....

സി. ജോവാന തെരേസ്

''ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്; ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു'' (യോഹ.15:5).

മിശിഹാനാഥനാകുന്ന തായ്തണ്ടിൽ നിന്നും വരപ്രസാദങ്ങളും കൃപാവ

രങ്ങളുമാകുന്ന ജീവരസം ആവോളം സ്വീകരിച്ച് ബലം പ്രാപിച്ച അനുഗ്രഹീത ശാഖയാണ് സെലീനാമ്മ. ഒരു സന്യാസിനിയെ സംബന്ധിച്ചിടത്തോളം അവളുടെ സന്യാസ ജീവിതത്തിന്റെ ശൈശവദശയാണ് അവൾ ജൂണിയർ ആയിരിക്കുന്ന കാലഘട്ടം. ശൈശവകാലത്തെക്കുറിച്ചുള്ള മഹാനായ റെക്സിന്റെ വാക്കുകൾ ജൂണിയറേറ്റ് കാലവുമായി ബന്ധിപ്പിച്ച് മനസിലാക്കാം. ''പ്രഭാതം ദിവസത്തിന്റെ മുന്നോടി ആയിരിക്കുന്നതുപോലെ ശൈശവം ജീവിതത്തിന്റെ മുന്നോടിയാണ്.''

അതേ, സന്യാസജീവിതത്തിന്റെ പ്രാരംഭകാലഘട്ടം മുന്നോട്ടുള്ള ജീവിതപ്രയാണത്തെ അതിശക്തിയായി സ്വാധീനിക്കും എന്ന് മനസിലാക്കിക്കൊണ്ട് തന്റെ യൗവ്വനത്തിലെ സ്നേഹവും ആത്മാർത്ഥതയും അതിന്റെ പൂർണ്ണതയിൽ നാഥനു സമ്മാനിച്ച സ്നേഹവധുവാണ് ദൈവദാസി സെലീനാമ്മ. താൻ പ്രവേശിച്ച സന്യാസ ജീവിതത്തിന്റെ ശ്രേഷ്ഠത മനസ്സിലാക്കിക്കൊണ്ട് ആദ്യവ്രതം ചെയ്ത അന്നുമുതൽ വളരെ വിശ്വസ്തതയോടെ ഓരോ നിമിഷവും പിന്നിട്ട ഉത്തമ സന്യാസിനീവര്യയാണ് സെലീനാമ്മ. തന്റെ സന്യാസജീവിതം എപ്രകാരം അർത്ഥവത്താക്കാമെന്ന് ആത്മാർത്ഥമായി അന്വേഷിക്കുന്ന ഏതൊരു വ്യക്തിക്കും സെലീനാമ്മയുടെ ജീവിതവീഥികളും ദർശനങ്ങളും പ്രചോദനമേകും എന്നത് നിസ്സംശയമാണ്. കാരണം അത്ര ആഴത്തിലാണ് നമ്മുടെ ഈ ജ്യേഷ്ഠസഹോദരി തന്റെ സന്യാസജീവിതത്തിന്റെ വേരുപാകിയത്.

ഞാൻ, എന്റെ ആദർശവ്യക്തിയായി തിരഞ്ഞെടുത്തിരിക്കുന്നത് ബഹു. സെലീനാമ്മയേയാണ്. മുന്നോട്ടുള്ള സന്യാസജീവിതത്തെ പ്രതീക്ഷയോടെ ഉറ്റുനോക്കുവാനും സന്യാസം അതിന്റെ തീവ്രതയിൽ, പ്രത്യേകിച്ച് തികഞ്ഞ മാതൃത്വഭാവത്തോടെ ജീവിക്കാനുമൊക്കെ എനിക്ക് തീവ്രമായ പ്രചോദനം ലഭിച്ചത് സെലീനാമ്മയെ ആഴത്തിൽ അറിയാൻ തുടങ്ങിയ അന്നുമുതലാണ്.

ഒലിവ് പോലെ എന്നും പച്ചപ്പോടെ ജീവിതത്തിൽ നിലകൊണ്ട വ്യക്തിയാണ് സെലീനാമ്മ. നിത്യതയെ പുൽകി വർഷങ്ങൾ പിന്നിട്ടുവെങ്കിലും ജനഹൃദയങ്ങളിൽ ഇന്നും അമ്മ തേജസ്സോടെ ജ്വലിച്ചു നിൽക്കുന്നു.

സന്യാസജീവിതത്തിന്റെ മധുരിമയും സൗരഭ്യവും ദീപ്തിയും ഇമ്പവും തെല്ലും നഷ്ടപ്പെടാതെ ജീവിതത്തിലുടനീളം കാത്തുസൂക്ഷിക്കുകയും അനേകമടങ്ങ് വർദ്ധിപ്പിക്കുക്കയും ചെയ്ത തീക്ഷ്ണമതിയായ പുണ്യസൂനമാണ് സെലീനാമ്മ.

ഭാവിയുടെ വാഗ്ദാനങ്ങളും പ്രതീക്ഷകളുടെ പൂമൊട്ടുകളുമായ ജൂണിയേഴ്സിനെന്നും മാർഗ്ഗദീപമാണ് സെലീനാമ്മയുടെ ജീവിതവും പ്രബോധനങ്ങളും. താൻ ജൂണിയറായിരുന്നപ്പോൾ ജീവിച്ചതെങ്ങനെയോ അവ അമ്മയുടെ അനന്തരതലമുറയ്ക്ക് കത്തുന്ന സ്നേഹത്തോടെ അമ്മ പകർന്നേകി.

ഒരു ജൂണിയർ സിസ്റ്ററായിരുന്ന കാലത്താണ് സെലീനാമ്മ ഒല്ലൂർമഠത്തിൽ വെച്ച് സുകൃതിനിയായ എവുപ്രാസ്യാമ്മയെ കണ്ടുമുട്ടുന്നതും കൂടെ ജീവിക്കുന്നതും. ആ വിശുദ്ധ സംഗമം വിശുദ്ധി നിറഞ്ഞ ആത്മാക്കൾക്ക് ആത്മീയാനുഭൂതികൾ പങ്കുവയ്ക്കുവാനും പുണ്യങ്ങളിൽ ആഴപ്പെടുവാനും നല്ല തമ്പുരാന്റെ അനന്തപരിപാലന ഇടയാക്കി. ഒരു ജൂണിയർ ആയിരുന്ന കാലം തുടങ്ങി Alone with alone എന്ന ഹൃദയമന്ത്രണം

“ പ്രാർത്ഥനയുടെ മനോഹര നിമിഷങ്ങളിൽ നാഥനിൽ നിന്ന് സ്നേഹ മധു നുകർന്നെടുത്ത് താൻ പഠിപ്പിക്കുന്ന കുഞ്ഞുങ്ങൾക്ക് പകർന്നു നൽകുക എന്നത് അമ്മയുടെ ഒരു ഹരമായിരുന്നു

ഉരുവിടുക എന്നത് സെലീനാമ്മയുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. ദിവ്യകാരുണ്യസന്നിധിയിൽ നീണ്ട മണിക്കൂറുകൾ പ്രാർത്ഥനാനിരതയാവുക, പീഡകൾ സഹിക്കുന്ന കർത്താവിനെ ആശ്വസിപ്പിക്കുക എന്നിവയ്ക്ക് സെലീനാമ്മ ജീവിതത്തിൽ വലിയ പ്രാധാന്യം നൽകിയിരുന്നു.

പ്രാർത്ഥനയുടെ മനോഹര നിമിഷങ്ങളിൽ നാഥനിൽ നിന്ന് സ്നേഹമധു നുകർന്നെടുത്ത് താൻ പഠിപ്പിക്കുന്ന കുഞ്ഞുങ്ങൾക്ക് പകർന്നു നൽകുക എന്നത് അമ്മയുടെ ഒരു ഹരമായിരുന്നു. കുട്ടികളെ സ്നേഹിക്കുവാനും അവരെ സന്തോഷിപ്പിക്കുവാനും അവരെ ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളാക്കി വളർത്തിക്കൊണ്ടുവരുവാനും സെലീനാമ്മയ്ക്ക് ജൂണിയർ ആയിരുന്നപ്പോൾ മുതലേ പ്രത്യേക

> സ്വർഗ്ഗീയ വിഹായസ്സിൽ മിന്നിവിളങ്ങുന്ന സെലീനാമ്മേ, അമ്മയുടെ കൊച്ചുമക്കൾ അമ്മയെ ഒത്തിരി സ്നേഹിക്കുന്നു

പാടവം ഉണ്ടായിരുന്നു. കുട്ടികളുടെ ഹൃദയം കവർന്ന കുഞ്ഞുമാലാഖയായിരുന്നു നമ്മുടെ ഈ സുകൃതിനി. ഇപ്രകാരം തന്റെ പിൻഗാമികളായ ജൂണിയേഴ്സിനെയും സാക്ഷാൽ മാലാഖമാരാക്കി മാറ്റാൻ സെലീനാമ്മ ചെലുത്തിയ ശ്രദ്ധ നിസ്സാരമൊന്നുമല്ല.

ജൂണിയേഴ്സിനെ കാണുമ്പോഴൊക്കെയും സ്നേഹോപദേശങ്ങൾ നൽകാൻ അമ്മ എന്നും ശ്രദ്ധിച്ചിരുന്നു. Indwelling presence - ന്റെ ആനന്ദമനുഭവിച്ച അമ്മയുടെ മൊഴിമുത്തുകളൊക്കെയും വളരെ ആഴമുള്ളതായിരുന്നു. ജൂണിയേഴ്സിനെ വളരെ സ്പർശിച്ച അമ്മയുടെ ഒരു സ്നേഹോപദേശമാണ് With the alone... Intense, Deep, Solid, personal Experiential Love for our Lord. യഥാർത്ഥത്തിൽ സെലീനാമ്മായുടെ ഹൃദയത്തിൽ ഒത്തിരി ഇടം നേടിയ, സെലീനാമ്മയാൽ വളർത്തിക്കൊണ്ടുവന്ന ഒരു വിഭാഗമായിരുന്നു ജൂണിയർ സിസ്റ്റേഴ്സ് എന്ന വിഭാഗം. സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ട് ഏതാനും വർഷങ്ങൾക്കകം പൊതുജൂണിയറേറ്റ് എന്ന നവമായ ഒരു കാൽവയ്പ്പ് നടത്തുവാൻ അമ്മയ്ക്ക് സാധിച്ചു. 1969-ൽ നോവിഷ്യേറ്റ് പൂർത്തിയാക്കിയ മക്കളാണ് ഈ മഹാഭാഗ്യത്തിന് ആദ്യം അർഹരായവർ.

നവകന്യകമാർ സാക്ഷാൽ കർമ്മലചൈതന്യമുള്ളവരും ധ്യാനനിരതരും എവിടെയും കർത്താവിന് സാക്ഷ്യം വഹിക്കുന്നവരും ആയിത്തീരണം എന്നതാണ് നമ്മുടെ പൊതുജൂണിയറേറ്റിന്റെ ലക്ഷ്യമെന്ന് അമ്മ എടുത്തു പറയുന്നു. ജൂണിയർ സിസ്റ്റേഴ്സിന് മികച്ച ആദ്ധ്യാത്മിക ശിക്ഷണത്തോടൊപ്പം തന്നെ ദൈവശാസ്ത്രത്തിന്റെ വിവിധ ശാഖകളിൽ അവഗാഹം നൽകുവാനും പൊതുജൂണിയറേറ്റ് കാലത്ത് അവസരമൊരുക്കി. 4 മണി മുതൽ 5 വരെ അദ്ധ്വാനപൂർണമായ ജോലികൾ ചെയ്യുവാനുള്ള നല്ല പരിശീലനവും ഈ കാലഘട്ടിൽ ജൂണിയേഴ്സിന് സംലഭ്യമായി. വിദേശമിഷൻ സേവനത്തിനായി സെലീനാമ്മ ജൂണിയർ സിസ്റ്റേഴ്സിനെ ഒരു

ക്കിയ വിധവും ഏറെ ശ്ലാഘനീയമാണ്.

സൂര്യനുണരുന്നതിനു മുമ്പു തന്നെ നീതിസൂര്യനായ മിശിഹായോട് സല്ലപിച്ചു തുടങ്ങുന്ന സെലീനാമ്മയുടെ ഉണർവും ഉന്മേഷവും പ്രാർത്ഥനാ നിമിഷങ്ങളിലെ ഏകാഗ്രതയും ജീവിതത്തിൽ പുലർത്തിയിരുന്ന താപസികതയുമൊക്കെ ജൂണിയേഴ്സിനെ സ്വാധീനിച്ചിരുന്നതായി അവർ തന്നെ സാക്ഷ്യപ്പെടുത്തുന്നു. എല്ലാ ദിവസവും വൈകിട്ട് 5.30 മുതൽ 6 മണിവരെയുള്ള സമയം ധ്യാനപോയിന്റുകൾ നൽകി ധ്യാനചിന്തകൾ അവരുമായി പങ്കുവയ്ക്കുവാൻ അമ്മ ഏറെ നിഷ്ഠ പുലർത്തിയിരുന്നു. അമ്മ നൽകിയ ധ്യാനപോയിന്റുകളൊക്കെയും വളരെ ആഴമുള്ളതായിരുന്നു. അമ്മയുടെ ഇടപെടൽ വളരെ ഹൃദ്യവും കരുണാമസൃണവും ക്ഷമാപുരസ്സരവും ആയിരുന്നുവെന്നതും അമ്മയുടെ വ്യക്തിത്വത്തിന് മാറ്റ് കൂട്ടുന്ന ഘടകങ്ങളാണ്.

അമ്മയുടെ വ്യക്തിത്വവും ആദ്ധ്യാത്മികതയുമൊക്കെ അമ്മയെ നേരിട്ട് കണ്ടിട്ടുള്ളവരെ മാത്രമല്ല സ്വാധീനിച്ചിട്ടുള്ളത്. മറിച്ച് അമ്മയെപ്പറ്റി അറിയാൻ ഇടയായവർക്കും അമ്മ സ്നേഹമയിയായ ഒരു അമ്മ തന്നെയാണ്. എന്നും ജീവിക്കുന്ന അമ്മ. അമ്മയുടെ തിരുസഭാ സ്നേഹവും പരിത്രിത്വത്തോടുള്ള അഗാധമായ ആത്മബന്ധവും സുകൃതവഴികളിലെ നുറുങ്ങു വെട്ടങ്ങളും ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രബോധനങ്ങളുമെല്ലാം CMC യിലെ ഇളംതല മുറക്കാരായ ജൂണിയേഴ്സിനെ ആകമാനം സ്വാധീനിച്ചിട്ടുണ്ടെന്ന് അഭിമാനപുരസ്സരം കുറിക്കട്ടെ.

സ്വർഗ്ഗീയ വിഹായസ്സിൽ മിന്നിവിളങ്ങുന്ന സെലീനാമ്മേ, അമ്മയുടെ കൊച്ചുമക്കൾ അമ്മയെ ഒത്തിരി സ്നേഹിക്കുന്നു. അമ്മ കാത്തുസൂക്ഷിച്ച ആഴമേറിയ ത്രിത്വാനുഭവം സ്വായത്തമാക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. മാമ്മോദീസായുടെ അന്നു മുതൽ ഞങ്ങളുടെ ഉള്ളിൽ കൂടാരമടിച്ചു വാഴുന്ന പരി. ത്രിത്വത്തെ അമ്മയെപ്പോലെ തീവ്രതയോടെ സ്നേഹിക്കുവാൻ ഞങ്ങളെയും ഒരുക്കണമേ. മാമ്മോദീസായുടെ തീവ്രതയായ ഈ സന്യാസം ആത്മാർത്ഥമായി ജീവിച്ച് അനേകം ആത്മാക്കളെ ഈശോയ്ക്കായി നേടുവാനുള്ള കൃപയ്ക്കായി അമ്മ ഞങ്ങൾക്കു വേണ്ടി കർത്താവിനോട് പ്രാർത്ഥിക്കണമേ.

25

ത്രിത്വത്തിന്റെ സ്വന്തം സെലിനാമ്മ

സാന്ദ്ര ജോസഫ് (പോസ്റ്റുലന്റ്)

''അവന്റെ തലപ്പാവിൽ സ്വർണ്ണം കൊണ്ടുള്ള ഒരു കിരീടം അണിയിച്ചിരിക്കുന്നു. അതിൽ ഒരു മുദ്രയിലെന്നപോലെ വിശുദ്ധി എന്ന് കൊത്തിയിരിക്കുന്നു'' (പ്രഭാ. 45:12)

പ്രാർത്ഥനയാകുന്ന മൺചിരാതിൽ നാഥനോടുള്ള സ്നേഹമാകുന്ന എണ്ണയും, ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹമാകുന്ന, കത്തിയെരിയുന്ന ദീപവുമേന്തി നാഥനെ കാത്തിരുന്ന വിവേകമതിയായ കന്യക – ദൈവദാസി ഈശോയുടെ മദർ മേരി സെലിൻ. നമ്മുടെ സെലീനാമ്മ. സന്യാസം ഇന്നിന്റെ ലോകത്ത് പരിഹാസത്തിന് വിഷ

യമായിത്തീരുമ്പോൾ സമർപ്പിതർ ലോകത്തിന് മുമ്പിൽ ഭോഷന്മാരായി മുദ്രകുത്തപ്പെടുമ്പോൾ കാലങ്ങൾക്കു മുമ്പേ തന്നെ ദൈവം തിരഞ്ഞെടുത്ത വിശുദ്ധിയുടെ നല്ല നിലത്ത് ഒളിപ്പിച്ചുവെച്ച നിധി. ലോകത്തെയും, ലോകസുഖങ്ങളെയും വെറും കുപ്പപോലെ വലിച്ചെറിഞ്ഞ് അനുദിനം നമുക്കുവേണ്ടി കുരിശിലേറിയവനെ പിൻതുടരാൻ അവന്റെ വിളി തിരിച്ചറിഞ്ഞ് ഇറങ്ങിയ പ്രിയ സമർപ്പിതാത്മാക്കളേ, ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ ഒന്നും നേടിയെടുക്കാതെ പോയതിന്റെ വേദനയും മുന്നിലേക്ക് നോക്കുമ്പോൾ ഭാവിയെക്കുറിച്ച് ഉത്കണ്ഠയും ഉണ്ടാകുന്നെങ്കിൽ, പ്രാർത്ഥനയുടെ മലമുകളിൽ തന്റെ പ്രിയനോടൊത്തായിരുന്ന് കാർമ്മലിന്റെ ഈ മുന്തിരിത്തോട്ടത്തിലേക്കിറങ്ങി താൻ കണ്ടുമുട്ടിയവർക്കും തന്നെ കണ്ടുമുട്ടിയവർക്കും പ്രാർത്ഥനയുടെ ഗിരിശൃംഖത്തിൽ നിന്ന് ഒഴികിയിറങ്ങുന്ന കൃപയുടെ നീർച്ചാലിൽ നിന്ന് ആവോളം പാനം ചെയ്യാൻ അവസരമൊരുക്കിയ, ഇന്ന് നമുക്കോരോരുത്തർക്കും ചൂണ്ടുപലകയായി, പരി. ത്രിത്വത്തിലേയ്ക്കുള്ള യാത്രയിൽ വഴികാട്ടിയായി നിലകൊള്ളുന്ന സെലീനാമ്മയെ ധ്യാനിക്കാം.

പൂർവ്വപിതാവായ അബ്രഹാം തനിക്കു ലഭിച്ച ദൈവവിളിയിൽ വിശ്വസിക്കുകയും, മകനെ ബലിയർപ്പിക്കാൻ ദൃഢനിശ്ചയത്തോടെ തീരുമാനം എടുക്കുകയും ചെയ്തതുപോലെ അന്നക്കുട്ടിയും കറുകുറ്റി ബോർഡിംഗിൽ വച്ച് പ്രിയനാഥന്റെ സ്വരം ശ്രവിച്ച് അതിനുത്തരമരുളാൻ വീട്ടുകാരെപോലും അതിശയിപ്പിക്കുന്ന രീതിയിലുള്ള ദൃഢനിശ്ചയത്തോടെ 4 വർഷം കാത്തിരുന്നു. കാത്തിരിപ്പിന്റെ നാളുകളെ സെലീനാമ്മ വിശുദ്ധീകരിച്ചത് പ്രാർത്ഥനകൊണ്ടായിരുന്നു. ഈ വല്യേച്ചി കർമ്മല സഹോദരികൾക്ക് വലിയ മാതൃകയാണ്.

''എന്റെ കുഞ്ഞേ നീ എന്നെ ഏറ്റം സന്തോഷിപ്പിക്കുന്നത് സഹനം സ്വീകരിച്ചുകൊണ്ടാണ്. നീ എത്രത്തോളം സഹനം സ്വീകരിക്കുന്നുവോ അത്രത്തോളം നിനക്ക് എന്നോടുള്ള സ്നേഹവും വലുതായിരിക്കും.''

തന്റെ ജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധികളെയും പ്രശ്നങ്ങളെയും ദുഃഖങ്ങളെയും പീലാത്തോസിന്റെ മുമ്പിൽ ചമ്മട്ടികളാൽ അടിക്കപ്പെടുന്ന

ഈശോയോട് ചേർത്ത് അവിടുത്തെപക്കൽനിന്നുംആശ്വാസം സ്വീകരിച്ചിരുന്ന പ്രിയശിഷ്യയായും അവിടുത്തെ ആശ്വസിപ്പിച്ചിരുന്ന ഒരു വേറോ ണിക്കയായും മാറാൻ അമ്മയ്ക്ക് കഴിഞ്ഞു. ഏത് പ്രശ്നത്തിനും പരിഹാരം ഈശോയിൽ അർപ്പിച്ചിരുന്ന അമ്മ ഇന്നത്തെ ലോകത്തിലെ സമർപ്പിതർക്ക് മാതൃകയും വെല്ലുവിളിയുമാണ്. വിളിച്ചവനോട് ചേർന്നു നിൽക്കുമ്പോൾ അവിടുന്ന് നമ്മോടും ചേർന്നു നിൽക്കും. ഏത് പ്രശ്നങ്ങൾക്കും പരിഹാരം നാം സ്വയമേ കണ്ടെത്തുമ്പോഴാണ് നാം വഹിക്കേണ്ട കുരിശിന്റെ എണ്ണവും ഭാരവും വർദ്ധിക്കുന്നത്. എന്നാൽ അവിടുത്തെ നീ ഒന്ന് വിളിച്ചാൽ മതി നിന്റെ കുരിശുകളെ അവിടുന്ന് വഹിച്ചുകൊള്ളും. നാം ഒരു ശിമയോൻ മാത്രമായാൽ മതി എന്ന് അമ്മയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

ദിവ്യകാരുണ്യത്തിന് മുമ്പിൽ നങ്കൂരമിട്ട് പ്രിയനാഥനോട് ഒന്നായിരിക്കാൻ സെലീനാമ്മ ഏറെ കൊതിച്ചിരുന്നു. പരി. ത്രിത്വവുമായുള്ള സ്നേഹബന്ധത്തിൽ ആയിരുന്ന ഈ തപസിനി ലോകത്തിന്റെ മുമ്പിൽ പാതിയടഞ്ഞ മിഴികൾക്കുടമയായിരുന്നു. ലോകത്തിലേക്ക് തന്റെ മിഴികൾ താഴ്ത്തി, സ്വർഗ്ഗത്തിന്റെ ആനന്ദത്തിലേയ്ക്ക് മിഴികളെ ഉയർത്തിലയിച്ചിരുന്ന അമ്മയെ കാണാൻ വന്നിരുന്നവരെപ്പോലും അമ്മ അറിഞ്ഞിരുന്നില്ല. പ്രണിധാനത്തിലൂടെ പരി. ത്രിത്വത്തോട് ചേർന്നിരുന്ന് പ്രവർത്തനത്തിലൂടെ ഈ ചൈതന്യം മറ്റുള്ളവർക്ക് പകർന്ന് നൽകിയ സെലിനാമ്മയുടെ മാതൃക നമുക്ക് ജീവിതത്തിൽ അഭ്യസിക്കാം.

പ്രിയ സമർപ്പിതാത്മാവേ, നമുക്ക് മുമ്പേ വിശുദ്ധി പൂക്കുന്ന താഴ്വരയിലൂടെ ത്രിത്വത്തിന്റെ സാന്നിധ്യം അനുഭവിച്ച സെലിനാമ്മയുടെ കാലടികളെ നമുക്ക് പിൻതുടരാം. കാരണം മുറിവേറ്റ് ലോകത്തിന്റെ മുറിവുണക്കുന്ന നല്ല ശമറായനാവാൻ, പാപത്തിന്റെ കുഴിയിൽ നിന്നും മനുഷ്യമക്കളെ കരം പിടിച്ചുയർത്തുന്ന നല്ല സ്നേഹിതയും, അമ്മയുമാകാൻ കൃപയ്ക്കുമേൽ കൃപയുള്ള നിങ്ങളെ ഈശോയ്ക്ക് ആവശ്യമാണ്.

സമർപ്പണം ഈശോയ്ക്കു ചെയ്ത സമർപ്പിതർ ഈശോയുടേതാണ്, ഈശോ അവരുടേതും.